


# സത്യദൂതൻ

2012 ഒക്ടോബർ | ലക്കം 10

വില ₹ 20



## ഹജ്ജിന്റെ സന്ദേശം

## ഇസ്‌ലാം വിരുദ്ധ സിനിമ: ഖലീഫത്തുൽ മസീഹ് പ്രതികരിക്കുന്നു

## നബിനിന്ദ തുടരുന്നു

## സെപ്റ്റംബർ 7,8,9 തീയതികളിൽ ലണ്ടനിൽ നടന്ന അഹ്മദിയ്യാ അന്തർ ദേശീയ വാർഷിക സമ്മേളനത്തിന്റെ വിവിധ ദൃശ്യങ്ങൾ





The Sathyadoothan Monthly


لا إله إلا الله محمد رسول الله

# സത്യദൂതൻ

2012 ഒക്ടോബർ
ഹി.ശ.1391 - ഇഖാഅ്
1433 ദുൽഖഅദ് - ദുൽഹജ്
പുസ്തകം 84 ലക്കം 10
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ
**ഇസ്‌ലാം വിരുദ്ധ സിനിമ: ഖലീഫത്തുൽ മസീഹ് പ്രതികരിക്കുന്നു**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
(അമേരിക്കയിൽ നിർമിച്ച ഇസ്‌ലാം വിരുദ്ധ സിനിമക്കെതിരെ 2012 സപ്തംബർ 21ന് ആഗോള മുസ്‌ലിം ടെലിവിഷൻ ചാനലിലൂടെ പ്രതികരിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹു തആല ബി നസ്‌രിഹിൽ അസീസ് ചെയ്ത പ്രഭാഷണത്തിൽനിന്ന്)

**14**
**ഹജ്ജിന്റെ സന്ദേശം**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)
ഖലീഫത്തുൽ മസീഹ് II

**17**
**ആത്മാവിന്റെശക്തി പ്രഭാവം**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്

**21**
**ബ്രിട്ടൻ, ഇബ്നു സഊദ്, വഹ്ഹാബിസം**
ഡോ: അബ്ദുല്ലാ മുഹമ്മദ് സിദ്ധി




**27**
**ബലി കർമം**
എൻ. അബ്ദുർറഹീം
എല്ലാമതങ്ങളിലും ബലികർമത്തിന്റെ വിവിധ രൂപങ്ങൾ കാണാം. ബലികർമത്തിലെ സാർവത്രികതയും തത്ത്വവും യുക്തിയും വിശദീകരിക്കപ്പെടുന്നു

**31**
**ജ്ഞാനമാർഗം അന്വേഷിക്കുന്ന ക്രിസ്തുമതം**
എ.എം.മുഹമ്മദ് സലിം
എ. ഡി. 300ന് ശേഷം റോമൻ സഭയുടെ ക്രൂരമായ പീഡനങ്ങളും തമസ്കരണങ്ങളും മൂലം ചരിത്രത്തിൽ നിന്നും അപ്രത്യക്ഷമായ വിവിധ ക്രൈസ്തവ ചിന്താധാരകളെയും വിശ്വാസ പ്രമാണങ്ങളേയും വേദ ഗ്രന്ഥങ്ങളേയും അന്വേഷിച്ചുകൊണ്ട് ക്രൈസ്തവ ലോകത്ത് ഒരു പുതിയ ഉണർവ് ദൃശ്യമായിരിക്കുന്നു. ആദിമ ക്രൈസ്തവ സമൂഹത്തിന്റെ പ്രാക്തനവിശുദ്ധിതേടിക്കൊണ്ടുള്ള ക്രൈസ്തവ വിശ്വാസികളുടെ ഈ ചരിത്ര തീർഥാടനം ഒരു ആത്മീയ നവജാഗരണത്തിന് വഴിയൊരുക്കുമോ?



**35**
**ഈസാനബിയുടെ പേരിൽ ഒരു സങ്കല്പ കഥ**
മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

**37**
**ഇസ്‌ലാം മതത്തിന്റെ സമ്പൂർണത**
മഹമൂദ്, കൽക്കുളം
എല്ലാ പൂർവ മതങ്ങളുടെയും സത്യ സാരാംശത്തെ സമഗ്രമായി സ്വാംശീകരിച്ച ഇസ്‌ലാംമതം സമ്പൂർണവും യുക്തിഭദ്രവുമാണ്.

**39**
**നബിനിന്ദ തുടരുന്നു**
മുസാഫിർ

**43**
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി - 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



ഓർക്കുക, ഇബ്റാഹീമിന് നാം ആ പരിശുദ്ധ ഭവനത്തിന്റെ സ്ഥലം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം. (നാം അദ്ദേഹത്തോട് കല്പിച്ചു) നീ എനിക്കൊരു വസ്തുവിനേയും പങ്കാളിയാക്കി വെക്കരുത്. പ്രദക്ഷിണം ചെയ്യുന്നവർക്കും, നിന്നും കുനിഞ്ഞും കുമ്പിട്ടും കൊണ്ട് ആരാധന നടത്തുന്നവർക്കും വേണ്ടി എന്റെ മന്ദിരത്തെ ശുദ്ധമാക്കി വെക്കുക. **(22: 27)**



## നബിവചനം

അബൂഹുറൈറ(റ) യിൽ നിന്നും നിവേദനം: വല്ലവനും അല്ലാഹുവിന് വേണ്ടി ഹജ്ജ് ചെയ്തു, അവൻ അനാവശ്യം പ്രവർത്തിച്ചില്ല, കുറ്റകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുമില്ല. എങ്കിൽ സ്വമാതാവ് അവനെ പ്രസവിച്ച ദിവസം പോലെ പരിശുദ്ധനായിക്കൊണ്ടാണ് അവൻ തിരിച്ചു വരുന്നത് എന്ന് നബി(സ) പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം



ഹജ്ജ് കൊണ്ടുള്ള ഉദ്ദേശ്യം ഒരാൾ തന്റെ വീട്ടിൽ നിന്നും പുറപ്പെട്ട് സമുദ്രങ്ങൾ തരണം ചെയ്ത് മക്കയിൽ ചെന്ന് ആചാരാനുഷ്ഠാനമെന്നോണം ചില വചനങ്ങൾ ഉരുവിട്ടു ചില കടമകൾ നിർവഹിച്ചു തിരിച്ചു വരിക മാത്രമല്ല, വാസ്തവത്തിൽ ഹജ്ജ് പരിപൂർണമായ ആത്മസമർപ്പണത്തിന്റെ അവസാനത്തെ പരമോന്നത സ്ഥാനത്തിന്റെ പേരാണ്. മനുഷ്യൻ തന്റെ ആത്മാവിനെ ഭൗതികമായ എല്ലാ ബന്ധനങ്ങളിൽ നിന്നും മുക്തനാക്കി ദൈവാനുരക്തിയിൽ തന്നെ അർപ്പണം ചെയ്യുന്നു. അവന്റെ ഹൃദയത്തിൽ സംജാതമാകുന്ന ദൈവസ്നേഹവും അനുരക്തിയും നിമിത്തം യാത്രാ ക്ലേശങ്ങൾക്കോ ജീവനും ധനവും നഷ്ടപ്പെടുമെന്ന ചിന്തകൾക്കോ ബന്ധുക്കളേയും സുഹൃത്തുക്കളേയും വിട്ടു പിരിയണമെന്ന വ്യാകുലതക്കോ ഒരു പ്രസക്തിയുമില്ല. ഒരു പ്രേമി തന്റെ പ്രേമഭാജനത്തിനായി തന്റെ ജീവൻ കൂടി ബലിയർപ്പിക്കാൻ സന്നദ്ധമാകുന്നത് പോലെ ഹജ്ജിൽ തവാഫ് ചെയ്യുന്നു. വളരെ സൂക്ഷ്മമായ ഒരു രഹസ്യമാണിത്. കഅ്ബത്തുല്ല എന്ന ഭവനം പോലെ തന്നെ അതിന് മുകളിലും ഒരു ഉന്നത സ്ഥാനമുണ്ട്. ഏത്വരെ ഉപരി ലോകത്തുള്ള ആ സ്ഥാനം ഹൃദയാത്മനാ വലയംവെക്കപ്പെടുന്നില്ലയോ അതുവരെ ഈ തവാഫ് പ്രയോജനകരമോ ഫലദായകമോ ആകുന്നില്ല. ഈ ഭവനത്തെ വലം വെക്കുന്നവർ വളരെ ചുരുങ്ങിയ മേൽ വസ്ത്രങ്ങളണിയുന്നു. അതേ പ്രകാരം ഉപരിലോകത്തുള്ള ഭവനത്തെ തവാഫ് ചെയ്യുന്നത് ഭൗതിക ബന്ധങ്ങളെന്ന വസ്ത്രങ്ങൾ ഉപേക്ഷിച്ചു കൊണ്ട് സ്നേഹത്തിന്റെയും അനുരക്തിയുടെയും ഭയഭക്തിയുടെയും വസ്ത്രങ്ങളണിഞ്ഞു കൊണ്ടായിരിക്കണം. തവാഫ് ദൈവാനുരാഗത്തിന്റെ അടയാളവും പ്രതീകവും ആകുന്നു. ഇതിന്റെ അർഥം ദൈവപ്രീതിക്കു ചുറ്റും വലം വെക്കുകയാണ്. മറ്റൊരുദ്ദേശ്യവും അവിടെ അവശേഷിക്കുന്നില്ല. **(മൽഫൂസാത്ത് വാല്യം 9 പേ. 123,124)**

എഡിറ്റോറിയൽ

# അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകുക

***ലബ്ബൈകല്ലാഹുമ്മ ലബ്ബൈക് ലബ്ബൈക ലാ ശരീക ലക ലബ്ബൈക്***
***ഇന്നൽ ഹംദ വന്നിഅ്മതക, വൽ മുൽക ലാ ശരീക ലക ലബ്ബൈക ......***
നാഥാ നിന്റെ വിളിക്കിതാ ഞാൻ ഉത്തരമായി വന്നിരിക്കുന്നു. നിനക്ക് പങ്കുകാരില്ല. നിനക്കാകുന്നു സ്തുതി. നിന്റേതാകുന്നു അനുഗ്രഹം നിന്റേതാകുന്നു അധികാരം...)

നാലായിരം വർഷം മുമ്പ് ഖലീലുല്ലാഹി ഇബ്രാഹിം നബി(അ)യുടെ വിളിക്കുത്തരമായി ലോക മുസ്ലിംകൾ അറഫയിൽ സമ്മേളിക്കുകയാണ്. 'ദൈവകല്പനക്കായി കാത്തിരിക്കുക ' എന്ന അർഥമുള്ള മേൽ പറഞ്ഞ '**തൽബിയ്യത്ത്**' വചനങ്ങൾ ഉരുവിട്ടു കൊണ്ടാണ് ഹാജിമാർ അറഫയിലെത്തുന്നത്. അല്ലാഹുവിന്റെ വിളി എന്നത് കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിന്റെ വിളിയാളിന്റെ വിളിയാണ്. ഈ കാലഘട്ടത്തിൽ റസൂൽ തിരുമേനി(സ) യുടെ വാഗ്ദാന പ്രകാരം അവിടുത്തെ വിനീത ശിഷ്യനായി അല്ലാഹു അയച്ച വാഗ്ദത്ത മസീഹിന്റെ വിളിക്ക് മുസ്ലിംകൾ ലബ്ബൈക് പറയേണ്ടതുണ്ട്.

അവസാനകാലത്ത് വെളിപ്പെടുകയും മുസ്ലിംകളെ ബാധിക്കുകയും ചെയ്യുന്ന നാശങ്ങളെപറ്റി റസൂൽ തിരുമേനി(സ)യുടെ പ്രവചനങ്ങൾ മുസ്ലിംകൾ മറന്നു പോകരുത്. ദജ്ജാലിന്റെയും യഅ്ജൂജ് മഅ്ജൂജിന്റെയും അതിശക്തമായ ആക്രമണമണത്തിന് മുസ്ലിംകൾ വിധേയമാവുമെന്ന ഗൗരവ മേറിയതും നിരന്തരം നാം സ്മരിക്കുന്നതുമായ പ്രവചനമാണത്. അത് മാത്രമല്ല മുസ്ലിംകൾ മല വെള്ളത്തിലെ ചണ്ടികൾ പോലെ ദുർബലരാവുമെന്നും ലോകത്ത് കൊലപാതകങ്ങൾ അധികരിക്കു മെന്നും യുദ്ധം അധികരിക്കുമെന്നും വ്യഭിചാരം വ്യാപകമാവുമെന്നും ഭരണാധികാരികൾ അഴിമതിക്കാരാവുമെന്നും സ്വവർഗ രതി അധികരിക്കുമെന്നും ഭൂമി അലങ്കൃതമാവുമെന്നും തുടങ്ങി നിരവധിപ്രവചനങ്ങൾ ഹദീസുകളിൽ രേഖപ്പെട്ടു കിടക്കുന്നു. മുസ്ലിംകളെയും ലോകത്തെയും ബാധിക്കുന്ന വിപത്തുകളുടെ നിരാശാജനകമായ പ്രവചനങ്ങൾ മാത്രമല്ല റസൂൽ തിരുമേനി(സ) പ്രവചിച്ചത്. മുസ്ലിംകളുടെ വിമോചനത്തിനും ലോകത്തെ അന്ധകാരത്തിൽ നിന്ന് വീണ്ടെടുക്കാനും മസീഹിന്റെയും മഹ്ദിയുടെയും ആഗമനം കൂടി സുവിശേഷമായി റസൂൽ തിരുമേനി(സ) പ്രവചിച്ചിരിക്കുന്നു. പ്രവചനങ്ങളുടെ ബാഹ്യ വിശകലനത്തിൽ തന്നെ മുസ്ലിംകളെ ആക്രമിക്കുന്ന ദജ്ജാലീ ശക്തി പാശ്ചാത്യ നാഗരികതയാണെന്ന് വ്യക്തമാവും. അവരുടെ അപ്രതിരോധ്യമായ സംഹാര താണ്ഡവവും അധിനിവേശവും മുസ്ലിംലോകത്ത് നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന യാഥാർഥ്യമാണ്. മനുഷ്യന്റെ അധ്യാത്മികതക്കും സംസ്കാരത്തിനും മാരകമായ ഹാനി വരുത്തുന്ന ഈ മഹാകുഴപ്പത്തിൽ നിന്ന് മുസ്ലിംകളെയും ഇസ്ലാം മതത്തെയും രക്ഷിക്കാനാണ് റസൂൽ തിരുമേനി(സ)യുടെ വിനീത സേവകനായി വാഗ്ദത്ത മഹ്ദി മസീഹ് ആഗതനാവുക. പ്രവാചകന്മാരുടെ ആത്മീയ മാർഗത്തിലാണ് അദ്ദേഹം ഇസ്ലാമിനെ വിജയ സോപാനത്തിലേക്ക് നയിക്കുക. അദ്ദേഹത്തിന്റെ ആഗമനം ഒരു പെരുന്നാളായി ആ ഘോഷിക്കണമെന്ന് പൂർവസൂരികളായ മഹാത്മാക്കൾ മുസ്ലിം ലോകത്തെ നൂറ്റാണ്ടുകളായി ഉപദേശിച്ചതാണ്. പക്ഷേ അല്ലാഹുവിന്റെ പക്കൽ നിന്ന് ആഗതരാവുന്നവരോട് ലോകം അനുവർത്തിക്കുന്നതെല്ലാം ആ മഹാത്മാവിനോടും ചെയ്തു. ഖുർആൻ പറയുന്നു. '***മനുഷ്യർക്ക് അഹോ കഷ്ടം!. അവരുടെ പരിഹാസത്തിന് പാത്രമായിട്ടല്ലാതെ ഒരു ദൈവദൂതനും അവരുടെ അടുക്കൽ വരുന്നില്ല.'(36: 31)*** അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നല്കുക എന്നതിന്റെ അർഥം അല്ലാഹു അയച്ച ആളിനെ സ്വീകരിക്കുക എന്നതാണ്. അദ്ദേഹത്തെ വിശ്വസിച്ചാലും ഇല്ലെങ്കിലും ഇസ്ലാമിന്റെ ആഗോള വിജയം വിധിച്ചു പോയ ഒരു യാഥാർഥ്യമാണ്

വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു: '*അല്ലയോ വിവേക ശാലികളേ ഈ നിശിതാന്ധകാരത്തിന്റെ നാളുകളിൽ അല്ലാഹു തക്ക സമയത്ത് തന്നെ ഒരു സ്വർഗീയ പ്രകാശം ഇറക്കി തരുന്നതിലും കലിമത്തുൽ ഇസ്ലാമിനെ ഉയർത്തിക്കാട്ടുന്നതിലും ഹദ്റത്ത് ഖൈറുൽ അനാമിന്റെ പ്രകാശം പരത്തുന്നതിനും മുസൽമാന്മാരുടെ പിന്തുണക്ക് വേണ്ടിയും പിന്നെ അവരുടെ ആന്തരനിലയെ ശുദ്ധീകരിക്കാനുദ്ദേശിച്ചും തന്റെ ദാസനെ ഈ ലോകത്തയച്ചതിൽ നിങ്ങൾ അദ്ഭുതപ്പെടേണ്ടതില്ല. ഇസ്ലാം ദീനിന്റെ സഹായകനും ഖുർആനികാദ്ധ്യാപനങ്ങളുടെ നിത്യസംരക്ഷകനും ഖുർആനെ ചൈതന്യരഹിതവും നിഷ്പ്രഭവും പ്രകാശരഹിതവുമാക്കാൻ അനുവദിക്കുകയില്ലെന്ന് വാഗ്ദാനം നൽകിയവനും ആരാണോ ആ സത്യ ദൈവം ഈ അന്ധകാരത്തെ നോക്കിക്കണ്ടിട്ടും ആന്തരീയവും ബാഹ്യവുമായ എല്ലാകുഴപ്പങ്ങളും വീക്ഷിച്ചറിഞ്ഞിട്ടും മിണ്ടാതിരിക്കുകയും തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള വാഗ്ദാനത്തെക്കുറിച്ച് ഓർക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അതിലാണ് അദ്ഭുതപ്പെടേണ്ടത്.... ആകയാൽ എന്നെ നിഷേധിക്കുന്ന കാര്യത്തിൽ ആരും ധൃതികാണിക്കേണ്ട. അവൻ ദൈവത്തോട് പോരിന് പുറപ്പെടാതിരിക്കാൻ തന്നെ (ഫത്ഹെ ഇസ്ലാം)* മുസ്ലിം ലോകത്തിന് ഈ സത്യം എളുപ്പത്തിൽ ഗ്രഹിക്കുമാറാകട്ടെ.(ആമീൻ)




ഹദ്റത്ത് അഹ്മദ് (അ)

# ആരാധനയിലെ അനുഷ്ഠാനങ്ങൾ ദൈവാനുരാഗത്തിന്റെ പ്രതീകങ്ങൾ

വാസ്തവത്തിൽ മനുഷ്യൻ ദൈവാരാധനക്ക് വേണ്ടി മാത്രമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ദൈവാരാധന രണ്ടു വിധത്തിലാണുള്ളത്. ഒന്ന് അങ്ങേയറ്റത്തെ വിനയവും കീഴ്വണക്കവും കാണിക്കുക. രണ്ട് അനുരക്തിയും സ്നേഹവും പ്രകടിപ്പിക്കുക.

ഇസ്ലാം വിനയത്തിന്റെയും വണക്കത്തി ന്റെയും പ്രതീകമായ നമസ്ക്കാരാനുഷ്ഠാനത്തിനുള്ള കല്പന നൽകുന്നു. നമസ്ക്കാരം ശാരീരികമായി മനുഷ്യന്റെ ഓരോ അവയവത്തേയും ഭയഭക്തിയിലും അനുസരണത്തിലും സമർപ്പണവിധേയനാക്കിതീർക്കുന്നു. അവന്റെ ഹൃദയം സുജൂദ് ചെയ്യുന്നതോടൊപ്പം നമസ്ക്കാരത്തിൽ അവന്റെ ശരീരവും കുമ്പിടുന്നു. അങ്ങനെ അവന്റെ ആത്മാവും ശരീരവും ഈ ദൈവാരാധനയിൽ ഒരുപോലെ പങ്കുചേരുന്നു. ശരീരം ചെയ്യുന്ന സുജൂദ് വ്യർഥമാണെന്ന് കരുതരുത്. ദൈവം ആത്മാവിന്റെയും ശരീരത്തിന്റെയും സ്രഷ്ടാവാണ്. രണ്ടിലും അവന് സൃഷ്ടി കർത്താവെന്ന നിലയിൽ അവകാശവും അധികാരവുമുണ്ട്. ശരീരവും ആത്മാവും പരസ്പരം ഒന്ന് മറ്റൊന്നിൽ പ്രഭാവിതമാകുന്നു. ചിലപ്പോൾ ശരീരം ചെയ്യുന്ന സുജൂദ് ആത്മാവ് ചെയ്യുന്ന സുജൂദിന് ഉത്തേജനം നൽകുന്നു. അതേ പ്രകാരം ആത്മാവിന്റെ സുജൂദ് ശരീരത്തിന്റെ സുജുദിന്റെ അവസ്ഥ സംജാതമാക്കുന്നു. കാരണം ആത്മാവും ശരീരവും പരസ്പരം ബന്ധിതമാണ്. ഉദാഹരണത്തിന് ഒരാൾ കൃത്രിമമായി മന്ദഹസിക്കുന്ന മുഖപ്രകൃതി സംജാത മാക്കുകയാണെങ്കിൽ ആ കൃത്രിമച്ചിരി യഥാർഥ ചിരിയായി മാറുന്നു. ഇത് ആത്മാവിനുണ്ടാകുന്ന പ്രതിഫലനത്തിന്റെയും പ്രഭാവത്തിന്റെയും ബഹിർ പ്ര കടനമാണ്. അതേ പ്രകാരം കൃത്രിമമായി ഒരാൾ കരയുന്ന ഭാവം സംജാതമാക്കുകയാണെങ്കിൽ യഥാർത്ഥത്തിൽ അയാൾക്ക് കരച്ചിൽ വരുന്നു. അത് ആത്മാവിനുണ്ടാകുന്ന പ്രതിഫലനത്തിന്റെയും പ്രഭാവത്തിന്റെയും ബഹിർ പ്രകടനമാണ്. നാം ശാരീരികമായി ബാഹ്യമായി ചെയ്യുന്ന ദൈവാരാധനയുടെ പ്രതിഫലനം ആത്മാവിലും ആത്മവിലുണ്ടാകുന്ന വിനയഭാവത്തിന്റെ പ്രതിഫലനം ബാഹ്യമായി ശരീരത്തിലുമുണ്ടാകുമെന്നും ഇതിൽനിന്നും മനസ്സിലാകുന്നു.

അതേ പ്രകാരം ദൈവാരാധനയുടെ രണ്ടാമത്തെ അനുരക്തിയുടെയും ത്യാഗത്തിന്റെയും പ്രതിഫലനവും പ്രഭാവവും നമ്മുടെ ആത്മാവിലും ശരീരത്തിലും അതായത് ആന്തരികമായും ബാഹ്യമായും സംജാതമാവുന്നു. അനുരക്തിയുടെയും അനുരാഗത്തിന്റെയും അവസ്ഥയിൽ മനുഷ്യന്റെ ആത്മാവ് എപ്പോഴും തന്റെ പ്രേമിയെ വലം വെച്ചുകൊണ്ടിരിക്കുന്നു. അവന്റെ ആസ്ഥാനത്തെ ചുംബിക്കുന്നു. അതേപ്രകാരം കഅ്ബത്തുല്ല ഭൗതികമായി ദൈവപ്രേമികൾക്ക് ഒരു മാതൃകയാക്കപ്പെട്ട ഭവനമാണ്. ദൈവം പറയുന്നു നോക്കുക, ഇത് എന്റെ ഭവനമാണ്. ഇത് എന്റെ ആസ്ഥാനത്തിലെ കല്ലായ ഹജ്റുൽ അസ്വദാണ്. ഈ കല്പന അവൻ പുറപ്പെടുവിച്ചത് മനുഷ്യൻ തന്റെ അനുരക്തിയേയും സ്നേഹഭാവത്തെയും പ്രകടിപ്പിക്കാനാണ്. അത് കൊണ്ട് ഹജ്ജ് ചെയ്യുന്നവർ ഹജ്ജിനുള്ള പുണ്യസ്ഥലങ്ങളിൽ ചെന്ന് ശാരീരികമായ നിലയിൽ പ്രസ്തുത ഭവനത്തെ വലംവെക്കുന്നു. അവർ ദൈവാനുരക്തിയിൽ ഉന്മത്തരായി അവന്റെ തിരുസന്നിധിയെ ഭ്രമണം ചെയ്യുന്നു. ശാരീരികമായ എല്ലാ അലങ്കാരങ്ങളെയും വർജിച്ച് തലമുണ്ഡനം ചെയ്ത് ദൈവസ്നേഹത്തിൽ മുഴുകിയവരായി കൃത്രിമ ലേശമില്ലാതെ പ്രേമാർഥരെ പോലെ അവന്റെ ആസ്ഥാനത്തെ വലം വെക്കുന്നു. ഹജ്റുൽ അസ്വദിനെ ദൈവത്തിന്റെ ആസ്ഥാനത്തിലുള്ള കല്ലാണെന്ന് കരുതി സ്നേഹ രുപേണ അതിനേയും ചുംബിക്കുന്നു. ശാരീരികവും ബാഹ്യവുമായ ഈ ആവേശവും ഉത്സാഹവും ആത്മീയമായ താപവും ഉഷ്ണവും സംജാതമാക്കുന്നു.(ചശ്മെ മഅ്രിഫ പേ 100,101)



# ഇസ്‌ലാം വിരുദ്ധ സിനിമ:
## ഖലീഫത്തുൽ മസീഹ് പ്രതികരിക്കുന്നു

മുസ്‌ലിംകളുടെ പ്രതിഷേധം തികച്ചും ന്യായമാണെങ്കിലും
അവർ സ്വീകരിച്ചിരിക്കുന്ന രീതി ഇസ്‌ലാമികമല്ല

(അമേരിക്കയിൽ നിർമിച്ച ഇസ്‌ലാം വിരുദ്ധ സിനിമക്കെതിരെ 2012 സപ്തംബർ 21ന് ആഗോള മുസ്‌ലിം ടെലിവിഷൻ ചാനലിലൂടെ പ്രതികരിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹു തആല ബി നസ്വ്രിഹിൽ അസീസ് ചെയ്ത പ്രഭാഷണത്തിൽനിന്ന്)

**വി**ശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: **അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങൾ ആശംസിക്കുന്നു. വിശ്വാസികളേ അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻ വേണ്ടി നിങ്ങളും പ്രാർഥിക്കുക.**

**അല്ലാഹുവിനെയും അവന്റെ ദൂതനെയും ശല്യപ്പെടുത്തുന്നവൻ ആരോ, നിശ്ചയമായും അല്ലാഹു അവരെ ഇഹത്തിലും പരത്തിലും ശപിച്ചിരിക്കുന്നു. അവർക്ക് അപമാനകരമായ ശിക്ഷ അവൻ ഒരുക്കി വെക്കുകയും ചെയ്തിട്ടുണ്ട്.**

ഇന്ന് മുസ്‌ലിം രാജ്യങ്ങളിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വസിക്കുന്ന മുസ്‌ലിംകൾക്കിടയിലും മുസ്‌ലിം വിരോധികളുടെ അങ്ങേയറ്റം നീചവും നികൃഷ്ടവും അതിക്രമപരവുമായ പ്രവർത്തനങ്ങൾക്കെതിരിൽ ശക്തമായ കോപവും ദു:ഖവും അലയടിച്ച് കൊണ്ടിരിക്കുകയാണ്. ഈ ദു:ഖവും കോപവും പ്രകടിപ്പിക്കാൻ തീർച്ചയായും മുസ്‌ലിംകൾക്ക് അവകാശമുണ്ട്. റസൂൽ തിരുമേനി(സ)യുടെ യഥാർഥ സ്ഥാനമാഹാത്മ്യത്തെക്കുറിച്ചുള്ള അറിവ് ഒരു മുസ്‌ലിമിന് ഉണ്ടെങ്കിലും ഇല്ലെങ്കിലും ശരി റസൂൽ തിരുമേനി(സ)യുടെ അഭിമാന സംരക്ഷണത്തിന് വേണ്ടി തന്റെ ജീവൻ ത്യജിക്കാനും യുദ്ധം ചെയ്യാനും അവൻ തയ്യാറാകുന്നതാണ്. ഇസ്‌ലാമിന്റെ ശത്രുക്കൾ റസൂൽ തിരുമേനി(സ)യെക്കുറിച്ച് നിർമിച്ച അനാവശ്യവും നീചവുമായ ചലച്ചിത്രത്തിൽ റസൂൽ തിരുമേനി(സ)യെ അപമാനിക്കാൻ ശ്രമിച്ചത് കേൾക്കുമ്പോൾ ഓരോ മുസ്‌ലിമിനും ഉണ്ടാകുന്ന ദുഃഖവും

കോപവും സ്വാഭാവികം മാത്രമാണ്. മാനവസമൂഹത്തോട് ഔദാര്യം കാട്ടിയ ലോകാനുഗ്രഹിയും അല്ലാഹുവിന്റെ പ്രേമഭാജനവുമായ ആ പ്രവാചകൻ തന്റെ രാത്രികൾ പോലും സൃഷ്ടികളുടെ ബുദ്ധിമുട്ടുകൾ ദുരീകരിക്കാനായി വിനിയോഗിക്കുകയുണ്ടായി. മാനവരാശിയെ നാശത്തിൽ നിന്ന് രക്ഷപ്പെടുത്തുന്നതിന് വേണ്ടി തന്റെ ജീവനെ ബുദ്ധിമുട്ടിൽ അകപ്പെടുത്തുകയും അതിനായി വളരെയധികം ദു:ഖം സഹിക്കുകയും ചെയ്തു. മാനവ സമൂഹത്തിനായി സ്വയം ക്ലേശത്തിൽ അകപ്പെടുന്നത് കണ്ട സർവേശ്വരനായ അല്ലാഹു അദ്ദേഹ ത്തോട് പറഞ്ഞു:

സ്വന്തം സ്രഷ്ടാവിനെ തിരിച്ചറിയാത്ത ഇവർക്ക് വേണ്ടി നീ നിന്റെ ജീവനെ തന്നെ നശിപ്പിച്ച് കളയുമോ? ഈ മഹാനായ മനുഷ്യസ്നേഹിയെ കുറിച്ച് ഇത്രമാത്രം അപമാനകരമായ ചലച്ചിത്രം നിർമിച്ചത് തീർച്ചയായും ഒരു മുസ്‌ലിമിന്റെ ഹൃദയത്തെ വേദനപ്പിക്കുന്നതുതന്നെയാണ്. ഒരു അഹ്മദി മുസ്‌ലിമാണ് ഇതിൽ ഏറ്റവും കൂടുതലായി ദുഃഖം അനുഭവിക്കുന്നത്. കാരണം അഹ്മദീ മുസ്‌ലിംകൾ തിരുനബി(സ)യുടെ പ്രേമിയും സത്യസന്ധനുമായ മഹ്ദി ഇമാം ഹദ്റത്ത് അഹ്മദ്(അ)നെ വിശ്വസിക്കുന്നവരാണ്. ആ മഹാത്മാവ് ഞങ്ങൾക്ക് റസൂൽ തിരുമേനി(സ)യുടെ മഹിത സ്ഥാനത്തെ കുറിച്ചുള്ള യഥാർഥ അറിവു നൽകിയിരിക്കുന്നതിനാൽ ഇവരുടെ ഈ നീചപ്രവർത്തനം മൂലം ഞങ്ങളുടെ ഹൃദയം മുറിവേറ്റു പിടയുകയാണ്. ഞങ്ങളുടെ അന്തരംഗവും വേദനകൊണ്ട് നീറുകയാണ്. അല്ലാഹു ഈ അതിക്രമികളോട് പകരം ചോദിക്കട്ടെയെന്നും, ഭൂമി നിലനിൽക്കുന്ന കാലം വരെ മറ്റുള്ളവർക്ക് പാഠമായിത്തീരുന്നവിധത്തിൽ ഇവരെ അടയാളമാക്കി തീർക്കട്ടെയെന്നും പ്രാർഥിച്ചു കൊണ്ട് ഞങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ സാഷ്ടാംഗം ചെയ്യുന്നു.

പ്രവാചകസ്നേഹത്തിന്റെ ആത്മജ്ഞാനം നൽകിക്കൊണ്ട് കാലത്തിന്റെ ഇമാം ഞങ്ങൾക്ക് പഠിപ്പിച്ചു തന്നത് ഇപ്രകാരമാണ്, വനാന്തരങ്ങളിലെ സർപ്പങ്ങളോടും വന്യമൃഗങ്ങളോടും രഞ്ജിപ്പിന് ഞങ്ങൾക്ക് സാധ്യമാണെങ്കിൽ തന്നെയും ഞങ്ങളുടെ യജമാനരും നേതാവുമായ ഖാത്തമുൽ അമ്പിയാ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ) യെ അധിക്ഷേപിക്കുന്നവരുമായും അതിൽ ശാഠ്യം പിടിച്ച് മുന്നോട്ട് പോകുന്നവരുമായും ഞങ്ങൾക്ക് രഞ്ജിപ്പുണ്ടാക്കാൻ സാധ്യമേഅല്ല.

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) പറയുന്നു: നബി(സ)യുടെ അഭിമാന സംരക്ഷണത്തിന് വേണ്ടി തങ്ങളുടെ ജീവൻപോലും നൽകാൻ തയ്യാറുള്ള ഒരു സമുദായമാണ് മുസ്‌ലിംകൾ. എന്നാൽ എപ്പോഴും അവരുടെ തിരുനബി(സ)യെ അസഭ്യം പറയുകയും തങ്ങളുടെ ഗ്രന്ഥങ്ങളിലും മാസികകളിലും വിജ്ഞാപനങ്ങളിലും അങ്ങേയറ്റം അപമാനകരമായ രീതിയിൽ തിരുദൂതരുടെ പേര് ഉപയോഗിക്കുകയും വളരെ മോശമായ വാക്കുകളിൽ അദ്ദേഹത്തെ സ്മരിക്കുകയും ചെയ്യുന്നവരോടൊപ്പം സൗഹൃദത്തിൽ കഴിയുക എന്ന അപമാനത്തേക്കാളും അവർ ഇഷ്ടപ്പെടുന്നത് മരണമാണ്. ഓർത്തുകൊള്ളുക! അത്തരക്കാർ സ്വസമുദായത്തിനുപോലും നന്മ ആഗ്രഹിക്കുന്നവരല്ല. കാരണം അവർ അവരുടെ മാർഗത്തിൽ തന്നെ മുള്ളുകൾ വിരിക്കുകയാണ് ചെയ്യുന്നത്. ഞാൻ സത്യമായും പറയുന്നു; ഞങ്ങൾക്ക് വനാന്തരങ്ങളിലെ സർപ്പങ്ങളുമായും വന്യമൃഗങ്ങളുമായും ഐക്യപ്പെടേണ്ടി വന്നാൽ അതു സാധ്യമാണ്. എന്നാൽ അല്ലാഹുവിന്റെ പരിശുദ്ധ നബിമാരെ അപകീർത്തിപ്പെടുത്തുന്നതിൽനിന്നും വിട്ടുനിൽക്കാത്തവരുമായി ഐക്യപ്പെടാൻ ഞങ്ങൾക്ക് സാധ്യമല്ല. അധിക്ഷേപത്തിലും ചീത്ത വിളിയിലുമാണ് വിജയം എന്നവർ ധരിക്കുന്നു. എന്നാൽ എല്ലാ വിജയവും ആകാശത്തിൽ നിന്നാണ് വരുന്നത്.

പറയുന്നു: പരിശുദ്ധ വാക്കുകൾ പറയുന്നവർ തങ്ങളുടെ പരിശുദ്ധ വചനങ്ങൾ മുഖേന അവസാനം ഹൃദയങ്ങളെ ജയിച്ചടുക്കുന്നതാണ്. എന്നാൽ ദുഷ്പ്രകൃതക്കാർ രാജ്യത്ത് വിഭാഗീയതയും കുഴപ്പവും ഉണ്ടാക്കുകയല്ലാതെ മറ്റൊരു പ്രവർത്തനവും ചെയ്യുന്നില്ല.

പറയുന്നു: അത്തരത്തിൽ ചീത്ത വിളിക്കുന്നവരുടെ പര്യവസാനവും നല്ലതായിരിക്കുകയില്ലെന്നാണ് അനുഭവവും പറയുന്നത്. അല്ലാഹുവിന്റെ അഭിമാനം തന്റെ പ്രിയപ്പെട്ടവർക്കായി അവസാനം പ്രവർത്തിക്കുകതന്നെ ചെയ്യും.

ഇക്കാലത്ത് ഈ ദുഷ്പ്രവർത്തിക്കായി പത്രങ്ങളെയും മാസികകളെയും മീഡിയയുടെ മറ്റു മാർഗങ്ങളെയും ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇവർ തങ്ങളുടെ ദുശ്ശാഠ്യം നിമിത്തം അല്ലാഹുവുമായി പോരിനിറങ്ങിയിരിക്കുകയാണ്. ഇൻശാ അല്ലാഹു തആലാ, അവർ അവന്റെ പിടുത്തത്തിൽ വരുന്നതായിരിക്കും. ഇവർ ദുശ്ശാഠ്യത്തിൽ നിൽക്കുകയും സധൈര്യം തങ്ങളുടെ അശ്ലീല പ്രവർത്തനങ്ങളിൽ അടിയുറച്ചു നിൽക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

2006ൽ ഡെന്മാർക്കിലെ ദുഷ്പ്രകൃതക്കാർ റസൂൽ തിരുമേനി(സ)യുടെ കാർട്ടൂൺ നിർമിച്ചപ്പോൾ, ഇതിനെ ശരിയായ രീതിയിൽ പ്രതികരിക്കേണ്ടത് എങ്ങനെയാണെന്ന് ജമാഅത്തിനോട് ഞാൻ പറഞ്ഞതോടൊപ്പം ഈ അക്രമികൾ മുമ്പും ഉണ്ടായിട്ടുണ്ടെന്നും ഇതുകൊണ്ടൊന്നും ഇതവസാനിക്കുകയില്ലെന്നും മുസ്‌ലിംകളുടെ ഭാഗത്തു നിന്ന് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രതിരോധം കൊണ്ടൊന്നും ഒരു വ്യത്യാസവും ഉണ്ടാവുകയില്ലെന്നും ഭാവിയിലും ഇത്തരം പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതാണെന്നും ഞാൻ പറഞ്ഞിരുന്നു. ഇപ്പോഴിതാ അതിനേക്കാൾ മോശമായ നിലയിൽ ഈ നീചപ്രവർത്തനവും അതിക്രമവും ചെയ്തതായി നാം കാണുന്നു. അന്നു മുതൽ ഇന്നു വരേക്കും അവർ ഈ കാര്യത്തിനായി തന്ത്രങ്ങളുണ്ടാക്കുക യായിരുന്നു. ഇത് ഇസ്‌ലാമിനെതിരിൽ ഇവരുടെ അപമാനവും പരാജയവുമാണ് തെളിയിക്കുന്നത്. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ഇവരെ ഈ നീചപ്രവർത്തനത്തിന് പ്രേരിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി: ഓർത്തുകൊള്ളുക! ഇവർ സ്വസമുദായത്തിന്റേയും അഭ്യുദയകാംക്ഷികളല്ല. ഇന്ന് ഇവർ ചെയ്യുന്ന ദുഷ്കർമങ്ങൾ ഇവരുടെ സമുദായത്തിന് തന്നെ നഷ്ടം വരുത്തുന്നതാണെന്നും ഇവർ സ്വന്തം കാര്യം നോക്കുന്നവരും അക്രമികളു മാണെന്നും ഒരു ദിവസം ഈ സമുദായ ത്തിലെ ആളുകൾക്കുതന്നെ ബോധ്യമാകു ന്നതാണ്. ഇവർക്ക് കേവലം തങ്ങളുടെ ആഗ്രഹപൂർത്തികരണമല്ലാതെ മറ്റൊരു ചിന്തയുമില്ല.

ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ രാഷ്ട്രീയക്കാരും മറ്റുള്ളവരും പരസ്യമായും ചിലസ്ഥലത്ത് പരോക്ഷമായും ഇവരുടെ ഭാഗത്ത് നിന്ന് സംസാരിക്കുന്നുണ്ട്. ചിലപ്പോൾ മുസ്‌ലിംകളുടെ ഭാഗത്ത് നിന്ന്കൊണ്ടും സംസാരിക്കുന്നുണ്ട്. എന്നാൽ ഇപ്പോൾ ലോകം ഒരു ആഗോളഗ്രാമമായി മാറിയിരിക്കുന്നു എന്നവർ ഓർക്കേണ്ടതാണ്. ഇത്തരം നികൃഷ്ട കാര്യങ്ങൾ നികൃഷ്ടമാണെന്നുതന്നെ തുറന്നു പറഞ്ഞില്ലെങ്കിൽ ഈ രാജ്യങ്ങളിലെ സമാധാന ജീവിതത്തെ ഇതുനശിപ്പിക്കുന്നതായിരിക്കും. അതു

കൂടാതെ അല്ലാഹുവിന്റെ ശക്തമായ പ്രഹരം ലഭിക്കുകയും ചെയ്യും.

എല്ലാ വിജയവും ആകാശത്തിൽ നിന്നാണ് വരുന്നത് എന്ന കാലത്തിന്റെ ഇമാമിന്റെ വാക്കുകൾ ഓർത്തു കൊള്ളുക. എന്നാൽ ഏതൊരു റസൂലിനെയാണോ നിങ്ങൾ നിന്ദിക്കാൻ ശ്രമിക്കുന്നത്, അദ്ദേഹം ലോകത്ത് മേധാവിത്വം സ്ഥാപിക്കും എന്ന് അല്ലാഹു വിധിച്ചിരിക്കുന്നു.എന്നാൽ ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) പറഞ്ഞത് പോലെ ഹൃദയങ്ങളെ ജയിച്ചടക്കിയായിരിക്കും മേധാവിത്വം നേടുക. കാരണം, വിശുദ്ധ വചനങ്ങൾ സ്വാധീനം ചെലുത്തുകതന്നെ ചെയ്യും. പരിശുദ്ധ വചനങ്ങൾക്ക് തീവ്രവാദത്തിന്റെ ആവശ്യമില്ല. അസഭ്യ വചനങ്ങൾക്ക് അതേരീതിയിൽ മറുപടി നൽകേണ്ടതില്ല. ഈ ചീത്തപറയലും അസഭ്യം പുലമ്പലും ആരംഭം കുറിച്ചവർ വളരെ പെട്ടെന്ന് തന്നെ ഇല്ലാതാകും ഇൻശാഅല്ലാഹ്. പിന്നീട് ഈ ജീവിതത്തിന് ശേഷം ഇത്തരക്കാരെ അല്ലാഹു നേരിടുന്നതാണ്.

ഞാൻ തുടക്കത്തിൽ പരാമർശിച്ച വിശുദ്ധ ഖുർആന്റെ വചനങ്ങളിലെല്ലാം അല്ലാഹു വിശ്വാസികളോട് അവരുടെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണെന്ന് ഓർമപ്പെടുത്തുകയാണ്. നിങ്ങളുടെ ജോലി ഈ പ്രവാചകന് സ്വലാത്തും സ്വലാമും ചൊല്ലുക എന്നുള്ളതാണ്. ഇവരുടെ അസഭ്യങ്ങളും അക്രമവും പരിഹാസവുംകൊണ്ട് ആ മഹാനായ നബി(സ)യുടെ അഭിമാനത്തിന് ഒരു പോറലും ഏൽക്കുകയില്ല. അല്ലാഹുവും അവന്റെ മലക്കുകളും സ്വലാത്ത് ചൊല്ലപ്പെടുന്ന മഹാനായ പ്രവാചകനാണദ്ദേഹം. വിശ്വാസികളുടെ ജോലി ഈ നബിക്ക് സ്വലാത്ത് ചൊല്ലുന്നതിൽ തങ്ങളുടെ നാവിനെ മുഴുകിപ്പിക്കുക എന്നതാണ് . ശത്രുക്കൾ പരിഹാസ്യത്തിൽ മുന്നേറുമ്പോൾ മുമ്പത്തേക്കാൾ കൂടുതലായി സ്വലാത്തും സ്വലാമും ചൊല്ലുക.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَعَلٰى اٰلِ مُحَمَّدٍ كَمَا صَلَّيْتَ
عَلٰى اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ
اَللّٰهُمَّ بَارِكْ عَلٰى مُحَمَّدٍ وَعَلٰى اٰلِ مُحَمَّدٍ كَمَا بَارَكْتَ
عَلٰى اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ

നാം ചൊല്ലേണ്ട സ്വലാത്ത്, ഇത് തന്നെയാണ്. ലോകത്ത് വിജയിക്കുമെന്ന് വിധിച്ചിരിക്കുന്ന പ്രവാചകൻ മുഹമ്മദ് നബി(സ)തന്നെയാണ്. ഒരു അഹ്മദി മുസ്‌ലിം ഈ ആക്ഷേപഹാസ്യത്തിനെതിരെ ദുഃഖവും കോപവും രേഖപ്പെടുത്തുന്നതോടൊപ്പം തങ്ങളുടെ രാജ്യങ്ങളിലെ ഭരണാധികാരികളെയും നേതാക്കളെയും ഇതിൽനിന്ന് വിട്ടുനിൽക്കാനും തടയാനും ശ്രമിക്കേണ്ടതാണ്. അഹ്മദികൾ അങ്ങനെ ചെയ്യാറുണ്ട്.ഈ കുതന്ത്രത്തിനെതിരിൽ ലോകത്തിന് യാഥാർഥ്യം ബോധ്യപ്പെടുത്തികൊണ്ട് ഭൗതീകമായ നിലയിൽ ഒരു അഹ്മദി പരിശ്രമിക്കുന്നുണ്ട്. അതോടൊപ്പം റസൂൽ തിരുമേനി(സ)യുടെ ജീവിതത്തിന്റെ മനോഹരമായ രൂപം കാണിച്ച് കൊടുക്കുന്നു. മുഹമ്മദ് നബി(സ)യുടെ പരിശുദ്ധ ജീവിതത്തിന്റെ ഉത്തമ മാതൃകയുടെ പ്രകടനം തന്റെ ഓരോ പ്രവർത്തനം മുഖേന പ്രകടമാക്കിക്കൊണ്ട് ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെയും ആ മഹാത്മാവിന്റെ ഉത്തമ മാതൃകയുടെയും പ്രവർത്തനചിത്രവും ലോകത്തിന് കാണിച്ചുകൊടുക്കുക.

**ഞാൻ പറഞ്ഞതുപോലെ പൂർവാധികം സ്വലാത്തിലേക്കും സ്വലാമിലേക്കും ശ്രദ്ധിക്കുക. സ്ത്രീകളും പുരുഷന്മാരും വൃദ്ധരും യുവാക്കളും കുട്ടികളും തങ്ങളുടെ പരിസരവും ചുറ്റുപാടും സ്വലാത്ത് കൊണ്ടും സലാമുകൊണ്ടും നിറക്കുക. തങ്ങളുടെ പ്രവർത്തനത്തെ ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെ പ്രവർത്തന രൂപങ്ങളാക്കുക. ഈ മനോഹര പ്രതികാരമാണ് നാം ചെയ്യേണ്ടത്.**

അക്രമികളുടെ പര്യവസാനത്തെ കുറിച്ച് ഞാൻ തുടക്കത്തിൽ പരാമർശിച്ച വചനത്തിൽ അല്ലാഹു പറഞ്ഞിട്ടുണ്ട്. റസൂലിന്റെ അഭിമാനത്തെ വ്രണപ്പെടുത്തുകയും, ഈ കാലഘട്ടത്തിൽ, റസൂൽ തിരുമേനി(സ)യെകുറിച്ച് പരിഹസിച്ചുകൊണ്ട് യഥാർഥ മുഅ്മിനീങ്ങളുടെ ഹൃദയം മുറിവേൽപ്പിക്കുകയും ചെയ്യുന്നവരെ അല്ലാഹു സ്വയം നേരിടുന്നതാണ്. ഇത്തരക്കാരിൽ ഈ ലോകത്ത് അല്ലാഹുവിന്റെ ശാപമിറങ്ങും. ഈ ശാപം നിമിത്തം അവർ മാലിന്യത്തിൽ കൂടുതൽ മുങ്ങിക്കുളിച്ചുകൊണ്ടിരിക്കും. മരണത്തിന് ശേഷം അത്തരക്കാർക്ക് അല്ലാഹു അപമാനകരമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്. ഹദ്റത്ത് അഹ്മദ് (അ) ഈ വിഷയമാണ് വിവരിച്ചിരി ക്കുന്നത്. അതായത് അത്തരം നീചപ്രകൃതക്കാരുടെ പര്യവസാനം നന്നായിരിക്കുകയില്ല. അവർ ഈ ലോകത്ത് അല്ലാഹുവിന്റെ ശാപത്തിന് പാത്രമായും മരണത്തിന് ശേഷം അപമാനകരമായ ശിക്ഷ ലഭിച്ചുകൊണ്ടും അവർ തങ്ങളുടെ മോശമായ പര്യവസാനത്തിലേക്ക് എത്തുച്ചേരുന്നതാണ്.അല്ലാഹുവിന്റെ അദ്ധ്യാപനവും, കൽപനയു മനുസരിച്ച് പ്രവാചകനിൽ സ്വലാത്തു ചൊല്ലി ക്കൊണ്ടും സമാധാനം ആശംസിച്ചുകൊണ്ടും തങ്ങളുടെ രാജ്യവും പ്രദേശവും ചുറ്റുപാടും നിറക്കുകയാണ് മറ്റു മുസ്‌ലിംകളും ചെയ്യേണ്ടത്.

ഇങ്ങനെയാണ് പ്രതികരിക്കേണ്ടത്. അല്ലാതെ, തങ്ങളുടെതന്നെ രാജ്യത്തെ സമ്പത്തിന് തീ കൊളുത്തുക, തങ്ങളുടെ പൗരന്മാരെ തന്നെ വധിക്കുക,പ്രതിഷേധ പ്രകടനങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ പൊലീസുകാർക്ക് നിർബന്ധിതാവസ്ഥയിൽ തങ്ങളുടെ പൗരന്മാരെതന്നെ വെടിവെക്കേണ്ടിവരിക, അങ്ങനെ തങ്ങളുടെ ജനങ്ങൾ തന്നെ മരിക്കുന്നതിന് കാരണമാകുന്നതുപോലുള്ള പ്രതികരണങ്ങൾ ഒരു സ്വാധീനവും ചെലുത്തുന്നതല്ല.

സദ്പ്രകൃതക്കാരായ പാശ്ചാത്യരിൽ പലരും ഈ നീചപ്രവൃത്തിയെ അപലപിക്കുകയും ഇതിൽ വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്തിരിക്കുന്നു എന്നാണ് പത്രങ്ങളിലൂടെയും മീഡിയയിലൂടെയും പുറത്തു വരുന്ന വാർത്തകളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. അമേരിക്കയിലും ബ്രിട്ടനിലുമുള്ള സദ്പ്രകൃതക്കാരായ മുസ്‌ലിംകളും അല്ലാത്തവരും ഇതിനെ ഇഷ്ടപ്പെട്ടിട്ടില്ല. എന്നാൽ നേതാക്കന്മാർ ഒരു ഭാഗത്ത് ഇത് തെറ്റാണെന്ന് പറയുന്നുണ്ടെങ്കിലും മറുഭാഗത്ത് ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പുകമറ സൃഷ്ടിച്ചുകൊണ്ട് ഇതിനെ പിന്താങ്ങുകയും ചെയ്യുന്നു. ഈ ഇരട്ടത്താപ്പ് നയം ശരിയല്ല. സ്വാതന്ത്ര്യത്തെകുറിച്ചുണ്ടാക്കിയ നിയമം ഒരു ആകാശീയ നിയമ വ്യവസ്ഥയല്ല.

ഞാൻ അമേരിക്കയിലെ രാഷ്ട്രീയനേതാക്കളുമായി സംസാരിച്ചപ്പോൾ അവരോട് പറഞ്ഞിരുന്ന ഒരു കാര്യം ലോകർ ഉണ്ടാക്കിയ നിയമത്തിൽ കുറവുകളും തെറ്റുകളും ഉണ്ടാവാം എന്നായിരുന്നു. നിയമം ഉണ്ടാക്കുമ്പോൾ ചില വശങ്ങൾ ദൃഷ്ടിയിൽ നിന്ന് മറഞ്ഞിരിക്കാം. കാരണം മനുഷ്യന് അദൃശ്യജ്ഞാനമില്ല. എന്നാൽ, അല്ലാഹു അദൃശ്യജ്ഞാന(ആലിമുൽ ഗൈബ)മുള്ളവനാണ്. അവനാൽ നിർമിതമായ നിയമത്തിൽ പോരായ്മകൾ ഉണ്ടാവുന്നതല്ല. മനുഷ്യരുണ്ടാക്കുന്ന നിയമങ്ങളെ കുറിച്ച് അതിൽ ഒരു മാറ്റത്തിനും സാധ്യതയില്ലെന്ന് വിചാരിക്കരുത്. അഭിപ്രായപ്രകടനത്തിനുള്ള സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഏതെങ്കിലും രാജ്യത്തിലെ നിയമത്തിലോ, യു.എൻ.ഒ ഹ്യൂമൻ റൈറ്റ് ചാർട്ടറിലോ മറ്റുള്ളവരുടെ മതവികാരത്തെ വ്രണപ്പെടുത്താനുള്ള അനുവാദം നൽകുന്നില്ല. മറ്റു മതങ്ങളുടെ

മഹാത്മാക്കളെ പരിഹസിക്കാൻ അനുവാദമുണ്ടെന്ന് എവിടെയും രേഖപ്പെടുത്തിയിട്ടില്ല. ഇതിനുള്ള സ്വാതന്ത്ര്യം നൽകിയാൽ ലോകസമാധാനം നശിക്കുന്നതാണ്. ഇതു മൂലം വെറുപ്പിന്റെ അഗ്നി ആളിക്കത്തുന്നതായിരിക്കും. സമുദായങ്ങൾക്കിടയിലും മതങ്ങൾക്കിടയിലുമുള്ള അകൽച്ച വർദ്ധിച്ച് കൊണ്ടിരിക്കുന്നതാണ്. അതുകൊണ്ട് സ്വാതന്ത്ര്യത്തിനായുള്ള നിയമ നിർമാണം നടത്തുമ്പോൾ വ്യക്തിയുടെ സ്വാതന്ത്ര്യത്തിനായുള്ള നിയമങ്ങൾ നിർമിക്കുക. എന്നാൽ മറ്റുള്ളവരുടെ വിശ്വാസങ്ങളെ അവഹേളിക്കുന്ന നിയമങ്ങൾ നിർമിക്കരുത്. യു.എൻ.ഒ പരാജയപ്പെടുന്നതും ഇതുകൊണ്ടാണ്. അവർ വിജയിക്കാത്ത നിയമങ്ങൾ നിർമിച്ച് ഞങ്ങൾ വലിയ സേവനം ചെയ്തു എന്ന് കണക്കു കൂട്ടുന്നു.

എന്നാൽ അല്ലാഹുവിന്റെ നിയമം നോക്കുക. അല്ലാഹു പറയുന്നത് മറ്റുള്ളവരുടെ ബിംബങ്ങളെപ്പോലും നിങ്ങൾ മോശമായി ചിത്രീകരിക്കരുത് എന്നാണ്. കാരണം ഇത് മൂലം സമൂഹത്തിലെ സമാധാനം നശിക്കും. നിങ്ങൾ ബിംബങ്ങളെ മോശമായി ചിത്രീകരിക്കുമ്പോൾ അവർ അജ്ഞത നിമിത്തം നിങ്ങളുടെ സർവശക്തനായ അല്ലാഹുവിനെതിരിൽ അനുയോജ്യമല്ലാത്ത വാക്കുകൾ പ്രയോഗിക്കുന്നതാണ്. അത് മുഖേന നിങ്ങളുടെ ഹൃദയം ദുഃഖിക്കുകയും ഹൃദയങ്ങളിലെ വിദ്വേഷം വർദ്ധിക്കുകയും,കലഹങ്ങളും കുഴപ്പങ്ങളും ഉണ്ടാകുകയും ചെയ്യും. രാജ്യത്ത് കലാപം ഉണ്ടായിത്തീരും. ഇസ്‌ലാമിന്റെ ദൈവം നൽകുന്ന, ഈ പ്രപഞ്ചത്തിന്റെ നാഥൻ നൽകുന്ന മനോഹരമായ അധ്യാപനമാണിത്. ലോകത്തിന്റെ പരിഷ്കരണത്തിനും സ്നേഹം നിലനാട്ടുന്നതിനുമായി പരിപൂർണ അധ്യാപനങ്ങളോടു കൂടി തന്റെ പ്രിയപ്പെട്ട പ്രവാചകനായ ഹദ്റത്ത് മുഹമ്മദ്(സ)യെ നിയോഗിച്ച, ദൈവം നൽകുന്ന അധ്യാപനമാണിത്. അവൻ റസൂൽ തിരുമേനി(സ)യെ റഹ്മത്തുലിൻ ആലമീൻ (ലോകാനുഗ്രഹി)എന്ന സ്ഥാനനാമം നൽകികൊണ്ട് മുഴുലോകത്തിനും കാരുണ്യമായി നിയോഗിച്ചിരിക്കുന്നു. ഈ ദുഷ്പ്രകൃതക്കാരെ ശക്തമായി അടിച്ചമർത്താതെ ഈ കുറ്റത്തിൽ തങ്ങൾ ഭാഗാവാക്കാകുയല്ലെ ചെയ്യുന്നതെന്ന് ലോകത്തിലെ വിദ്യാസമ്പന്നരും ഭരണാധികാരികളും രാഷ്ട്രീയക്കാരും ചിന്തിക്കട്ടെ. മറ്റുള്ളവരുടെ മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന ഈ ഭൗതിക കീടങ്ങളും മാലിന്യത്തിൽ മുങ്ങിയവരുടെ കൂടെ നിന്ന്കൊണ്ട് നിങ്ങളും ലോക സമാധാനം നശിപ്പിക്കുന്നതിൽ ഭാഗാവാക്കാകുകയല്ലെ ചെയ്യുന്നതെന്ന് സാധാരണക്കാരും ചിന്തിക്കട്ടെ.

ഞങ്ങൾ അഹ്മദി മുസ്‌ലീംകൾ മാനവരാശിയുടെ സേവനത്തിനായി ലഭിക്കുന്ന ഒരവസരവും ഉപേക്ഷിക്കാറില്ല. അമേരിക്കയിൽ രക്തത്തിന് ആവശ്യം വന്നപ്പോൾ 12000 ബോട്ടിൽ രക്തം കഴിഞ്ഞ വർഷം അഹ്മദികൾ നൽകിയിരുന്നു. ഈ വർഷം ആവശ്യം നേരിട്ടപ്പോൾ വീണ്ടും രക്തം ശേഖരിച്ച് കൊണ്ടിരിക്കുകയാണ്. ഞങ്ങൾ അഹ്മദി മുസ്‌ലിംകൾ ജീവൻ നിലനിർത്തുന്നതിന് വേണ്ടി ഞങ്ങളുടെ രക്തം നൽകുകയാണ്. എന്നാൽ നിങ്ങൾ, നിങ്ങളുടെ ഈ പ്രവർത്തനം കൊണ്ടും ഇത്തരം പ്രവർത്തനം ചെയ്യുന്നവർക്കൊപ്പം നിന്ന് കൊണ്ടും ഞങ്ങളുടെ ഹൃദയത്തെ മുറിവേൽപ്പിച്ച് കൊണ്ടിരിക്കുകയാണ്. ഇതാണ് ഒരു അഹ്മദി മുസ്‌ലിമിന്റെ, ഒരു യഥാർഥ മുസ്‌ലിമിന്റെ പ്രതികരണം. എന്നാൽ നീതി നിലനാ ട്ടുന്നവരാണ് ഞങ്ങളെന്ന് വാദിക്കുന്ന ഇവരിലുള്ള ഒരു വിഭാഗത്തിന്റെ പ്രവർത്തനം നേരെമറിച്ചുമാണ്.

മുസ്‌ലിംകൾ തെറ്റ് ചെയ്യുകയാണെന്ന് ആരോപിക്കുന്നു. ചില പ്രവർത്തനങ്ങൾ തെറ്റ് തന്നെയാണ്. നാശനഷ്ടങ്ങളും സംഘർഷങ്ങളും ഉണ്ടാക്കുന്നതും ഉദ്യോഗസ്ഥരെതടയുന്നതും, നിരപരാധികളെ വധിക്കുന്നതും എംബസികളെ സംരക്ഷിക്കാതിരിക്കുന്നതും അവരെ വധിക്കുന്നതും മർദിക്കുന്നതും എല്ലാം തെറ്റുതന്നെയാണ്. എന്നാൽ അല്ലാഹുവിന്റെ നിഷ്കളങ്കരായ പ്രവാചകൻമാരെ പരിഹസിക്കുന്നതും ചീത്തവിളിക്കുന്നതിൽ അതിരുകൾ ലംഘിക്കുന്നതും മഹാപാപവും തെറ്റുമാണ്. കഴിഞ്ഞ ദിവസം ഇതെല്ലാം കണ്ട് ഫ്രാൻസിലെ ഒരു മാസികയുടെ വക്താക്കൾക്കും ആവേശമുണ്ടായി. അവരും മുമ്പത്തേക്കാൾ നീചമായിട്ടുള്ള ഒരുകാർട്ടൂൺ പ്രസിദ്ധീകരിക്കുകയുണ്ടായി. ഭൗതികവാദികൾ ഈ ലോകമാണ് എല്ലാം എന്ന് ധരിക്കുന്നു. എന്നാൽ ഈ ലോകം തന്നെയാണ് അവരുടെ നാശത്തിനുള്ള മാർഗം എന്ന് അവർ മനസിലാക്കുന്നില്ല.

മറ്റൊരു കാര്യം കൂടി ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ലോകത്തിലെ ഒരു വലിയ ഭൂഭാഗത്ത് മുസ്‌ലിം ഭരണമാണ് നിലനിൽക്കുന്നത്. ലോകത്തിന്റെ ഒരു വലിയ ഭാഗം മുസ്‌ലിംകളുടെ അധീനതയിലാണുള്ളത്. പല മുസ്‌ലിം രാജ്യങ്ങൾക്കും അല്ലാഹു പ്രകൃതി വിഭവങ്ങളും നൽകിയിട്ടുണ്ട്. യു.എൻ.ഒ യുടെ ഭാഗമായ മുസ്‌ലിം രാജ്യങ്ങളുമുണ്ട്. ഇവർ പരിപൂർണ ജീവിത മാർഗരേഖയായ വിശുദ്ധ ഖുർആനിൽ വിശ്വസി ക്കുന്നവരും അത് പാരായണം ചെയ്യുന്നവരുമാണ്. ഈ മനോഹരമായ അദ്ധ്യാപനത്തെ എല്ലാ മേഖലകളിലും പ്രകടമാക്കുന്നതിന് മുസ്‌ലിം ഭരണാധികാരികൾ എന്തുകൊണ്ട് ശ്രമിച്ചില്ല. മറ്റുള്ളവരുടെ മതവികാരങ്ങൾ വ്രണപ്പെടുത്തുന്നതും അല്ലാഹുവിന്റെ പ്രവാചകൻമാരെ അപമാനിക്കാൻ ശ്രമിക്കുന്നതും വലിയ കുറ്റവും പാപവുമാണെന്ന് എന്തുകൊണ്ട് അവർ പറയുന്നില്ല? യു.എൻ.ഒ യിൽ അംഗമായ ഒരു ഭരണാധികാരിയും തന്നെ തന്റെ പൗരന് മറ്റുള്ളവരുടെ മതവികാരങ്ങളെകൊണ്ട് കളിക്കാൻ അനുവാദം നൽകുന്നതല്ല എന്നനിയമം യു.എൻ.ഒ യുടെ സമാധാന ചാർട്ടറിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് എന്തുകൊണ്ട് പറയുന്നില്ല? കാരണം ഇത് ലോകത്ത് സമാധാനം നിലനിർത്താൻ അനിവാര്യമാണ്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ലോകസമാധാനം തകർക്കാൻ അനുവദിക്കുന്നതല്ല എന്ന് എന്തുകൊണ്ട് ലോകത്തിന്റെ മുന്നിൽ അവർ വ്യക്തമാക്കുന്നില്ല? എന്നാൽ ദുഃഖകരമെന്ന് പറയട്ടെ, നീചമായ പ്രവർത്തനങ്ങൾ കാലങ്ങളായി നടന്നുകൊണ്ടിരിന്നിട്ടും, റസൂൽ തിരുമേനി(സ) യുടെയും മറ്റുള്ള പ്രവാചകൻമാരുടെയും അഭിമാനത്തെ സംരക്ഷിക്കേണ്ടതിനെക്കുറിച്ച് ലോകത്തെ ബോധ്യ പ്പെടുത്താൻ ഒരിക്കൽ പോലും മുസ്‌ലിം രാജ്യങ്ങളുടെ ഒരുമിച്ചുള്ള ശ്രമം ഉണ്ടായിട്ടില്ല. അന്താരാഷ്ട്ര തലത്തിൽ ഈ കാര്യം അംഗീകരിപ്പിക്കാൻ ശ്രമിക്കണം. യു.എൻ.ഒയുടെ മറ്റു നിയമങ്ങളെ പോലെ ഇതും പ്രാവർത്തി കമാകുകയില്ലെങ്കിലും ശരി - കാരണം മുമ്പുണ്ടാക്കിയ ഏത് സമാധാന ചാർട്ടറനുസരിച്ചാണ് ഇപ്പോൾ പ്രവർത്തിക്കുന്നത് -ഈ കാര്യം രേഖകളിൽ വരികയെങ്കിലും ചെയ്യുന്നതാണ്.

ഒ ഐ സി (ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക്ക് കൺട്രീസ്) യും നിലവിലുണ്ട്. ഇവർ മുഖേന മുസ്‌ലിം കളുടെ അഭിമാനം ഉയർത്തിപ്പിടിക്കുന്നതിന് വേണ്ടി ശക്തമായ ഒരു ശ്രമവും ഇതുവരെ ഉണ്ടായിട്ടില്ല. മുസ്‌ലിം

രാജ്യങ്ങളിലെ ഭരണാധികാരി കൾ തങ്ങളുടെ ആഗ്രഹപൂർത്തീകരണത്തിനായി എല്ലാ വിധ ശ്രമവും നടത്തുന്നുണ്ട്. എന്നാൽ ദീനിന്റെ മഹത്വത്തെ കുറിച്ച് ഒരു ചിന്തയും ഇവർക്കില്ല. അഥവാ നമ്മുടെ നേതാക്കന്മാരുടെ ഭാഗത്ത് നിന്ന് ശക്തമായ ശ്രമങ്ങൾ ഉണ്ടായിരുന്നെങ്കിൽ ഇന്ന് പാകിസ്താനിലും മറ്റു രാജ്യങ്ങളിലും ഉള്ളത് പോലെ പൊതുജനങ്ങളുടെ ഈ തെറ്റായ പ്രതിപ്രവർത്തനവും ഉണ്ടാകുമായിരുന്നില്ല. കാരണം റസൂൽ തിരുമേനി(സ)യുടെയും, മറ്റെല്ലാ പ്രവാചകന്മാ രുടെയും അഭിമാനം നിലനിർത്തുന്നതിനായി, പൂർണ ഉത്തരവാദിത്വത്തോട് കൂടി പ്രവർത്തിക്കുന്ന ഞങ്ങളുടെ നേതാക്കന്മാരുണ്ടെന്ന കാര്യം അവർ അറിയുമായിരുന്നു.ഇവർ പറയുന്നത് സത്യവും യാഥാർഥ്യവുമാണെന്ന് അംഗീകരിക്കുകയും ചെയ്യാൻ ലോകർ നിർബന്ധിതരാകുമായിരുന്നു.

പാശ്ചാത്യരാജ്യങ്ങളിലെ ഒരു വലിയ ഭൂപ്രദേശത്ത് മുസ്ലിംകൾ താമസിച്ചു വരുന്നുണ്ട്. മതപരമായും അംഗസംഖ്യയുടെ കാര്യത്തിലും മുസ്ലിംകൾ ലോകത്ത് രണ്ടാമത്തെ വൻശക്തിയാണ്. അല്ലാഹുവിന്റെ കല്പനയനുസരിച്ച് ചരിക്കുകയാണെങ്കിൽ ഇവർ എല്ലാ വിധത്തിലും ഏറ്റവും വലിയ ശക്തിയായി മാറുന്നതാണ്. അങ്ങനെയാണെങ്കിൽ ഇസ്ലാം വിരുദ്ധശക്തികൾക്ക് ഒരിക്കലും തന്നെ ഇത്തരത്തിലുള്ള ഹൃദയവേദനയുണ്ടാക്കുന്ന കാര്യം നിർമിക്കാൻ സാധിക്കുമായിരുന്നില്ല. അവർക്ക് അത് ചിന്തിക്കാൻ പോലും സാധിക്കുമായിരുന്നില്ല. ഏതായിരുന്നാലും മുസ്ലിം രാജ്യങ്ങളെ കൂടാതെ ലോകത്തിലെ എല്ലാ രാജ്യങ്ങളിലും മുസ്ലിംകളുടെ ഒരു വലിയ വിഭാഗം ഉണ്ട്. യൂറോപ്പിൽ ഓരോ നാട്ടിലും മില്ല്യൺ കണക്കിന് തുർക്കിമുസ്ലിംകൾ മാത്രം വസിക്കുന്നുണ്ട്. അതുപോലെ തന്നെ മറ്റു മുസ്ലിം സമുദായങ്ങളും ഇവിടെ വസിക്കുന്നുണ്ട്. ഏഷ്യയിൽ നിന്നും മുസ്ലിംകൾ ഇവിടെ വരുന്നുണ്ട്, യു.കെ യിലും താമസിക്കുന്നുണ്ട്. അമേരിക്കയിലും കാനഡയിലും യൂറോപ്പിലെ ഓരോ പ്രദേശത്തും വസിക്കുന്നുണ്ട്. നാവ് കൊണ്ട് പറയുക മാത്രം ചെയ്യാതെ പ്രവർത്തന തലത്തിലും മതസഹിഷ്ണുത പുലർത്തുന്നവരും ഇത്തരത്തിലുള്ള നീച പ്രവൃത്തികൾ ചെയ്യുന്നവരെ ശക്തമായി അപലപിക്കുന്നവരുമായ രാഷ്ട്രീയക്കാർക്ക് മാത്രമേ വോട്ട് നൽകുകയുള്ളു എന്ന് ഇവരെല്ലാവരും തീരുമാനിച്ചാൽ ഇത്തരം അസഭ്യം പുലമ്പുകയും അനാവശ്യ ചിത്രങ്ങൾ നിർമിക്കുകയും ചെയ്യുന്നവർക്കെതിരിൽ ഈ ഭൗതിക ഭരണാധികാരികളിൽ നിന്ന്തന്നെ ഒരു വിഭാഗം തുറന്ന നിലയിൽ പ്രതികരിക്കുമായിരുന്നു.

മുസ്ലിംകൾ തങ്ങളുടെ പ്രധാന്യം മനസ്സിലാക്കിയാൽ ലോകത്ത് ഒരു വിപ്ലവം സംജാതമാകുന്നതാണ്. രാജ്യങ്ങൾക്കിടയിൽ മതങ്ങളെ പരസ്പരം ബഹുമാനിക്കുന്നതിനുള്ള നിയമങ്ങൾ നിർമിക്കാൻ സാധിക്കുന്നതാണ്. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ! ഈ ഭാഗത്തേക്ക് ശ്രദ്ധയില്ല. ഇതിലേക്ക് ശ്രദ്ധിപ്പിക്കുന്ന അഹ്മദിയ്യാ ജമാഅത്തിനെ എതിർക്കുന്നതിൽ അവർ അരമുറുക്കിയിരിക്കുകയാണ്. അങ്ങനെ ശത്രുക്കളുടെ കരങ്ങളെ ശക്തിപ്പെടുത്തുന്നു. തങ്ങളുടെ ശക്തിയെ ദൃഢപ്പെടുത്താനും, തങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാനും,തങ്ങളുടെ അദ്ധ്യാപനങ്ങളിലേക്ക് ശ്രദ്ധിക്കാനും, അല്ലാഹു മുസ്ലിം നേതാക്കൻമാർക്കും രാഷ്ട്രീയക്കാർക്കും പണ്ഡിതന്മാർക്കും ബുദ്ധി നൽകുമാറാകട്ടെ.

റസൂൽ തിരുമേനി(സ)ക്കെതിരിൽ അനാവശ്യ ആരോപണങ്ങൾ ഉന്നയിക്കുന്നവരുടെയും ഈ ചലച്ചിത്രം നിർമിച്ചവരുടെയും ഇതിൽ പ്രവർത്തിച്ചവരുടെയും ധാർമിക നിലവാരം മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇതിൽ വലിയ പങ്ക് വഹിച്ചത് അമേരിക്കൻ കോപ്റ്റിക് ക്രിസ്ത്യാനിയായ നക്കൗള ബാസ്റ്റിലി നക്കൗള ആണെന്ന് പറയപ്പെടുന്നു. സാലം ബാസ്ലെ എന്നും പറയപ്പെടുന്നു. ഇയാൾ ക്രിമിനൽ പശ്ചാത്തലമുള്ള കുറ്റവാളിയാണെന്ന് പറയുന്നു. വഞ്ചന (ഫ്രോഡ്) കാരണത്താൽ 2010 ൽ ജയിലിലടക്കപ്പെട്ടിരുന്നു. ഈ ഫിലിം ഡയറക്റ്റർ അശ്ലീലപരമായ (പോർണോഗ്രാഫി) സിനിമകളുടെ സംവിധായകനാണ്. ഇതിൽ ഉൾപ്പെട്ട ആക്ടർമാർ എല്ലാം അശ്ലീല സിനിമകളിലെ അഭിനേതാക്കളാണ്. ഇവരുടെ ധാർമികതയുടെ നിലവാരം ഇതാണ്. അശ്ലീല സിനിമകളുടെ പരിധി മനുഷ്യന് ചിന്തിക്കാൻ പോലും സാധ്യമല്ല. ഇതിൽ മുങ്ങിയവരാണ് ഇവർ. എന്നിട്ട് ഇവർ ആക്ഷേപിക്കുന്നതോ, ഉന്നത ധാർമികഗുണത്തെക്കുറിച്ചും പരിശുദ്ധിയെ കുറിച്ചും അല്ലാഹു സാക്ഷ്യം പറഞ്ഞ മഹത് വ്യക്തിത്വത്തെയാണ്. **ഈ നികൃഷ്ട കർമം ചെയ്തു കൊണ്ട് ഇവർ തീർച്ചയായും അല്ലാഹുവിന്റെ ശിക്ഷയെ ക്ഷണിച്ചു വരുത്തിയിരിക്കുന്നു. ക്ഷണിച്ച് കൊണ്ടിരി ക്കുന്നു. അതുപോലെ തന്നെ ഈ ചിത്രത്തെ സ്പോൺസർ ചെയ്തവരും അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുകയില്ല. തന്റെ വില കുറഞ്ഞ പ്രശസ്തിക്ക് വേണ്ടി അമേരിക്കയിൽ വിവിധ അവസരങ്ങളിൽ ഖുർആൻ കത്തിക്കാൻ ശ്രമിച്ച പാതിരിയും ഇതിൽ ഉൾപ്പെടുന്നു.**

(അല്ലാഹുമ്മ മസ്സിക്ക്ഹും കുല്ല മുമസ്സകിൻ വസഹ്ഹിക് ഹും തസ്ഹീക്ക)

ചില മാധ്യമങ്ങൾ അപലപിക്കാൻ ശ്രമിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ മുസ്ലംകളുടെ പ്രതികരണത്തെയും അപലപിച്ചിട്ടുണ്ട്. തെറ്റായ പ്രതികരണത്തെ അപലപിക്കണം എന്നത് ശരിയാണ്. എന്നാൽ ഇതിന് തുടക്കംകുറിച്ചത് ആരാണെന്ന് കൂടി നോക്കേണ്ടതുണ്ട്. മുസ്ലിംകൾക്കിടയിൽ ഐക്യവും നേതൃത്വവും ഇല്ലാത്തത് കൊണ്ടുമാണ് ഇതെല്ലാം സംഭവിക്കുന്നത് എന്നത് മുസ്ലിംകളുടെ നിർഭാഗ്യമാണ്. പ്രവാചക സ്നേഹത്തിന്റെ വാദം ഉണ്ടെങ്കിലും മതത്തിൽ നിന്ന് ഇവർ വളരെ വിദൂരത്താണ്. ഇവർക്ക് വാദം തീർച്ചയായും ഉണ്ട്. എന്നാൽ ദീനിനെ കുറിച്ച് അറിവ് ഒന്നുമില്ല. മുസ്ലിംകൾ ഭൗതികമായ നിലയിലും ബലഹീനരായി കൊണ്ടിരിക്കുകയാണ്. മുസ്ലിം നാടുകളിൽപെട്ട ഒരു മുസ്ലിം രാജ്യവും ശക്തമായ നിലയിൽ ഇതിനെതിരിൽ പ്രതികരിച്ചിട്ടില്ല. ഇനി പ്രതികരിച്ചിട്ടുണ്ടെങ്കിൽ തന്നെ മാധ്യമങ്ങൾ അതിന് ഒരു പ്രാധാന്യവും നൽകാത്ത രീതിയിലുള്ള ബലഹീനമായ പ്രതികരണമാണ്. ഏതുവരെയെന്നാൽ മുസ്ലിംകളുടെ പ്രതികരണത്തെക്കുറിച്ച് പറയുന്നത് 1.8 ബില്ല്യൺ വരുന്ന മുസ്ലിംകൾ കുട്ടികളെ പോലെയാണ് പ്രതീകരിച്ചതെന്നാണ്. നിയന്ത്രിക്കാൻ ആരുമില്ലെങ്കിൽ, എല്ലാവരും അവിടെ ഇവിടെ കറങ്ങി നടക്കുന്നവരായിരിക്കും. പ്രതികരണം കുട്ടികളെപോലെ തന്നെയായിരിക്കുകയും ചെയ്യും. ഇവിടെ മുസ്ലിംകളെ പരിഹസിച്ചതോടൊപ്പം യാഥാർഥ്യം പറയുകയും ചെയ്തിരിക്കുകയാണ്. ഇനിയെങ്കിലും മുസ്ലിംകൾക്ക് അൽപം ലജ്ജ വന്നിരുന്നെങ്കിൽ!

മതാന്ധത ബാധിച്ച ഇസ്ലാം വിരോധികൾ പ്രവാചകന്മാരുടെ സ്ഥാനത്തെ കുറിച്ച് ഒന്നും തന്നെ അറിയാത്തവരാണ്. ഹ:ഈസാ(അ) ന്റെ സ്ഥാനം ഇകഴ്ത്തുമ്പോഴും ഇവർ മിണ്ടാതിരിക്കും. റസൂൽ തിരുമേനി(സ)യുടെ അഭിമാന സംരക്ഷണത്തിനു വേണ്ടിയുള്ള മുസ്ലിംകളുടെ പ്രതികരണം ഇവർക്ക് കുട്ടികളുടെ

പ്രതികരണമായേ തോന്നുകയുള്ളു. ഏതായിരുന്നാലും ഇനിയെങ്കിലും ആർക്കും ഈ വിധത്തിലുള്ള നികൃഷ്ട കർമത്തിന് ധൈര്യം വരാതിരിക്കാൻ ഈ ഭാഗത്തേക്ക് ശ്രദ്ധിക്കാൻ ഒരു ശക്തമായ പ്രവർത്തന രൂപരേഖ ഉണ്ടാക്കാൻ 2006ൽ ഞാൻ പറഞ്ഞിരുന്നു. മുസ്‌ലിം രാജ്യങ്ങൾ ഇതിലേക്ക് ശ്രദ്ധിച്ചിരുന്നെങ്കിൽ! അവരിലേക്ക് എത്തുമെങ്കിൽ, ഈ സന്ദേശം എത്തിക്കാൻ ഓരോ അഹ്മദിയും ശ്രമിക്കേണ്ടതാണ്. കുറച്ചു ദിവസം പ്രതിഷേധിച്ചു മിണ്ടാതിരുന്നാൽ ഈ പ്രശ്നം അവസാനിക്കുകയില്ല.

ഈ പ്രശ്നത്തിനുള്ള വിവിധ പരിഹാര മാർഗങ്ങൾ ജനങ്ങൾ നിർദേശിക്കുന്നുണ്ട്. അതിൽ ഒരഭിപ്രായം വന്നിരിക്കുന്നത് ലോകത്തിലെ എല്ലാ മുസ്‌ലിം വക്കീൽമാരും ഒരുമിച്ച് ഒരു പരാതി നൽകുക എന്നതാണ്. അന്താരാഷ്ട്ര തലത്തിൽ സ്ഥാനമുള്ള മുസ്‌ലിം വക്കീൽമാർ ഈ കാര്യത്തെക്കുറിച്ച് ചിന്തിച്ചിരുന്നുവെങ്കിൽ, ഇത് സാധ്യമാണോ എന്നതിനെ കുറിച്ച് ചിന്തിച്ചിരുന്നുവെങ്കിൽ നന്നാകുമായിരുന്നു. അതല്ല മറ്റു മാർഗങ്ങൾ വല്ലതുമുണ്ടോ എന്ന് ആലോചിക്കാമായിരുന്നു.

എത്രകാലംവരെ ഇത്തരം നികൃഷ്ട കർമങ്ങൾ കണ്ട് മിണ്ടാതിരിക്കും! ഏത്രകാലംവരെ സ്വന്തം രാജ്യത്ത് പ്രതിഷേധങ്ങളും കലാപങ്ങളുമുണ്ടാക്കി ഒതുങ്ങിക്കൂടും! മുസ്‌ലിം നാടുകളിലെ നിരപരാധികളെ ആക്രമിച്ചതു കൊണ്ടോ അവരെ പ്രയാസപ്പെടുത്തിയതുകൊണ്ടോ വധിക്കാൻ ശ്രമിച്ചതു കൊണ്ടോ എംബസികളെ ആക്രമിച്ചതുകൊണ്ടോ ഈ പാശ്ചാത്യരാ ജ്യങ്ങൾക്ക് ഒന്നും സംഭവിക്കാനില്ല. അല്ലെങ്കിൽ ഈ സിനിമ നിർമിച്ചവരിൽ ഒരു സ്വാധീനവും ഉണ്ടാകുന്നതല്ല. ഇങ്ങനെയുള്ള പ്രതിഷേധ പ്രവർത്തനങ്ങൾ ഇസ്‌ലാമിക അധ്യാപനങ്ങൾക്ക് വിരുദ്ധവുമാണ്. ഇതിന് ഇസ്‌ലാം ഒരിക്കലും അനുവാദം നൽകുന്നില്ല. ഇതുമൂലം റസൂൽ തിരുമേനി(സ)യുടെ വ്യക്തിത്വത്തിൽ ആരോപണം ഉന്നയിക്കാൻ അവസരം ഒരുക്കുക മാത്രമായിരിക്കും ചെയ്യുന്നത്. തീവ്രവാദം ഇതിന് മറുപടിയല്ല. ഇതിനുള്ള മറുപടി ഞാൻ ഇതുവരേ പറഞ്ഞത് തന്നെയാണ്. തങ്ങളുടെ പ്രവർത്തികളെ പരിഷ്കരിക്കുക. മനുഷ്യകുലത്തിന്റെ മോചകനായ ആ പ്രവാചകന് സ്വലാത്തും സലാമും ചെല്ലുക. ഭൗതിക പരിശ്രമത്തിനായി മുസ്‌ലിം രാജ്യങ്ങൾ ഒന്നിക്കുക. പാശ്ചാത്യ രാജ്യങ്ങളിൽ ജീവിക്കുന്ന മുസ്‌ലിംകൾ തങ്ങളുടെ വോട്ടിന്റെ ശക്തി ഉപയോഗിക്കുക.

ഏതായിരുന്നാലും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തംഗങ്ങൾ എവിടെയെല്ലാമാണോ ഉള്ളത് അവിടങ്ങളിൽ ഈ രീതിയിൽ പ്രവർത്തിക്കുക. തങ്ങളുടെ മറ്റു സഹോദരങ്ങളെയും തങ്ങളുടെ ശക്തിയെ അംഗീകരിപ്പിക്കുന്ന ഈ മാർഗത്തിൽ ചരിക്കുന്നവരാക്കിമാറ്റാൻ ശ്രമിക്കുക. ഈ രാജ്യങ്ങളിൽ ഉള്ളവർ വോട്ടിന്റെ ശക്തി ഉപയോഗിക്കുക. റസൂൽ തിരുമേനി(സ)യുടെ ജീവിത ത്തിന്റെ മനോഹരമായ ദൃശ്യം ലോകത്തിന്റെ മുന്നിൽ അവതരിപ്പിക്കുക. ഇന്ന് ഇവർ ആവിഷ്കാര സ്വാതന്ത്രത്തിന് വേണ്ടി ശബ്ദിച്ച് കൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിൽ ചിന്തിക്കാനും പറയാനുമുള്ള സ്വാതന്ത്ര്യമില്ലെന്നിവർ പറയുന്നു. അതിനായി ഇന്നത്തെ മുസ്‌ലിം രാജ്യങ്ങളെയാണ് ഉദാഹരണമായി ഇവർ എടുത്തു കാണിക്കുന്നത്. മുസ്‌ലിം രാജ്യങ്ങളിൽ അവിടുത്തെ പൗരൻമാർക്ക് സ്വാതന്ത്ര്യമില്ലെന്ന് അവർ പറയുന്നു. ആ രാജ്യങ്ങളിൽ സ്വാതന്ത്ര്യം ലഭിക്കുന്നില്ലെങ്കിൽ അത് അവരുടെ നിർഭാഗ്യമെന്നേ പറയാൻ പറ്റുകയുള്ളു. കാരണം ഇസ്‌ലാമിക അദ്ധ്യാപനങ്ങളനുസരിച്ച് അവർ പ്രവർത്തിക്കുന്നില്ല. ഇസ്‌ലാമിക അദ്ധ്യാപനങ്ങൾക്ക് ഇതുമായി യാതൊരു ബന്ധവുമില്ല.

നമുക്ക് ചരിത്രത്തിൽ നിന്ന് റസൂൽ തിരുമേനി(സ)യോട് ജനങ്ങൾ യാതൊരു ഭയവുമില്ലാതെ സംസാരിച്ചതിനും ബഹുമാനവും ആദരവും കാറ്റിൽ പറത്തികൊണ്ട് സംസാരിച്ചിട്ടും തിരുമേനി(സ)യുടെ സഹനത്തിന്റെയും ക്ഷമയുടെയും സ്ഥൈര്യത്തിന്റെയും ലോകത്തിൽ ഉദാഹരണങ്ങൾ കാണാൻ സാധിക്കാത്ത സംഭവങ്ങളും ലഭിക്കുന്നുണ്ട്. ഞാൻ ഏതാനും ഉദാഹരണങ്ങൾ കേൾപ്പിക്കാം. ഇത് റസൂൽ തിരുമേനി(സ)യുടെ ദാനധർമത്തിന്റെ സംഭവങ്ങളായിട്ടാണ് പറയാറുള്ളത്. എന്നാൽ ഈ സംഭവങ്ങളിൽ തന്നെ മറ്റുള്ളവർ കാണിച്ച അനാദരവും തിരുനബി(സ)കാണിച്ച സഹനത്തിന്റെയും ക്ഷമയുടെയും ഉദാഹരണവും കാണാവുന്നതാണ്.

ഹ: ജുബൈർ ബിൻ മുത്അം(റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ അദ്ദേഹം റസൂൽ തിരുമേനി(സ) യോടൊപ്പമായിരുന്നു. അദ്ദേഹത്തോടൊപ്പം മറ്റു ചിലരും ഉണ്ടായിരുന്നു. റസൂൽ തിരുമേനി(സ)ഹുനൈൻ എന്ന സ്ഥലത്തു നിന്ന് വരികയായിരുന്നു. ഗ്രാമീണരായ അറബികൾ റസൂൽ തിരുമേനി(സ)ക്ക് ചുറ്റും കൂടി. അവർ ധനം ചോദിച്ച് കൊണ്ടിരുന്നു. ഏതുവരെ യെന്നാൽ അവർ അദ്ദേഹത്തെ ഒരു ബഗൂൽ മരത്തിന്റെ അരികിലേക്ക് തള്ളിക്കൊണ്ടുപോയി. അതിന്റെ മുള്ളിൽ അദ്ദേഹത്തിന്റെ പുതപ്പ് കുടുങ്ങിപ്പോയി. റസൂൽ(സ)അവിടെ നിന്നു. എന്നിട്ട് പറഞ്ഞു: എന്റെ പുതപ്പ് എനിക്ക് തരൂ. എന്റെ പക്കൽ ഈ കാട്ടുവൃക്ഷങ്ങളുടെ അത്രയും ഒട്ടകങ്ങൾ ഉണ്ടായിരുന്നെങ്കിൽ അതും ഞാൻ നിങ്ങൾക്ക് വിതരണം ചെയ്യുമായിരുന്നു. അപ്പോൾ നിങ്ങൾ എന്നെ പിശുക്കനോ കള്ളവാദിയോ ഭീരുവോ ആയി കാണുമായിരുന്നില്ല.

മറ്റൊരു നിവേദനം ഹ: അനസ്(റ) ന്റേതാണ്. പറയുന്നു: ഞാൻ റസൂൽ തിരുമേനി(സ)യുടെ കൂടെയായിരുന്നു. തിരുമേനി(സ)കട്ടികൂടിയ കരയുള്ള പുതപ്പ് പുതച്ചിരുന്നു, ഒരു ഗ്രാമീണനായ അറബി ഈ പുതപ്പ് വളരെ ശക്തിയിൽ വലിച്ചതു കാരണം അതിന്റെ കരയുടെ അടയാളം തിരുദൂതരുടെ കഴുത്തിൽ കാണപ്പെട്ടു. എന്നിട്ട് അയാൾ പറഞ്ഞു. ഓ മുഹമ്മദ്(സ)അല്ലാഹു താങ്കൾക്ക് നൽകിയിരിക്കുന്ന ഈ ധനത്തിൽ നിന്ന് എന്റെ ഒട്ടകങ്ങളിലും കുറച്ച് വെച്ചാലും. കാരണം താങ്കൾ എനിക്ക് താങ്കളുടെ ധനത്തിൽ നിന്നോ താങ്കളുടെ പിതാവിന്റെ ധനത്തിൽ നിന്നോ അല്ല തരുന്നത്. ആദ്യം നബികരീം (സ) നിശബ്ദനായി ഇരുന്നു. പിന്നീട് പറഞ്ഞു, അൽ മാലു മാലുല്ലാഹി വഅന അബ്ദുഹു (സമ്പത്ത് അല്ലാഹുവിന്റേതാണ് ഞാൻ അവന്റെ ദാസനാണ്.) പിന്നീട് തിരുനബി(സ) പറഞ്ഞു: എന്നെ ബുദ്ധിമുട്ടിച്ചതിന് നിന്നോട് പകരം ചോദിക്കുന്നതാണ്. ആ ഗ്രാമീണൻ പറഞ്ഞു: അങ്ങനെയുണ്ടാവില്ല. റസൂൽ തിരുമേനി(സ) ചോദിച്ചു. എന്തുകൊണ്ട് നിന്നോട് പകരം ചോദിക്കാൻ കഴിയില്ല? ആ ഗ്രാമീണൻ പറഞ്ഞു, കാരണം താങ്കൾ തിന്മക്ക് പകരം തിന്മ ചെയ്യുകയില്ല. ഇത് കേട്ട് നബികരീം(സ) പുഞ്ചിരിച്ചു. പിന്നീട് അവിടന്ന് പറഞ്ഞു: ഇയാളുടെ ഒരു ഒട്ടകത്തിൽ ധാന്യവും മറ്റെ ഒട്ടകത്തിൽ കാരക്കയും വെച്ചു കെട്ടിയാലും.

സ്വന്തം ആളുകളോട് മാത്രമല്ല ശത്രുക്കളോടുപോലും ഇതാണ് റസൂൽ തിരുമേനി(സ)കാണിച്ചിരുന്ന ക്ഷമയുടെയും സഹനത്തിന്റെയും ഉന്നത സ്വഭാവ ഗുണം. ഈ സംഭവങ്ങളിൽ ദാനധർമത്തിന്റെയും സഹനത്തിന്റെയും ക്ഷമയുടെയും ഉയർന്ന നിലവാരമാണ് റസൂൽ തിരുമേനി(സ) പ്രകടിപ്പിച്ചത്. ഈ ആരോപണങ്ങൾ ഉന്നയിക്കുന്നവർ ഒന്നും അറിയാതെ ആരോപണങ്ങൾ ഉന്നയി

ക്കുന്നു. അദ്ദേഹം ക്രൂരത കാണിച്ചു എന്ന് ആ ലോകാനുഗ്രഹിയെക്കുറിച്ച് അവർ പറയുന്നു.

വിശുദ്ധ ഖുർആനെ കുറിച്ചും ആ സിനിമയിൽ ആരോപണമുന്നയിച്ചിട്ടുണ്ട്. ഞാൻ ഫിലിം കണ്ടിട്ടില്ലെങ്കിലും ആളുകളിൽ നിന്ന് കേൾക്കാൻ സാധിച്ചതാണ് പറയുന്നത്. വിശുദ്ധ ഖുർആനെക്കുറിച്ച് അവർ പറയുന്നത് ആദ്യത്തെ ദിവ്യ പെളിപാട് ലഭിച്ചതിന് ശേഷം ഹ: ഖദീജ(റ) റസൂൽ തിരുമേനി (സ)യെ ആദ്യമായി കൊണ്ട്പോയിരുന്ന തന്റെ പിതൃസഹോദനായ വർഖബിനു നൗഫലാണ് ഈ ഖുർആൻ എഴുതി നൽകിയതെന്നാണ്. തിരുനബി(സ)യുടെ കാലത്തുള്ള നിഷേധികൾ ആരോപണ മുന്നയിച്ചിരുന്നത് നീ എന്തുകൊണ്ടാണ് ഈ ഖുർആൻ ഭാഗങ്ങളായി കൊണ്ടു വരുന്നത് ഒരുമിച്ച് എന്തുകൊണ്ട് കൊണ്ടുവരുന്നില്ല എന്നായിരുന്നു. എന്നാൽ ഈ ആക്ഷേപകർക്ക് ചരിത്രവുമായി പുലബന്ധം പോലുമില്ല എന്നാണ് അവരുടെ ആക്ഷപം തന്നെ തെളിയിക്കുന്നത്. ഇത് നിർമിച്ചവർ ഇങ്ങനെയുള്ളവരാണെങ്കിലും ഇതിൽ ഏതാനും പാതിരിമാരും ഉൾപ്പെട്ടിട്ടുണ്ട്. അവർ തങ്ങൾ സ്വയം അറിവുള്ളവരാണ് എന്നാണ് ധരിക്കാറുള്ളത്. അവരും വിജ്ഞാനപരമായി അജ്ഞരാണെന്ന് ഇത് തെളിയിക്കുന്നു. വറഖത്ബിനു നൗഫൽ പറഞ്ഞിരുന്നത് താങ്കളെ താങ്കളുടെ സമുദായം സ്വരാജ്യത്ത് നിന്ന് പുറത്താക്കുമ്പോൾ ഞാൻ ജീവിച്ചിരുന്നെങ്കിൽ എന്നാണ്. കുറച്ച് കാലത്തിന് ശേഷം അദ്ദേഹം മരിക്കുകയുണ്ടായി. ചുരുക്കത്തിൽ ഈ പാതിരിക്ക് ചരിത്രവുമായും യാഥാർഥ്യവുമായും യാതൊരു ബന്ധവുമില്ല.

ഓറിയന്റലിസ്റ്റുകൾ വിശുദ്ധ ഖുർആന്റെ സൂറത്തുകൾ മദീനയിലാണോ മക്കയിലാണോ ഇറങ്ങിയത് എന്നതിനെക്കുറിച്ച് ഒരുപാട് വാദവിവാദങ്ങൾ നടത്തിയിട്ടുണ്ട്. എന്നിട്ട് ഇവർ ഇപ്പോൾ പറയുന്നത് അദ്ദേഹം ഇത് എഴുതി നൽകിയതാണെന്നാണ്. വിശുദ്ധ ഖുർആൻ സ്വയം വെല്ലുവിളിക്കുന്നത് ഇത് മനുഷ്യനിർമിതമാണെങ്കിൽ ഇതുപോലുള്ള ഒരു അധ്യായമെങ്കിലും കൊണ്ടു വരിക എന്നാണ്.

ഇനി വികാരത്തെ മാനിക്കുന്ന കാര്യമെടുക്കുക. അതിലും റസൂൽ തിരുമേനി(സ)യോട് കിടപിടിക്കാൻ ആരും തന്നെയില്ല. താൻ എല്ലാ പ്രവാചകന്മാരെക്കാളും ശ്രേഷ്ഠനാണെന്ന് അറിവുണ്ടായിട്ടുപോലും ഒരു യഹൂദിയുടെ വികാരത്തെ മാനിച്ചു കൊണ്ട് തിരുദൂതർ (സ) പറഞ്ഞത് എനിക്ക് മൂസയെക്കാൾ ശ്രേഷ്ഠത കല്പിക്കരുതെന്നാണ്.

ദരിദ്രരുടെ വികാരത്തെ മാനിച്ചു കൊണ്ട് അവരുടെ ആത്മാഭിമാനം ഉയർത്തുന്നതിന് നൽകിയ പാഠം നോക്കുക. ഒരിക്കൽ അദ്ദേഹത്തിന്റെ ഒരു സമ്പന്നനായ അനുചരൻ മറ്റുള്ളവരിൽ തന്റെ ശ്രേഷ്ഠത പ്രകടിപ്പിക്കുകയായിരുന്നു. റസൂൽ തിരുമേനി(സ)ഇത് കേട്ട് പറഞ്ഞു: നിങ്ങൾക്ക് ഈ സമ്പത്തും കഴിവും ശക്തിയും നിങ്ങളുടെ കൈകരുത്ത് കൊണ്ടാണ് ലഭിച്ചത് എന്ന് ധരിക്കരുത്. അങ്ങനെയല്ല, നിങ്ങളുടെ സാമൂഹിക ശക്തിയും സാമ്പത്തിക ശക്തിയും ദരിദ്രരിലൂടെയാണ് ഉണ്ടാകുന്നത്.

ഈ സ്വതന്ത്രവാദികൾ ഇന്ന് ദരിദ്രരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പരിശ്രമിക്കുകയും പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്യുന്നു. എന്നാൽ റസൂൽ തിരുമേനി (സ) തൊഴിലാളികളുടെ വേതനം അവന്റെ വിയർപ്പ് വറ്റുന്നതിന് മുമ്പേ നൽകുക എന്ന് പറഞ്ഞുകൊണ്ട് ഇന്നേക്ക് 1400 വർഷങ്ങൾക്ക് മുമ്പ് ഈ അവകാശങ്ങൾ സ്ഥാപിക്കുകയുണ്ടായി. ഈ മനുഷ്യസ്നേഹിയുമായി അവർക്ക് എവിടെ മത്സരിക്കാൻ സാധിക്കും! ഒരുപാട് സംഭവങ്ങളുണ്ട്. സ്വഭാവഗുണത്തിന്റെ ഏത് വശമെടുത്താലും അതിന്റെ ഉന്നത മാതൃക റസൂൽ തിരുമേനി(സ)യുടെ വ്യക്തിത്വത്തിൽ കാണാൻ സാധിക്കുന്നതാണ്.

മറ്റൊരു ആക്ഷേപം ഉന്നയിച്ചത് നഊദുബില്ലാഹ് അദ്ദേഹത്തിന് സ്ത്രീകളെ വളരെ ഇഷ്ടമായിരുന്നു എന്നാണ്. അദ്ദേഹത്തിന്റെ വിവാഹത്തെക്കുറിച്ച് ആരോപണം ഉന്നയിക്കുന്നു. ഇത്തരത്തിലുള്ള ആരോപണങ്ങൾ ഉണ്ടാകുമെന്ന് അല്ലാഹുവിന് അറിയാമായിരുന്നു. അതുകൊണ്ട് തന്നെ ചില സംഭവങ്ങൾ മുഖേന അതിനുള്ള മറുപടിയും നൽകുകയുണ്ടായി.

അസ്മ ബിൻത് നുഅ്മാൻ ബിൻ അബി ജൗൺ എന്ന സ്ത്രീയെക്കുറിച്ച് പറയപ്പെടുന്നത് അവർ അറേബ്യയിലെ ഏറ്റവും സുന്ദരിയായ സ്ത്രീകളിൽപെട്ടവരായിരുന്നു എന്നാണ്. അവർ മദീനയിൽ വന്നപ്പോൾ സ്ത്രീകൾ അവരെ പോയി കണ്ടു. എല്ലാവരും വളരെയധികം പ്രശംസിച്ചു. ഇത്ര മനോഹരിയായ സ്ത്രീയെ ഞങ്ങൾ ജീവിതത്തിൽ കണ്ടിട്ടില്ല എന്നവർ പറഞ്ഞു. അവരുടെ പിതാവിന്റെ ആഗ്രഹപ്രകാരം തിരുനബി(സ)500 ദിർഹം മഹർ നൽകിക്കൊണ്ട് അവളെ നിക്കാഹ് ചെയ്തു. തിരുനബി(സ) അവരുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു: ഞാൻ അല്ലാഹുവിനോട് അഭയം തേടുന്നു. ഇതുകേട്ട് റസൂൽ തിരുമേനി(സ) പറഞ്ഞു: നീ ഒരു വലിയ അഭയസ്ഥാനത്തോട് അഭയം ചോദിച്ചിരിക്കുന്നു. എന്നിട്ട് പുറത്ത് വന്നു അബു ഉസൈദ് എന്ന തന്റെ ഒരു സഹാബിയോട് പറഞ്ഞു: ഇവരെ ഇവരുടെ വീട്ടുകാരെ ഏൽപ്പിക്കുക . തങ്ങളുടെ മകൾ റസൂൽ തിരുമേനി(സ)യുടെ ഭാര്യയായിരിക്കുന്നു എന്നതിൽ അവരുടെ വീട്ടുകാർ വളരെ സന്തോഷത്തിലായിരുന്നു എന്നും ചരിത്രത്തിൽ കാണാം. എന്നാൽ അവൾ തിരിച്ച് വന്നപ്പോൾ അവർ വളരെയധികം ദേഷ്യപ്പെടുകയും അവളെ ശകാരിക്കുകയും ചെയ്തു എന്നും കാണാം.

ഈ മഹത്തായ വ്യക്തിയെക്കുറിച്ചാണ് സ്ത്രീകളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള അതിനീചമായ ആരോപണം ഉന്നയിക്കപ്പെടുന്നത്. അദ്ദേഹം വിവാഹം കഴിച്ചതുപോലും അല്ലാഹുവിന്റെ കല്പനയുള്ളതുകൊണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതു സംബന്ധമായി എഴുതിയിട്ടുള്ളത് ഭാര്യമാർ ഇല്ലായിരുന്നുവെങ്കിൽ,മക്കൾ ഉണ്ടായിരുന്നില്ലെങ്കിൽ, മക്കൾ മുഖേന യുണ്ടാകുന്ന പരീക്ഷണങ്ങൾ എപ്രകാരമാണ് നേരിടുന്നതെന്നും അതുപ്പോലെ തന്നെ ഭാര്യമാരോടുള്ള നല്ല പെരുമാറ്റത്തിന്റെ മാതൃകയും മറ്റും എങ്ങനെയാണ് തിരുനബിക്ക് പ്രകടമാക്കാൻ സാധിക്കുക. അദ്ദേഹത്തിന്റെ എല്ലാ പ്രവൃത്തിയും അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടിയായിരുന്നു.

ഹദ്റത്ത് ആയിശ (റ)യെക്കുറിച്ച് അവർ വളരെ പ്രിയപെട്ടവളായിരുന്നു എന്നാണ് ആരോപണം. അവരുടെ വയസ്സിനെക്കുറിച്ചും ഒരുപാട് തെറ്റായ കാര്യങ്ങൾ ഉന്നയിക്കുന്നുണ്ട്. ഹദറത്ത് ആയിശ(റ)യോടും അവിടുന്ന് ചില രാത്രികളിൽ പറഞ്ഞിരുന്നത് ഞാൻ ഈ രാത്രി മുഴുവനും അല്ലാഹുവിനെ ആരാധിക്കാൻ ആഗ്രഹിക്കുന്നു എന്നാണ്. കാരണം അവനാണ് എനിക്ക് ഏറ്റവും കൂടുതൽ പ്രിയപ്പെട്ടവൻ.

ആരുടെ മസ്തിഷ്ക്കത്തിലാണോ മാലിന്യം നിറഞ്ഞിരിക്കുന്നത് അവർ ഈ ആരോപണം തന്നെ ഉന്നയിക്കണം, അത് ഉന്നയിച്ചിട്ടുണ്ട്. അങ്ങനെ ഉന്നയിച്ചുകൊണ്ടിരിക്കും. ഞാൻ മുമ്പ് പറഞ്ഞ

ശേഷം പേജ് 20 ൽ



# ഹജ്ജിന്റെ സന്ദേശം

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)**
**ഖലീഫത്തുൽ മസീഹ് II**

**ഹ**ജ്ജ് ഇസ്‌ലാമിലെ അതിപ്രധാനമായ ഒരു ആരാധനാകർമമാകുന്നു. ലക്ഷക്കണക്കിന് മുസ്‌ലിംകൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി ഹജ്ജ്‌വേളയിൽ പരിശുദ്ധ മക്കയിൽ ഒരുമിച്ചുകൂടുന്നു. അവർ വിവിധരാജ്യക്കാരും വിവിധ പ്രദേശങ്ങളിൽ നിന്നുള്ളവരും വിവിധങ്ങളായ ആചാരസമ്പ്രദായങ്ങൾ സ്വീകരിച്ചവരും വിവിധ ഭാഷകൾ സംസാരിക്കുന്നവരും പരസ്പരം അറിയപ്പെടാത്തവരും ആയിരിക്കും. ഭാഷയിലുള്ള വ്യത്യാസമോ വിശ്വാസപരമായ ഭിന്നതകളോ വർണവർഗപരമായ വൈജാത്യങ്ങളോ വിചാരപരമായ അന്തരങ്ങളോ കാലാവസ്ഥയിലുള്ള ഭേദങ്ങളോ ഒന്നും തന്നെ ഗണ്യമാക്കാത്ത നിലയിൽ മുസൽമാൻമാരുടെ ഹൃദയങ്ങളെ ഏകദൈവതത്ത്വം ഐക്യപ്പെടുത്തിയിട്ടുണ്ടെന്നും, ദൈവത്തിന്റെ ആഹ്വാനത്തിന് തലകുനിച്ചനിലയിൽ എന്തു ത്യാഗത്തിനും സന്നദ്ധരായി തങ്ങൾ ഒരിടത്തു സമ്മേളിച്ചിരിക്കയാണെന്നുമത്രേ അവർ അതുമുഖേന പ്രഖ്യാപിക്കുന്നത്. ഇപ്രകാരം തന്നെ മുസൽമാൻമാർ തങ്ങളുടെ പ്രവൃത്തിമുഖേന ബാഹ്യമായ ഹജ്ജ് കർമത്തിനു പുറമെ മറ്റൊരു സംഗതികൂടി തെളിയിക്കുകയാണ്. അതായത്, കഅബാ ദൈവാലയത്തിന്റെ പരിരക്ഷയ്ക്ക് വേണ്ടി തങ്ങൾ ജീവാർപ്പണം ചെയ്യാൻ തയ്യാറാണെന്ന് തന്നെ. മുസ്‌ലിംകളിൽ ഈ സ്പിരിറ്റു ഏതുവരെ കുടികൊള്ളുമോ അതുവരെയും ലോകത്ത് ഒരു ശത്രുവിന്നും കഅബയുടെ നേരെ കണ്ണുവെക്കാനോ മുസൽമാൻമാരുടെ ഐക്യത്തെ ശിഥിലമാക്കാനോ സാധിക്കുന്നതല്ല. എന്തെന്നാൽ, കഅബ നിലകൊള്ളുന്ന കാലം വരെ മുസ്‌ലിം ലോകത്തിന്റെ ഐ ക്യവും നിലനിൽക്കും. ലോകത്തിന്റെ ഏതേതു കോണുകളിൽ ദൈവം മനുഷ്യരെ പരത്തിയിരിക്കുന്നുവെന്നു ഹജ്ജ് മുഖേന ലോകത്തിനു കാണാൻ കഴിയുന്നു. വിജനമായ ഒരു മരുഭൂമിയിൽ നിന്നുയർന്ന ആ ഇസ്‌ലാമികശബ്ദം, സ്വന്തക്കാർ തന്നെ അതു കേൾക്കാൻ കൂട്ടാക്കാതിരുന്നിട്ടും, ആ ശബ്ദം ഉയർത്തിയ ആൾക്ക് എല്ലാതരത്തിലുള്ള ദ്രോഹങ്ങളും മർദനങ്ങളും ഏൽക്കേണ്ടി വന്നിട്ടും, പിന്നീട് ലോകത്തിന്റെ സകലകോണുകളിലും അലയടിക്കുമാറാകയും ഒടുവിൽ ലക്ഷക്കണക്കിന് ജനങ്ങൾ സമ്മേളിക്കുന്നതിനിടയാക്കുകയും ചെയ്തു. അവർ അല്ലാഹുവിന്റെ ഏറ്റവും മഹത്തായ ഒരു ദൃഷ്ടാന്തത്തിനു ദൃക്സാക്ഷികളായിരിക്കുകയും അതു അവരുടെ സത്യവിശ്വാസത്തെ പുതുക്കിയുറപ്പിക്കുകയും ചെയ്തിരിക്കുന്നു. മുഹ



മ്മദ് മുസ്തഫാ(സ) എവിടെ ഭൂജാത നായോ ലോകം മുഴുവനും അലയടിച്ച ആ ശബ്ദം എവിടെവച്ചു മുഴക്കപ്പെട്ടുവോ ആയിടത്തേക്കു വിദൂരവിദൂരരാജ്യങ്ങ ളിൽ നിന്നു ലക്ഷകണക്കിൽ ആളുകൾ ആകർഷിക്കപ്പെടുകയാണ്. ഏതൊരിട ത്തുനിന്നു ജനങ്ങളുടെ ദ്രോഹങ്ങളും അത്യാചാരങ്ങളും നിമിത്തം മുസ്‌ലിം കൾക്ക് തങ്ങളുടെ മാതൃദേശം വിട്ടോടേ ണ്ടിവന്നുവോ, ഏതൊരിടത്ത് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന ധ്വനി മുഴക്കുവാൻ അനു വദിക്കപ്പെട്ടില്ലയോ അതേ മക്കാനഗരി യിൽ ജനങ്ങൾ കൂട്ടംകൂട്ടമായി സമ്മേളി ക്കുകയും ഓരോ ആളുടേയും നാവിലൂടെ "അല്ലാഹു അക്ബർ അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹു അല്ലാഹു അക്ബർ, അല്ലാഹു അക്ബർ വലില്ലാ ഹിൽ ഹംദ്" എന്നും "ലബ്ബൈക്ക അല്ലാ ഹുമ്മ ലബ്ബൈക്ക"എന്നും ഉള്ള ശബ്ദ ങ്ങൾ പുറപ്പെട്ടു അന്തരീക്ഷത്തിൽ മുഖ രിതമായിത്തീരുകയും ചെയ്യുമാറായി. അല്ലാഹുവിന്റെ മുൻപിൽ സന്നദ്ധരായി ക്കൊണ്ടു അവർ ഇപ്രകാരം പറയുന്നു. "ഓ ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിതാ നിന്റെ മുൻപിൽ ഹാജരായിരിക്കുന്നു. നിനക്കു പങ്കുകാരനായി ആരും ഇല്ലെന്നു ഞങ്ങൾ ഏറ്റുപറയുന്നു. ദാസന്മാരെ വിളിച്ചു കൂട്ടാനുള്ള അവകാശം നിനക്ക് മാത്രമുള്ളതാണ്."

ഓരോ കൊല്ലവും ലക്ഷക്കണക്കിൽ

മുസൽമാൻമാർ സമ്മേളിക്കുന്ന പരിശുദ്ധസ്ഥാനമാണ് മക്ക. മുഹമ്മദ് നബി (സ) കൊണ്ടുവന്ന മതം ഇന്നും സജീവമാണെന്ന് അവർ അതുവഴി സാക്ഷ്യപ്പെടുത്തുന്നു. അവിടത്തെ ദാസവൃന്ദം ഇന്നും ആ ശബ്ദത്തെ ഉയർത്തുന്നതിനായി ജീവിച്ചിരിക്കുന്നുണ്ട്, ഇസ്‌ലാമിന്റെ സിരകളിൽ ജീവരക്തം ഇന്നും ഒഴുകിക്കൊണ്ടിരിക്കുന്നുണ്ട് എന്നത്രേ ഹജ്ജ് ലോകത്തിന് നൽകുന്ന സന്ദേശം. മുഹമ്മദ് നബി (സ) യോടു പ്രേമമുള്ള ആളുകൾ ഇസ്‌ലാമികകേന്ദ്രമായ പരിശുദ്ധ മക്കയിൽ ഒരുമിച്ചുകൂടുന്നു. ഇസ്‌ലാമിനോടും മുഹമ്മദ് നബി (സ) തിരുമേനിയുടെ വ്യക്തിത്വത്തോടും തങ്ങൾക്കുള്ള ബന്ധത്തെ അവർ അതുവഴി പ്രഖ്യാപിക്കുകയാണ്. തങ്ങൾ എത്ര ദുർബലരായിരുന്നാലും മുഹമ്മദ് നബി(സ)യുടെ പേരിൽ അഭിമാനം കൊള്ളുന്നവരാണെന്നും സാമുദായിക ജീവിതത്തിന്റെ ചൈതന്യം തങ്ങളിൽ ഇന്നും കുടികൊള്ളുന്നുണ്ടെന്നുമാണ് അവരതുവഴി തെളിയിക്കുന്നത്. ഇതുകൊണ്ടുതന്നെയാണ് ഇസ്‌ലാം നമസ്ക്കാരത്തെയും നോമ്പിനെയും സക്കാത്തിനെയും പോലെ ഹജ്ജും നിർബന്ധകർമ്മമാക്കിയിരിക്കുന്നത്. മനുഷ്യർ എല്ലാതരത്തിലുള്ള ബന്ധങ്ങളും വേർപ്പെടുത്തി ഹൃദയം ദൈവത്തിൽ ലീനമാക്കണമെന്നതാണല്ലോ ഹജ്ജ് കർമത്തിന്റെ ആത്മീയമായ ലക്ഷ്യം. ഈ ലക്ഷ്യം പൂർത്തിയാക്കുന്നതിനു വേണ്ടി ഹജ്ജ് കർമം വിധിക്കുകയും കഴിവുള്ളവർ തങ്ങളുടെ വീടും നാടും വിട്ടു പരിശുദ്ധമക്കയിൽ സമ്മേളിക്കണമെന്ന് കല്പിക്കുകയും അങ്ങനെ സ്വന്തം രാജ്യത്തെയും ബന്ധുമിത്രാദികളേയും ഉറ്റവരെയുമെല്ലാം ഉപേക്ഷിക്കാൻ തയ്യാറാവണമെന്ന് ആഹ്വാനം നൽകുകയും ചെയ്തു.

നാലായിരം കൊല്ലം മുൻപ് ഹ:ഇബ്രാഹിം(അ) ചെയ്ത മഹത്തായ ഒരു ത്യാഗത്തെക്കുറിച്ചുള്ള സ്മരണയെയാണ് ഹജ്ജ് നമ്മുടെ സ്മൃതിതലത്തിലുയർത്തുന്നത്. ആ ത്യാഗത്തിന്റെ മഹത്തായ ഫലങ്ങൾ നാം ഇന്നും കണ്ടുകൊണ്ടിരിക്കുന്നു. ഊർ എന്ന ദേശത്ത് നാലായിരം കൊല്ലം മുൻപ് ഒരു ബിംബാരാധകന്റെ ഗൃഹത്തിൽ ഒരു ശിശു പിറന്നു. രാവും പകലും വിഗ്രഹസേവ നടത്തുകയും ബിംബാരാധനയിൽ ലയിക്കുകയും ചെയ്തിരുന്ന ഒരു ജനവിഭാഗത്തിൽ ആ കുട്ടി വളർന്നു. പ്രകാശോജ്ജ്വലമായ ആത്മാവിനെ ഉൾവഹിച്ചുകൊണ്ടാണ് ആ ശിശു ജന്മമെടുത്തിരുന്നത്. ചെറുപ്പത്തിൽതന്നെ ബിംബങ്ങളെ ആ കുട്ടി വെറുത്തിരുന്നു. ലോകത്ത് അധർമവും വഴിപിഴപ്പും, വർദ്ധിച്ചപ്പോൾ ദൈവം അവന്റെ ചട്ടമനുസരിച്ച് ഒരു സമുദ്ധാരകനെ നിയോഗിക്കാൻ ഇച്ഛിച്ചു. അവൻ ഹ:ഇബ്രാഹീമിനെയാണ് അതിനായി തിരഞ്ഞെടുത്തത്. അവൻ അദ്ദേഹത്തെ തന്റെ അനുഗ്രഹവായ്പിനാൽ അഭിഷേകം ചെയ്തു. അവൻ ഇബ്രാഹീമിനെ വിളിച്ചുകൊണ്ടു പറഞ്ഞു: ‘ഇബ്രാഹീം! നീ പോക. നിന്റെ പുത്രനെ നീ ബലിയാക്കുക!’ ഇബ്രാഹീം (അ) അതിനു സന്നദ്ധനായി. വാർദ്ധക്യകാലത്ത് തനിയ്ക്ക് ലഭിച്ച ഏക പുത്രനെ ആ മണൽക്കാട്ടിൽ അദ്ദേഹം കൊണ്ടുചെന്നാക്കി. അവിടെ തിന്നുവാനോ കുടിക്കുവാനോ യാതൊരു വസ്തുവും ഉണ്ടായിരുന്നില്ലെന്നാണ് ഖുർആൻ പറയുന്നത്. ആപൽക്കരവും ഭയാനകവുമായ ഒരു താഴ്‌വാരമായിരുന്നു അത്. ദൈവത്തിന്റെ മഹത്വം പുന:സ്ഥാപിക്കപ്പെടുന്നതിന്നും ദൈവത്തിന്റെ ശബ്ദം ഉയരുമാറാകുന്നതിനും വേണ്ടിയാണ് ഇബ്രാഹിം (അ) സ്വപുത്രനേയും ആ പുത്രന്റെ മാതാവിനെയും അവിടെ ഉപേക്ഷിച്ചത്. ഒരു തോൽസഞ്ചി നിറയെ വെള്ളവും കാരക്കയുടെ ഒരു പൊതിയും മാത്രമെ ഈ കുട്ടിയ്ക്കും ഉമ്മായ്ക്കുമായി നൽകിയിരുന്നുള്ളൂ. ഈ മണൽക്കാട്ടിൽ അവർ തങ്ങളുടെ ജീവിതം നയിക്കണമെന്നായിരുന്നു ദൈവേച്ഛ. ഒരിത്തിരി വെള്ളവും ഒരു പൊതി കാരക്കയും എത്രനാളത്തേയ്ക്ക് മതിയാകുമെന്ന് അദ്ദേഹം ഓർക്കാതിരുന്നില്ല. മണൽത്തരികളും സൂര്യപ്രകാശവുമല്ലാതെ തന്റെ പുത്രകളത്രങ്ങൾക്കായി മറ്റൊന്നും ആ മരുഭൂമിയിൽ ഇല്ലെന്നു ഇബ്രാഹീം (അ)കണ്ടു. അതോർത്തപ്പോൾ അദ്ദേഹത്തിന്റെ ഇടനെഞ്ചു പൊട്ടിപ്പോയി! നേത്രങ്ങളിൽ ജലം നിറഞ്ഞു. ഹദ്റത്ത് ഹാജറ (റ) അദ്ദേഹത്തിന്റെ ബാഷ്പാവിലമായ ദൃഷ്ടികളും വിറയ്ക്കുന്ന ചുണ്ടുകളും കണ്ടു. ഇതു വല്ലാത്തൊരു കടുംകൈ ആണെന്നു അവർക്കു തോന്നി. അവർ സ്വഭർത്താവിന്റെ പിന്നാലെ പോയി എവിടെയാണ് തങ്ങളെ ഉപേക്ഷിച്ചുപോകുന്നതെന്നു ചോദിച്ചു. കുടിക്കാൻ വെള്ളമില്ല. തിന്നാൻ ആഹാരമില്ല.! ഇബ്രാഹീം(അ) മറുപടി പറയാൻ ശ്രമിച്ചുവെങ്കിലും വാക്കുകൾ പുറത്തുവന്നില്ല. ഹാജറ അപ്പോൾ ചോദിച്ചു: “അങ്ങു ദൈവകല്പനപ്രകാരമാണോ ഇപ്രകാരം ചെയ്യുന്നത്? അതോ സ്വന്തം ഇഷ്ടമനുസരിച്ചോ?’ ഇബ്രാഹീം(അ) രണ്ടു കൈകളും ഉയർത്തിക്കാണിച്ചു. താൻ ദൈവകല്പനപ്രകാരമാണ് അപ്രകാരം ചെയ്യുന്നതെന്നു അദ്ദേഹം വ്യക്തമാക്കി. അതറിഞ്ഞപ്പോൾ വിശ്വാസിനിയും ദൃഢചിത്തയുമായ ആ തരുണീമണിയുടെ മട്ടൊന്നുമാറി. അവർ യുവതിയായിരുന്നു. ഏകസന്താനമാണ് കൂടെ. അവരുടെ മുമ്പിൽ മരണം കാഴ്ചവെക്കപ്പെടുകയായിരുന്നു. എങ്കിലും അവർ ഉടൻതന്നെ ഉശിരോടെ, ഉത്തരം പറഞ്ഞു: “അങ്ങനെയാണെങ്കിൽപിന്നെ അല്ലാഹുതന്നെ ഞങ്ങളെ രക്ഷിച്ചുകൊള്ളും! അവൻ ഞങ്ങളെ കൈവിടുകയില്ല.”

ഒടുവിൽ വെള്ളം തീർന്നു. കാരക്കയും അവസാനിച്ചു. കണ്ണെത്താവുന്ന ദൂരത്തൊന്നും ആൾപെരുമാറ്റമോ ഭക്ഷ്യവസ്തുക്കളോ കണ്ടെത്തിയിരുന്നില്ലെങ്കിലും, ദാഹംകൊണ്ടു പൊരിയുന്ന തന്റെ കുട്ടിയുടെ ക്ലേശങ്ങൾ കൂട്ടാക്കാതെ അവർ ഒരു കുന്നിൻപുറത്തു കയറിനോക്കി. വല്ല മനുഷ്യജീവിയേയും കണ്ടെത്തുമോ? ഹാ! ഒരാളെയെങ്കിലും കണ്ടുകിട്ടിയാൽ അല്പം വെള്ളത്തിനു ചോദിക്കാമായിരുന്നു! എന്നാൽ, എത്രതന്നെ ശ്രമിച്ചിട്ടും വെള്ളം ലഭിക്കുന്നതിനുള്ള ഒരു മാർഗവും തുറന്നു കിട്ടിയില്ല. വ്യഥിതചിത്തയും പരിഭ്രാന്തയുമായി അവർ കുന്നിറങ്ങിവരികയും ഓടി മറ്റേ കുന്നിന്മേൽ കയറിനോക്കുകയും ചെയ്തു. അവിടെയും ജലം കണ്ടെത്തിയില്ല. ഈ ഉത്കണ്ഠയോടും അസ്വസ്ഥതയോടും കൂടി അവർ ഏഴു തവണ കുന്നുകൾ കയറിയിറങ്ങി. ഒടുവിൽ എന്തു ചെയ്യേണ്ടു എന്നറിയാതെ കുഴങ്ങി. അവർ ദൈവത്തോടു പ്രാർഥിച്ചു. ആ സന്ദിഗ്ധ ഘട്ടത്തിൽ അവർക്ക് ദൈവികവെളിപാടുണ്ടായി:“ഓ ഹാജറാ, നിന്റെ കുട്ടിയ്ക്കുവേണ്ടി അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു. ചെല്ലൂ, കുട്ടിയെ നോക്കൂ.......” ഹദ്റത്ത് ഹാജറ(റ) കുഞ്ഞിന്റെ അടുക്കൽ തിരിച്ചു ചെന്നപ്പോൾ കണ്ടത് കുട്ടി ദാഹിച്ചു പിടഞ്ഞേടത്ത് ഒരു ജലബുദ്ബുദം ആയിരുന്നു. അതൊരു ജലധാരയായി, ഈ ജലധാരതന്നെയാണ് പിന്നീട് ‘സംസം’ എന്ന പേരിൽ അറിയപ്പെട്ടത്. സന്തോഷാധിക്യത്തിൽ പൊഴിക്കുന്ന ഗാനത്തിനാണ് ‘സംസം’ എന്നു പറയപ്പെടുന്നത്. ഹാജറ തന്നെയാണ് ഈ നീരുറവയ്ക്ക് സംസം എന്നു പേരിട്ടത്. ഈ പ്രസ്രവണം മുഖേന തന്റെ പൊന്നോമന മകന് രക്ഷകിട്ടിയ സന്തോഷാധിക്യത്തിൽ തനിക്ക് ആനന്ദഗാനം പൊഴിക്കാൻ അവസരമുണ്ടായല്ലോ! അല്ലാഹു ഇപ്രകാരം ഒരു സൗകര്യമുണ്ടാക്കി. ഇനി വേണ്ടതു ആഹാരമാണ്. യാദൃച്ഛികമായി ഒരു കച്ചവടസംഘം വഴിതെറ്റി ഹദ്റത്ത് ഹാജറ(റ) താമസമുറപ്പിച്ച സ്ഥാനത്തുവന്നെത്തി. ആ യാത്രിക സംഘത്തിന് വെള്ളം വേണമായിരുന്നു. അവിടെ ഒരു നീരുറവ

തൗസീഹെ മറാം (ഉദ്ദേശ്യപ്രകടനം)

# ആത്മാവിന്റെശക്തി പ്രഭാവം

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്**

ഇപ്രകാരം ഈ സമ്പൂർണ മനുഷ്യർ ദുഃഖവും വ്യസനവും മാനസിക പ്രയാസവും അതിജയിച്ചു നില്ക്കുന്ന നേരത്ത് ആത്മീയമായ ആനന്ദങ്ങളിൽ നിന്ന് കുറച്ചൊക്കെ ഫലം അനുഭവിക്കുന്നുണ്ട്. അപ്പോൾ പിന്നെ ദുർബലമായ ശരീരങ്ങൾ അവയുടെ ആത്മാവിന്റെ കൂട്ടിനുവേണ്ടി പുതിയരീതിയിൽ ശക്തവും ബലിഷ്ഠവുമായിത്തീരുന്നു. നിസ്സാരമായ ഈ മറാവസ്ഥകൊണ്ട് വലിയ വലിയ ആത്മീയഘട്ടങ്ങൾ അവർ തരണം ചെയ്യുന്നു. ഇതിനു പുറമെ മനുഷ്യാത്മാവിൽ രാത്രിയുടേയും മറ്റും സൂക്ഷ്മമായ സ്വഭാവങ്ങളും കാണുന്നു. അവയെ ജ്യോതിശാസ്ത്രത്തിന്റേയും നക്ഷത്ര ശാസ്ത്രത്തിന്റേയും പ്രകൃതി ശാസ്ത്രത്തിന്റേയും അതിസൂക്ഷ്മമായ ദൃഷ്ടി കണ്ടു പിടിച്ചതാണ്. അപ്രകാരം തന്നെ സമ്പൂർണമനുഷ്യാത്മാവിന് ആകാശവുമായിട്ടും സാദൃശ്യമുണ്ട്. ഉദാഹരണത്തിന് ഒരു വസ്തുകൊണ്ടും നിറയ്ക്കാൻ സാധ്യമല്ലാത്തത്ര വിശാലവും വിസ്തൃതവുമാണ് ആകാശ മണ്ഡലം. അപ്രകാരംതന്നെ ഈ പരിശുദ്ധൻമാരുടെ ആത്മാക്കളും സംസാരാത്മാവും അപാരമായ വിശാലത ഉൾക്കൊള്ളുന്നു. ആയിരക്കണക്കിന് ദൈവജ്ഞാനങ്ങളും യാഥാർഥ്യങ്ങളും സമ്പാദിച്ചിട്ടും വീണ്ടും മാ അറഫനാക്ക -നിന്നെക്കുറിച്ചുള്ള അറിവ് ഞങ്ങൾക്കില്ല -എന്ന് ഉറക്കെ ഉറക്കെ പറഞ്ഞുകൊണ്ടിരിക്കുന്നു. ആകാശമണ്ഡലം ഒരുവസ്തുകൊണ്ടും നിറയ്ക്കാൻ പറ്റാത്തത്ര വിശാലവും വിസ്തൃതവുമാണ്. ആകാശമണ്ഡലം മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നതുപോലെ അങ്ങേയറ്റം തിളക്കമാർന്ന കഴിവുകൾ അവരിലും നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. അത് നക്ഷത്രങ്ങളെപ്പോലെ തിളങ്ങുന്നതായി കാണുന്നു. ഇപ്രകാരംതന്നെ സമ്പൂർണ മനുഷ്യന്റെ ആത്മാവിന് ഭൂമിയുമായിട്ടും തികഞ്ഞസാദൃശ്യമുണ്ട്. അതായത് ഏറ്റവും സവിശേഷമായ മണ്ണിന്റെ പ്രത്യേകത അതിൽ വിത്തുവിതയ്ക്കുകയും നല്ലവണ്ണം നോക്കുകയും നനയ്ക്കുകയും വേണ്ടുന്നതെല്ലാം കൃത്യമായി ചെയ്യുകയും ചെയ്യുമ്പോൾ മറ്റു മണ്ണിനെ അപേക്ഷിച്ച് ആയിരം ഇരട്ടി അധികം ഫലം അതു നൽകുന്നതാണ്. അതിന്റെ ഫലം മറ്റുളള പഴങ്ങളെ അപേക്ഷിച്ച് അങ്ങേയറ്റം രുചികരവും മാധുര്യമുളളതും വലുപ്പമുളളതുമായിരിക്കും. ഇപ്രകാരം സമ്പൂർണ മനുഷ്യാത്മാവിന്റെ അവസ്ഥ ദൈവകല്പനകൾ വിതയ്ക്കുന്നതുകൊണ്ട് അദ്ഭുതകരമായി പച്ചപ്പെടുത്ത് അതിന്റെ സൽക്കർമങ്ങളുടെ ചെടികൾ മുളച്ചു പുറത്തുവരുന്നു. ഭംഗിയുളളതും അത്യധികം രുചിയുളളതുമായിരിക്കും അതിന്റെ പഴങ്ങൾ. അതു കാണുന്ന ഓരോരുത്തർ

---

കണ്ടപ്പോൾ ആ സംഘം അവിടെ പാർപ്പുറപ്പിക്കാൻ ഇച്ഛിക്കുകയും, ഹാജറായോടു അവരുടെ പ്രജകളായി താമസിച്ചു കൊള്ളാൻ തങ്ങളെയനുവദിക്കണമെന്നപേക്ഷിക്കുകയും ചെയ്തു. ഹദ്റത്ത് ഹാജറ(റ) അവർക്കനുവാദം നൽകുകയും അവരിരുവരുടെയും പ്രജകളായി അവരവിടെ പാർക്കുകയും ചെയ്തു. ഇങ്ങനെ യുവാവാകുന്നതിന് മുമ്പായിത്തന്നെ അല്ലാഹു ഹദ്റത്ത് ഇസ്മായീലിനെ രാജാവാക്കി!

ഇന്നും ഹജ്ജ് വേളയിൽ ഹദ്റത്ത് ഹാജറയുടെ ഈ സംഭവം സ്മരിച്ചുകൊണ്ടാണ് ഹാജിമാർ സഫായുടെയും മർവായുടേയും ഇടയിൽ 7 തവണ ഓടുന്നത്. തങ്ങൾ ഹാജറ (റ)യുടെ കാലടിപ്പാടുകളെ തുടരുന്നതാണെന്നാണ് ഈ ഓട്ടം മുഖേന അവർ ഏറ്റു പറയുന്നത്. അല്ലാഹുവിന്റെ മാർഗത്തിൽ എപ്പോഴാകിലും തങ്ങളുടെ ഉറ്റവരേയും ഉടയവരേയും ഉപേക്ഷിക്കേണ്ടിവരികയാണെങ്കിൽ തങ്ങൾ അതിന് വൈമനസ്യം കാണിക്കുന്നതല്ലെന്നാണ് ഈ ഓട്ടംമുഖേന അവർ പ്രഖ്യാപിക്കുന്നത്.

ചുരുക്കത്തിൽ, ഹജ്ജ് ഇസ്‌ലാമിൽ വിധിയ്ക്കപ്പെട്ടിട്ടുള്ള അതിപ്രധാനമായ ഒരു ആരാധനാകർമമാകുന്നു. അല്ലാഹുവിനുവേണ്ടി ജീവിതം ബലികഴിക്കുന്നവർ എന്നെന്നും ജീവിക്കുമാറാകുന്നതെങ്ങനെ എന്നുള്ള ഈ ചിത്രം മക്കായിൽ ചെന്ന് ഹജ്ജ് അനുഷ്ഠിക്കുന്ന ഓരോ ആളുടെയും കൺമുമ്പിൽ പ്രത്യക്ഷപ്പെടുന്നു.

ഹജ്ജ് മുഖേന മുസൽമാന്മാർക്കിടയിൽ ഒരു കേന്ദ്രബോധം ജന്മമെടുക്കുന്നു. തങ്ങളുടെയും ബാഹ്യലോകത്തിന്റെയും ആവശ്യങ്ങളെക്കുറിച്ചു ചിന്തിക്കുവാൻ അവർക്കതുവഴി അവസരം സിദ്ധിക്കുന്നു. അന്യോന്യം അറിയപ്പെടാനും പരസ്പരം നന്മകൾ സ്വീകരിക്കാനും അതു സന്ദർഭങ്ങൾ സൃഷ്ടിക്കുന്നു. അതുവഴി സാഹോദര്യവും സ്നേഹവും ശക്തിപ്പെടുമാറാകുന്നു. സാമ്പത്തികമായ സൗകര്യങ്ങൾ ഉണ്ടായിരിക്കുകയും യാത്രചെയ്യാൻ കഴിയുമാറ് ശാരീരിക ശേഷി സിദ്ധിച്ചിരിക്കുകയും ചെയ്തിട്ടുള്ള ഓരോ മുസ്‌ലിമും ഇസ്‌ലാമിന്റെ അതിപ്രധാനമായ കർമം അനുഷ്ഠിക്കാൻ ബാദ്ധ്യസ്ഥനാണ്. ഇക്കാലത്ത് ധനാഢ്യരെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഒരു സൽകൃത്യമാണ് ഹജ്ജ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

**– തഫ്സീർ കബീർ**

ക്കും അല്ലാഹുവിന്റെ ശക്തിപ്രഭാവ മോർത്തു 'സുബ്ഹാനല്ലാഹ് സുബ്ഹാന ല്ലാഹ് എന്നു പറയേണ്ടി വരുന്നു. 'വനഫ് സിൻ വമാ സവ്വാഹാ' എന്ന ഖുർആനിക വചനം വ്യക്തമായനിലയിൽ പറഞ്ഞു കൊണ്ടിരിക്കുന്നത് സമ്പൂർണ മനുഷ്യൻ അർഥത്തിലും അവസ്ഥയിലും ഒരു ലോകമാണെന്നാണ്. മഹാലോകത്തിലെ എല്ലാ ദുഃഖ പ്രകടനങ്ങളും സവിശേഷ ഗുണങ്ങളും പ്രത്യേകതകളും സംയു ക്തമായ നിലയിൽ അതുൾക്കൊള്ളുന്നു. പ്രതാപവാനായ അല്ലാഹു സൂര്യന്റെ വിശേഷതകളിൽനിന്ന് തുടക്കംകുറി ക്കുകയും നമ്മുടെ വാസസ്ഥാനമായ ഭൂമി വരെയുള്ള എല്ലാ വസ്തുക്കളു ടേയും പ്രത്യേകതകൾ സൂചനാത്മകമായ നിലയിൽ വിവരിച്ചതുപോലെ തന്നെ. അതായത് സാക്ഷ്യമെന്നനിലയിൽ അവയെക്കുറിച്ചു പറഞ്ഞു. ഇതിനുശേഷം സമ്പൂർണ മനുഷ്യന്റെ ആത്മാവ്, സത്യം ചെയ്യപ്പെട്ട ആദ്യ വസ്തുക്കളിൽ പ്രത്യേകം പ്രത്യേകം കാണുന്ന ആ എല്ലാവിവിധ കഴിവുകളുടേയും സമുച്ചയമാണെന്ന് മനസ്സിലാക്കാനായി സമ്പൂർണ മനുഷ്യന്റെ ആത്മാവിനെ ക്കുറിച്ചു പറഞ്ഞു. തന്റെ സത്തയ്ക്കെ തിരിൽ വരുമ്പോൾ നിഷ്പ്രയോജനവും ഒരു പ്രസക്തിയില്ലാത്തതുമായ വസ്തു ക്കളെപിടിച്ച് അല്ലാഹു എന്തിനു സത്യം ചെയ്തുവെന്ന് ചോദിക്കുകയാണെങ്കിൽ, അതിനുള്ള മറുപടി, വിശുദ്ധ ഖുർആ നിൽ നിറഞ്ഞു നില്ക്കുന്ന അല്ലാഹു വിന്റെ പൊതുവായൊരു നടപടിക്രമമാണ് അതെന്നാണ്. അതായത് ചില സൂക്ഷ്മ മായ കാര്യങ്ങളെ സമർഥിക്കുന്നതിനും സ്ഥാപിക്കുന്നതിനുംവേണ്ടി പൊതുവെ വെളിവായിട്ടുള്ളതും മറയില്ലാത്തതും അവിതർക്കിതവുമായ സംഗതികൾ ഉൾക്കൊള്ളുന്ന കാര്യങ്ങൾ തെളിവി നായി ഉദ്ധരിക്കാറുണ്ട്. അതിൽ ആർക്കും ഒരു സംശയവുമുണ്ടാവാനിടയില്ല. ഏതു പോലെയെന്നാൽ, സൂര്യനുണ്ട്. അതിനു വെയിലുമുണ്ട്.ചന്ദ്രനുണ്ട്. അതിനു സൂര്യനിൽനിന്ന് സ്വീകരിക്കുന്ന പ്രകാശ വുമുണ്ട്. അത് എല്ലാ ദിവസവും പ്രകാശി ക്കുന്നതും എല്ലാവരും കാണുന്നു. രാത്രി യും എല്ലവർക്കും കാണാൻ കഴിയുന്നു ണ്ട്. ആകാശമണ്ഡലവും എല്ലാവരു ടേയും മുമ്പിലുണ്ട്. ഭൂമിയാണെങ്കിൽ മനുഷ്യരുടെ വാസസ്ഥാനവുമാണ്. ഈ എല്ലാ വസ്തുക്കളും അതാതിന്റെ വ്യക്തമായ അസ്തിത്വവും സ്പഷ്ടമായ സ്വഭാവങ്ങളും ഉൾക്കൊള്ളുന്നവയാണ്. ഇതിലാർക്കും എതിർ അഭിപ്രായം ഉണ്ടാകുകയില്ല. മനുഷ്യന്റെ മറഞ്ഞിരി ക്കുന്നതും സൂക്ഷ്മവുമായ വസ്തുവാണ് ആത്മാവ്; അതിന്റെ ഉൺമയെപ്പറ്റിതന്നെ നൂറുക്കണക്കിന് തർക്കങ്ങൾ ഉണ്ടായി ക്കൊണ്ടിരിക്കുന്നു. മനുഷ്യാത്മാവ് ശരീരത്തിൽനിന്ന് വേർപെട്ട ശേഷം അനശ്വരമായി നിലകൊള്ളുമെന്ന് വിശ്വസിക്കാത്ത ധാരാളം കക്ഷികളുണ്ട്. ചിലർ ആത്മാവിനേയും അതിന്റെ അനശ്വരതയും നിലനില്പും വിശ്വസി ക്കുന്നവരാണെങ്കിലും അവരും അതിന്റെ ആന്തരികമായ കഴിവുകളെ വേണ്ട രീതിയിൽ വിലമതിക്കാറില്ല. എന്നല്ല, ചിലർ കരുതുന്നത് തങ്ങൾ ഈലോകത്ത് വന്നത്, മൃഗങ്ങളെപ്പോലെ തിന്നാനും കുടിക്കാനും ശരീരേച്ഛകൾക്കു വഴിപ്പെട്ട് ആയുസ്സ് കഴിക്കാനുമാണെന്നാണ്. മനുഷ്യാത്മാവ് എത്രമാത്രം ഉന്നതവും കഴിവുറ്റതുമാണെന്ന കാര്യം അവർക്ക റിയില്ല. അത് ശ്രേഷ്ഠതകൾ സമ്പാദി ക്കാൻ ശ്രമിക്കുകയാണെങ്കിൽ ചുരുങ്ങി യ കാലംകൊണ്ട് മുഴുലോകത്തിലെ വിവിധ കഴിവുകളുടേയും വിശേഷശ ക്തികളുടേയും വർഗങ്ങളുടേയുംമേൽ ഒരു വൃത്തമെന്നപോലെ വലയം ചെയ്യാൻ പ്രാപ്തമാണ്. അതുകൊണ്ട് പ്രതാപവാനായ അല്ലാഹു ഈ അനുഗൃ ഹീത അധ്യായത്തിൽ മനുഷ്യാത്മാവി ന്റേയും അതിന്റെ അങ്ങേയറ്റം ശ്രേഷ്ഠ മായ സ്വഭാവങ്ങളുടേയും തെളിവു നൽകാൻ ആഗ്രഹിച്ചു. അതിനു ഒന്നാ മതായി അവൻ ചിന്തയെ തിരിച്ചുവിടുന്ന തിനായി സൂര്യൻ, ചന്ദ്രൻ തുടങ്ങി വസ്തുക്കളുടെ വിവിധ സ്വഭാവഗുണ ങ്ങൾ വിവരിച്ചുകൊണ്ട് മനുഷ്യാത്മാവ് പലവിധ കഴിവുകളുടേയും സമുച്ചയമാ ണെന്ന് എടുത്തു പറഞ്ഞു. ആകാശഗോള ങ്ങളിലും ഭൂമിയിലും വിവിധ നിലയിൽ കാണുന്ന ഉന്നതമായ ശ്രേഷ്ഠതകളും പ്രത്യേകതകളും മനുഷ്യാത്മാവിൽ കാണുന്നുണ്ട്. അപ്പോൾ അത്തരം മഹത്തായതും വിവിധതരം ശ്രേഷ്ഠത കളുടെ സമുച്ചയവുമായ ഒന്നിനെ സംബന്ധിച്ച് അത് മരണത്തിനുശേഷം നാശമടയുന്നവസ്തുവാണെന്ന് സംശയിക്കുന്നത് അങ്ങേയറ്റം വിഡ്ഢി ത്തമായിരിക്കും. അതായത് നേരിൽ കാണുകയും അനുഭവിക്കുകയും ചെയ്യുന്ന വസ്തുക്കളിലുള്ള ഈ എല്ലാ സ്വഭാവങ്ങളും സ്ഥായിയാണെന്ന് വിശ്വസിക്കുന്നതിൽ നിങ്ങൾക്കു ഒരു എതിർപ്പുമില്ല. ഒരു അന്ധനും വെയിലി ന്റെ ചൂട് അനുഭവിച്ച് സൂര്യനിൽ ദൃഢമായിവിശ്വസിക്കുന്നു. മനുഷ്യാ ത്മാവിൽ സർവവും ഒന്നായിട്ട് നിലവിലു ള്ളപ്പോൾ സ്ഥായിയും നിലനില്ക്കു ന്നതുമായ ആത്മാവിന്റെ അസ്തിത്വത്തിൽ നിങ്ങൾക്കെന്താണ് പറയാൻ ബാക്കിയു ള്ളത്? തന്റെ സത്തയിൽ ഒന്നുമല്ലാത്ത ഒരു വസ്തുവിന് നിലവിലുള്ള എല്ലാ വസ്തുക്കളുടേയും സ്വഭാവഗുണങ്ങൾ ഉൾക്കൊള്ളുക എന്നത് സാധ്യമാണോ?

സത്യംചെയ്യൽ സാക്ഷ്യത്തെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ടാണ് ഇവിടെ സത്യം ചെയ്യുക എന്ന ശൈലി പ്രതാപവാനായ അല്ലാഹു ഇഷ്ടപ്പെട്ടത്. ഇക്കാരണത്താൽ ന്യായാധിപന്മാരും സാക്ഷികളില്ലെങ്കിൽ സത്യത്തെ അവലം ബമാക്കുന്നു. ഒറ്റ പ്രാവശ്യത്തെ സത്യം കൊണ്ടു അവർ ഫലമെടുക്കുകയും ചെയ്യുന്നു. കുറഞ്ഞത് രണ്ടു സാക്ഷി കളെക്കൊണ്ടു അതു ചെയ്യിക്കാവുന്ന താണ്. ബുദ്ധിപരമായും ജ്ഞാനപര മായും നിയമപരമായും മതശാസ്ത്രപ രമായും സത്യംചെയ്യൽ സാക്ഷിയുടെ പ്രതിനിധിയായിട്ടു മനസ്സിലാക്കു ന്നതിനാൽ, അല്ലാഹു ഇവിടെ സാക്ഷി എന്ന നിലയിൽ അതിനെ നിശ്ചയപ്പെടു ത്തിത്തന്നിരിക്കുകയാണ്. സൂര്യനെ ക്കൊണ്ടും അതിന്റെ പ്രകാശത്തെ ക്കൊണ്ടും സത്യം എന്ന് അല്ലാഹു പറയു മ്പോൾ യഥാർഥത്തിൽ അതുകൊണ്ടുള്ള ഉദ്ദേശ്യം സൂര്യനും അതിന്റെ പ്രകാശവും, ഇവ രണ്ടും മനുഷ്യാത്മാവ് നിലവിലു ണ്ടെന്നതിനും അത് എന്നെന്നും നിലനില് ക്കുന്നതാണെന്നതിനുമുള്ള സാക്ഷി പറയുക എന്നാണ്. എന്തുകൊണ്ടെന്നാൽ സൂര്യനിൽ എന്തെന്തെല്ലാം പ്രത്യേക തകൾ -ചൂട്, പ്രകാശം തുടങ്ങിയവ - കാണുന്നുണ്ടോ അതേ പ്രത്യേകതകൾ കൂടുതൽ കാര്യങ്ങളോടുകൂടി മനുഷ്യാ ത്മാവിലുണ്ട്. പരിപൂർണത കൈവരിച്ച ആത്മാക്കളിൽ കാണുന്ന ജാഗ്രദർശന ങ്ങളുടെ പ്രകാശത്തിന്റേയും ആഭിമുഖ്യ ത്തിന്റേയും തീക്ഷ്ണതയുടെ അദ്ഭുത സമാഹാരങ്ങൾ സൂര്യന്റെ തീക്ഷ്ണ തയെക്കാളും പ്രകാശത്തെക്കാളും പതിന്മടങ്ങ് അധികമാണ്. അതുകൊണ്ട് സൂര്യൻ അതിന്റെ അസ്തിത്വത്തോടു കൂടി നിലകൊള്ളുന്ന സ്ഥിതിയ്ക്ക്, സ്വഭാവങ്ങളിൽ അതിനു തുല്യവും സമവുമായിട്ടുള്ളതെന്നല്ല അതിനേക്കാൾ ഉപരിയായ മനുഷ്യാത്മാവ് എന്തുകൊണ്ട് ഉണ്ടായിരിക്കാവതല്ല. ചന്ദ്രനെക്കൊണ്ടു സത്യം, അതു സൂര്യനെ പിൻപറ്റുമ്പോൾ എന്നുള്ള അല്ലാഹുവിന്റെ പറച്ചിലിന്റെ ഉദ്ദേശ്യം ചന്ദ്രൻ സൂര്യനിൽനിന്ന് പ്രകാശം സ്വീകരിക്കുന്നുവെന്നത് മനുഷ്യാത്മാവ് നിലവിലുണ്ടെന്നതിനും അത് അനശ്വരവസ്തു ആണെന്നതിനുമുള്ള വർത്തമാനകാല സാക്ഷിയാണ്. ചന്ദ്രൻ

സൂര്യനിൽനിന്ന് പ്രകാശം സമ്പാദിക്കുന്നതുപോലെ സന്നദ്ധനും സത്യന്വേഷകനുമായ മനുഷ്യാത്മാവ് സമ്പൂർണനായ മനുഷ്യാത്മാവിനെ പിൻപറ്റി അദ്ദേഹത്തിന്റെ പ്രകാശത്തിൽനിന്ന് പ്രകാശ മെടുക്കുന്നു അദ്ദേഹത്തിന്റെ ആന്തരികമായ സമൃദ്ധിയാൽ സമൃദ്ധമാനായിത്തീരുന്നു. എന്നല്ല ചന്ദ്രനെക്കാളുപരി പ്രകാശത്തെ പ്രയോജനപ്പെടുത്തുന്നു. എന്തുകൊണ്ടെന്നാൽ പ്രകാശം സമ്പാദിച്ചിട്ട് ഉപേക്ഷിക്കുകയും ചെയ്യാറുണ്ട്. എന്നാൽ, മനുഷ്യാത്മാവ് ഒരിക്കലും താൻ ആർജിച്ചെടുത്ത പ്രകാശം ഉപേക്ഷിക്കുകയില്ല. പ്രകാശത്തെ പ്രയോജനപ്പെടുത്തുന്നതിൽ ചന്ദ്രന്റെ ഈ പങ്കാളി വിജയിയാണ്. ചന്ദ്രന്റെ മറ്റുളള എല്ലാ വിശേഷ ഗുണങ്ങളും പ്രത്യേകതകളും അതുൾക്കൊളളുന്നു. അപ്പോൾ പിന്നെ ചന്ദ്രനെ അസ്തിത്വമുളളതും നിലനില്ക്കുന്നതുമായി വിശ്വസിക്കാനും എന്നാൽ, മനുഷ്യാത്മാവ് അനശ്വരമായി നിലകൊളളുന്നതല്ലെന്ന് പറഞ്ഞ് തളളാനും എന്തു കാരണമാണുളളത്. ചുരുക്കം പറഞ്ഞാൽ ഇപ്രകാരം അല്ലാഹു മനുഷ്യാത്മാവിനെക്കൊണ്ട് ആദ്യം സത്യം ചെയ്തു പറഞ്ഞ എല്ലാ വസ്തുക്കളേയും സ്വഭാവഗുണങ്ങളുടെ അടിസ്ഥാനത്തിൽ സാക്ഷികളായും സംസാരിക്കുന്ന സാക്ഷിയായും നിശ്ചയിച്ചുകൊണ്ട് മനുഷ്യാത്മാവ് യഥാർഥത്തിൽ ഉണ്ടെന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്. ഇപ്രകാരംതന്നെ വിശുദ്ധഖുർആനിൽ ചില വസ്തുക്കളെ പിടിച്ച് സത്യം ചെയ്തിരിക്കുന്നിടത്തെല്ലാം ആ സത്യം ചെയ്യലിന്റെ ഉദ്ദേശ്യം ബാഹ്യമായ കാര്യത്തെ അതേ നിലയിലുളള മറഞ്ഞിരിക്കുന്ന കാര്യത്തെ സ്ഥാപിക്കാനായി സാക്ഷി എന്ന നിലയിൽ സമർപ്പിക്കും എന്നതാണ്. പക്ഷേ ഇവിടെ മനുഷ്യാത്മാവ് ഉണ്ടെന്നതിലേക്ക് സത്യം എന്ന നിലയിൽ സാക്ഷികൾ സമർപിക്കപ്പെടുമ്പോൾ, ആ സാക്ഷികളുടെ സ്വഭാവങ്ങൾ ബാഹ്യമായ നിലയിൽ മനുഷ്യാത്മാവിൽ എവിടെയാണുളളതെന്ന ചോദ്യമുണ്ടാകാം. ഉണ്ടെന്നതിനുളള തെളിവെന്താണ്? ഈ സംശയം ദൂരീകരിക്കുന്നതിന് പ്രതാപവാനായ അല്ലാഹു അതിനുശേഷം പറയുന്നു: ഫ അൽഹമഹാ ഫുജൂറഹാ വതഖ് വാഹാ ഖദ് അഫ്‌ലഹ മൻ സക്കാഹാ വഖദ് ഖാബ മൻ ദസ്സാഹാ അതായത് അല്ലാഹു മനുഷ്യാത്മാവിനെ സൃഷ്ടിച്ചുകൊണ്ട് അന്ധകാരത്തിന്റേയും പ്രകാശത്തിന്റേയും, നാശത്തിന്റെയും പച്ചപ്പിന്റേയും രണ്ടു വഴികളും അതിനായി തുറന്നു. അന്ധകാരത്തിന്റേയും കുറ്റകൃത്യത്തിന്റേയും അതായത് വഴികേടിന്റെ വഴി സ്വീകരിക്കുന്നവനെ ആ വഴിയിൽ അതിന്റെ അവസാനംവരെ എത്തിക്കുന്നു. എത്രത്തോളമെന്നാൽ ഇരുട്ടുളള രാത്രിയോട് അവൻ സദൃശനായിത്തീരുന്നു. പാപകർമങ്ങളിലും ദുഷ്ചെയ്തികളിലും അന്ധകാര നിബിഢമായ ചിന്താഗതികളിലുമല്ലാതെ മറ്റൊന്നിലും അവന് ആനന്ദമുണ്ടാകുകയില്ല. അത്തരം കൂട്ടുകെട്ട് അവന് നല്ലതായി തോന്നുന്നു. അത്തരം പ്രവൃത്തികൾ അവന്റെ മനസ്സിന് സന്തോഷം പകരുന്നു. അവന്റെ ദുഷ്പ്രകൃതിയ്ക്ക് അനുയോജ്യമായി ചീത്ത വെളിപാടുകളും അവനുണ്ടായിക്കൊണ്ടിരിക്കുന്നു. അതായത് സദാസമയവും ദുർനടപ്പിന്റേയും ദുർപ്രവർത്തനങ്ങളുടേയും വിചാരങ്ങൾ അവനുണ്ടാകുന്നു. ഒരിക്കലും സദ്‌വിചാരങ്ങൾ ഉണ്ടാകുകയില്ല. ദോഷങ്ങളിൽനിന്ന് അകന്നു നിന്നുകൊണ്ട് തേജോമയമായ വഴിസ്വീകരിക്കുകയാണെങ്കിൽ, ആ പ്രകാശത്തെ സഹായിക്കുന്ന വെളിപാട് അവനു ഉണ്ടായിക്കൊണ്ടിരിക്കും. അതായത് അവന്റെ ഹൃദയത്തിൽ വിത്തുപോലെ നിലവിലുളള പ്രകാശത്തെ തന്റെ പ്രത്യേക വെളിപാടുമുഖേന അല്ലാഹു പൂർണതയിലെത്തിക്കുന്നു. അവന്റെ പ്രകാശമയമായ ജാഗ്രദർശനങ്ങളുടെ അഗ്നിയെ ജ്വലിപ്പിക്കുന്നു. അപ്പോൾ അവൻ തന്റെ തിളങ്ങുന്ന പ്രകാശത്തെ കണ്ടുകൊണ്ട് താൻ ചെയ്യുന്ന ഗുണത്തിന്റേയും ഫലത്തിന്റേയും പ്രത്യേകതകൾ പരിശോധിച്ച് സൂര്യന്റേയും ചന്ദ്രന്റേയും പ്രകാശം തന്നിലുണ്ടെന്നും ആകാശം വിശാലവും ഉയർന്നതും നക്ഷത്രങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നതുംപോലെ തന്റെ നെഞ്ചകം വിശാലവും ഉയർന്നതുമാണെന്നും മനസ്സിലും ബുദ്ധയിലും നക്ഷത്രങ്ങളെപ്പോലെ തിളക്കമാർന്ന ശക്തികളുടെ ഖജനാവുകളുണ്ടെന്നും ദൃഢമായും വിശ്വസിക്കുന്നു. അപ്പോൾ അവന് ഇക്കാര്യം മനസ്സിലാക്കാൻ വെളിയിൽനിന്ന് മറ്റു തെളിവുകളുടെ ആവശ്യം വരുന്നില്ല. മറിച്ച് അവന്റെ ഉളളിൽനിന്നുതന്നെ ഒരു പരിപൂർണ തെളിവിന്റെ ജലപ്രവാഹം എപ്പോഴും അലതല്ലിക്കൊണ്ടിരിക്കുന്നു. ദാഹിയായ അവന്റെ ഹൃദയത്തെ അത് ആർദ്രമാക്കിക്കൊണ്ടിരിക്കുന്നു.

## അല്ലാഹു ഗൗനിക്കാത്ത മനുഷ്യർ

അബൂഹുറൈറ (റ) നവേദനം: നബി(സ) അരുളി: മൂന്ന് വിഭാഗം മനുഷ്യരുണ്ട്. അന്ത്യദിനത്തിൽ അല്ലാഹു അവരുടെ നേരെ നോക്കുയോ പരിശുദ്ധപ്പെടുത്തുകയോ ചെയ്യുക യില്ല. അവർക്ക് അതികഠിനമായ ശിക്ഷയുണ്ട്. വഴിയരികിൽ മിച്ചമുളള വെളളമുണ്ടായിട്ട് അത് യാത്രക്കാരന് കൊടുക്കാതെ തടഞ്ഞു വെക്കുന്ന മനുഷ്യൻ, ഭൗതിക നേട്ടം മാത്രം ലക്ഷ്യം വെച്ച് ഇമാമിനോട് അനുസരണ പ്രതിജ്ഞ ചെയ്ത മനുഷ്യൻ. ഇമാം അവന് വല്ലകാര്യലാഭവും നേടികൊടുത്താൽ അവൻ സംതൃപ്തനാകും ഇല്ലെങ്കിലോ വെറുപ്പും. അവന്റെ ചരക്ക് അസറിന് ശേഷം അങ്ങാടിയിലിറക്കി. അല്ലാഹുവാണേ സത്യം ഞാനീ ചരക്ക് ഇന്ന നിലവാരത്തിൽ വാങ്ങിയതാണ് എന്ന് ഒരാൾ സത്യം ചെയ്തു. ഇത് കേട്ട് വിശ്വസിച്ച മറ്റൊരാൾ ചരക്ക് വാങ്ങി. ആ മനുഷ്യനും (ബുഹാരി)

ഖുത്ബ

പേജ് 13 ൽ നിന്ന് തുടർച്ച

തുപോലെ അല്ലാഹു അത്തരക്കാരെക്കൊണ്ട് നരകം നിറച്ചുകൊണ്ടിരിക്കും എന്ന് തീരുമാനിച്ചിരിക്കുന്നു. ഇവരും ഇവരെ സഹായിക്കുന്നവരും അല്ലാഹുവിന്റെ ശിക്ഷയെ ഭയക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ അല്ലാഹു തന്റെ പ്രിയപ്പെട്ടവർക്കായി വളരെയധികം അഭിമാനം ഉള്ളവനാണ്. ഈ കാലഘട്ടത്തിൽ അവൻ തന്റെ മസീഹിനെയും മഹ്ദിയെയും നിയോഗിച്ച് ലോകരുടെ ശ്രദ്ധ പരിഷ്കരണത്തിലേക്ക് ക്ഷണിക്കുകയുണ്ടായി. എന്നാൽ അവർ പരിഹാസത്തിൽ നിന്നും അക്രമ പ്രവർത്തനത്തിൽ നിന്നും വിട്ടുനിന്നില്ലെങ്കിൽ അല്ലാഹുവിന്റെ പിടുത്തവും വളരെ ഭയാനകമായിരിക്കും.

ലോകത്തിലെ നാനാ ഭാഗങ്ങളിലും ഇന്ന് പ്രകൃതി ദുരന്തങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എല്ലായിടത്തും നാശനഷ്ടങ്ങൾ സംഭവിക്കുന്നു. അമേരിക്കയിൽ കൊടുങ്കാറ്റുകൾ ഉണ്ടാവുകയും അത് മുമ്പത്തേക്കാൾ വർദ്ധിക്കുകയും ചെയ്യുന്നു. സാമ്പത്തിക അരക്ഷിതാവസ്ഥ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആഗോള താപനം കാരണം ജനവാസ പ്രദേശങ്ങൾ വെള്ളത്തിനടിയി ലാകുമോ എന്നോർത്ത് ഭയചകിതരാണ്. ലോകം ഇത്തരം ഭീതികളാൽ വലയം ചെയ്യപ്പെട്ടിരിക്കുമ്പോൾ അതിക്രമത്തിന്റെ അതിർവരമ്പുകൾ ലംഘിക്കുന്നവർ ഈ എല്ലാ കാര്യങ്ങളുമോർത്ത് അല്ലാഹുവിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ശ്രദ്ധിക്കുന്നവരായിത്തീരണം. എന്നാൽ നിർഭാഗ്യവശാൽ ഇതിന് വിപരീതമാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിരുകൾ ലംഘിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. കാലത്തിന്റെ ഇമാമായ ഹദ്റത്ത് അഹ്മദ് (അ) ഒരു കാര്യത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതായത് ലോകം അദ്ദേഹത്തിന്റെ വാക്കുകൾ ചെവികൊണ്ടില്ലെങ്കിൽ ഓരോ കാൽവെപ്പും ലോകത്തെ നാശത്തിലേക്ക് കൊണ്ടെത്തിക്കുന്നതാണ്.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് വാഗ്ദത്ത മഹ്ദി മസീഹ് (അ)മിന്റെ ഒരു സന്ദേശം വീണ്ടും വീണ്ടും ആവർത്തിക്കേണ്ട സന്ദേശമാണ്. അത് ഞാൻ ഇന്ന് കേൾപ്പിക്കുകയാണ്.പറയുന്നു:

ഓർത്തുകൊള്ളുക! അല്ലാഹു എനിക്ക് പൊതുവിൽ ഭൂകമ്പങ്ങളെക്കുറിച്ച് അറിവ് നൽകിയിരിക്കുന്നു. പ്രവചനമനുസരിച്ച് അമേരിക്കയിൽ ഭൂകമ്പം ഉണ്ടായതുപോലെ യൂറോപ്പിലും ഭൂകമ്പമുണ്ടായി. ഏഷ്യയുടെ വിവിധ പ്രദേശങ്ങളിലും ഇതുണ്ടാകുന്നതാണ്. അവയിൽ ചിലത് മഹാ പ്രളയ(ഖിയാമ)ത്തിന്റെ ദൃശ്യം കാണിക്കുന്നതായിരിക്കും. രക്തത്തിന്റെ നദികൾ ഒഴുകും വിധം അധികമായി മരണങ്ങൾ ഉണ്ടാകും. ഈ മരണത്തിൽ നിന്ന് പക്ഷിമൃഗാദികളും രക്ഷപ്പെടുകയില്ല.

മനുഷ്യനുണ്ടായ നാൾതുടങ്ങി നാളിതുവരെ സംഭവിച്ചിട്ടില്ലാത്ത വിധം ഭയങ്കര നാശം ഭൂമുഖത്തുണ്ടാകാൻ പോകുന്നു. അധികമായ സ്ഥലങ്ങളും അവിടങ്ങളിൽ ഒരിക്കലും ജനവാസം ഉണ്ടായിരുന്നില്ലെന്ന് തോന്നുമാറുള്ള തരത്തിൽ അടിമേൽ മറിഞ്ഞുപോകും. ഇതോടുകൂടി ഭൂമിയിലും ആകാശത്തിലും ഭയങ്കര രൂപത്തിലുള്ള മറ്റു പല നാശങ്ങളും സംഭവിക്കും. ഏതുവരെയെന്നാൽ ബുദ്ധിയുള്ളവരുടെ ദൃഷ്ടിയിൽ ഈ സംഗതികൾ എത്രയും അസാധരമായവയായിത്തീരും. അവയെ സംബന്ധിച്ച് യാതൊന്നും പ്രകൃതി ശാസ്ത്രത്തിന്റെയോ തത്വജ്ഞാനത്തിന്റെയോ ഗ്രന്ഥങ്ങളിലെ ഏടുകൾ പരിശോധിച്ചാൽ കാണുകയില്ല. അപ്പോൾ സംഭവിക്കാൻ പോകുന്നതെന്തായിരിക്കുമെന്ന് വച്ച് മനുഷ്യൻ വല്ലതെ പരിഭ്രമിക്കും. പലരും മോക്ഷം പ്രാപിക്കും; പലരും നാശമടയുകയും ചെയ്യും.

ആ നാളുകൾ അടുത്തടുത്തു വരുന്നു. അല്ല, അതിനെ ഞാൻ പടിവാതിൽക്കൽ കാണുന്നു. ഒരു മഹാ പ്രളയ (ഖിയാമ) ത്തിന്റെ കാഴ്ച ലോകം കാണുന്നതാണ്. കേവലം ഭൂകമ്പങ്ങൾ മാത്രമല്ല, ഭയങ്കരങ്ങളായ മറ്റു വിപത്തുകളും കുറച്ച് ആകാശത്തിൽനിന്നും കുറച്ച് ഭൂമിയിൽ നിന്നും വെളിപ്പെടും. ഇതെല്ലാം സംഭവിക്കുന്നത് മനുഷ്യൻ തന്റെ ദൈവത്തെ മറന്ന് ഭക്തി മാർഗത്തെ ഉപേക്ഷിക്കുകയും അവർ മുഴു മനസ്സാലെ ലൗകീകത്തിൽ തന്നെ പതിക്കുകയും ചെയ്തതിനാലെത്രെ. ഞാൻ വന്നില്ലായിരുന്നുവെങ്കിൽ ഈ വിപത്തുകൾ പുറകോട്ട് മാറ്റി വെക്കപ്പെടുമായിരുന്നു. എന്റെ വരവോടുകൂടി ദൈവ ക്രോധത്തിന്റെ ആ ഗോപ്യമായ ഒരുക്കങ്ങൾ -അവ ദീർഘകാലമായിട്ട് ഗോപ്യമായിരുന്നു- വെളിപ്പെടുക തന്നെചെയ്തു. എന്തെന്നാൽ **വമാ കുന്നാ മുഅദിബീന ഹത്താ നബ്അസ റസൂല** (17:16) ഞാൻ ഒരു പ്രവാചകനെ എഴുന്നേൽപിച്ചല്ലാതെ (ഒരു ജനതയേയും) ശിക്ഷിക്കുകയില്ല എന്ന് ദൈവം പറഞ്ഞിരിക്കുന്നു. ആകയാൽ പശ്ചാത്തപിച്ച് മാനസാന്തരപ്പെടുന്നവർക്ക് അഭയവും രക്ഷയും ലഭിക്കും. ഏവൻ ആപത്തിനു മുമ്പെ ഭയപ്പെടുന്നുവോ അവനിൽ കരുണ ചെയ്യപ്പെടും. ഈ ഭൂകമ്പത്തിൽ നിന്ന് സമാധാനത്തിലായിരിക്കുമെന്നും നിങ്ങളുടെ തന്ത്രങ്ങൾകൊണ്ട് ഇതിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുമെന്നും നിങ്ങൾ കരുതുന്നുണ്ടോ? ഒരിക്കലുമില്ല. മനുഷ്യപ്രവർത്തനങ്ങൾക്ക് അന്നാളിൽ അവസാനമായിരിക്കും. അമേരിക്കയിലും മറ്റും ശക്തമായ ഭൂകമ്പങ്ങൾ ഉണ്ടായിരിക്കുകയാൽ നിങ്ങളുടെ ഈരാജ്യം അതിൽനിന്നും സുരക്ഷിതമായിരിക്കുമെന്ന് നിങ്ങൾ ധരിക്കുന്നുണ്ടോ?.....

അല്ലയോ യൂറോപ്പേ! നീ രക്ഷയിലല്ല! അല്ലയോ ഏഷ്യാ നീയും രക്ഷയിലല്ല!! ഓ ദ്വീപുകളിൽ വസിക്കുന്നവരെ, നിങ്ങളാൽ നിർമ്മിതമായ ഒരു ദൈവവും ആ നാളിൽ നിങ്ങളെ സഹായിക്കുകയില്ല. മഹാ നഗരങ്ങൾ മറിഞ്ഞ് വീഴുന്നത് ഞാൻ കാണുന്നു. ജനബാഹുല്യമുള്ള പ്രദേശങ്ങൾ ജനശൂന്യമായി ഭവിക്കുന്നതും ഞാൻ കാണുന്നു. ആ സർവശക്തനായ ഏകദൈവം ഏറിയകാലം മൗനമവലംബിച്ചു. തന്റെ കൺമുമ്പിൽ നിന്ദ്യമായ പല കർമങ്ങളും ചെയ്യപ്പെട്ടിട്ടും അവൻ അനങ്ങാതിരുന്നു. എന്നാൽ ഇനി അവൻ അത്യന്തം ഭയാനകമായി തന്റെ മുഖം കാണിക്കും. ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ. ആ കാലം വിദൂരമല്ല. ഞാൻ എല്ലാവരെയും ദൈവത്തിന്റെ രക്ഷയിൽ ഒരുമിച്ചുകൂട്ടുവാൻ ആവുന്നതും ശ്രമിച്ചു. എന്നാൽ, നിയതിനിയമം പൂർത്തിയാകേണ്ടത് ആവശ്യമാണല്ലോ. നൂഹിന്റെ കാലം നിങ്ങളുടെ കൺമുന്നിൽ വരും. ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾകൊണ്ട് കാണും. എന്നാൽ ദൈവം ക്രോധം വെളിപ്പെടുത്തുന്നതിൽ സാവധാനിയാകുന്നു. തന്മൂലം നിങ്ങൾ ദൈവകാരുണ്യത്തിന് പാത്രമായിത്തീരുന്നതിന് പശ്ചാത്തപിച്ച് മാനസാന്തരം വരുത്തുവിൻ! ഏതൊരുവൻ ദൈവത്തെ കൈവെടിയുന്നുവോ അവൻ മനുഷ്യനല്ല; വെറും ഒരു കീടമാകുന്നു. ഏവൻ ആ സർവശക്തനെ ഭയപ്പെടുന്നില്ലയോ അവർ മൃതപ്രായനാകുന്നു; ജീവനുള്ളവനല്ല. (ഹഖീഖത്തുൽ വഹ്യ് പേജ് 268-269)

അല്ലാഹു ലോകത്തിന് ബുദ്ധി നൽകട്ടെ. നീചവും അക്രമ പരവുമായ പ്രവർത്തി ചെയ്യുന്നതിൽ നിന്നും അവർ രക്ഷപ്പെടട്ടെ. നമുക്കും നമ്മുടെ ഉത്തരവാധിത്തം നിറവേറ്റാൻ അല്ലാഹു തൗഫീഖ് നൽകട്ടെ.

വിവർത്തനം: **സി.പി. സുൽത്താൻ നസീർ**

# ബ്രിട്ടൻ, ഇബ്നു സഊദ്, വഹ്ഹാബിസം

ഡോ: അബ്ദുല്ലാ മുഹമ്മദ് സിന്ധി

വഹാബി–ഇബ്നു സഊദ് കുടുംബം മുസ്‌ലിം ലോകത്തോട് ചെയ്ത വഞ്ചനകളും അവരുടെ അവിശുദ്ധ ബ്രിട്ടീഷ് ബാന്ധവവും ലേഖകൻ തുറന്നു കാട്ടുന്നു.സഊദിയിൽ കിങ്ങ് അബ്ദുൾ അസീസ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറായിരുന്നു ലേഖകൻ. കാലിഫോർണിയാ യൂണിവേഴ്സിറ്റിയടക്കം അമേരിക്കയിലെ നിരവധി യുണിവേഴ്സിറ്റികളിൽ അധ്യാപകനായിരുന്നിട്ടുണ്ട്. അൽ മശ്രിക്ക് അൽ ആമിർ സെന്റർ ഫോർ കൾച്ചറൽ ഡവലപ്മെന്റ് സ്റ്റഡീസും (റാമല്ല, അധിനിവിഷ്ഠ ഫലസ്തീൻ) ഫലസ്തീൻ റിസർച്ച് ആന്റ് പബ്ളിഷിങ്ങ് ഫൗണ്ടേഷനും (അമേരിക്ക) ചേർന്നു നടത്തുന്ന പ്രസിദ്ധീകരണമായ കനാൻ ഇലക്ട്രോണിക്ക് ബുള്ളറ്റിനിൽ വന്ന (16 ജനുവരി 2004) ലേഖനം.

**മു**സ്‌ലിം വിഭാഗങ്ങളിൽ വെച്ച് ഏറ്റവും പിന്തിരിപ്പനും സങ്കുചിതവുമായ കക്ഷികളിൽപെട്ട ഒരു വിഭാഗമാണ് വഹാബി വിഭാഗം. വിശുദ്ധ ഖുർആനാണ് തങ്ങളുടെ ഭരണഘടനയെന്ന് പറയുന്ന സഊദി അറേബ്യയുടെ പ്രബലമായ ഔദ്യോഗിക ആശയമാണ് വഹാബിസം. വഹാബിസവും സഊദി അറേബ്യയും ജന്മം തൊട്ടേ പരസ്പരം ബന്ധിതമാണ്. വഹാബിസം സഊദി രാജഭരണത്തെ സൃഷ്ടിക്കുകയും സഊദി കുടുബം വഹാബിസം പ്രചരിപ്പിക്കുകയും ചെയ്തു. ഒന്നിന് മറ്റൊന്നിനെ കൂടാതെ നിലനിൽപ്പില്ല. സഊദി കുടുംബത്തിന് അംഗീകാരം നൽകിയത് വഹാബിസമാണ്. പകരം വഹാബിസത്തിന്റെ സംരക്ഷണവും പ്രചാരണവും സഊദി ഭരണകൂടവും നിർവഹിക്കുന്നു. അതുകൊണ്ട് അവ രണ്ടും അവിഭാജ്യവും പരസ്പര ബന്ധിതവുമാണ്.

മറ്റു മുസ്‌ലിം രാജ്യങ്ങളിലേത് പോലെയല്ല സഊദി അറേബ്യ. അവർ സ്ത്രീകളെ മൂന്നാം കിട പൗരന്മാരായാണ് കരുതുന്നത്. അവരുടെ മേൽ നിർബന്ധപൂർവം നിയമങ്ങൾ അടിച്ചേൽപ്പിക്കുന്നു. സ്വമേധയാ മുഖം മറക്കുന്നതിന് പകരം ചിലയിടങ്ങളിൽ മുഖം മറക്കാൻ സ്ത്രീകളെ നിർബന്ധിക്കുന്നു. അടിസ്ഥാന മനുഷ്യാവകാശങ്ങൾ നിഷേധിക്കുന്നു. രാജ്യത്ത് സ്വതന്ത്രമായി സഞ്ചരിക്കാൻ അനുവദിക്കില്ല. സ്ത്രീകൾക്ക് കാർ ഡ്രൈവിങ്ങിനുള്ള ലൈസൻസ് നൽകാത്ത രാജ്യമാണ് സഊദി. കുറച്ച് വർഷങ്ങൾക്ക് മുമ്പ് വരെ സ്ത്രീകളെ ടി.വിയും റേഡിയോയും കേൾക്കാൻ സഊദി ഭരണകൂടം അനുവദിച്ചിരുന്നില്ല.

മറ്റു മുസ്‌ലിം രാജ്യങ്ങളിൽ നിന്ന് വിഭിന്നമായി മൗലൂദ്(നബി(സ)യുടെ ജന്മദിനാഘോഷം) നിരോധിച്ച രാജ്യമാണ് സഊദി അറേബ്യ. അവിടെ മത സ്വാതന്ത്ര്യമില്ല. രാഷ്ട്രീയമായ അഭിപ്രായ പ്രകടനത്തെ എതിർക്കുന്നു. നിരന്തരമായി സഊദി ഭരണ നേതാക്കന്മാരെ അനുസരിക്കാൻ ഭരണകൂടം താക്കീത് ചെയ്തു കൊണ്ടിരിക്കുന്നു.

അവരാകട്ടെ തെരഞ്ഞെടുക്കപ്പെട്ടവർ പോലുമല്ല. കലാ പ്രദർശനങ്ങൾ സഊദിയിൽ നിരോധിക്കുന്നു. പൊതുജനങ്ങളെയും ബിസിനസ്സ് സ്ഥാപനങ്ങളെയും ആരാധനക്കായിനിർബന്ധിക്കുന്നു. ഇസ്‌ലാമിക നിയമമെന്ന പേരിൽ പൊതുജനങ്ങളെ കഠിനമായി ശിക്ഷിക്കുന്നു. തല വെട്ടൽ, കള്ളന്മാരുടെ കൈവെട്ടൽ എന്നീ കഠിനമായ ശിക്ഷാ സമ്പ്രദായങ്ങൾ നിർബാധം നടക്കുന്നു. അമുസ്‌ലിംകൾക്ക് സഊദി പൗരത്വം നൽകാറില്ല. 1960 വരെ അടിമത്തം അവിടെ നിലനിന്നിരുന്നു. വഹാബിസം പുകവലിക്കും പാട്ടിനും നൃത്തത്തിനും നിരോധ മേർപ്പെടുത്തിയിട്ടുണ്ട്. ധാർമികത പ്രചരിപ്പിക്കാനും തിന്മ തടയാനുമുള്ള കമ്മിറ്റി തങ്ങളുടെ മത പോലീസുമായി പൊതുജനത്തിനെതിരെ സദാ ജാഗരൂഗരായി വീക്ഷിച്ചു കൊണ്ടിരിക്കുകയാണ്.

വഹാബിസം എന്നത് ശിയാഇസം പോലെയോ സൂഫിസം പോലെയോ അല്ല. അത് തീവ്രമായി സ്വയം കേന്ദ്രിതവും കടുത്ത അസഹിഷ്ണുത പുലർത്തുകയും ചെയ്യുന്ന ഒരു ഉൽപ്പതിഷ്ണു പ്രസ്ഥാനമാണ്. അത് അറബ് ദേശീയതയെ വെറുക്കുന്നു. പക്ഷേ സഊദി ദേശീയതയെ പോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഏതൊരു ദേശീയ വാദമാകട്ടെ അത് ഇസ്‌ലാമിക ഉമ്മത്ത് എന്ന സങ്കൽപ്പത്തിന്റെ നിഷേധമാണ്. ഇസ്‌ലാമിലെ നേരായ മാർഗം തങ്ങളുടെ മതം മാത്രമാണെന്ന് വഹാബിസം കരുതുന്നു. അവരെ എതിർക്കുന്നവരെ അവിശ്വാസികളായും മതത്തിൽ പിഴച്ചവരായും അവർ കരുതുകയും ചെയ്യുന്നു.

### വഹാബിസത്തിന്റെ ജനനം

വഹാബിസം പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ അറേബ്യൻ ഉപഭൂഖണ്ഡത്തിലെ നജ്ദ് പ്രവിശ്യയിലെ മദ്ധ്യഭാഗത്ത് ഉറങ്ങിക്കിടന്നിരുന്ന 'ദിരിയ്യാ'എന്ന ഗ്രാമത്തിലാണ് പിറന്നുവീണത്. വഹാബി വിഭാഗത്തിന് ആ പേര് ലഭിച്ചത് അതിന്റെ സ്ഥാപകനായ മുഹമ്മദ്ബ്നു അബ്ദിൽ വഹാബി (1703-92)ന്റെ പേരിൽ നിന്നാണ്. നജ്ദ് പ്രവിശ്യയിലെ ഒരു മരുഭൂമി ഗ്രാമത്തിലാണ് അബ്ദിൽ വഹാബ് ജനിച്ചത്. ഇരുപതോളം വിവാഹങ്ങൾ കഴിച്ച വഹാബ് ഒരേ സമയം നാല് ഭാര്യമാരെ വച്ചിരുന്നില്ല. ഈ വിവാഹങ്ങളിലെല്ലാമായി പതിനെട്ട് കുട്ടികളും അദ്ദേഹത്തിനുണ്ടായിരുന്നു. തീവ്രമായ മത പ്രചാരകനായി തീരുന്നതിന് മുമ്പ് അബ്ദിൽ വഹാബ് വ്യാപകമായി വർഷങ്ങളോളം കച്ചവടാവശ്യങ്ങൾക്ക് വേണ്ടിയും വിനോദത്തിന് വേണ്ടിയും വിദ്യാഭ്യാസത്തിന് വേണ്ടിയും ഈജിപ്ത്, സിറിയ, ഇറാഖ്, ഇറാൻ ഇന്ത്യ എന്നിവിടങ്ങളിലേക്ക് നിരന്തരം

സഞ്ചരിച്ചിരുന്നു.

മുഹമ്മദ് ബിനു അബ്ദിൽ വഹാബ് വഹാബിസത്തിന്റെ പിതാവ് എന്നാണ് അറിയപ്പെടുന്നത്. യഥാർഥത്തിൽ അദ്ദേഹത്തിന്റെ മനസ്സിൽ താൻ പിന്നീട് സ്വീകരിച്ച നവീന ആശയങ്ങൾ കുത്തി വെച്ചത് ബ്രിട്ടീഷുകാരായിരുന്നു. കാരണം അവർക്ക് തങ്ങളുടെ ചില നിക്ഷിപ്ത താൽപര്യങ്ങൾ ഉണ്ടായിരുന്നു. ഉഥ്മാനിയാ ഖിലാഫത്തിനെ ഉന്മൂലനം ചെയ്യുകയും ഇസ്‌ലാമിനെ നശിപ്പിക്കുക യും ചെയ്യുകയുമായിരുന്നു അവരുടെ ലക്ഷ്യം. ഈ ബ്രിട്ടീഷ് ഗൂഢാലോച നയുടെ എല്ലാ വശവും വിശദീകരിക്കുക എന്നത് ഈ ലേഖനത്തിന്റെ ഉദ്ദേശ്യമല്ല. അതെല്ലാം അവരുടെ മുഖ്യ ചാരന്റെ Confession of a British Spy എന്ന ഓർമ ക്കുറിപ്പിൽ കാണാം. താഴെ കാണുന്ന രണ്ട് ഖണ്ഡികകളിലെ ഉള്ളടക്കം ആ പുസ്തകത്തിൽ നിന്നെടുത്ത രണ്ട് ഉദ്ധരണികളെ ആസ്പദമാക്കിയുള്ള താണ്.[2]

ഇറാഖിലെ ബസറയിലായിരിക്കു മ്പോൾ ഇബ്നു അബ്ദിൽ വഹാബ് ഹംഫർ എന്ന് വിളിക്കപ്പെടുന്ന ബ്രിട്ടീഷ് ചാരന്റെ സ്വാധീനത്തിൽ വീണു. ഉഥ്മാനിയ്യാ സാമ്രാജ്യം തകർക്കാൻവേണ്ടി മുസ്‌ലിം രാജ്യങ്ങളിലേക്ക് ബ്രിട്ടീഷുകാരയച്ച നിരവധി ചാരന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. ഹംഫർ എന്ന വ്യാജ പേരിൽ അറിയ പ്പെട്ട ബ്രിട്ടീഷ് ചാരൻ 'മുഹമ്മദ്' എന്ന മുസ്‌ലിം നാമം സ്വീകരിക്കുകയും വളരെ സമർഥമായി മുഹമ്മദ് ബ്നു അബ്ദിൽ വഹാബുമായി അടുത്ത ബന്ധം സ്ഥാപിക്കുകയും ചെയ്തു, ഹംഫർ അബ്ദിൽ വഹാബിന് പണവും സമ്മാനങ്ങളും വാരിക്കോരി നൽകുകയു ണ്ടായി. മിക്ക മുസ്‌ലിംകളും അവർ ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ അപകടകരമാംവിധം ലംഘിച്ച് അവിശ്വാ സികളും ദൈവത്തിൽ പങ്കു ചേർക്കുന്ന വരുമായി തീർന്നിരിക്കുന്നു, അതിനാൽ അവരിൽ മിക്കവരെയും കൊന്നൊടുക്ക ണമെന്ന് ധരിപ്പിച്ച ഹംഫർ വഹാബിനെ മസ്തിഷ്ക്ക പ്രക്ഷാളനം ചെയ്യുക യായിരുന്നു. ഹംഫർ താൻ കണ്ടെന്ന് പറഞ്ഞ ഒരു വ്യാജ സ്വപ്നം അബ്ദിൽ വഹാബിൽ കുത്തിവെക്കുകയുണ്ടായി. ഹംഫറിന്റെ ആ സ്വപ്നത്തിൽ പ്രവാച കൻ മുഹമ്മദ് നബി(സ) അബ്ദിൽ വഹാബിന്റെ രണ്ടു നയനങ്ങൾക്കിടയിൽ ചുംബിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞു:'താങ്കൾ വളരെ മഹാനാണ്. ഇസ്‌ലാമിനെ ദൈവത്തിൽ പങ്ക് ചേർ ക്കുന്നവരിൽ നിന്നും അന്ധവിശ്വാസങ്ങ ളിൽ നിന്നും രക്ഷിക്കാൻ വേണ്ടി താങ്കൾ എന്റെ അനുയായിയാവണം.' ഹംഫറിൽ നിന്നും ഈ സ്വപ്ന വിവരണം കേട്ടപ്പോൾ അബ്ദിൽ വഹാബ് അത്യധികം ആനന്ദ ത്താൽ മതിമറന്നു. ഹംഫറിൽ നിന്നും ഇത് കേട്ടപ്പോൾ ഇസ്‌ലാമിനെ ശുദ്ധീ കരിക്കാനും നവീകരിക്കാനുമുള്ള ഉത്തരവാദിത്ത്വമേറ്റെടുത്തു കൊണ്ട് ഒരു വിഭാഗത്തെ താൻ സംഘടിപ്പിക്കുമെന്ന ഉറച്ച തീരുമാനം അദ്ദേഹം എടുക്കുക യായിരുന്നു.

ഹംഫർ തന്റെ ഓർമക്കുറിപ്പിൽ അബ്ദിൽ വഹാബിനെക്കുറിച്ച് വിവരിക്കു ന്നത് അദ്ദേഹം അത്യന്തം ചഞ്ചലചിത്ത നും പ്രാകൃതനും ധാർമികമായി അധപതിച്ചവനും ഞരമ്പ് രോഗിയും അഹങ്കാരിയും അജ്ഞാനിയുമായി രുന്നു. ബ്രിട്ടീഷുകാർ ഇബ്നു വഹാബിനെ ഒരു പ്രത്യേക വിഡ്ഢിയാ യിട്ടായിരുന്നു കണ്ടിരുന്നത്. രണ്ട് ചാരന്മാരായ ബ്രിട്ടീഷ് വനിതകളെ 'മുത്ത്അ വിവാഹം' (ലൈംഗികാവശ്യ ത്തിന് വേണ്ടി മാത്രമായുള്ള താൽക്കാ ലിക വിവാഹം) ചെയ്യുകയുണ്ടായി. ഒന്നാമത്തെ സ്ത്രീ സഫിയ എന്ന് പേര് മാറ്റിയ ക്രിസ്ത്യൻ വനിതയായിരുന്നു. അവരാണ് ബസ്റ യിലും ഇറാനിലെ ഇസ്ഫഹാനിയിലും വഹാബിനോടൊപ്പം താമസിച്ചിരുന്നത്. മറ്റേ സ്ത്രീ ഇറാനിലെ ഷിറാസിൽ വെച്ച് വിവാഹം ചെയ്ത യഹൂദ സ്ത്രീയുമായി രുന്നു. അവർ ആസ്യ എന്ന പേരായിരു ന്നു സ്വീകരിച്ചിരുന്നത്. .

## ആദ്യത്തെ വഹ്ഹാബി രാഷ്ട്രം (1744 – 1818)

സുദീർഘമായ യാത്രകൾ മതിയാക്കി നജ്ദിലേക്ക് മടങ്ങിയ ഇബ്നു വഹാബ് ഉയാനയിൽ വന്യമായ ആശയങ്ങൾ പ്രബോധിക്കാൻ തുടങ്ങി. തന്റെ സങ്കുചിതമായ ഈ പ്രബോധനം മൂലം അദ്ദേഹം ജന്മനാട്ടിൽ നിന്നും പുറത്താക്ക പ്പെട്ടു. പിന്നീട് അടുത്തുള്ള ദിരിയ്യായിൽ കേന്ദ്രീകരിച്ചാണ് പ്രചാരണ പ്ര വർത്തന ങ്ങൾ നടത്തിയത്. അവിടെ വെച്ച് ഇബ്നു വഹാബിന്റെ അടുത്ത സുഹൃത്ത് ഹംഫറും വേഷ പ്രച്ഛന്നരായ ബ്രിട്ടീഷ് ചാരന്മാരും അദ്ദേഹത്തോടൊപ്പം ചേരുകയുണ്ടായി. പുരുഷന്മാരെ മുടികാട്ടി ആകർഷിക്കാതിരിക്കാൻ സ്ത്രീകൾ അവരുടെ തല മൊട്ടയടിക്കണമെന്ന് വഹാബ് കൽപ്പനയിറക്കി.[3] അവിടെ പ്രാദേശികമായ ഒരു വേശ്യയെ യാതൊരു ദയാദാക്ഷിണ്യവും കൂടാതെ വലിയ കല്ല് കൊണ്ട് എറിഞ്ഞുകൊന്നു[5]. ഇസ്‌ലാമിക നിയമ പ്രകാരം ചെറിയ കല്ല് കൊണ്ടാണ് എറിയേണ്ടത്. അത് തന്നെ യഥാർഥ ത്തിൽ കൊല്ലണമെന്ന ഉദ്ദേശത്തോടെയല്ല എറിയാൻ വിധിച്ചിട്ടുള്ളത് എന്ന് മുസ്‌ലിം പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ മുണ്ട്. ഇബ്നു വഹാബിന്റെ ആശയ ങ്ങളെ അദ്ദേഹത്തിന്റെ പിതാവും സഹോദരൻ സുലൈമാനും എതിർക്കുക യുണ്ടായി. അവർ ഇരുവരും മതപണ്ഡിത ന്മാരായിരുന്നു. ബ്രിട്ടീഷ്ചാരന്മാർ തങ്ങളുടെ ധനസ്വാധീനം കൊണ്ട് യാതൊരു പ്രാധാന്യവുമില്ലാത്ത ദിരിയ്യാ യിലെ ഒരു ചെറിയ ശൈഖായിരുന്ന മുഹമ്മദ് അൽ സഊദിനെ സ്വാധീനി ക്കുകയും ഇബ്നു വഹാബിനെ പിന്തുണക്കാൻ ആവശ്യപ്പെടുകയും ചെയ്തു.[5] ഇബ്നു സഊദ് 1744ൽ അബ്ദിൽ വഹ്ഹാബുമായി രാഷ്ട്രീയവും മതപരവും സൈനികവുമായ ഒരു അവിശുദ്ധ സഖ്യമുണ്ടാക്കി. അവരുടെ പരസ്പരമുള്ള ഈ കൂട്ടു സംരംഭത്തിൽ അൽ സഊദിന്റെ കുംബത്തലവൻ വഹ്ഹാബി ഇമാമായി അവരോധിത നാവുകയും ഇബ്നു വഹ്ഹാബിന്റെ കുടുംബം മതപരമായ വ്യാഖ്യാനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തു.

മത വൈജ്ഞാനികപരമായ സംവാദ ത്തിലൂടെയോ ഉദ്ബോധനങ്ങളിലൂടെയോ അല്ലാത്ത വെറും രക്തച്ചൊരിച്ചിലും കലാപവും ഭീകര പ്രവർത്തനവും മുഖേനയാണ് വഹാബിസം അറേബ്യൻ ഉപഭൂഖണ്ഡത്തിൽ പ്രചരിച്ചത്. 1744 ലെ ഇബ്നു സഊദ് /വഹാബി സഖ്യത്തിന്റെ ഫലമായി ഒരു ചെറിയ ബദവി പട്ടാളം രൂപീകരക്കപ്പെട്ടു. ബ്രിട്ടീഷ് ചാരന്മാരുടെ പൂർണ സഹായവും അവർക്കുണ്ടായി രുന്നു. പണവും ആയുധവും ബ്രിട്ടീഷു കാരായിരുന്നു അവർക്ക് നൽകിയിരു ന്നത്.[6] ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ പട്ടാളം അറേബ്യൻ ഉപഭൂഖണ്ഡ ത്തിൽ വലിയൊരു വിപത്തായി മാറി. ഡമാസ്ക്കസ് വരെ മുഴുവൻ അറേ ബ്യയും ഭീകരതയുടെ കൂത്തരങ്ങായി മാറി. ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും വലിയ കുഴപ്പങ്ങളിലൊന്നാ (ഫിത്ന) യിരുന്നു ഇത്. ഈ പട്ടാളത്തിന് അറേബ്യ മുഴുവൻ കീഴടക്കി ഏളുപ്പത്തിൽ ഒരു വഹാബി രാഷ്ട്രം സ്ഥാപിക്കാൻ കഴിഞ്ഞു.

മുസ്‌ലിംകൾ ശിർക്ക് (ദൈവത്തിൽ പങ്കു ചേർക്കൽ) ചെയ്യുന്നവരാണെന്ന് പറഞ്ഞു കൊണ്ട് സഊദി- വഹ്ഹാബികൾ യുദ്ധം ചെയ്ത് മുഴുവൻ മുസ്‌ലിം ലോകത്തെയും ഞെട്ടിപ്പിച്ചു. 1801 ൽ ശിയാക്കളുടെ പവിത്ര സ്ഥലവും പ്രവാചകന്റെ പ്രിയപ്പെട്ട പൗത്രൻ ശഹീദ്

ഹുസൈൻബ്നു അലി (റ) യുടെ കർബലയി ലെ പരിശുദ്ധ മഖ്ബറ നശിപ്പിക്കുകയും അതിനെ അപമാനിക്കുകയും ചെയ്തു. കർബലയിൽ അവർ 4000 ആളുകളെ നിർദയം വധിക്കുകയുണ്ടായി. കൈയിൽ കിട്ടിയതെല്ലാം സഊദി വഹ്ഹാബികൾ കട്ടു കൊണ്ടു പോകുകയും 4000 ഒട്ടകങ്ങളെ കൊള്ളയടിക്കുകയും ചെയ്തു.7 വീണ്ടും 1810 ൽ അവർ അറേബ്യൻ പെനിസുലയിലെ നിരപരാധികളായ നിരവധിപേരെ കൊന്നൊടുക്കി. നിരവധി ഹജ്ജ് യാത്രികരെയും കച്ചവട സംഘങ്ങളെയും മക്കയും മദീനയുമടക്കം ഹിജാസിലെ ചില വലിയ പട്ടണങ്ങളും അവർ കൊള്ളയടിക്കുകയും ചെയ്തു.

മക്കയിൽ ഹജ്ജ് യാത്രികർക്കെതിരെ സൈന്യത്തെ അയക്കുകയുണ്ടായി. അദ്ദേഹം സഊദി-വഹാബിയ്യത്തിനെ നിലം പരിശാക്കുകയും അവരുടെ ദിരിയ്യായിലെ തലസ്ഥാനം മരുഭൂമിയിൽ കുഴിച്ചുമൂടുകയും ചെയ്തു. വഹാബി ഇമാം അബ് ദുല്ലാഹ് അൽ സഊദിനെയും രണ്ട് അനുയായികളെയും ചങ്ങലകളിൽ ബന്ധിച്ച് ഉഥ്മാനിയ്യാ ഖിലാഫത്തിന്റെ തലസ്ഥാനമായ ഇസ്താംബൂളിലേക്ക് കൊണ്ടുവരികയും അവിടെ പൊതുജന മദ്ധ്യത്തിൽ വെച്ച് തല വെട്ടിക്കൊല്ലുകയും ചെയ്തു. ബാക്കി വരുന്ന സഊദി-വഹ്ഹാബികളെ കൈറോവിൽ ജയിലിലടക്കുകയും ചെയ്തു.

**രണ്ടാം വഹാബി– സഊദി രാഷ്ട്രം (1843–1891)**



അബ്ദുൽ അസീസ് ഇബ്നു സൗദ്



ഫൈസൽ രാജാവ്

യാണ് അവർ തിരിഞ്ഞത്. മദീനയിൽ അവർ പരിശുദ്ധ പ്രവാചക ന്റെ കബറിടം പങ്കിലമാക്കുകയും വിശുദ്ധ റൗള തുറന്ന് അതിലുള്ള വളരെ വില പിടിപ്പുള്ള രത്നങ്ങളും സ്വർണങ്ങളും എടുത്ത് വിൽക്കുകയും വിതരണം ചെയ്യുകയും ചെയ്തു.

ഈ വഹാബി സഊദി ഭീകര പ്രവർത്തനവും മതനിന്ദാപരമായ ചെയ്തികളും ഇസ്താംബൂളിലെ ഉഥ്മാനിയ്യാ ഖലീഫയടക്കം മുസ്ലിം ലോകത്ത് നിന്നും തീവ്രമായ ജനരോഷം ഉയർത്തി. ഇസ്ലാമിലെ വിശുദ്ധ ദേവലയങ്ങളുടെ സംരക്ഷകൻ എന്ന നിലയിലും അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ ഔദ്യേഗിക ഭരണാധികാരി എന്ന നിലയിലും ഖലീഫാ മഹ്മൂദ് രണ്ടാമൻ സഊദി-വഹാബി പരിഷകളെ ശിക്ഷിക്കാൻ ഈജിപ്ഷ്യൻ ഭരണാധികാരിയുടെ മകൻ ഇബ്റാഹിം പാഷയുടെ നേതൃത്വത്തിൽ 1818 ൽ ഒരു ഈജിപ്ഷ്യൻ

1818 ൽ മതഭ്രാന്തന്മാരും കലാപകാരികളുമായ സഊദി-വഹാബികളെ തുർക്കി ഖിലാഫത്ത് നശിപ്പി ച്ചെങ്കിലും ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ സഹായത്തോടെ അവർ വീണ്ടും ഉയിർത്തെഴുന്നേറ്റു. തു ർക്കിയിൽ വെച്ച് അബ്ദുല്ലാഹ് അൽ സഊദിനെ വധിച്ചശേഷം ബാക്കിയായ വഹാബികൾ അവരുടെ അറബ് മുസ്ലിം സഹോദരന്മാരെ ശത്രുക്കളായും ബ്രിട്ടീഷ് പാശ്ചാത്യരെ അവരുടെ യഥാർഥ മിത്രങ്ങളായും കണ്ടു. തുടർന്ന് ബ്രിട്ടൻ 1820 ൽ ബഹ്റൈൻ കോളനിയാക്കി. പിന്നീട് ബ്രിട്ടൻ അവരുടെ കോളനികൾ വിസ്തൃതമാക്കി. ഇബ്നു സഊദിന്റെ വഹാബി കുടുംബം ഇതൊരു അവസരമായി കരുതി സഹായവും സംരക്ഷണവും തേടി ബ്രിട്ടീഷുകാരെ സമീപിച്ചു.

1843 ൽ വഹാബി ഇമാം ഫൈസൽ ഇബ്നു തുർക്കി അൽ സഊദ് കൈറോവിലെ തടങ്കൽ പാളയത്തിൽ നിന്നും രക്ഷപ്പെട്ട് നജ്ദ് പട്ടണമായ റിയാദിൽ വന്നു. പിന്നീട് ഇമാം ഫൈസൽ ബ്രിട്ടീഷുകാരുമായി നിരന്തരം ബന്ധപ്പെട്ടു. 1848 ൽ ബുഷീർ എന്ന പേർഷ്യൻ പട്ടണത്തിലെ ബ്രിട്ടീഷ് പൊളിറ്റിക്കൽ റസിഡന്റിനെ പോയിക്കാണുകയും ട്രൂഷ്യൽ ഒമാനിലെ തന്റെ പ്രാതിനിധ്യം അംഗീകരിക്കണമെന്ന് അഭ്യർഥിക്കുകയും ചെയ്തു. 1851 ൽ ഫൈസൽ ബ്രിട്ടീഷുകാരോട് സഹായവും സംരക്ഷണവും ആവശ്യപ്പെട്ടു.[8] അതിന്റെ ഫലമായി 1865 ൽ ഇബ്നു സഊദിന്റെ കുടുംബവുമായി ഒരു ഔദ്യോഗിക കാരാറുണ്ടാക്കുവാൻ കേണൽ ലൂയീസ് പെല്ലിയെ റിയാദിലേക്കയച്ചു. ഇബ്നു സഊദിന്റെ വഹാബി മതഭ്രാന്തും ഭീകരതയും പെല്ലിയെ ഹഠാതാകർഷിച്ചു. ഇമാം ഫൈസൽ അവരോട് പറഞ്ഞത് രാഷ്ട്രീയ യുദ്ധവും മതയുദ്ധവും തമ്മിലുള്ള വ്യത്യാസം രണ്ടാമത് പറഞ്ഞതിൽ അതായത് മതയുദ്ധത്തിൽ ഞങ്ങൾക്ക് ആരെ കൊല്ലുന്നതിലും യാതൊരു വീട്ടു വീഴ്ച്ചയുമുണ്ടാകില്ല, എന്നാണ്.

1866ൽ ഈബ്നു സഊദിന്റെ വഹാബി കുടുബം വഞ്ചനാപരമായി ബ്രിട്ടണുമായി ഒരു സൗഹൃദക്കരാർ ഒപ്പു വെച്ചു. മുസ്ലിം ലോകത്ത് അവർ കാട്ടിക്കൂട്ടിയ കോളോണിയൽ മർദനങ്ങൾ കാരണം മുസ്ലിം ലോകം ബ്രിട്ടീഷുകാരെ വെറുത്തിരുന്നു. അറേബ്യൻ ഗൾഫിലെ മറ്റ് രാജ്യങ്ങളിലെ പാവ ഭരണകൂടങ്ങളുമായി ഇത്തരത്തിൽ യാതൊരു വിധ തത്ത്വ ദീക്ഷയുമില്ലാത്ത കുപ്രസിദ്ധമായ കരാറുകളായിരുന്നു ഒപ്പുവെച്ചത്. ബ്രിട്ടീഷുകാരെ സഹായിക്കുന്നതിന് പകരമായി പണവും ആയുധങ്ങളും ഇബ്നു സഊദിന്റെ കുടംബത്തിന് തരാമെന്ന് ബ്രിട്ടീഷ് കൊളോണിയൽ യജമാനന്മാരും പറഞ്ഞു.

ഇസ്ലാമിന്റെയും അറബികളുടെയും ശത്രുവായ ബ്രിട്ടീഷുകാരുമായി ഇബ്നു സഊദിന്റെ കുടുംബവുമായുണ്ടാക്കിയ ഈ വഞ്ചനാ പൂർണമായ ബാന്ധവം അറേബ്യൻ ഉപഭൂഖണ്ഡത്തിൽ അകത്തും പുറത്തും അറബികൾക്കിടയിലും മുസ്ലിംകൾക്കിടയിലും വമ്പിച്ച എതിർപ്പ് ക്ഷണിച്ചു വരുത്തി. ഇബ്നു സഊദ് കുടുംബത്തോട് ഏറ്റവും പകയുണ്ടായിരുന്നത് മദ്ധ്യ അറേബ്യയിലെ ഹൈലിൽ താമസിച്ചിരുന്ന രണശൂരരും അത്മാഭിമാനികളുമായ അൽ റഷീദ് ഗോത്രമായിരുന്നു. 1891 ൽ തുർക്കി ഖിലാഫത്തിന്റെ സഹായ

ത്തോടെ അൽ റഷീദ് റിയാദ് ആക്രമി ക്കുകയും സഊദി-വഹാബി കുടുംബ ങ്ങളെ നശിപ്പിക്കുകയും ചെയ്തു. പക്ഷേ ഇബ്നു സഊദിന്റെ കുടുംബാംഗങ്ങളിൽ ചിലർ എങ്ങനെയോ രക്ഷപ്പെട്ടു. അതിൽ ഇമാം അബ്ദുർറഹ്മാൻ അൽ സഊദും അദ്ദേഹത്തിന്റെ ബാലനായ മകൻ അബ്ദുൽ അസീസും ഉണ്ടായിരുന്നു. അവരിരുവരും ബ്രിട്ടീഷ് നിയന്ത്രണ ത്തിലായിരുന്ന കുവൈത്തിലേക്ക് അഭയവും സഹായയവും തേടി പോയി.

## മൂന്നാം സഊദി–വഹാബി രാഷ്ട്രം (സഊദി അറേബ്യ) 1902

കുവൈത്തിൽ തങ്ങളുടെ ബ്രിട്ടീഷ് യജമാനൻ മാരോട് റിയാദ് പിടിച്ചടക്കാൻ പണത്തിനും ആയുധത്തിനും വഹാബി ഇമാം അബ്ദുർറഹ്മാനും അദ്ദേഹത്തിന്റെ മകൻ അബ്ദുൽ അസീസും നിരന്തരം അഭ്യർഥിച്ചു കൊണ്ടിരുന്നു. 1800 അവസാന മാവുമ്പോഴേക്കും വൃദ്ധനും രോഗിയുമായ അബ്ദു ർറഹ്മാൻ ഇബ്നു സഊദിന്റെ നേതൃത്വം മകനായ അബ്ദുൽ അസീസിന് കൈമാറാൻ നിർബന്ധിതനായി. അന്നു മുതൽ അബ്ദുൽ അസീസ് പുതിയ ഇമാമായി അറേബ്യൻ ഉപഭൂഖണ്ഡത്തിൽ ബ്രിട്ടന്റെ കൊളോണിയൽ തന്ത്രങ്ങളുടെ ഭാഗമായി ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ മുസ്‌ലിംകളുടെ ഉഥ്മാനിയാ സാമ്രാജ്യ ത്തിനും നജ്ദിലെ അവരുടെ സഖ്യക ക്ഷിയായ അൽ റഷീദ് ഗോത്രത്തിന്റെയും സമ്പൂർണ തകർച്ചക്ക് ആക്കംകൂട്ടി. ബ്രിട്ടീഷുകാർ വേഗത്തിൽ തന്നെ പുതിയ വഹാബി ഇമാം അബ്ദുൽ അസീസിന് പിന്തുണ നൽകി. ബ്രിട്ടീഷ്കാർ അവരുടെ പണവും ആയുധങ്ങളും ഉപയോഗിച്ചു കൊണ്ട് അബ്ദുൽ അസീസ് 1902 ൽ റിയാദ് കീഴടക്കി. റിയാദ് കീഴടക്കിയതിന് ശേഷം അദ്ദേഹം ചെയ്ത കിരാത കൃത്യം അൽ റഷീദിന്റെ വൃദ്ധനായ ഭരണ തലവന്റെ വധമായിരുന്നു. അബ്ദുൽ അസീസും അദ്ദേഹത്തിന്റെ മത ഭ്രാന്തരായ അനു യായികളും ചേർന്ന് ആയിരത്തി ഇരു നൂറോളം പേരെ ചുട്ടു കൊല്ലുകയും ചെയ്തു[10]

പാശ്ചാത്യ ദേശത്ത് ഇബ്നു സഊദ് എന്നറിയപ്പെട്ടിരുന്ന വഹാബി ഇമാം അബ്ദുൽ അസീസിനെ അദ്ദേഹത്തിന്റെ ബ്രിട്ടീഷ് യജമാനന്മാർ വളരെ സ്നേഹി ച്ചു. ധാരാളം ബ്രിട്ടീഷ് നയതന്ത്ര ജ്ഞന്മാരും ഉദ്യോഗസ്ഥന്മാരും അറബ് ഗൾഫ് പ്രദേശത്ത് വന്ന് അബ്ദുൽ അസീസുമായി നിരന്തരം സമ്പർക്കം പുലർത്തി പോന്നു. അവർക്ക് നിർലോഭം പണവും ആയുധങ്ങളും ഉപദേശങ്ങളും



ഹംഫർ



ഇബ്നു ബാസ്

ബ്രിട്ടീഷുകാർ നൽകി. സരർ പെഗ്സി കോക്സ്, ക്യാപ്റ്റൻ പ്രിഡ്യൂക്സ്, ക്യാപ്റ്റൻ ഷേക്സ്പിയർ, ജെർറ്റൂഡ് ബെൽ, ഹാരി സെയ്ന്റ് ജോണ് പിൽബി (അബ്ദുല്ല എന്ന വ്യാജ പേർ) മുതലായ ബ്രിട്ടീഷ് ഓഫീസർമാർ സദാ സമയവും ഇമാം അബ്ദുൽ അസീസിന് സർവ വിധസഹായങ്ങളും നൽകാനായി സദാ വലയം ചെയ്തു നിന്നിരുന്നു. ബ്രിട്ടീഷ്കാരുടെ പണവും ആയുധവും ഉപദേശവും ലഭിച്ച അബ്ദുൽ അസീസ് ക്രമേണ ഏത് നെറികെട്ട മാർഗവും അവലംബിച്ച് വഹാബിസത്തിന്റെ ബാനറിൽ അറേബ്യൻ ഉപഭൂഖണ്ഡം മുഴുവൻ പിടിച്ചടക്കുകയായിരുന്നു. അങ്ങനെ ഇന്ന് 'സഊദി അറേബ്യ' എന്ന് വിളിക്കപ്പെടുന്ന മൂന്നാം സഊദി – വഹാബി രാഷ്ട്രം രൂപം കൊണ്ടു.

ഇസ്‌ലാമിന്റെ പുണ്യദേശമായ ഹിജാസിൽ സഊദി അറേബ്യ എന്ന വഹാബി രാഷ്ട്രം സൃഷ്ടിക്കാൻ വഹാബി ഇമാം കൂട്ടക്കൊലകൾ നടത്തുകയും റസൂൽ തിരുമേനി(സ)യുടെ നേരിട്ടുള്ള സന്താന പരമ്പരകളിൽപെട്ട മക്ക ഭരണാധികാരി ശരീഫിനെ ക്രൂരമായി പുറത്താക്കുകയും ചെയ്തു. 1919 മെയ് മാസത്തിൽ തുറാബാനിൽ വെച്ച് ഒരു ഒളിയുദ്ധത്തിലൂടെ ഹിജാസ് സൈന്യ ത്തിലെ 6000 ത്തിലധികം ആളുകളെ വധിച്ചുകളയുകയുണ്ടായി. 1924 ൽ മതഭ്രാന്തരായ സഊദി വഹാബികൾ തായിഫിലെ ഹിജാസ് നഗരത്തിൽ ജനങ്ങളുടെ വസതികൾ അതിക്രൂരമായി അക്രമിക്കുകയും അവരെ ഭീഷണിപ്പെടു ത്തുകയും തോക്കു ചൂണ്ടി അവരുടെ ധനം മുഴുവൻ കൊള്ളയടിച്ചു കൊണ്ടു പോകുകയും ചെയ്തു. വൃദ്ധന്മാരു ടെയും ആൺകുട്ടികളെയും ശിരഛേദം നടത്തി, കരഞ്ഞ് നിലവിളിച്ചോടുന്ന സ്ത്രീകളെ നോക്കി വിനോദിക്കുകയും ചെയ്തു. തായിഫിലെ നിരവധി സ്ത്രീകൾ പിന്നാലെ നടക്കാനിരിക്കുന്ന സഊദി വഹാബി സൈന്യത്തിന്റെ ബലാൽസംഗത്തിനും കൂട്ടക്കൊലയിൽ നിന്നും രക്ഷപ്പെടാൻ അവരുടെ കിണറുകളിൽ ഒളിഞ്ഞിരിക്കുകയു ണ്ടായി. പള്ളിയിൽ പ്രാർഥനയിൽ മുഴുകിരിക്കെ നിരവധി ഇമാമുകളെ സഊദി വഹാബികൾ കൊന്നൊടുക്കി. തായിഫിലെ മിക്ക കെട്ടിടങ്ങളും അഗ്നിക്കിരയാക്കി. തെരുവിൽ കണ്ട നിരവധി ആളുകളെ അവർ യാതൊരു വിവേചനവുമില്ലാതെ കൊന്നൊടുക്കി. ഇളക്കി കൊണ്ടു പോകാൻ കഴിയുന്ന സകലതും അവർ കൊള്ള ചെയ്തു കൊണ്ടു പോയി. തായിഫിന്റെ തെരുവിൽ നാനൂറിലധികം പേർ ഉടൻ തന്നെ കശാപ്പ് ചെയ്യപ്പെട്ടു.[11]

വിജയോന്മാദത്തോടെ സഊദി വഹാബികൾ വിശുദ്ധ നഗരത്തിൽ പ്രവേശിച്ചപ്പോൾ പേടിച്ചരണ്ട മക്കാ നിവാസികൾ വീടുകൾക്കുള്ളിൽ ഒളിച്ചിരിക്കുന്നതായി അവർ കണ്ടു. തെരുവുകൾ ജനശൂന്യമായിരുന്നു. ജനലുകളും വാതിലുകളും ഭദ്രമായി മാക്കാ നിവാസികൾ അടച്ചുപൂട്ടി. സഊദി-വഹാബികൾ കിരാതമായ രീതിയിൽ അവരുടെ വീടുകൾ തല്ലിതകർത്തു. പിശാചിന്റെ ഉപകരണ ങ്ങളാണെന്ന് അവർ കരുതിയിരുന്ന എല്ലാ സംഗീതോപകരണങ്ങളും ഗ്രാമ ഫോൺ റിക്കാർഡുകളും, റിക്കാർഡ് പ്ളെയറുകളും, റേഡിയോ, സിഗരറ്റ്, പുകയില, പുകയില പൈപ്പുകൾ, ചിത്രങ്ങൾ, കണ്ണാടികൾ മുതലായവയും നശിപ്പിച്ചു. പ്രാകൃതരായ ഈ അക്രമികൾ മക്കക്കാരുടെ വീടുകളുടെ മരം കൊണ്ടു ണ്ടാക്കിയ ചട്ടക്കൂടെല്ലാം പാചകം ചെയ്യാനുള്ള വിറകായി ഉപയോഗിച്ചു. ദൈവത്തിന്റെ പട്ടാളക്കാരായ വഹാബി

കൾ പാശ്ചാത്യ വസ്ത്രങ്ങൾ, സ്വർണം, സുഗന്ധദ്രവ്യങ്ങൾ, പട്ട്വസ്ത്രങ്ങൾ മുതലായവയെല്ലാം നശിപ്പിച്ചു. മിക്കവാറും എല്ലാ ഖബർസ്ഥാനുകളുടെ പവിത്രതയേയും അവർ നശിപ്പിച്ചു. നൂറ്റാണ്ടുകളോളമായി ഇസ്‌ലാമിക ചരിത്രത്തിലെ സുവർണ മുദ്രകളുടെ അടയാളമായി നിന്നിരുന്ന വിശുദ്ധ നഗരമായ മക്കയിലെ മനോഹരമായ കുംഭഗോപുരങ്ങളും പള്ളികളിലും മറ്റു പവിത്ര സ്ഥാപനങ്ങളിലുമുള്ള അലങ്കാര പണികളും അടിച്ചു തകർത്തു. മാത്രമല്ല അജ്ഞാനികളും പ്രാകൃതരുമായ വഹാബി അക്രമികൾ മുഹമ്മദ് നബി(സ)യുടെ ഭൗതിക സ്മരണകളുയർത്തുന്ന തിരുശേഷിപ്പുകളും സ്ഥലങ്ങളും മറ്റെല്ലാ ഭൗതികസ്മാരകങ്ങളും കെട്ടിടങ്ങളും പൈശാചികമായ ആവേശത്തോടെ തച്ചുതകർത്തു. റസൂൽ തിരുമേനി(സ)യുടെ അനുയായികൾ അത് ആരാധിച്ചുകളയുമെന്ന് പറഞ്ഞാണ് ഈ സ്മാരക നശീകരണങ്ങളെല്ലാം അവർ നടത്തിയത്.[12]

ഇത് കൂടാതെ ഇമാം അബ്ദുൽ അസീസിന്റെ വഹാബി പട്ടാളം ഇസ്‌ലാമിലെ രണ്ടാമത്തെ വിശുദ്ധ നഗരമായ മദീന പട്ടണത്തിലും ബോംബ് വർഷിച്ചുകൊണ്ട് നാശം വിതച്ചു. ലോക മുസ്‌ലിംകളെ ഭീതി പ്പെടുത്താൻ അവർ മദീനയിൽ വിളയാടി. മുഹമ്മദ് നബി(സ) പരിശുദ്ധ ഖബറിടത്തിന് ഇത് മൂലം സാരമായ കേടുപാടുകൾ പറ്റുകയും ചെയ്തു. തീവ്ര വാദികളായ സഊദി വഹാബി സൈന്യം ഒരു വർഷത്തോളം തുറമുഖ നഗരമായ ജിദ്ദ ഉപരോധിച്ചു. അവരെ പട്ടിണിക്കിട്ടു. അതിന്റെ ഫലമായി കുടി വെള്ളം കിട്ടാതെ ജിദ്ദാ നഗരം വലഞ്ഞു. ജിദ്ദയിലെ പാവപ്പെട്ടവർ പട്ടണത്തിലെ കുപ്പകൂനക്കുള്ളിൽ ഭക്ഷണം തിരഞ്ഞു ദിവസങ്ങളോളം നരകയാതന അനുഭവിച്ചു. ഒട്ടകത്തിന്റെ തീറ്റക്കായി കരുതി വെച്ച ദഹിക്കാത്ത ധാന്യങ്ങൾ വരെ അവരിൽ പലരുടെയും ഭക്ഷണമായിരുന്നു. മദീനയിൽ നിർബാധം ബോംബിട്ട് തകർത്തതിന് ശേഷമാണ് അജ്ഞാനികളായ സഊദി വഹാബി കലാപകാരികൾ ജിദ്ദയിലേക്ക് പ്രവേശിച്ചത്. ഉടൻ തന്നെ ടെലിഫോൺ ലൈനുകളും റേഡിയോ സ്റ്റേഷനുകളും ആധുനിക ജീവിതത്തിന്റെ എല്ലാ ചിഹ്നങ്ങളും നശിപ്പിക്കുകയായിരുന്നു. ഇതെല്ലാം പിശാചിന്റെ പ്രവർത്തനോപാധികളാണെന്നായിരുന്നു വഹാബികളുടെ ന്യായം.

മത ഭ്രാന്തരായ സഊദി വഹാബികളുടെ മുപ്പത് വർഷത്തെ(1902–1932) വരെയുള്ള കിരാത ഭരണത്തിനു കീഴിൽ അറേബ്യൻ ഉപഭൂഖണ്ഡത്തിലാകെ 400,000 ഓളം അറബികൾ വധിക്കപ്പെടുകയും പരിക്കേൽപ്പിക്കപ്പെടുകയും ചെയ്തു. 40,000 പൊതു വധശിക്ഷ നടപ്പാക്കി. 350,000 ത്തോളം പൊതു അവയവഛേദനം നടത്തി. യഥാക്രമം അക്കാലത്തെ 4 ദശ ലക്ഷം പൗരന്മാരിൽ 1 % വും 7 % ജനതയും ഈ ശിക്ഷകൾക്ക് വിധേയരായി.13 ഇതിനെല്ലാം പുറമെ സഊദി വഹാബി ഭരണകൂട ഭീകരതയിൽ നിന്നും രക്ഷപ്പെടാൻ അറേബ്യൻ ഉപഭൂഖണ്ഡത്തിൽ ജീവിച്ചിരുന്ന ഒരു ദശ ലക്ഷത്തിലധികം അറബി പൗരന്മാർ അവരുടെ ജീവരക്ഷാർഥം അറേബ്യ വിട്ടുപോയി. അവരൊരിക്കലും പിന്നീട് സഊദി അറേബ്യയിലേക്ക് തിരിച്ചുവന്നിട്ടില്ല.[14]

ഒരു നൂറ്റാണ്ടു മുമ്പ് സഊദി- വഹാബി കലാപകാരികൾ ഹിജാസിലെ വിശുദ്ധ നഗരങ്ങളിൽ കാട്ടിക്കൂട്ടിയ ക്രൂരതയുടെ പേരിൽ അവരെ ശിക്ഷിക്കാൻ ഉഥ്മാനിയാ ഖലീഫയുടെ നേതൃത്വത്തിൽ ഈജിപ്തിലെ ഇബ്രാഹിം പാഷയുടെ നേതൃത്തിൽ സൈന്യത്തെ അയച്ചിരുന്നു. എന്നാൽ പിന്നീട് മുസ്‌ലിം ലോകം ദയനീയമാം വിധം പശ്ചാത്യ കൊളോണിയൽ ശക്തികൾക്ക് വിധേയപ്പെടുകയാണുണ്ടായത്. അതിന്റെ ഫലമായി മത തീവ്രവാദികളായ സഊദി-വഹാബികൾ സസുഖം ബ്രിട്ടീഷ് സം രക്ഷണ ത്തിൽ സൗഹൃദത്തിലും കഴിയുക യാണ്.

അവരുടെ ബ്രിട്ടീഷ് നിർമിത വഹാബി രാഷ്ട്രം സ്ഥാപിച്ചതിന് ശേഷം അബ്ദുൽ അസീസ് ഒരു ഏകാധിപതിയെ പോലെ പെരുമാറുകയുണ്ടായി. അദ്ദേഹം വ്യക്തിപരമായി സർവതിന്റെയും നിയന്ത്രണമേറ്റെടുത്തു. ഹിജാസിലെ സ്വതന്ത്ര പത്ര പ്രവർത്തനവും ഭരണഘടനയും ഗവൺമെന്റിലെ എല്ലാ ഓഫീസുകളും അദ്ദേഹം നിരോധിച്ചു. അതിന് ശേഷം വഹാബി ഇമാം തന്റെ കുടുംബ നാമത്തിൽ കിങ്ങ്ടം ഓഫ് സഊദി അറേബ്യ എന്ന് രാജ്യത്തിന് മൊത്തം നാമകരണം ചെയ്തു.

അബ്ദുൽ അസീസ് ഒരു ഏകാധിപതിയാണെന്നതിന് പുറമെ തന്റെ അദമ്യമായ ലൈംഗിക തീഷ്ണതയുടെ പേരിലും വിവാദ പുരുഷനായാണ് അറിയപ്പെടുന്നത്. നിരവധി വെപ്പാട്ടികൾക്ക് പുറമെ 30 ലധികം ഭാര്യമാർ അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു കണക്ക് പ്രകാരം അദ്ദേഹത്തിന് 125 കുട്ടികൾ ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. കൃത്യമായി ആർക്കും കണക്കറിയില്ല. മാത്രമല്ല ഇമാം അബ്ദുൽ അസീസ് രാജാവ് അടിമത്തം പ്രോത്സാഹിപ്പിച്ചിരുന്നു. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കുടുംബങ്ങൾക്കും നൂറുകണക്കിന് അടിമകളുണ്ടായിരുന്നു. അവസാനം നിർബന്ധത്തിന് വഴങ്ങിക്കൊണ്ട് 1962 ലാണ് സഊദി അടിമത്തം നിർത്തലാക്കിയത്. വഹാബിസം നേരിട്ട മറ്റൊരു അന്താരാഷ്ട്ര പ്രതിസന്ധി അവരുടെ മതത്തിന്റെ പരമോന്നത നേതാവ് അശൈഖ് ഇബ്നു ബാസ് 1969 ൽ നടത്തിയ ചില പരാമർശങ്ങളാണ്. ഭൂമി പരന്നതാണെന്നും ചലിക്കുന്നില്ല എന്നും സൂര്യൻ ഭൂമിയെ ചുറ്റുകയാണെന്നും ഇബ്നു ബാസ് പ്രഖ്യാപിച്ചുകളഞ്ഞതാണ് പ്രതിസന്ധിക്ക് കാരണം. ഇമാം അബ്ദുൽ അസീസ് 1953 ൽ ചരമമടഞ്ഞതിന് ശേഷം അബ്ദുൽ അസീസിന്റെ മക്കളായ ഫൈസൽ, ഖാലിദ്, ഫഹദ് എന്നിവർ രാജാക്കന്മാരായി. അവർ ഏകാധിപതികളായിട്ടാണ് ഭരണം നടത്തിയത്. സ്വയം രക്ഷക്കായി പാശ്ചാത്യ ശക്തികളെ അമിതമായി ആശ്രയിക്കുന്നവരാണ് ഇവർ. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ബ്രിട്ടണ് പകരം അമേരിക്കയുടെ ആധിപത്യം വന്നു. സഊദി വഹാബി കുടുംബം യാതൊരു സങ്കോചവുമില്ലാതെ നിർലജ്ജം അമേരിക്കയുടെ നേരെ തിരിഞ്ഞു. ഫലത്തിൽ ഇസ്ലാമിന്റെ പരിശുദ്ധ ഭൂമി ഒരു അമേരിക്കൻ കോളനിയായി മാറിയിരിക്കുന്നു.

എന്തുതന്നെയായാലും തങ്ങളുടെ പിതാവ് അബ്ദുൾ അസീസിന്റെ പുത്രന്മാർ തങ്ങൾക്ക് 'ഇമാം' എന്ന സ്ഥാനം വേണ്ടെന്ന് വെച്ചു. പകരം രാജാവ് എന്ന സ്ഥാനം മാത്രം സ്വീകരിച്ചു. പക്ഷേ 1986 ൽ സഊദി അറേബ്യയുടെ രാജാവായിരുന്ന ഫഹദ് രാജാവ് ഇമാം എന്ന സ്ഥാനം മറ്റൊരു വഴിക്ക് തിരിച്ചു കൊണ്ടുവരികയുണ്ടായി. ഫഹദ് യുവാവായിരിക്കുമ്പോൾ കുത്തഴിഞ്ഞ ജീവിതം നയിച്ച് കുപ്രസിദ്ധനായ ആളായിരുന്നു എന്നോർക്കണം. അദ്ദേഹം '**മക്കയിലേയും മദീനയിലുമുള്ള രണ്ട് വിശുദ്ധ ആരാധനാലങ്ങളുടെ സംരക്ഷകൻ**' **(ഖാദിമുൽ ഹറമൈൻ അശ്ശരീഫൈനി)**എന്ന പദവിയാണ് സ്വയം സ്വീകരിച്ചത്. വാസ്തവത്തിൽ ആ പദവി തുർക്കി ഖലീഫയും സുൽത്താനുമായിരുന്ന സലീം ഒന്നാമനാണ് (1512–20)ആദ്യമായി സ്വയം സ്വീകരിച്ചത്.

ഈ അടുത്തകാലത്തായി സഊദി അറേബ്യക്ക് കൈവന്ന അതിരറ്റ എണ്ണ

സമ്പത്ത് കൊണ്ടും അതിന്റെ വിതരണം കൊണ്ടും വഹാബിസത്തിന് അതിന്റെ വിമർശകരുടെ നാവ് ഉടൻ അടക്കാൻ കഴിഞ്ഞു വെന്ന് മാത്രമല്ല മുസ്‌ലിം ലോകത്ത് അവരുടെ പ്രതിഛായ നാടകീയമാം വിധം മെച്ചപ്പെടുത്താനും സാധിച്ചിട്ടുണ്ട്. ഇപ്പോൾ വഹാബിസം അതിന്റെ ഒരു നവോത്ഥാന പ്രസ്ഥാനമായാണ് അവതരിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്നത്. അതിനായി വഹാബിസം എന്ന കുപ്രസിദ്ധമായ പേരുപോലും ഉപേക്ഷിച്ചു കൊണ്ട് സലഫി പ്രസ്ഥാനം (പൂർവസൂരികളുടെ മഹത്തായ പാരമ്പര്യം എന്നാണ് സലഫി എന്ന പദത്തിന്റെ അർഥം) മുവ്വഹിദൂൻ (ഏകത്വ വാദികൾ) എന്നീ പേരുകളിലാണ് അവർ ഇപ്പോൾ അറിയപ്പെടാൻ ശ്രമിക്കുന്നത്. അതിനുപരിയായി വഹാബി പ്രസ്ഥാന സ്ഥാപകരായ മുഹമ്മദ് ബ്നു അബ്ദിൽ വഹാബിനെ മഹാനായ ഒരു മനുഷ്യനായും അപാര പണ്ഡിതനായും അന്ധവിശ്വാസ ങ്ങളിൽ നിന്നും ഇസ്‌ലാമിനെ രക്ഷിക്കാൻ ഒറ്റക്ക് ശ്രമിച്ച മഹാനായു മെല്ലാം അവതരിപ്പിക്കാനുള്ള ശ്രമം നടക്കുന്നു. വഹാബിസം പെട്രോ ഡോളർ കൊണ്ട് ശക്തിപ്പെട്ട് സഊദി അറേബ്യ യുടെ പുറത്തുള്ള അറബ് മുസ്‌ലിം നാടുകളിലേക്ക് വ്യാപിപ്പിക്കാൻ ശ്രമിക്കുന്നുവെങ്കിലും സൗദി വഹാബിസത്തിന്റെ മായ്ച്ചുകളയാൻ കഴിയാത്ത അടയാളങ്ങൾ മൂലം അതൊന്നും ഫലം കാണുന്നില്ല എന്നതാണ് വാസ്തവം.

ജെറുസലേമിലെ അൽ അഖ്സാ മസ്ജിദ് സംരക്ഷിക്കുന്നതിലും ഫലസ്തീനികൾക്കെതിരെയുള്ള ഇസ്റ യേലിന്റെ അധിനിവേശത്തെയും ക്രൂരതയെയും ചെറുക്കുന്നതിനും അപ്രകാരം അവരുടെ ലജ്ജാകരമായ വഞ്ചനയും ഇസ്‌ലാമിന്റെയും അറബിക ളുടെയും ശത്രുക്കളായ പാശ്ചാത്യരു മായി തുറന്ന രീതിയിലുള്ള കൈകോർ ക്കലും അഫ്ഗാനിസ്ഥാനിലും ഇറാഖി ലും മുസ്‌ലിംകളെ കൊന്നൊടുക്കുക മാത്രമല്ല അവരുടെ ഭൂമിയിൽ അധിനിവേശം നടത്തുകയും ചെയ്യുന്നു. ഇത് തടയുന്നതിലും വഹാബി-സഊദ് കുടുംബം പൂർണമായും പരാജയ പ്പെട്ടിരിക്കുകയാണ്. വസ്തുതകൾ ഇതായിരിക്കെ വഹാബി-സഊദ് രാജകുടുംബം നടത്തുന്ന പ്രതിഛായ നന്നാക്കൽ നടപടികൾ പരിഹാസ്യമാം വിധം ഫലശൂന്യമാണ്. 9/11 ന്റെ ഭീകരാക്രമണത്തെ സംബന്ധിച്ച് അമേരിക്കൻ പ്രചാരണത്തിന് വിരുദ്ധ മായി അമേരിക്ക ഇപ്പോഴും സഊദിയെ ശക്തമായി പിന്തുണക്കുകയാണ് ചെയ്യുന്നത്.

## റസൂൽ തിരുമേനി(സ)യുടെ ഹദീസ്

മദ്ധ്യ അറേബ്യലെ നജ്ദ് പ്രദേശത്തെ രണ്ട് സഊദി ഭരണകുടുംബങ്ങൾ (രാഷ് ട്രീയമായും മതപരമായും) സഊദി അറേബ്യക്ക് അകത്തും പുറത്തുമുള്ള പ്രത്യേകിച്ച് ഹിജാസിലെ ലക്ഷക്കണ ക്കിന് മുസ്‌ലിംകളാൽ വെറുക്കപ്പെടു മെന്ന് ഒരു പ്രശസ്തമായ ഹദീസിൽ രേഖപ്പെട്ടുകിടക്കുന്നു. ഈ കുടുംബ ങ്ങളെ വെറുക്കുന്നവരാകട്ടെ റസൂൽ തിരുമേനി(സ)യുടെ ജന്മദിനം രഹസ്യ ത്തിൽ ആഘോഷിക്കുന്നവരുമാണ്. നബിതിരുമേനി (സ) അരുളുകയുണ്ടായി.

***ഇബ്നു ഉമറിൽ നിന്നും നിവേദനം: പ്രവാചകൻ(സ) പറഞ്ഞു: ഓ അല്ലാഹുവേ! നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളുടെ ശാമിൽ (വിശാല സിറിയ) ചൊരിയേണമേ, 'ഓ അല്ലാഹുവിന്റെ പ്രവാചകാ നമ്മുടെ നജ്ദിലും കൂടി' മൂന്നാം തവണ റസൂൽ തിരുമേനി (സ) ഇപ്രകാരം പറഞ്ഞതായി ഞാൻ (ഇബ്നു ഉമർ) ഓർക്കുന്നു: 'അവിടെ (നജ്ദ്) ഭൂകമ്പങ്ങളുടെയും വിപത്തിന്റെയും ഒരു സ്ഥലമുണ്ട്. അവിടെ നിന്നാണ് ശൈത്വാന്റെ തല പുറത്ത് വരിക.' (ബുഖാരി)***[15]

റസൂൽ തിരുമേനി(സ) ഈ ഹദീസിൽ പറഞ്ഞ നജ്ദുമായി ബന്ധപ്പെട്ട ശൈത്വാ ന്റെ തല എന്നത് സഊദി അറേബ്യയിലെ മേൽ പറഞ്ഞ രണ്ട് കുടുംബങ്ങളാണെന്ന് പല മുസ്‌ലിംകളും വിശ്വസിക്കുന്നു.

മറ്റൊരു പ്രശസ്തമായ ഹദീസിൽ '***ലോകാവസാനം ആസന്നമായാൽ നഗ്ന പാദരായി നടന്ന ദരിദ്രരായ ആട്ടിടയന്മാർ അദ്ഭുതകരമായ കെട്ടിടങ്ങൾ ഒന്നിന്ന് പിറകെ മറ്റൊന്നായി പണിതുയർത്തും' (മുസ്‌ലിം)16*** എന്ന് വന്നിരിക്കുന്നു.

രണ്ടാമത് പറഞ്ഞ ഹദീസും പരാമർശിച്ച ആളുകളും ഈ രണ്ടു കുടുംബങ്ങൾ തന്നെയാണെന്ന് പല മുസ്‌ലിംകളും കരുതുന്നു. ഇബ്നു സഊദിന്റെയും അബ്ദിൽ വഹാബി ന്റെയും കുടുംബങ്ങൾ തീർച്ചയായും അറേബ്യൻ മരുഭൂമിയിൽ വസിച്ച് പട്ടിണിപ്പാവങ്ങളും നഗ്ന പാദരും ആട്ടിടയന്മാരും ആയിരുന്നു. അവർ മരുഭൂമിയിലെ മരുപ്പച്ചയിൽ ആട്ടിൻ തോലുകൊണ്ടുണ്ടാക്കിയ കൂടാര ങ്ങളിലായിരുന്നു കഴിഞ്ഞിരുന്നത്. അവരാണ് മുസ്‌ലിം ലോകത്തെ പല വലിയ അംബരചുംബികളായ കെട്ടിട ങ്ങളുടെയും ഉടമകൾ. സഊദിയുടെ അളവറ്റ സമ്പത്തിന്റെ ഉടമസ്ഥവ കാശവും അവർക്കാണ്.

## ഉപസംഹാരം

ചരിത്രത്തിന്റെ താളുകളിൽ നിന്ന് വ്യക്തമാവുന്നത് ബ്രിട്ടന്റെ സഹായ മില്ലായിരുന്നെങ്കിൽ വഹാബി സഊദി കുടുംബമോ സഊദി അറേബ്യയോ ഉണ്ടാകുമായിരുന്നില്ല. വഹാബിസം എന്നത് ബ്രിട്ടീഷ് പ്രചോദിതമായ ഇസ്‌ലാമിലെ ഒരു മൗലിക വാദഗ്രൂപ്പാണ്. സപ്തംബർ 11 ന്റെ ആക്രമണത്തെ അവഗണിച്ച് കൊണ്ടു പോലും അമേരിക്ക സൗദിയെ പ്രത്യക്ഷമായോ പരോക്ഷ മായോ പിന്തുണക്കുകയാണ്.

വഹാബിസം കലാപകലുഷിതമായ ഒരു വലത്പക്ഷ അതിയാഥാസ്ഥിതി കവും സങ്കുചിതവും പ്രതിലോമകരവും അസഹിഷ്ണുതാപരവുമായ ഒരു പ്രസ്ഥാനമാണ്. ആ പ്രസ്ഥാനത്തിന്റെ രക്ത രൂക്ഷിതമായ ചരിത്രം തെളിഞ്ഞ രേഖകളുള്ളതും ആധികാരികവുമാണ്. ആർക്കും അത് ചരിത്രത്തിൽ നിന്നും മായ്ച്ചുകളയാൻ സാദ്ധ്യമല്ല. മുഖം മിനുക്കി പുതിയ ഭാവത്തിൽ വഹാബിസം വേഷം മാറി അവതരി പ്പിച്ചാലും വിദ്യാസമ്പന്നരായ അറബ് മുസ്‌ലിംകൾ അത്തിരിച്ചറിയുക തന്നെ ചെയ്യും. ഈയ്യിടെ ചില വഹാബി മത നേതാക്കന്മാർ ഇബ്നു സഊദ് കുടുംബ ത്തിന്റെ ക്രൂരതയിൽനിന്നും അനി സ്‌ലാമിക നയങ്ങളിൽ നിന്നും ദൂരം പാലിച്ചു കഴിയാൻ ശ്രമിക്കുകയാണ്. നശിച്ചു കൊണ്ടിരിക്കുന്ന വഹാബി സത്തെ രക്ഷിക്കാൻ ഒരു വൃഥാ ശ്രമ മാണിത്. ബഹു ഭൂരിപക്ഷം വഹാബി നേതാക്കന്മാരും ഇപ്പോഴും ഇസ്‌ലാമിന്റെ പരിശുദ്ധ ഭൂമിയായ ഒരു അറബ് ഭൂപ്രദേശം അമേരിക്കക്ക് താവളമാക്കാൻ വിട്ടു കൊടുത്തതടക്കം സഊദി അറേബ്യ യുടെ അഭ്യന്തരവും വൈദേശിക വുമായും ദ്രോഹകരമായ നയങ്ങളെ നൂറു ശതമാനം പിന്തുണക്കുകയും ന്യായീകരിക്കുകയും ചെയ്യുന്നു. അത് പോലെ അറബികളെയും മുസ്‌ലിം കളെയും ഇറാഖിലും അഫ്ഘാനി സ്ഥാനിലും നശിപ്പിച്ചതിനെയും അവർ ന്യായീകരിക്കുന്നു.

ഇബ്നു സഊദ്, വഹ്ഹാബി കുടും ബം തമ്മിലുള്ള ബന്ധം വേർപെടുത്താൻ കഴിയാത്തവിധം അവിഭാജ്യമാണ്. അവർ തമ്മിൽ 1744 മുതൽ വിവാഹ ബന്ധത്തി ലൂടെയും രക്തബന്ധത്തിലൂടെയും പരസ്പരം ഊടും പാവുമായി കോർ

ശേഷം പേജ് 34 ൽ

# ബലി കർമം

എൻ. അബ്ദുർറഹീം

എല്ലാമതങ്ങളിലും ബലികർമത്തിന്റെ വിവിധ രൂപങ്ങൾ കാണാം. ബലികർമത്തിലെ സാർവത്രികതയും തത്ത്വവും യുക്തിയും വിശദീകരിക്കപ്പെടുന്നു

**ദു**ൽഹജ്ജ് 10നു മുസ്‌ലിം ലോകം മുഴുവൻ 'ഈദുൽ അദ്ഹ' എന്നറിയപ്പെടുന്ന ബലി പെരുന്നാൾ ആഘോഷിക്കുന്നു. ഈ പെരുന്നാൾ ദിനത്തിന് ഒരു ദിവസം മുമ്പ് അറഫായിലെ കുന്നിന്മേൽ നിന്നു കൊണ്ട് ലോകത്തിന്റെ നാനാ ഭാഗത്തുനിന്നുമുള്ള തീർഥാടകർ 'ലബൈക്കല്ലാഹുമ്മ ലബൈക്ക്' എന്റെ രക്ഷിതാവേ നിന്റെ സേവനത്തിനായി ഞാനിതാ തയ്യാറാണ്, എന്റെ രക്ഷിതാവേ നിന്റെ സേവനത്തിനായി ഞാനിതാ സന്നദ്ധനാണ് എന്ന് ഉച്ചത്തിൽ വിളിച്ചു പറയുന്നു. അന്നേ ദിവസം മുഴുവനും അവർ പ്രാർഥനാ നിരതരായി സ്തുതി കീർത്തനങ്ങളിൽ മുഴുകിയും കഴിച്ചുകൂട്ടുന്നു.'യൗമുന്നഹർ' എന്നു വിളിക്കപ്പെടുന്ന ആ ദിവസം അവർ മീനായിൽ വെച്ച് ബലികർമം നടത്തുകയും ചെയ്യുന്നു. ഹജ്ജിനു പോകാൻ സാധിക്കാത്തവരും ഒരിക്കൽ ഹജ്ജ് കർമം അനുഷ്ഠിച്ചിട്ടുള്ളവരുമായ ആളുകൾ തന്താങ്ങളുടെ സ്ഥലത്ത് വെച്ച് ഈ പുണ്യകർമം അനുഷ്ഠിക്കുകയും ചെയ്യുന്നു. പെരുന്നാൾ തുടങ്ങി മൂന്നു ദിവസത്തിനകം ബലിമൃഗങ്ങൾ അറുക്കപ്പെടേണ്ടതാകുന്നു. ഈ നിശ്ചിത ദിനങ്ങളിൽ ലോകത്തിലെ നാനാ കോണുകളിൽ നിന്നുമായി ആയിരക്കണക്കായ ഭോജ്യമൃഗങ്ങൾ ബലിയിടപ്പെടുന്നു. ബിസ്മില്ലാഹി അല്ലാഹു അക്ബർ എന്ന വാക്യോച്ചാര ണത്തോടു കൂടി എണ്ണമറ്റ ബലിമൃഗങ്ങൾ ദൈവത്തിന്റെ പേരിൽ അറുക്കപ്പെടുന്നു. ഹദ്റത്ത് ഇബ്രാഹിം നബി(അ) തന്റെ പുത്രനായ ഇസ്മായീലിനെ ബലിയാക്കാനൊരുങ്ങിയ ആ ദിവ്യയജ്ഞത്തെയാണാ കർമം നമ്മുടെ സ്മൃതിയിലുയർത്തുന്നത്.

**ബലികർമത്തിന്റെ സാർവത്രികത്വം**

ഇസ്‌ലാമിനു മുമ്പുള്ള എല്ലാ ജനതകളിലും ബലികർമം വിധിക്കപ്പെട്ടിട്ടുണ്ടെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു.'അല്ലാഹു അവർക്കു നൽകിയ നാൽക്കാലികളുടെ മേൽ ദൈവനാമം ഉച്ചരിച്ചു കൊണ്ടു അവയെ ബലിയാക്കാൻ നാം ഓരോ സമുദായ വഴിപാടുകളെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു.'[1] എന്നു പവിത്ര ഗ്രന്ഥത്തിൽ പറയപ്പെട്ടിരിക്കുന്നു.

ബലി കർമത്തിന്റെ ചരിത്രത്തിന് മനുഷ്യ വംശത്തിന്റെ ചരിത്രത്തോളം തന്നെ പഴക്കമുണ്ട്. ഏറ്റവും പ്രാചീനരായ വർഗക്കാരുടെ ഇടയിൽ ബലികർമം ബലത്തിലുണ്ടായിരുന്നതായി ചരിത്ര ഗവേഷകന്മാർ തെളിയിച്ചിട്ടുണ്ട്. പുരാതന സംസ്ക്കാരങ്ങൾ ഉടലെടുത്ത രാജ്യങ്ങളിലെല്ലാം ബലികർമം ബലത്തിലുണ്ടായിരുന്നുവെന്നും നമുക്കറിയാൻ സാധിച്ചിരിക്കുന്നു. സംസ്ക്കാരവും നാഗരികതയും ഏറ്റവും ആദ്യം ഉടലെടുത്തത് ഈജിപ്തിലാണെന്നാണ് പറയപ്പെടുന്നത്. പുരാതന ഈജിപ്തുകാരിൽ പിരമിഡ് നിർമാതാക്കളായിരുന്ന ചിയോപ്സ് (Cheops) ഫറോവ ആണ് ബി.സി. 4000 ൽ ആദ്യമായി ബലികർമം അവിടെ നിർത്തലാക്കി യതെന്നും ചരിത്രപിതാവെന്ന് അറിയപ്പെടുന്ന ഹിറോഡോട്ടസ് രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ അതിന് മുമ്പ് തന്നെ ഈ കർമാനുഷ്ഠാനം അവിടെ പ്രബലമായിട്ടുണ്ടെന്ന് വ്യക്തമാണ്. ഈജിപ്തുകാർ മൃഗാരാധന നടത്തുന്നവരായിരുന്നുവെങ്കിലും കാളകളെയും മറ്റു മൃഗങ്ങളെയും ബലിയർപ്പിക്കുകയും അവയുടെ രക്തം യജ്ഞവേദികളിൽ ബലിയർപ്പിക്കുകയും ചെയ്യുന്ന സമ്പ്രദായം അവർക്കപരിചിതമായിരുന്നില്ല.

കൽദായക്കാരും മേദ്യക്കാരും അസ്സീറിയക്കാരും മൃഗബലി നടത്താറുണ്ടായിരുന്നു. ബാബി ലോണിയക്കാരുടെ ചരിത്രത്തിലും മൃഗബലിയെക്കുറിച്ച് വിവരണങ്ങൾ കാണാം. ഫൊണിഷ്യക്കാർ ബലി നടത്തിയിരുന്നു. അവർ ബലി പെരുന്നാളുകൾ ആഘോഷിക്കാറുണ്ടയിരുന്നുവെന്നും തദവസരത്തിൽ ധാരാളം മൃഗങ്ങളെ ബലിയർപ്പിക്കാറുണ്ടായിരുന്നെന്നും ചരിത്രത്തിൽ നാം വായിക്കുന്നു.

വടക്കൻ യൂറോപ്പിലും മദ്ധ്യയൂറോപ്പിലുമുണ്ടായിരുന്ന പൂർവവർഗക്കാരിലും ബലികർമം പ്രചാരത്തിലുണ്ടായിരുന്നു. മൃഗങ്ങളെ പ്രത്യേകിച്ചും മുട്ടാടിനെ ബലിയറുക്കുന്ന സമ്പ്രദായം പത്തൊമ്പതാം ശതകത്തിന്റെ അന്ത്യം വരെ മദ്ധ്യയൂറോപ്പിൽ പ്രാബല്യത്തിലുണ്ടായിരുന്നു. വളരെ പുരാതനമായ ഭാരതത്തിലും ഇത് അജ്ഞാതമായിരുന്നില്ല, എന്നല്ല അത് ഇപ്പോഴും നടക്കുന്നുമുണ്ട്. ബലികർമത്തിന്റെ ദുഷിച്ച ഒരു രൂപമാണ് നരബലി. ഫൊണീഷ്യക്കാരുടെ ചരിത്രത്തിൽ നരബലിയെക്കുറിച്ചുള്ള അനേകം വിവരങ്ങൾ കാണാം. യുദ്ധം, പകർച്ച വ്യാധി, ക്ഷാമം മുതലായ വിപത്തുകൾ വരുമ്പോൾ ജനങ്ങളുടെ ഒരു വോട്ടെടുപ്പ് മുഖേന തങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടയാളെ തിരഞ്ഞെടുത്ത് അയാളെ ബലി യർപ്പിക്കാറുണ്ടായിരുന്നുവെന്ന് പോർഫിരി (Porphyry.) എന്ന ചരിത്രകാരൻ രേഖപ്പെടുത്തുന്നു.[2] പുരാതന പേർഷ്യയിലും മൃഗബലി നടത്തിയിരുന്നതായി ഹിറോഡോട്ടസ് പറയുന്നു. ക്രിസ്തു മതത്തിന് മുമ്പ് ഇംഗ്ലണ്ടിലെ ഡ്രൂയിഡ് വർഗക്കാർ മൃഗബലി നടത്താറുണ്ടായിരുന്നു. അങ്ങനെ പ്രാചീനവും അർവാചീനവുമായ സകല ജനതകളിലും വർഗക്കാരിലും ബലികർമത്തിന്റെ വിവിധ രൂപം കാണാം. ബലികർമത്തിന്റെ ഏറ്റവും ക്രൂരവും പൈശാചികവുമായ രൂപമാണ് നരബലി. അതുകൊണ്ട് അതിനെ നമുക്ക് ഒരിക്കലും

ന്യായീകരിക്കുവാൻ കഴിയുകയില്ല എന്ന് മാത്രമല്ല അത് നിന്ദ്യവും വെറുക്കപ്പെടേണ്ടതുമത്രെ.

പുരാതന ജനതകളിൽ നടപ്പുണ്ടായിരുന്ന ഈ മൃഗ ബലിയുടെ ക്രമത്തിൽ ഐക്യരൂപമുണ്ടായിരുന്നത് പോലെ ബലിമൃഗത്തിന്റെ സ്വഭാവത്തിലും രൂപത്തിലും കൂടി സാദൃശ്യമുണ്ടായിരുന്നു. ചുരുക്കത്തിൽ സാർവത്രികവും ദീർഘ കാല പ്രബലവുമായിരുന്ന ഈ കർമം മനുഷ്യത്വപരം മാത്രമാണ്. ദിവ്യാമായൊരുൽപത്തിയാണ് അതിനുള്ളതെന്ന് പറഞ്ഞാൽ അത് തികച്ചും ശരിയായിരിക്കും. കാലത്തിന്റെ കയ്യേറ്റങ്ങൾകാരണമായി പല അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കടന്നു കൂടിയെന്നേയുള്ളൂ.

## ബലികർമങ്ങളും മതങ്ങളും

മിക്ക മതങ്ങളും ബലികർമത്തിന് അതിപ്രധാന സ്ഥാനം നൽകുകയും അതു വിധിക്കുകയും ചെയ്യുന്നുണ്ട്. ബലികർമം മുഖേന ജീവിതം ത്യാഗ ബദ്ധമാക്കുവാൻ കഴിയുമെന്ന് മതങ്ങൾ പഠിപ്പിക്കുന്നു.

ആദമിന്റെ മക്കളായ കായേനും ആബേലും ബലിയർപ്പിച്ചിരുന്നതായി ബൈബിളിൽ കാണുന്നു. 'നോഹ (അ) യഹോവക്ക് ഒരു ബലിപീഠം പണിതു ശുദ്ധമുള്ള സകല മൃഗങ്ങൾക്കും ശുദ്ധമുള്ള സകല പക്ഷികൾക്കും എടുത്ത് ഹോമ ബലികളെ കഴിച്ചു.'[3] എന്നും നാം ബൈബിളിൽ വായിക്കുന്നു.'ജാക്കോബും ബലി നടത്തിയിരുന്നു.'[4] നീ ദൈവമായ യഹോവയുടെ ബലി പീഢത്തിൽ നിന്റെ ഹോമ ബലികളെ, മാംസത്തെയും രക്തത്തെയും കൂടെ കഴിക്കണം എന്നു മോശെ വിധിക്കുന്നു.[5] ഇതിൽ നിന്നും ബലി കർമം തൗറാത്തിൽ (പഴയ നിയമത്തിൽ) വിധിക്കപ്പെട്ടിരിക്കുന്നുവെന്നും തെളിയുന്നുണ്ടല്ലോ.

മജൂസികളുടെ മതത്തിലും (സോറോസ്ട്രിയൻ) ബലി കർമം നിർദേശിക്കപ്പെട്ടിട്ടുണ്ട്.

പിന്നെയുള്ള ഒരു പ്രധാന മതം ഹിന്ദു മതമാണ്. വേദങ്ങൾ ബലികർമത്തെ വിധിക്കുന്നുണ്ടെന്നും പുരാതന ഹിന്ദുക്കൾ യാഗബലികളും ഹോമബലികളും ധാരാളം നടത്തിയിരുന്നുവെന്നുമുള്ളതിന് നിരവധി തെളിവുകളുണ്ട്. ഹിന്ദുമതത്തിന്റെ ഒരു പ്രധാനാംശമാണ് യാഗം. ഈ യാഗങ്ങളിൽ അധികവും വധിക്കപ്പെട്ടിരുന്നത് പശുക്കളാണെന്നത് ശ്രദ്ധേയമാണ്. യജുർ വേദത്തിലെ തൈതരീയ ബ്രാഹ്മണത്തിൽ ഓരോ ദേവന്മാർക്കും ബലിയർപ്പിക്കേണ്ട പശുക്കളുടെ ലക്ഷണങ്ങൾ കൂടി ചേർത്തിട്ടുണ്ട്.'ഇന്ദ്രന് കനത്ത കാലുള്ള പശു, വിഷ്ണുവിനും വരുണനും മച്ചിപ്പശു. പുശാവിന് ഒരു കറുത്ത പശു, വായുവിന് ഒരിക്കൽ മാത്രം പ്രസവിച്ച പശു, രുദ്രനു ചുവന്ന പശു, സൂര്യനു വെളുത്ത മച്ചിപശു.'അങ്ങനെ പോകുന്നു വിധികൾ. 'പഞ്ചശരദീയസവം'എന്ന പേരിൽ നടത്തിയ മഹായജ്ഞത്തിൽ ഇളം പ്രായമായ പതിനേഴ് പശുക്കളെ കൊണ്ടുവന്നിരുന്നുവത്രെ. ബലിമൃഗത്തിന്റെ മാംസം പങ്കിടേണ്ട ക്രമത്തെക്കുറിച്ച് തൈതരീയ ബ്രാഹ്മണത്തിലും ഏതേതു ഭാഗങ്ങൾ ആർക്കാർക്ക് ലഭിക്കണമെന്നതിനെ കുറിച്ച് അഥർവേദത്തിലും വിശദമായി പറഞ്ഞിരിക്കുന്നു. ബ്രഹ്മാവ് പശുക്കളെ യാഗത്തിനായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത് എന്നാണ് മനുസ്മൃതിയിൽ പറഞ്ഞിരിക്കുന്നത്. ശ്രീശങ്കരാചാര്യ സ്വാമികൾ അതിനെ അംഗീകരിച്ചിട്ടുണ്ട്.[6] മൃഗങ്ങളെയും പക്ഷികളേയും ബലിയർപ്പിക്കുന്ന പതിവ് ഹിന്ദുക്കളിൽ ഇന്നും പതിവുള്ളതാണല്ലോ.

ചൈനയിലെ മൂന്ന് പ്രധാന മതങ്ങളിലൊന്നായ കൺഫൂഷ്യനിസത്തിലും ബലികർമത്തിന് പ്രധാന സ്ഥാനമുണ്ടെന്ന് കാണാം. കൺഫൂഷ്യസിനത്തിലെ രണ്ടു പ്രധാന ഉത്സവങ്ങളിലും വിവിധ തരത്തിൽ എഴുപതിനായിരത്തോളം മൃഗങ്ങളെ ബലിയിടാറുണ്ടായിരുന്നത്രെ!

ഇനി നമുക്ക് ക്രിസ്തുമതത്തെ എടുക്കാം. പ്രത്യക്ഷത്തിൽ അത്തരം ബലികർമങ്ങൾ ക്രിസ്തു മതത്തിൽ കാണപ്പെടുന്നില്ല. ആവരുടെ മതാധാരമായ പഴയ നിയമം അനുശാസിക്കുന്ന ണ്ടെങ്കിലും എന്നാൽ ക്രൈസ്തവ പാപ പരിഹാര സിദ്ധാന്തസൗധം തന്നെ ഇത്തരം ഈ ബലികർമത്തിന്റെ അസ്ഥിവാരത്തിലാണ് കെട്ടിപ്പടുത്തിട്ടുള്ളതെന്ന് പറഞ്ഞാൽ അതൊരു വാസ്തവമായിരിക്കും. പഴയ നിയമത്തിൽ പറയപ്പെട്ട എല്ലാ ബലികളും മനുഷ്യ വംശത്തിന്റെ പാപമോചനാർഥമുള്ള ദൈവപുത്രന്റെ ആ മഹാത്യാഗത്തെ അഥവാ മഹാബലിയെ സൂചിപ്പിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നുവെന്നാണല്ലോ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. ഇങ്ങനെ മിക്ക മതങ്ങളിലും ബലികർമത്തിന് മൗലികമായ ഒരു സ്ഥാനമുണ്ടെന്നു കാണാം ഈ വർഗക്കാരിലും അർവാചീന നാഗരിക ജനങ്ങളിലും അവരുടെ സംസ്കാര പരിഷ്ക്കാരാദികളുടെ അടിസ്ഥാനമായിരുന്ന മതത്തിന്റെ വിധികളനുസരിച്ച് ബലികർമങ്ങൾ നടത്തിയിരുന്നതായി തെളിഞ്ഞിരിക്കുന്നു. മതാധിഷ്ഠിതമായ സമൂഹങ്ങളിലെല്ലാം ബലികർമം സുപ്രധാനമായ ഒരു ഭാഗം വഹിച്ചിട്ടുണ്ടെന്ന് അനിഷേധ്യമാണ്. ബലി കർമം ഏത് തരത്തിലുള്ള ധർമ ശാസ്ത്രത്തിന്റെയും മതത്തിന്റെയും തത്ത്വജ്ഞാനത്തിന്റെയും മൗലിക സിദ്ധാന്തമായിരുന്നിട്ടുണ്ട് എന്ന് പ്രകാരാന്തേ നമുക്ക് മനസ്സിലാക്കാൻ പ്രയാസമില്ല.

## ഇസ്‌ലാമും ബലിയും

ബലികർമത്തിന് ഇസ്‌ലാമിൽ പ്രധാനമായ ഒരു സ്ഥാനമാണുള്ളത്. ഇസ്‌ലാമിലെ കർമ പഞ്ചകത്തിൽ ഹജ്ജ് കർമത്തിലെ ഒരു പ്രധാനാനുഷ്ഠേയവുമാണല്ലോ ഇത്. ഹദ്റത്ത് ഇബറാഹിം(അ)ന് തന്റെ പുത്രനായ ഇസ്മായീലിനെ ബലികഴിക്കുന്നതായ ഒരു ആത്മീയ ദർശനമുണ്ടായി. ആ ദർശനത്തെ സാക്ഷാത്ക്കരിക്കുവാൻ സ്വപുത്രേഛാനുസാരം ആ മഹാത്മാവ് അതിനൊരുങ്ങുകയും ചെയ്തു. എന്നാൽ തന്റെ അരുമ മകനെ ബലി വേദിയിൽ കിടത്തി അദ്ദേഹം അറുക്കുവാൻ ഒരുങ്ങുകയായിരുന്നപ്പോൾ അദ്ദേഹത്തിന് അങ്ങനെ ചെയ്യേണ്ടതില്ലെന്ന കല്പനയുണ്ടാകുകയും പകരം അദ്ദേഹം ഒരു മുട്ടാടിനെ ബലിയിടുകയും ചെയ്തു. ഹദ്റത്ത് ഇബ്രാഹിമി (അ)ന്റെ ത്യാഗ മനോഭാവത്തിൽ അല്ലാഹു തൃപ്തിപ്പെടുകയും അതിന് പ്രതിഫലമായി അല്ലാഹു അദ്ദേഹത്തിന് മഹത്തായ പല അനുഗ്രഹങ്ങളും നൽകുകയും ചെയ്തു. ഇസ്‌ലാമിലെ ബലികർമം ഈ മഹത്തായ ത്യാഗത്തിലേക്കാണ് മനുഷ്യന്റെ ശ്രദ്ധ യെ ക്ഷണിക്കുന്നത്. ഇസ്‌ലാമിലെ ബലികർമത്തിന് സവിശേഷമായൊരു അസ്തിത്വമുണ്ട്. അതിന് ദൈവത്തിന്റെ ഏകത്വത്തിനും മനുഷ്യമഹത്വത്തിന്നും നിരക്കാത്ത ഒരു നിലപാടുമില്ല തന്നെ. ഹദ്റത്ത് ഇബ്റാഹി(അ)മിന്റെ ആ ദിവ്യ യജ്ഞത്തെ അനുസ്മരിച്ചു കൊണ്ട് അല്ലാഹു പറയുന്നു:'ഒരു മഹാബലി കൊണ്ടു അവനെ (ഇസ്മായീലിനെ) വീണ്ടെടുത്തു'[7] ഇത് കൊണ്ട് തന്നെ മനസ്സിലാകുന്നത് പൈശാചികവും ക്രൂരവുമായ ഒരു നിന്ദ്യ കർമത്തിൽ നിന്നും മനുഷ്യ വംശത്തെയാകെ മോചിപ്പിച്ചുവെന്നാണ്. ദേവന്മാരെ പ്രസാദിപ്പിക്കുന്നതിനും പാപ പരിഹാരങ്ങൾക്കുമായി നടത്തപ്പെട്ടിരുന്ന നരബലിക്കെതിരെ നിത്യവും വ്യക്തവുമായതുമായ വിധിയാണ്. ഇസ്മായീലി (അ)നെ മോചിപ്പിച്ചു എന്ന ദിവ്യവാക്യ

ത്തിൽ നിബന്ധം ചെയ്യപ്പെട്ടിരിക്കുന്നത്. ഹദ്റത്ത് ഇബ്റാഹീമി(അ)ന്റെ ബലിയെ മഹാബലിയെന്ന് വിശേഷിപ്പിക്കുന്നത്. മനുഷ്യ വർഗത്തിനു നരബലിയെ ശാശ്വതമായി നിരോധിച്ചു കൊണ്ടുള്ള ആ സംഭവത്തിന്റെ സ്മാരകമായി ലോകാന്ത്യം വരെ ആ ബലികർമം പ്രയോഗക്ഷമമായി അനുസ്മരിക്കപ്പെടുമെന്നത് കൊണ്ടാകുന്നു. അതോടെ ബലി നടത്തുന്നത് അല്ലാഹുവിന്റെ പേരിൽ മാത്രം അവന്റെ സർവ തോന്മുഖമായ സ്ഥാന ശക്തികളെ അംഗീകരിച്ചു കൊണ്ടുള്ളതായിരിക്കണമെന്നതു നിർബന്ധമായി അല്ലാഹു ഖുർആനിൽ പറയുന്നു.'നിങ്ങളുടെ ആരാധ്യൻ ഏകനാകയാൽ അവനു മാത്രമാണ് വഴിപാട് നൽകേണ്ടത്' എന്ന്.[8] യഥാർഥത്തിൽ ഈ രൂപത്തിൽ തന്നെയായിരുന്നു ബലികർമത്തിന്റെ ഉദ്ഭവം. കാലന്തരത്തിൽ അതിൽ അനാചാരങ്ങൾ നിറയുകയും അന്ധ വിശ്വാസ ജഢിലമാവുകയും ചെയ്തു. ഹദ്റത്ത് ഇസ്മായീലിന്റെ ബലി സംഭവം ആ കർമത്തിന്റെ നിർമലത്വത്തെ അസന്ദിഗ്ധമായി പ്രഖ്യാപനം ചെയ്യുന്നു.

**ഉദ്ദേശ്യവും യുക്തിയും**

ബലികർമത്തിന് മഹത്തായ ഉദ്ദേശ്യ വും ലക്ഷ്യവുമുണ്ട്. മനുഷ്യ ജീവിത ത്തിന്റെ വിജയവും പരിപൂർണതയും പരമമായ ശക്തിയിൽ സായൂജ്യം പ്രാപിക്കുന്നതിനാലാണ് സ്ഥിതി ചെയ്യുന്നത്. അതു കൊണ്ടാണ് ഭൗതികാസ്വാദനങ്ങളിലൂടെ മാത്രം നിത്യാനന്ദം ദുഷ്പ്രാപ്യമാണെന്ന് മതങ്ങൾ പഠിപ്പിക്കുന്നത്. ആത്മപരിത്യാഗം, ആത്മ നിരസനം, ആത്മ നിയന്ത്രണം, ആത്മ സംഹാരം ഇത്യാദികളിലൂടെ മനുഷ്യ ജീവിതത്തിലെ ഏറ്റവും സന്ദിഗ്ധവും ഗൗരവതരവുമായ പ്രശ്നങ്ങൾക്ക് പരിഹാരമാർഗങ്ങൾ കണ്ടെത്തപ്പെട്ടിട്ടു ണ്ട്. മുക്തി, ആനന്ദം, ആത്മ സംതൃപ്തി എന്നിവയുടെ പ്രാപ്യത ത്യാഗബോധ ത്തിന്റെ അഥവാ ബലിയുടെ അടിസ്ഥാന തത്ത്വത്തെക്കുറിച്ചുള്ള യഥാർഥ പരി ജ്ഞാനത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഇസ്ലാം ആത്മ സംത്യാഗത്തിന്റെ അതിവിശിഷ്ടമായ ഒരു മതമത്രെ. ഇസ്ലാം എന്നതിന്റെ അർഥം ആത്മാർപ്പണം എന്നാണ്. ദൈവത്തോടു ള്ള അകൃത്രിമവും നിഷ്കാമവുമായ സ്നേഹാതി രേകത്തിന്റെ പ്രകടനമാണ് ബലികർമം. ബലികർമത്തിന്റെ പ്രധാന്യത്തെ ശക്തിപൂർവം സ്ഥിരപ്പെടു ത്തുന്ന പരിശ്രമത്തിൽ ജൂതന്മാർ അഥവാ യഹൂദികൾ അതിനെ പ്രത്യേകമായ ആളുകളിലും സ്ഥലത്തും ആക്കി അതിരിട്ടുകൊണ്ട് അതിന്റെ പൊരുളിനെ അവഗണിച്ചുകളഞ്ഞു. ക്രിസ്ത്യാനി കളാകട്ടെ അതിനെ മാത്രം സ്വീകരിച്ചു കൊണ്ട് പ്രായോഗിക വശത്തെ പരിത്യജിക്കുകയും ചെയ്തു. എന്നാൽ ഇസ്ലാം ബലികർമത്തെ ആചാരപര മായും താത്ത്വികമായും ആശ്ലേഷം ചെയ്യുന്നു. അതിനാലാണ് ത്യാഗത്തിന്റെ അഥവാ ബലിയുടെ പൊരുളിന്റെ ചിഹ്നവും സൂചനയുമെന്ന നിലയിൽ ഈ കർമത്തെനിലനിർത്തി കൊണ്ടു പോവേണ്ടതിന് ബലി പെരുന്നാൾ നടത്തുവാനും ആ സുദിനത്തിൽ ഭോജ്യ മൃഗങ്ങൾ ബലിയിടാനും ഇസ്ലാം കൽപ്പിച്ചത്. ഇസ്ലാമിന്റെ ഈ കൽപ്പന ആചാരമാത്രമായ അനുകരണത്തിനുള്ള തല്ല. ബലിനടത്തുന്നയാളുടെ ത്യാഗ സന്നദ്ധതയുടെയും ആത്മ ശുദ്ധിയു ടെയും പ്രകടനമാണ്. ഭൗതികമായ ഒന്നും ദൈവത്തിന് ആവശ്യമില്ല. വിഗ്രഹാരാധ കരായ മതക്കാർ പാപപരിഹാരാധി കൾക്കായി രക്തവും മാംസവും ദേവനു നിവേദിക്കുന്നത് പോലെയല്ല മുസ്ലിംകൾ മൃഗത്തെ ബലിയിടുന്നത്. അതു കൊണ്ടാണ് മൃഗത്തെ അറുക്കുന്നവൻ ബലിയിടുമ്പോൾ അല്ലാഹുവിന്റെ നാമത്തിൽ'അല്ലാഹുവലിയവൻ'എന്നുച്ച ത്തിൽ ഉച്ചരിക്കുവാൻ കൽപ്പിച്ചത്. സർവശക്തനും സർവ സ്രഷ്ടാവുമായ അല്ലാഹുവിന്റെ പേരിലേ ബലിയിടാവൂ അങ്ങനെ അറുക്കപ്പെട്ട മൃഗത്തിന്റെ മാംസം മാത്രമേ ഭോജ്യമാവൂ എന്നും ഇസ്ലാം വിധിക്കുന്നു.

ബലി മനുഷ്യനെ ദൈവത്തോട ടുപ്പിക്കുന്ന പുണ്യകർമമാണ്. അത്കാര ണമായിട്ടാണ് ബലിയിടുന്ന മൃഗത്തെ ഖുർബാന ('ഖുർബ' എന്ന അറബി പദത്തിനർഥം അടുപ്പം എന്നാണ്) എന്നു വിളിക്കുന്നത്. അതായത് ആർ ആത്മാർ ഥമായും ഭക്തിപൂർവവും ഈ കർമം അനുഷ്ഠിക്കുന്നുവോ അവർ അല്ലാഹു വുമായി കൂടുതൽ അടുക്കുകയും അവനെ കൂടുതൽ അറിയുകയും ചെയ്യുന്നു. ഈ ബലികർമം നമ്മെ പഠിപ്പിക്കുന്നത് ഭൗതികമായ എല്ലാ സുഖസൗകര്യങ്ങളും ഉപേക്ഷിച്ചു കൊണ്ട് സ്രഷ്ടാവി നോടുള്ള പ്രേമപ്ര കർഷത്തെ പ്രത്യക്ഷീകരിക്കാൻ ഒരു മുസ്ലിം സദാ സന്നദ്ധനായിരിക്ക ണമെന്നാണ്. ഈ നിഷ്ക്കാമമായ ബലികർമം മുഖേന തന്റെ പാപ പ്രവണമായ ആത്മാവിനെ അയാൾ ഹനിക്കുയത്രെ ചെയ്യുന്നത്. എന്നു വെച്ചാൽ പ്രാപഞ്ചികമായ സകല താൽപര്യങ്ങളെയും ദൈവത്തിന്റെ പേരിൽ ബലിയിടുകയാണ് ചെയ്യുന്നത്. അതാണ് നിത്യ ദുഃഖത്തിൽ നിന്നുള്ള മോചനമാർഗമെന്ന് നാം മനസ്സിലാക്കു ന്നു. വിശുദ്ധ ഖുർആൻ പറയുന്നു പറയുക, എന്റെ പ്രാർഥനയും എന്റെ ത്യാഗങ്ങളും ( ബലികളും) എന്റെ ജീവിതവും എന്റെ മരണവും എല്ലാം സർവ ലോക സ്രഷ്ടാവും നിയന്താവു മായ അല്ലാഹുവിനാകുന്നു.[9] നബി തിരുമേനി(സ) ബലിമൃഗങ്ങളെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'നിശ്ചയ മായും ബലി വസ്തുക്കൾ ലോകനാഥന്റെ അടുക്കലേക്ക് കൊണ്ടു പോകുന്ന വാഹനങ്ങളാകുന്നു. അവ പാപങ്ങളെ കഴുകിക്കളയുകയും കഷ്ടതകളിൽ നിന്നു രക്ഷപ്പെടുത്തുകയും ചെയ്യുന്നു. ബലി ചെയ്യപ്പെടുന്ന മൃഗത്തിന്റെ മാംസം ദുരുപയോഗപ്പെടുത്താൻ പാടുള്ളതല്ല. അത് സാധുക്കൾക്കും അഗതികൾക്കും ബന്ധുക്കൾക്കും ഭക്ഷണമായിരിക്കേണ്ട താണെന്നു കല്പിക്കപ്പെട്ടിരിക്കുന്നു. മനുഷ്യൻ തന്റെജീവിതം സത്യത്തിന് വേണ്ടി ബലിയാവാൻ സന്നദ്ധനായി രിക്കുന്നതോടുകുടി അതിനെ ലോകത്തിന് ഉപകാര പ്രദമാക്കാൻ പരി ശ്രമിക്കുകയും ചെയ്യണമെന്ന പാഠമാണ് ഈ കല്പന യിലടങ്ങിയിരിക്കുന്നത്. ബലി ചെയ്യുന്ന മൃഗത്തിന്റെ രക്തവും മാംസവുമല്ല ദൈവത്തിന്റെ അരികിലെത്തുന്നതെന്നും ബലി ചെയ്യുന്ന ആളിന്റെ ഹൃദയ ശുദ്ധിയും ത്യാഗവും മാത്രമാണ് ദൈവത്തിന്റെ പക്കൽ പരിഗണിക്കുന്ന തെന്നും വിശുദ്ധ ഖുർആൻ അസന്ദിഗ് ധദ്ധമായി പ്രഖ്യാപിക്കുന്നു.'നിങ്ങൾ ബലിയിടുന്ന മൃഗത്തിന്റെ മാംസമോ രക്തമോ അല്ലാഹുവിന്റെ അടുക്കൽ എത്തുന്നില്ല. നിങ്ങളുടെ സൂക്ഷ്മതാ ബോധമാണ് അല്ലാഹുവിന്റെ അടുക്കൽ എത്തുന്നത്.'[10] എന്ന് പവിത്ര ഗ്രന്ഥം ഘോഷിക്കുന്നു.

ബലികർമം മനുഷ്യ ഹൃദയത്തിലെ വിചാരഗതിയുടെ ഒരു പ്രായോഗിക പ്രകാശനമാണെന്ന് പറയാം. പുരാതന കാലങ്ങളിൽ പ്രതിരൂപപരമായ കർമമാ ർഗങ്ങളിലൂടെ ആശയം പ്രകടനം ചെയ്യുന്ന സമ്പ്രദായം നിലവിലുണ്ടാ യിരുന്നു. ഉക്തഭാഷയും ലിഖിത ഭാഷയും പ്രചുര പ്രചരിതമാവുകയും സാഹിത്യകല ഉച്ച കോടിയെ പ്രാപിച്ചിരി ക്കുകയും ചെയ്ത ഇക്കാലത്ത് പോലും ഇത്തരം പ്ര കടനങ്ങൾ ധാരാളം കാണാം. ഒരു ചെറിയ ഉദാഹരണം പറയാം .

സാധാരണയായി ഹസ്ത ദാനം ചെയ്യാറുണ്ടല്ലോ പരമ്പരാഗതമായി അനുവർത്തിക്കപ്പെടുന്ന ആ ആചാര ത്തിന്റെ യുക്തി യെന്താണ്? വ്യക്തമായ ഒരാശയത്തിന്റെ പ്രകടനമാണെന്ന് പറയാതെ തരമില്ല. പൂർവ കാലങ്ങളിൽ പരസ്പരം സഹായിക്കാനും ഒന്നിച്ചിരു ന്നു പൊരുതാനുമുള്ള ഒരുടമ്പടി യിലേർപ്പെട്ടു കഴിഞ്ഞാൽ കൈകള ന്യോന്യം കോർത്തു പിടിച്ചു കൊണ്ട് പരസ്പര സഹായ സന്നദ്ധത പ്രകടിപ്പി ക്കാറുണ്ടായിരുന്നു. മേലിൽ ഒരാളുടെ കൈ മറ്റയാളുടെ കൈയായി ഗണിക്കു മെന്നായിരുന്നു അതിന്റെ അർഥം. ഇവ്വിധമാണ് ഈ ഉപചാരത്തിന്റെ ഉൽപ്പത്തിയു ണ്ടായത്. കാല ക്രമേണ ഈ പതിവ് സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും ചിഹ്നമായി. സ്നേഹിതന്മാർ പരസ്പരം കണ്ടുമുട്ടി യാൽ പരസ്പരം ഹസ്തദാനം ചെയ്യണ മെന്നായി. ഇന്നാരും ഈ ആചാരത്തിന്റെ യുക്തിയും ഉദ്ഭവവും അന്വേഷിക്കാറില്ല. അതിനെ അപലപിക്കാൻ മുതിരാറുമില്ല. അതുപോലെ തന്നെ ചുംബനവും. ചുംബിക്കപ്പെടുന്ന ആളെ തന്നിലേ ക്കാകർഷിക്കുകയും ഏകീകരണം സാധിക്കുകയും ചെയ്യാനുള്ള ജീവിപ രമായ ഒരുൾപ്രേരണയെ കുറിക്കുന്ന ഒരു പ്രതീകം ആണ് അത്. ഇങ്ങനെ ചുംബനം പ്രേമത്തിന്റെ ബഹിർസ്ഫുരണമായി തീർന്നു. അങ്ങനെ നമ്മുടെ നിത്യജീ വിതത്തിൽ തന്നെ അനേകം ആചാര ങ്ങളും കർമങ്ങളും നമ്മുടെ വിചാരഗതി യുടെയും ആശയങ്ങളും പ്രതിസ്ഫുര ണങ്ങളും ചിഹ്നങ്ങളുമെന്ന നിലയിലും നാം നിർവഹിക്കാറുണ്ട്. ബലികമ ത്തെയും ഈ ഇനത്തിൽപ്പെടുത്തിയാൽ മതിയാകും, ബലികർമം ഒരു സിംബൽ മാത്രമാകുന്നു. ഈ വസ്തുത മനസ്സി ലാകാത്തത് കൊണ്ടാണ് ബലി കർമത്തെക്കുറിച്ച് പല വിധതെറ്റിദ്ധാര ണകളും വ്യാഖ്യാനങ്ങളും ഉണ്ടാകുന്നത്. ദൈവത്തിന്റെ മുമ്പാകെ മനുഷ്യന്റെ ത്യാഗ സന്നദ്ധതയും നിർമലതയും പ്രകടിപ്പിക്കാനുള്ള ഒരു കർമമത്രെ ബലി. സമുന്നതവും ദിവ്യവുമായ ഒരു കാര്യത്തിന് വേണ്ടി തന്റെ ജീവിതത്തെ ബലിയർപ്പിക്കാനും ആ ബലി മുഖേന പരലോകത്ത് തന്റെ ജീവിതത്തിന് ഉപകാര പ്രദമാകാനും താൻ സന്നദ്ധനാണെന്ന് ദൈവത്തിന്റെ മുമ്പാകെ കർമണയാ പ്രഖ്യാപിക്കു കയത്രെ ബലി നടത്തി ക്കൊണ്ട് ഒരാൾ ചെയ്യുന്നത്. ഈ അടിസ്ഥാനത്തിൽ ചിന്തിക്കുന്നതായാൽ ബലികർമം യുക്തിയിന്മേൽ കാലുറ പ്പിച്ചതാണെന്ന് എളുപ്പത്തിൽ മനസ്സി ലാവും.

ഈ കർമം നമുക്ക് കാണിച്ചു തന്നിട്ടുള്ളതും അതു മുഖേന ദൈവത്തിന്റെ പ്രീതി കരസ്ഥമാക്കാമെന്ന് പഠിപ്പിച്ചതും പ്രവാചകന്മാരാണ്. ദൈവമുണ്ടെന്നും പ്രവാചകന്മാർ ദൈവത്തിന്റെ ദൂതന്മാരാണെന്നും വിശ്വസിക്കപ്പെട്ടു കഴിഞ്ഞാൽ അവർ പ്രവർത്തിക്കുന്നതിലും ഉപദേശിക്കു ന്നതിലും അയുക്തികമായി ഒന്നുമില്ലെന്ന് വിശ്വസിച്ചു നാം അവയെ അനുവർ ത്തിക്കേണ്ടതാണ്. യുക്തിയുണ്ടെങ്കിൽ മാത്രമേ അത് ചെയ്യൂ എന്ന് ശഠിക്കുന്നത് യുക്തി ശൂന്യതയാണ്. മാംസം ഭുജിക്കേണ്ടതാവശ്യമാണെന്നും അതിന് മൃഗത്തെ വ ധിക്കേണ്ടതാണെന്നും വരുമ്പോൾ ബലികർമം ഹിംസാത്മക മാണെന്ന വാദത്തിന് പ്രസക്തിയു ണ്ടാവില്ല. ഹിംസാത്മക വാദത്തിന് പ്ര സക്തിയില്ലെങ്കിൽ പിന്നെ ബലികർമ ത്തിന് ആക്ഷേപാർഹമായോ നിന്ദ്യ പരമായോ ഒന്നും തന്നെയില്ല.

ചുരുക്കി പറഞ്ഞാൽ ബലികർമ ത്തിന്റെ യഥാർഥമായ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അറിയാതെയും അതിലട ങ്ങിയ യുക്തി രഹസ്യങ്ങൾ മനസ്സിലാ ക്കാതെ യുമാണ് പലരും അതിനെ ആക്ഷേപിക്കുകയും അപഹസി ക്കുകയും ചെയ്യുന്നത്. ബലിയിൽ അന്തർ ഭവിച്ചിരിക്കുന്ന തത്ത്വരഹ സ്യങ്ങളെ ശരിക്കും മനസ്സിലാക്കി യിട്ടുള്ള ഒരാൾ വമ്പിച്ച ഒരുത്ത രവാദിത്വമാണ് ഏറ്റെടുത്തിരിക്കുന്നത്. ആ തത്ത്വത്തെ സാക്ഷാത്ക്കരിക്കുവാൻ അയാൾ തയ്യാറില്ലെങ്കിൽ ആ ബലി വ്യർഥം അയാളുടെ ജീവിതം വ്യർഥം.

1. വിശുദ്ധ ഖുർആൻ 22:34, 2. Universal History of the World Vol 1p. 327 3. ഉൽപ്പത്തി8:20, 4. ഉൽപ്പത്തി31: 45, 5 ആവർത്തനം 12: 27, 6. ഹിന്ദുക്കളുടെ ജന്തുഹിംസ - കെ ദാമോദരൻ പുസ്തകം 8,9, 7. വി. ഖുർആൻ 37:107, 8 .വി. ഖുർആൻ 22: 34, 9. വി. ഖുർആൻ 6: 163 10 വി. ഖുർആൻ.22:37

# തഹ്‌രീക്ക് ജദീദ്

തഹ്‌രീക്ക് ജദീദിന്റെ നടപ്പ് വർഷം ഈ ഒക്ടോബറിൽ അവസാനിക്കുകയാണ്. ആയതിനാൽ സെക്രട്ടറിമാർ കുടിശ്ശിക പിരിച്ചെടുത്ത് അടക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു. കുടിശ്ശിക വരുത്തുന്നത് സംബന്ധിച്ച് തഹ്‌രീക്ക് ജദീദിന്റെ ഉപജ്ഞാതാവായ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറഞ്ഞത് ശ്രദ്ധിക്കുക. ' ***തഹ്‌രീക്ക് ജദീദ് എത്രയും വേഗം കൊടുത്തു തീർക്കേണ്ടതാണ്. വർഷാവസാനത്തേക്ക് മാറ്റിവെ ക്കുന്നത് ദുഷ് പ്പേരുണ്ടാക്കും. എപ്പോഴും നേരത്തെ കൊടുത്തുതീർക്കുകയാണ് വേണ്ടത് നിർബന്ധ സാഹചര്യ ത്തിലല്ലാതെ വർഷാവസാനം വരെ കാത്തിരിക്കുന്നത് ശരിയല്ല.***' (മജ്‌ലിസെ ശൂറാ ഏപ്രിൽ 10,11,12-1939). ഈ നിർദേശത്തോട് എല്ലാവരും സഹകരിക്കണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു.

ഖുർഷിദ് അഹ്‌മദ് അൻവർ (വക്കീലുൽ മാൽ)
തഹ്‌രീക്ക് ജദീദ് ,ഖാദിയാൻ.

# ജ്ഞാനമാർഗം അന്വേഷിക്കുന്ന ക്രിസ്തുമതം

ഏ. എം. മുഹമ്മദ് സലിം


എ. ഡി. 300ന് ശേഷം റോമൻ സഭയുടെ ക്രൂരമായ പീഡനങ്ങളും തമസ്കരണങ്ങളും മൂലം ചരിത്രത്തിൽ നിന്നും അപ്രത്യക്ഷമായ വിവിധ ക്രൈസ്തവ ചിന്താധാരകളെയും വിശ്വാസ പ്രമാണങ്ങളേയും വേദ ഗ്രന്ഥങ്ങളേയും അന്വേഷിച്ചുകൊണ്ട് ക്രൈസ്തവ ലോകത്ത് ഒരു പുതിയ ഉണർവ് ദൃശ്യമായിരിക്കുന്നു. ആദിമ ക്രൈസ്തവ സമൂഹത്തിന്റെ പ്രാക്തന വിശുദ്ധിതേടി ക്കൊണ്ടുള്ള ക്രൈസ്തവ വിശ്വാസികളുടെ ഈ ചരിത്ര തീർഥാടനം ഒരു ആത്മീയ നവജാഗരണത്തിന് വഴിയൊരുക്കുമോ?

മനുഷ്യൻ ജന്മനാ പാപിയായി ജനിക്കുന്നുവെന്നും മനുഷ്യന്റെ പാപം ഏറ്റെടുത്തുകൊണ്ട് ദൈവപുത്രനായ ക്രിസ്തു കുരിശിൽ ബലിയാവുകയും അദ്ദേഹത്തിന്റെ കുരിശു മരണത്തിൽ വിശ്വസിക്കുന്നവർ പാപ വിമുക്തനാവുമെന്നുമാണ് കത്തോലിക്കാ സഭയുടെ മുക്തിശാസ്ത്രം പറയുന്നത്. മനുഷ്യന്റെ ആത്മീയദാഹത്തിന് ശമനം നൽകാത്തതും യുക്തിബോധത്തെ തൃപ്തിപ്പെടുത്താത്തതും നൈതികവും ധാർമികവുമായ ന്യായീകരണമില്ലാത്തതുമായ ഈ ക്രൈസ്തവ മോക്ഷ സിദ്ധാന്തം വിശ്വാസികളിൽ മടുപ്പുളവാക്കിയിരിക്കുന്നു. ക്രിസ്തുവിന്റെ സ്ഥൂല ശരീരത്തോടെയുള്ള പുനരാഗമനം സംബന്ധിച്ച നിരാശ ഗ്രസിച്ച പ്രതീക്ഷകളാണവർക്കുള്ളത്. ക്രൈസ് തവ സഭയുടെ സ്ഥാപനവത്കരിക്കപ്പെട്ട ശുഷ്ക വിശ്വാസത്തിൽ തൃപ്തി വരാത്ത ക്രിസ്ത്യാനികൾ ക്രിസ്തുമതത്തിന്റെ ആത്മീയ പൊരുളും യഥാർഥ മുക്തി മാർഗവും അന്വേഷിച്ച് അവരുടെ നശിപ്പിക്കപ്പെട്ട ആദിമ ചരിത്ര രേഖകളുടെ അവശിഷ്ടങ്ങളിൽ പരതുകയാണ്.

വിശ്വപ്രശസ്തമായ ടൈം വാരികയിൽ ഡേവിഡ് വാൻ ബിമ എഴുതിയ Lost Gospels എന്ന ലേഖനത്തിലാണ് (2003 ഡിസംബർ 22) ദൈവത്തെ പ്രാപിക്കാൻ ക്രൈസ്തവ ലോകത്ത് കുരിശിന്റേതല്ലാത്ത മറ്റ് വഴികൾ അന്വേഷിച്ചുകൊണ്ടുള്ള പുതിയ സംരംഭങ്ങൾ ആരംഭിച്ചതായി വിവരിച്ചിരിക്കുന്നത്. മതാധിഷ്ഠിത രാഷ്ട്രം കൈയാളിയിരുന്ന റോമൻ സഭ വേദവിപരീതം അഥവാ പാഷാണ്ഡത (Heresy) ആരോപിച്ചുകൊണ്ട് നശിപ്പിച്ചുകളഞ്ഞ ഗ്നോസ്റ്റിക്ക് (Gnosticþ- ജ്ഞാനവാദപരമായ) പാരമ്പര്യത്തെ പുനരാവിഷ്കരിക്കാനുള്ള വ്യാപകമായ സർഗാത്മക സംരംഭങ്ങളെ പറ്റിയാണ് ലേഖനത്തിൽ പ്രതിപാദ്യം.

'ഗ്നോസ്റ്റിസിസം' എന്നാൽ 'ജ്ഞാനവാദം' എന്നാണ് അർഥം. 'Gnos' അഥവാ ജ്ഞാനം എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ഇത് നിഷ്പന്നമായത്. കത്തോലിക്കാ സഭയുടെ ഔദ്യോഗിക പാപമോചന സിദ്ധാന്തത്തിൽ നിന്നും വിഭിന്നമായി ജ്ഞാനമാർഗത്തിൽ ദൈവത്തെ പ്രാപിക്കാമെന്ന പൊതു ചിന്താധാരയെ കുറിക്കുന്നതാണ് ഗ്നോസ്റ്റിസം. ഈ ചിന്താധാര നിയതമായ നിർവചനത്തിന് വിധേയമല്ല. ആദിമ ക്രിസ്ത്യാനികൾ ആത്മീയ മാർഗത്തിൽ ദൈവവുമായി ബന്ധപ്പെടുന്ന ആത്മീയ ജ്ഞാനത്തിന്റെ വഴികളിൽ വിശ്വസിക്കുകയും അനുഷ്ഠിക്കുകയും ചെയ്തിരുന്നു. ബുദ്ധമത ധർമവുമായി ഇതിന് സാധർമ്യമുണ്ട്. ബൈബിൾ സുവിശേഷങ്ങളിൽ തന്നെ ബുദ്ധമതവുമായുള്ള സാമ്യതയുടെ ബഹിർ സ്ഫുരണങ്ങളുണ്ട്. ഹദ്റത്ത് അഹ്മദ് (അ) തന്റെ 'യേശുമിശിഹാ ഇന്ത്യയിൽ' എന്ന പുസ്തകത്തിൽ ഇക്കാര്യം സുദീർഘമായി പ്രതിപാദിച്ചിട്ടുണ്ട്. എളിമാവസ്ഥയിൽ നിന്നും അധികാര സിംഹാസനത്തിൽ ആരൂഢരായ കത്തോലിക്കാ റോമൻ സഭ മനുഷ്യന്റെ മോചന മാർഗമായി യേശുവിന്റെ കുരിശുമരണത്തിലെ വിശ്വാസമൊഴികെയുള്ള മതവിശ്വാസങ്ങളെല്ലാം അതിക്രൂരമായും അതിഭീകരമായും അടിച്ചമർത്തി. പ്രചണ്ഡമായ പ്രചരണത്തിലൂടെ ഗ്നോസ്റ്റിസം എന്നാൽ മതവിരുദ്ധതയാണെന്ന് ക്രൈസ്തവ ലോകത്തെ റോമൻ സഭ പറഞ്ഞു വിശ്വസിപ്പിച്ചിരിക്കുകയാണ്.

ഹോൾഗർ കെസ്റ്റനർ തന്റെ 'Jesus lived in India' എന്ന പുസ്തകത്തിൽ പറഞ്ഞത് എത്രയും ശ്രദ്ധേയമാണ്. 'ഗ്നോസ്റ്റിക് ആശയങ്ങൾ പിൽക്കാലത്ത് വേദവിപരീതം എന്ന് കത്തോലിക്കാ സഭാകൗൺസിലുകൾ മുദ്രകുത്തുകയുണ്ടായി. റോമൻ സഭ മധ്യകാലഘട്ടത്തിൽ



ക്രിസ്തു ശിഷ്യനായ സെന്റ് തോമസിനെ അടക്കം ചെയ്ത ചെന്നൈയിലെ സെന്റ് തോമസ് ചർച്ച്

അതിനിഷ്ഠൂരമായി പിഴുത് മാറ്റുന്നതു വരെ ചില വിഭാഗങ്ങൾ (ചത്താർസ് Chathars, അൽബിയൻസിയൻസ് - Albigensions, ബോഗോ മിൽസ് Bogomils) എന്നീ വിഭാഗങ്ങൾ നിലനിന്നിരുന്നു. ഈ ഗ്നോസ്റ്റിക് ഗ്രൂപ്പുകളിൽ പൊതുവായുള്ളത് യേശുവിൽ അവർ വിശ്വസിച്ചിരുന്നു എന്നതാണ്. അതുപോലെ പുനർജന്മത്തിലും അവർ ശക്തമായി വിശ്വസിച്ചിരുന്നു. ആദിമ ക്രിസ്തീയ സമൂഹവും ഗ്നോസ്റ്റിസവും വാസ്തവത്തിൽ ഒരേ പ്രസ്ഥാനത്തിന്റെ രണ്ടു മുഖങ്ങളായിരുന്നു. ഇവർ തമ്മിൽ ശത്രുതയുണ്ടെന്ന് വരുത്തി തീർത്തത് പിൽക്കാലത്തെ സഭാ നേതാക്കന്മാരുടെ ഭാഗത്ത് നിന്നുണ്ടായ ചരിത്രത്തിന്റെ വളച്ചൊടിക്കലാണെന്ന് നിരവധി പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്." (പേ. 117). 'ഗോസ്പൽ ഓഫ് തോമസ്, ഗോസ്പൽ ഓഫ് മേരി, ആക്റ്റ് ഓഫ് ജോൺ, ദ ഹോമിലിസ് ഓഫ് ക്ലമെന്റ്, ഗോസ്പൽ ഓഫ് ട്രൂത്ത് മുതലായ സുവിശേഷങ്ങൾ റോമൻ സഭ നശിപ്പിച്ച വേദഗ്രന്ഥങ്ങളിൽ ചിലതാണ്.

## നാഗ്ഹമ്മാദി രേഖകൾ

പുരാതന കോപ്റ്റിക് സഭയുടെ ആസ്ഥാനമായ ഈജിപ്തിലെ നാഗ്ഹമ്മാദി എന്ന ഗ്രാമത്തിൽ നിന്നും 1945-47 കാലഘട്ടങ്ങളിൽ കണ്ടെടുത്ത രേഖകളാണ് നാഗ്ഹമ്മാദി രേഖകൾ (Nag Hammadi Documents) എന്നറിയപ്പെടുന്നത്. ഫലസ്തീനിലെ കുംമ്രാൻ താഴ്വരയിൽ നിന്നും കണ്ടെടുത്ത ചാവുകടൽ ചുരുളുകളോട് (Dea Sea Scords) സാമ്യമുള്ളതായിരുന്നു ഈ സംഭവം. ഗ്നോസ്റ്റിക്ക് പാരമ്പര്യത്തിൽ എഴുതപ്പെട്ട ഈ രേഖകൾ ആദിമ ക്രിസ്ത്യനികളുടെ വിശ്വാസങ്ങളെ സംബന്ധിച്ച അമൂല്യമായ രേഖകൾ ഉൾക്കൊള്ളുന്നു. റോമൻ സഭ നശിപ്പിച്ച് ഇല്ലാതാക്കാൻ ശ്രമിച്ച ഈ സുവിശേഷങ്ങളുടെ വീണ്ടെടുപ്പ് മതചരിത്ര ലോകത്ത് സൃഷ്ടിച്ച നടുക്കങ്ങൾ ചില്ലറയല്ല. 1966 മുതൽ Coptic Library Project എന്ന പേരിൽ ഒരു സംരംഭം ഈ ഗ്രന്ഥശേഖരത്തെ പറ്റി സൂക്ഷ്മ പഠനങ്ങൾ നടത്താൻ രൂപീകൃതമായിട്ടുണ്ട്. ഈ പഠനങ്ങൾ 1977 ൽ ജെയിംസ് എം. റോബിൻസൺ എഡിറ്റു ചെയ്ത The Nag Hammai Library in English എന്ന പേരിൽ Harper and Row പ്രസിദ്ധം ചെയ്തിട്ടുണ്ട്. അതിൽ ഏറ്റവും പൂർണമായ സുവിശേഷം Gospel According to Thomas (തോമസിന്റെ സുവിശേഷം) ആണ്. 1959 ൽ 114 വചനങ്ങളുള്ള ഈ കൊച്ചുഗ്രന്ഥം പ്രസിദ്ധീകൃതമായിട്ടുണ്ട്.

## തോമസ് സുവിശേഷവും കേരളവും

കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം തോമസ് സുവിശേഷം വമ്പിച്ച പ്രാധാന്യം അർഹിക്കുന്ന ഒരു ചരിത്രരേഖയും വിശ്വാസ രേഖയുമാണ് എന്ന് ആനുഷംഗികമായി പറഞ്ഞു കൊള്ളട്ടെ. ലോകത്ത് അവശേഷിക്കുന്ന തോമസ് ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്ന കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഈ ക്രൈസ്തവ രേഖയോട് യാതൊരു താല്പര്യവും ഇന്നുവരെ കാട്ടിയിട്ടില്ല.

യേശുവിന്റെ അപ്പോസ്തലനായ സെന്റ് തോമസാണ് തങ്ങളെ ജ്ഞാനസ്നാനം ചെയ്യിച്ചതെന്ന് കരുതുന്ന കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് പാരമ്പര്യമല്ലാതെ ഒരു കച്ചിതുരുമ്പുപോലും ചരിത്രരേഖയായില്ല എന്നതാണ് വാസ്തവം. ഈ ചരിത്ര ശൂന്യതയിൽ അവർ ഖിന്നരുമാണ്. ആ നിലക്ക് തങ്ങളുടെ സഭാപിതാവിന്റെ പേരിൽ എഴുതപ്പെട്ട ഒരു സുവിശേഷം സുപ്രസിദ്ധമായ നാഗ്ഹമ്മാദി രേഖകളിലുണ്ടെന്നറിഞ്ഞാൽ കേരള ക്രിസ്ത്യാനികൾ അത് ആഘോഷിക്കേണ്ടതായിരുന്നു. അതിനെ സൂക്ഷ്മപഠനങ്ങൾക്ക് വിധേയമാക്കി തങ്ങളുടെ പാരമ്പര്യങ്ങളുമായി ഒത്തുനോക്കേണ്ടതുമാണ്. ഈ ചരിത്ര ദൗത്യം നിർവഹിക്കാൻ അരനൂറ്റാണ്ടുകാലത്തോളമായി കേരളത്തിലെ മാർത്തോമ്മ ക്രൈസ്തവരുടെ ഭാഗത്ത് നിന്നും ആധികാരിമായി ഒരു ശ്രമവും ഇന്നേവരെയുണ്ടായിട്ടില്ല. പോർട്ടുഗീസുകാരുടെ കാലം മുതൽ കേരളത്തിലെ പുരാതന ക്രൈസ്തവ സമൂഹം റോമൻസഭയുടെ പ്രഭാവത്തിന് കീഴ്പ്പെട്ടുപോയി. അവരുടെ അധീശക്തിയോടുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിധേയത്വവും മാനസികാടിമത്തവുമാണ് ഇത് കാണിക്കുന്നത്. തോമസ് സുവിശേഷത്തിലെ ഗ്നോറ്റിക്ക് പാരമ്പര്യം പാഷാണ്ഡത തീണ്ടിയിട്ടുണ്ടെന്ന റോമൻ സഭയുടെ വിധി കാരണം സ്വന്തം പാരമ്പര്യം പോലും അന്വേഷിക്കാൻ ഇവിടുത്തെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഭയപ്പെടുന്നു എന്നതാണ് വാസ്തവം. മാർത്തോമ്മാ ക്രിസ്ത്യാനികൾ നിറഞ്ഞ മലയാളത്തിൽ Gospel Acording to Thomas ന്റെ മലയാള വിവർത്തനം

നിർവഹിക്കാനുള്ള നിയോഗം കഴിഞ്ഞ വർഷം നാരായണ ഗുരു കുലത്തിലെ അന്തേവാസിയായ സ്വാമി വിനയചൈത ന്യക്കാണ് ഉണ്ടായത് എന്നത് കേവലം യാദൃച്ഛികമല്ല.

കത്തോലിക്കാ സഭയിലെ പോപ്പ്, മൈത്രാൻ വൈദികൻ, അൽമായൻമാർ, കന്യാസ്ത്രീകൾ എന്നിങ്ങനെയുള്ള സഭാ ഘടനയും അധികാര ശ്രേണിയും തോമസ് ക്രിസ്ത്യാനികൾക്കിടയിൽ ഇല്ലായിരുന്നുവെന്ന് ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ജനാധിപത്യപരവും സ്നേഹ ബന്ധുത്വപരവുമായ ഒരു സാമൂഹിക ജീവിതമായിരുന്നു അവരുടേത്. ടൈം ലേഖനം പറയുന്നു. "ഗ്നോസ്റ്റിക്കുകൾ (തോമസ് സുവിശേഷത്തിന്റെ അനുയായികൾ) പ്രവര ബോധം (Elitist) ഉള്ളവരായിരുന്നു. ഓരോ മനുഷ്യന്റെയും വ്യക്തി സത്തക്ക് തന്നെ ആത്മീയ മോക്ഷത്തിന് പ്രാപ്തിയുണ്ടെന്ന് അവരിൽ മിക്ക പേരും കരുതി. എന്നാൽ അവർ കൂടുതൽ ജനാധിപത്യസ്വഭാവത്തിലുള്ളവരും ബിഷപ്പ്, ഡീക്കൺ എന്നി പദവികൾ ഉപേക്ഷിച്ചവരുമായിരുന്നു. ഒരു തരത്തിലുള്ള വ്യക്ത്യാധിഷ്ഠിതമായ പൊതുജീവിതം (Commonwealth of Individual Inspirations) ആയിരുന്നു അവർക്കുണ്ടായിരുന്നത്. ദൈവം സംസാരിച്ചു എന്ന് പറയുന്നവരുടെ സാക്ഷ്യങ്ങളെല്ലാം അവരിൽ ചിലർ സ്വീകരിച്ചു. പുരുഷന്മാരോടൊപ്പം സ്ത്രീകളും ആരാധനകളിൽ പങ്കെടുത്തു. ശ്രേണികളും ചട്ടങ്ങളുമുണ്ടാക്കി. റോമൻ മർദകരോടൊപ്പം ക്രിസ്തു സഭ കെട്ടിപ്പടുത്തവർക്ക് ഇതൊന്നും സഹിച്ചില്ല.

ടൈം മാഗസിനിൽ വിവരിച്ച തോമസ് ക്രിസ്ത്യാനികളുടെ മതസാമൂഹിക ജീവിതത്തോട് സാമ്യമുള്ള സാമൂഹ്യ ജീവിതമാണ് കേരളത്തിലെ നസ്രാണികൾ എന്നറിയപ്പെടുന്ന തോമസ് ക്രിസ്ത്യാനികളും അനുവർത്തിച്ചിരുന്നത് 'ഉദയമ്പേരൂർ സൂന്നഹദോസിന്റെ കാനോനകൾ' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ ഡോ. സ്കറിയ സഖറിയ എഴുതിയ പണ്ഡിതോചിതമായ പഠനം ഈ വസ്തുതയിലേക്ക് വെളിച്ചം വീശുന്നു. ഉദയമ്പേരൂർ സൂന്നഹദോസിൽ എഴുതിയ തീരുമാനങ്ങളിലെ പദപ്രയോഗങ്ങൾ അപഗ്രഥിച്ച് ഡോ. സ്കറിയ നടത്തിയ വിശകലനങ്ങൾ ശ്രദ്ധേയമാണ്. ക്രിസ്ത്യാനികളുടെ പുരാതനചരിത്രത്തിന് മറ്റൊരു രേഖയുമില്ലാത്തതിനാൽ ഇത്തരം പഠനങ്ങൾ പ്രസക്തമാണ്. 'പട്ടക്കാരും ഏണങ്ങളും' എന്ന പദദ്വന്ദത്തെ വിശകലനം ചെയ്തുകൊണ്ട് 'ഏണങ്ങൾ' എന്നാൽ ഇണക്കത്തിൽ കഴിയുന്ന മാർത്തോമ്മാ ക്രൈസ്തവ സമുദായങ്ങളെ പറ്റിയുള്ള വിശേഷണമാണെന്നും, അതിൽ നിന്നും വളരെ സൗഹൃദപരമായ അവരുടെ സാമുദായിക ജീവിതം അനുക്തസിദ്ധമാണെന്നും അദ്ദേഹം സമർഥിക്കുന്നു. അതുപോലെ പട്ടക്കാരെ (വൈദികരെ = അൽമായൻ എന്ന സുറിയാനി പദമാണ് പോർട്ടുഗീസുകാർ ഉപയോഗിച്ചത്) മറ്റുള്ളവരിൽ നിന്നും ചമയങ്ങളിലൂടെ വ്യത്യസ്തരാക്കി മാറ്റി ഏണങ്ങളുടെ മേൽ അധികാരം സ്ഥാപിക്കുന്നതിന്റെ വിവരണങ്ങളും ഈ ലഘു പഠനത്തിലുണ്ട്.

## തോമസ് സുവിശേഷത്തിലെ ആത്മീയ രഹസ്യങ്ങൾ

യോഗാത്മക ചിന്താരീതിയാണ് തോമസ് സുവിശേഷത്തിൽ ഉടനീളം കാണുന്നത്. അതായത് ദൈവാനുരാഗത്തിൽ തന്റെ അസ്തിത്വം മുഴുവനും ലയിപ്പിച്ച് തുരീയാവസ്ഥ പ്രാപിക്കുന്ന സൂഫികളുടെ യോഗാത്മക ഭാഷ തോമസ് സുവിശേഷത്തിൽ കാണാം. 114 വചനങ്ങളുള്ളതിൽ പല വചനങ്ങളും നിഗൂഢ അർഥങ്ങളുള്ളതാണ്. ഒരു വചനം ഇങ്ങനെയാണ്."

യേശു അവളോട് പറഞ്ഞു: അഖണ്ഡമായതിൽ നിന്നുള്ളവനാണ് ഞാൻ. എന്റെ പിതാവിന്റേതായ ചിലത് എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ശലോമി പറഞ്ഞു. 'ഞാൻ നിന്റെ ശിഷ്യയാണ്'

യേശു പറഞ്ഞു:'അതുകൊണ്ട് ഞാൻ പറയുന്നു അവൻ അഖണ്ഡമായിരുന്നാൽ അവൻപ്രകാശം കൊണ്ട് നിറയും. പക്ഷേ വിഭജിക്കപ്പെട്ടാൽ അവൻ ഇരുട്ടുകൊണ്ടു നിറയും'.

യേശു പറഞ്ഞു: "രഹസ്യങ്ങൾക്കു യോഗ്യരായവരോടാണ് ഞാൻ എന്റെ രഹസ്യങ്ങൾ ഉണർത്തിക്കുന്നത്. നിങ്ങളുടെ വലത് കൈ എന്താണ് ചെയ്യുന്നതെന്ന് ഇടതു കൈ അറിയാതിരിക്കട്ടെ. (വചനം: 61, 62).

70-ാം വചനത്തിൽ ഇങ്ങനെ കാണാം. "യേശു പറഞ്ഞു. നിങ്ങൾക്കുള്ളത് നിങ്ങൾ നിങ്ങളുടെ ഉള്ളിൽ നിന്നുതന്നെ പുറത്തുകൊണ്ടുവരുന്നെങ്കിൽ അതു നിങ്ങളെ രക്ഷിക്കും. നിങ്ങളുടെ ഉള്ളിലില്ലാത്തത്, അത് നിങ്ങളുടെ ഉള്ളിലില്ലെങ്കിൽ അത് നിങ്ങളെ കൊല്ലും"

വരാനിരിക്കുന്ന ഒരു ആദ്ധ്യാത്മിക പുരുഷന്റെ തനത് രൂപവും അതിന്റെ പ്രതിഛായയെ പറ്റിയും തോമസ് സുവിശേഷത്തിൽ യേശു പറഞ്ഞത് അർഥഗർഭമാണ്. പ്രകാശം സ്ഫുരിക്കുന്ന ഒരു പ്രവാചകനായി മുഹമ്മദ് നബി (സ) യെക്കുറിച്ചും അദ്ദേഹത്തിന്റെ പ്രതിഛായയിൽ വരുന്ന പ്രവാചകനെക്കുറിച്ചുമുള്ള പ്രവചനം തന്നിൽ പൂർത്തിയായതായി അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ) ന്റെ വചനങ്ങളിൽ ധാരാളമുണ്ട് എന്ന കാര്യവും ഇവിടെ സ്മരണീയമാണ്. തോമസ് സുവിശേഷത്തിന്റെ 83-ാം വചനത്തിൽ പറഞ്ഞ ഒരു വചനം ഈയൊരു സത്യത്തെ അനുസ്മരിപ്പിക്കുന്നതാണോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

"യേശു പറഞ്ഞു: പ്രതിഛായകൾ മനുഷ്യനു പ്രത്യക്ഷമാണ്, പക്ഷേ അവയിലുള്ള വെളിച്ചം പിതാവിന്റെ പ്രതിഛായയായി സ്വരൂപത്തിൽ മറഞ്ഞിരിക്കുന്നു. അവൻ പ്രത്യക്ഷപ്പെടും പക്ഷേ, അവന്റെ സ്വരൂപം അവന്റെ പ്രകാശത്തിൽ മറഞ്ഞിരിക്കും" (തോമസ് സുവിശേഷം 83-ാം വചനം)

മറ്റൊരു വചനം ഇങ്ങനെയാണ്. "മാലാഖമാരും പ്രവാചകന്മാരും നിങ്ങളുടെയടുത്ത് വന്ന് നിങ്ങൾക്കുള്ളവ തന്നെ നിങ്ങൾക്കുതരും. നിങ്ങളും നിങ്ങൾക്കുള്ളവ അവർക്ക് കൊടുക്കുകയും, അവർ 'എന്നാണുവന്ന് അവരുടേതായിട്ടുള്ളത് എടുക്കുക' എന്നു സ്വയം പറയുകയും ചെയ്യുക" (വചനം88)

ആത്മീയ പുരുഷന്മാർ ലൗകിക നേതാക്കന്മാരെപ്പോലെയല്ല എന്ന് യേശു ഒരു വചനത്തിൽ ഉണർത്തുന്നു.

യേശു പറഞ്ഞു: "നിങ്ങൾ എന്തിനാണ് മരുഭൂമിയിലേക്കു വന്നിരിക്കുന്നത്? ഒരു ഈറ കാറ്റിലാടുന്നത് കാണുവാനോ? നിങ്ങളുടെ രാജാക്കന്മാരെ പോലെയും മഹാന്മാരെപ്പോലെയും നല്ല വസ്ത്രങ്ങൾ ധരിച്ചിരിക്കുന്ന ഒരു മനുഷ്യനെകാണുവാനോ? നല്ല വസ്ത്രങ്ങൾ അവരുടെ മേലുണ്ട്. പക്ഷേ സത്യത്തെ വിവേചിക്കുവാൻ അവർക്കു കഴിയുന്നില്ല." (വചനം 78)

തോമസ് സുവിശേഷം സ്ത്രീകൾക്ക് നൽകിയ പ്രാധാന്യം ശ്രദ്ധേയമാണ്. ഈ ഗ്രന്ഥത്തിന്റെ അവസാന വചനം ഇങ്ങനെയാണ്. 'യേശു പറഞ്ഞു: "പുരുഷനാകാൻ വേണ്ടി ഞാൻ തന്നെ അവളെ നയിക്കും. അപ്പോൾ അവളും നിങ്ങൾ, പുരുഷന്മാരെപോലെ ജീവിക്കുന്ന ഒരു ആത്മാവാകും. എന്തെന്നാൽ തന്നെത്താൻ പുരുഷനാകുന്ന ഓരോ സ്ത്രീയും സ്വർഗരാജ്യത്തിൽ പ്രവേശിക്കും" (വചനം 114)

## ഗ്നോസ്റ്റിക് തരംഗങ്ങൾ

നാഗ്ഹമ്മാദി ചുരുളുകളെ ആധാരമാക്കി നവോത്ഥാനത്തെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ ഒരു സർഗാത്മക മുന്നേറ്റം പാശ്ചാത്യൻ ക്രൈസ്തവ ലോകത്ത് ദൃശ്യമാണെന്ന് ടൈം വാരിക പറയുന്നു. ലക്ഷക്കണക്കിന് പ്രതികൾ വിറ്റ

ഴിഞ്ഞ 'ഡാവിഞ്ചികോഡ്' (Davinci Code) എന്ന നോവലിന്റെ ഇതിവൃത്തം നാഗ്ഹമ്മാദി രേഖകളെ ആസ്പദമാക്കി യുള്ളതാണ്. ഡാൻ ബ്രൗൺസ് രചിച്ച ഡാവിഞ്ചി കോഡിൽ യേശുവും മഗ്ദലന മറിയയുമായുള്ള ശാരീരിക ബന്ധ ത്തിന്റെ വിവരണങ്ങളുണ്ട്. യേശുവിന്റെ വൈവാഹിക ജീവിതത്തെ പറ്റി പ്രതിപാ ദിക്കുന്നതിനാൽ കോളിളക്കം സൃഷ്ടിച്ച ഈ നോവൽ രൂക്ഷമായ എതിർപ്പു കൾക്കു നടുവിലും 2005ൽ സിനിമയായി റിലീസ് ചെയ്യാൻ പരിപാടിയുണ്ട്. റോമൻ സഭ അടിച്ചമർത്തിയ വിഷയമാണ് യേശു വിന്റെ മഗ്ദലനമറിയയുമായുള്ള ബന്ധം എന്ന് ഡാവിഞ്ചി കോഡിന്റെ കർത്താവ് ഡാൻ ബ്രൗൺസ് പറയുന്നു. നാഗ്ഹമ്മാദി രേഖകളെ ആസ്പദിച്ച മറ്റൊരു കലാ സംരംഭം ദ മാറ്റ്ട്രിക്സ് ട്രിലോജി (The Matrix Trilogy) എന്ന സിനിമയാണ്. 1800 വർഷത്തെ പഴക്കമുള്ള കാനോകിമ ല്ലാത്ത ഗോസ്പൽ ഓഫ് ട്രൂത്ത്, ഒറിജിൻ ഓഫ് വേൾഡ് എന്നീ നാഗ്ഹ മ്മാദി രേഖ കളെ അടിസ്ഥാനമാക്കിയാണ് അവർ ഹൈടെക് സ്പെഷൽ ഇഫക്റ്റോടു കൂടിയ ഈ സിനിമ സംവിധാനം ചെയ്യു ന്നത്. ഈ ലോകം തിന്മകൾ നിറഞ്ഞതും മായയുമാണെന്നാണ് ഈ സിനിമയുടെ ഇതിവൃത്തം

### സ്റ്റഡീ ഗ്രൂപ്പുകൾ

അതുപോലെ പാശ്ചാത്യ ക്രൈസ്തവ ലോകത്ത് യേശുവിന്റെ യഥാർഥ ജീവി തവും സന്ദേശവും അറിയാനുള്ള താല്പര്യം വർദ്ധിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ചുള്ള കത്തോലിക്കാ സഭ യുടെ ഔദ്യോഗിക ലക്ഷ്മണരേഖകൾ മറികടന്നുകൊണ്ട് യൂറോപ്പിലും അമേരി ക്കയിലും നിരവധി പഠനസംഘങ്ങൾ പ്രവർത്തനമാരംഭിച്ചിരിക്കുകയാണെന്ന് ടൈം മാഗസിൻ പറയുന്നു. 1929 ലെ നാഷ ണൽ ബുക്ക് അവാർഡ് ലഭിച്ച The Gnostic Gospels എന്ന പ്രശസ്ത ഗ്രന്ഥം രചിച്ച ഇല്യൻ പഗേൾസ് (Elaine Pagles) ആണ് ക്രിസ്തുവിന്റെ ഒരു ബദൽ ചരിത്രവുമായി രംഗപ്രവേ ശനം ചെയ്തിരിക്കുന്നത്. ഇവരുടെ പുസ്തകത്തെ ആസ്പദമാക്കിയാണ് പഠന സംഘങ്ങൾ പ്രവർത്തിക്കുന്നത്. അതുപോലെ ഇഹ്ർമാൻ രചിച്ച Lost Christianity എന്ന പുസ്തകവും ആദിമ ക്രിസ്ത്യാനികളുടെ ജീവിതത്തെയും വിശ്വാസത്തെയും പറ്റി നിരവധി വസ്തുതകൾ വെളിപ്പെടുത്തിയിട്ടുണ്ട്. ആദിമ ക്രിസ്ത്യൻ വിഭാഗങ്ങൾ ജൂത പാര മ്പര്യം പുലർത്തിയവരായിരുന്നുവെന്നും അവരിൽ പലരും ഏക ദൈവാരാധ നട ത്തിയിരുന്നുവെന്നും ചിലർക്ക് യേശു വിന്റെ കുരിശുമരണവും മോക്ഷവുമാ യുള്ള ബന്ധത്തെപറ്റി അറിവുണ്ടായിരു ന്നില്ല എന്നും ആ ഗ്രന്ഥത്തിൽ അദ്ദേഹം സമർഥിക്കുന്നു. എബിയോണൈറ്റസ് (Ebionites) മാർസിയോണൈറ്റ്സ് (Marcionites) ഗ്നോസ്റ്റിക് (Gnostics) തോമസൈൻ (Thomasines) എന്നിങ്ങ നെയുള്ള പ്രധാന ഗ്രൂപ്പുകളുടെ വിശ്വാസ ജീവിതത്തെപറ്റിയും ആ ഗ്രന്ഥ ത്തിൽ വിവരണമുണ്ട്. അത് കൂടാതെ പുതിയ രീതിയിലുള്ള ആരാധന സമ്പ്രദാ യങ്ങളുമായി (New Age Rituals) പല ക്രൈസ്തവ വിശ്വാസികളും യൂറോ പ്പിലും അമേരിക്കയിലും രംഗപ്രവേശനം ചെയ്യുന്നതായും ലേഖകൻ വിവരിക്കു ന്നു.

### ഉപസംഹാരം

അപ്രകാശിതമായ അനേകം നിഗൂഢ തകൾ ഉൾക്കൊള്ളുന്നതാണ് ക്രിസ്തു വിന്റെ ചരിത്രം. സർവ വലയമായ റോമൻ സഭ ഒരു നീരാളിയെപോലെ ക്രിസ്തുവിനെ സംബന്ധിച്ച സത്യങ്ങളെ ഗ്രസിച്ചിരിക്കുകയാണ്. ഏകദൈവ തത്ത്വ ത്തിന്റെ പ്രകാശം ചൊരിഞ്ഞ ക്രിസ്തു എന്ന സൂര്യന് ബാധിച്ച ഈ ഗ്രഹണം മാറുക തന്നെ ചെയ്യും. യഥാർഥ ക്രൈസ്തവ വിശ്വാസികൾ തീർച്ചയായും ക്രിസ്തുവിന്റെ സത്യം തിരിച്ചറിയും. മുഴുവൻ ധൈഷണിക വൈജ്ഞാനിക ലോകവും അവരെ സഹായിക്കാൻ പിന്നി ലുണ്ടാവും. ആ മഹാ വിപ്ലവങ്ങളുടെ കാലം സമാഗതമായിരിക്കുന്നു എന്ന തിന്റെ സൂചനകളാണ് ക്രൈസ്തവ നാടു കളിലെ ഈ തിരയിളക്കങ്ങൾ. ഖുർ ആന്റെ ഒരു വചനം ഓർത്തുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കുന്നു.

'അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് പറയുന്ന വർക്ക് മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടി യുമാണ് (ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്) അവർക്കോ അവരുടെ പിതാക്കന്മാർക്കോ അതു സംബന്ധിച്ച് യാതൊരറിവുമില്ല. അവരുടെ വായകളിൽ നിന്നും പുറപ്പെ ടുന്ന വാക്ക് ഗുരുതരമായതാണ്. കള്ളമ ല്ലാതെ അവർ പറയുന്നില്ല. (18:5-6)

2004 ഫെബ്രുവരി : സത്യദൂതനിൽ വന്ന ലേഖനത്തിന്റെ പുനപ്രസിദ്ധീകരണം)

---

**ബ്രിട്ടൻ, ഇബ്നു സഊദ്, വഹാബിസം**

പേജ് 26 ൽ നിന്ന് തുടർച്ച

ത്തിണക്കപ്പെട്ടിരിക്കുന്നു. അവരുടെ ഈ സഖ്യം ഇബ്നു സഊദ് ഭരണകൂടത്തിൽ പ്രകടമാണ്. തീർച്ചയായും മദ്ധ്യകാല യൂറോപ്പിലെ ചർച്ചും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തേക്കാൾ ശക്തമാണ് അവരുടെ ഇപ്പോഴത്തെ ബന്ധം. ഇബ്നു സഊദ് കുടുംബവുമായി വഹാബിസ ത്തിനുള്ള അതിശക്തമായ ബന്ധം വളരെ വ്യക്തമായി അറിയപ്പെട്ടതാണ്. അത് ലോകത്തിലെ ഏറ്റവും ക്രൂരവും അഴിമതി നിറഞ്ഞതും ജനാധിപത്യ വിരുദ്ധവും ഫ്യൂഡലിസത്തിലധിഷ്ഠി തവുമാണ്. അവരാണ് അഹങ്കാരത്തോടെ ഇസ്ലാമിനെ ഏറ്റവും നന്നായി പ്രതിനിധീ കരിക്കുന്നവർ എന്ന് അഭിമാനിക്കുമ്പോൾ മുസ്ലിംകൾ പരിഹാസത്തിന് ശരവ്യമായി തീരുകയാണ് ചെയ്യുന്നത്. ഇന്ന് വിദ്യാസ മ്പന്നരായ നിരവധി അറബ് മുസ്ലിംകൾ വഹാബിസം എന്നത് ഇസ്ലാമിന് വളരെ നിന്ദ്യമായ ഒരു പേര് ചാർത്തിയിരിക്കുന്നു എന്ന് മനസ്സിലാക്കിയിരിക്കുന്നു. അത് പുരോഗതിയെ തടയുന്ന പ്രതിലോമക രമായ ഒരു വിലങ്ങായി കാണുന്നു. അത് തീർച്ചയായും കഴിഞ്ഞ 250 വർഷമായി മൊറോക്കോ മുതൽ ഇന്തോനേഷ്യ വരെ മുസ്ലിം ലോകത്ത് സുന്നിപണ്ഡി തന്മാരിൽ യാഥാസ്ഥിതികരും ഉദാരമതി കളുമായ നിരവധിപേരുണ്ടായിട്ടുണ്ട്. അപ്രകാരം തന്നെ ശിയാക്കളിൽ പെട്ട വരും സൂഫി വിഭാഗത്തിൽ പെട്ടവരുമായ പണ്ഡിതന്മാരുമുണ്ടായിട്ടുണ്ട്. ഇവരെല്ലാം തന്നെ ഇസ്ലാമിനെ ഭീകരമാം വിധം വികൃതമാക്കുന്ന വഹാബിസത്തെ തുട ക്കം മുതൽ തന്നെ നിരാകരിച്ചവരാണ്.

**Reference**

1.Alex Vassiliev 'Tareekh Al Arabiya Al Saudiya'( History of Saudi Arabiya) Transilated from Ruassian into Arabic1986 p.108, 2.For details see 'Cofession of a british spy, 3.The Begning and Spreadingof Wahabism httpw, 4.William Powel: Saudi Arabia and its Royal Family( 1982 p. 205, 5.Confession of a British Spy 6.Cofession of a British Spy, 7 Vassiliev, Tahreekh... p. 117, 8 Garry Troeller, The Birth of Saudi Arabia: Britan and Rise of the House of Saud( 1976) p. 15-16, 9.Qouted in Robert Lacey, The Kingdom: Arabia and House of Saud (Newyork 1981)p. 145, 10 said K. Aburish- The Raise Corruption and the Coming Fall of the House of, saud (Newyork1995)p.14, 11. Powell, Saudi Arabia p. 68, 12 For Detail see my book ' The Arabs And The West : The Contribution and Iinflictions' 13 Aburish The Rise... p. 27, 14 Ibid, 15 Mohammed Muhsin Khan Sahih Al Bhkhari: Arabic -English ( Medina vol 9 p. 166, 16Sahih Muslim. Tras: Abdul Hameed Siddiqui vol 1 ( Lahore 1976) p. 2,


# ഈസാനബിയുടെ പേരിൽ ഒരു സങ്കല്പ കഥ

മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

**ഹി**ദ്റത്ത് ഈസാനബി (അ) ഇന്നും സ്ഥൂല ശരീരത്തോടെ ആകാശത്തു ജീവിച്ചിരിക്കുന്നു എന്നതിന് ഭൂരിപക്ഷ മുസ്‌ലിംകൾ പറയുന്ന ഖുർആനിക വചനമിതാണ്:

**വ ഖൗലിഹിം ഇന്നാ ഖതൽനൽ മസീഹ ഈസബ്നു മർയമ റസുല ല്ലാഹിവമാ ഖതലൂഹു വമാ സ്വലബൂഹു വലാക്കിൻ ശുബ്ബിഹ ലഹും വ ഇന്നല്ലദീനഖ്തലഫൂ ഫീഹി ലഫീ ശക്കിൻമ്മിൻഹു മാലഹും ബിഹി മിൻ ഇൽമിൻ ഇല്ലത്തിബാഅളളന്നി വമാ ഖതലൂഹു യഖീനാ ബൽറഫ അഹു ല്ലാഹു ഇലയ്ഹി വകാനല്ലാഹു അസീസൻ ഹക്കീമാ.**

അല്ലാഹുവിന്റെ ദൂതനായ മർയമിന്റെ മകൻ മസീഹിനെ തീർച്ചയായും ഞങ്ങൾ വധിച്ചിരിക്കുന്നു എന്നു അവർ പറയുന്നതു നിമിത്തവും (അവർക്കു ശിക്ഷ ലഭിച്ചിരിക്കുന്നു). വാസ്തവത്തിൽ അവർ അദ്ദേഹത്തെ വധിച്ചിട്ടില്ല. ക്രൂശിച്ചു കൊന്നിട്ടുമില്ല. നേരെമറിച്ച് അദ്ദേഹം അവർക്കു സദൃശീകരിക്കപ്പെടുകയാണ് ചെയ്തത്. തൽസംബന്ധമായി ഭിന്നാഭിപ്രായക്കാരായവർ അക്കാര്യത്തിൽ സംശയത്തിൽ തന്നെയാണ്. ഊഹത്തെ പിൻപറ്റുകയല്ലാതെ അവർക്കു അതിനെപ്പറ്റി ഒരറിവുമില്ല. അവർ അദ്ദേഹത്തെ ഉറപ്പായും വധിച്ചിട്ടില്ല. പ്രത്യുത അല്ലാഹു അദ്ദേഹത്തെ തന്നിലേക്കു ഉയർത്തുകയാണുണ്ടായത്. അല്ലാഹു പ്രതാപവാനും യുക്തിജ്ഞനു മാകുന്നു.



**വഇൻമ്മിൻ അഹ്ലിൽകിതാബി ഇല്ലാ ലയുഅ്മിനന്ന ബിഹി ഖബ്‌ല മൗതിഹീ വ യൗമൽഖിയാമത്തി യകൂനു അലയ്ഹിം ശഹീദാ**

ഗ്രന്ഥാനുസാരികളിൽ ആരും തന്നെ തന്റെ മരണത്തിനുമുമ്പേ അതിൽ വിശ്വസിക്കുന്നവരായിട്ടല്ലാതെയില്ല. പുനരുത്ഥാന നാളിൽ അദ്ദേഹം അവർക്കെതിരിൽ സാക്ഷിയായിരിക്കും. (4:158,159)

മുകളിൽ കൊടുത്ത വചനം മുഴുവനും ഉദ്ധരിക്കാതെ രണ്ടു വചനങ്ങളിലെ തങ്ങൾക്കു ആവശ്യമുളള വാക്കുകൾ മാത്രം അടർത്തിയെടുത്ത് കൂട്ടിച്ചേർത്ത് പുതിയൊരു വചനം സൃഷ്ടിച്ചുകൊണ്ടാണ് ഭൂരിപക്ഷ മുസ്‌ലിംകൾ തങ്ങളുടെ വാദം സ്ഥാപിക്കാൻ ശ്രമിക്കുന്നത്. '**വമാ ഖതലൂഹു വമാ സ്വലബൂഹു ബൽറഫ അഹുല്ലാഹു ഇലയ്ഹി**' എന്ന് ഓതി, 'അവർ അദ്ദേഹത്തെ കൊന്നിട്ടില്ല, ക്രൂശിച്ചിട്ടുമില്ല അല്ലാഹു തന്നിലേക്ക് ഉയർത്തി' എന്ന് അർഥം പറയുന്നു. ഇങ്ങനെ ഒരു ഖുർആൻ വചനം ഇല്ലതന്നെ. അവിടന്നും ഇവിടന്നും ഓരോവാക്കുകൾ അടർത്തിയെടുത്ത് പുതിയൊരു വചനം സൃഷ്ടിച്ചെടുക്കുകയാണ് ഇവർചെയ്യുന്നത്. യഹൂദികൾ തങ്ങളുടെ സൗകര്യാർഥം ഇത്തരം പണികൾ ചെയ്തിരുന്നു. ഖുർആൻ പറയുന്നു: **യുഹർരിഫൂനൽ കലിമ മിൻബഅ്ദി മവാളിഇഹി** (5:42). അവർ (യഹൂദികൾ) വചനങ്ങളെ അവയുടെ സ്ഥാനങ്ങളിൽ വയ്ക്കപ്പെട്ട ശേഷം തെറ്റിച്ചു കളയുന്നു. **മിനല്ലദീന ഹാദൂ**

**യുഹർരിഫൂനൽകലിമ അൻമ്മ വാളി ഇഹീ**(4:47). അവർ യഹൂദന്മാരിൽ പ്പെട്ടവരാണ്. അവർ ദൈവവചനങ്ങളെ അവയുടെസ്ഥാനങ്ങളിൽനിന്ന് തെറ്റിച്ചുകളയുന്നു. വാക്കുകൾ അടർത്തി യെടുത്ത് പുതിയ വചനം സൃഷ്ടിച്ച് സാധാരണക്കാരെ വഞ്ചിച്ചു കൊണ്ടിരി ക്കുന്ന ചില പണ്ഡിതന്മാർ വാസ്തവ ത്തിൽ യഹൂദന്മാരുടെ പ്രവർത്തിയാണ് ചെയ്തുകൊണ്ടിരി ക്കുന്നത്. ഇതോടെ, 'തന്റെ ഉമ്മത്തിൽ യഹൂദികളെ ചാണിനു ചാണായും മുഴത്തിനുമുഴമായും പിൻ പറ്റുന്നവരുണ്ടാകും' എന്നുള്ള നബി(സ) യുടെ പ്രവചനം അവരിൽ അന്വർഥമാകു ന്നുവെന്ന കാര്യം അവർ മറന്നുപോ കുന്നു. ഈ വചനത്തിൽ മനസ്സിലാക്കാൻ പ്രയാസമുള്ള ഒരുകാര്യവും ഇല്ലെന്ന താണ് വാസ്തവം.

യഹൂദികളിൽ, രണ്ടു തരത്തിൽ കാര്യം പറഞ്ഞവരുണ്ടായിരുന്നു. ഒരു കൂട്ടർ പറഞ്ഞു, 'ഞങ്ങൾ മർയമിന്റെ മകൻ മസീഹിനെ വധിച്ചു.' ഇക്കൂട്ടർ തങ്ങളെങ്ങനെയാണ് മസീഹിനെ വധിച്ചതെന്ന വ്യക്തമാക്കാൻ നിന്നില്ല. അവരോടു അല്ലാഹു പറഞ്ഞു, 'നിങ്ങൾ മർയമിന്റെ മകൻ മസീഹിനെ വധി ച്ചിട്ടില്ല.' രണ്ടാമത്തെ കൂട്ടർ തങ്ങളെ ങ്ങനെയാണ് മസീഹിനെ കൊന്നതെന്ന്, അതായത് കുരിശിൽ തറച്ചിട്ടാണ് തങ്ങൾ മർയമിന്റെ മകൻ മസീഹിനെ കൊന്ന തെന്ന് തെളിച്ചു പറഞ്ഞു. അവർക്കു അല്ലാഹു മറുപടി കൊടുത്തത്, 'നിങ്ങൾ അദ്ദേഹത്തെ ക്രൂശിച്ചുകൊന്നിട്ടുമില്ല' എന്നാണ്. **സ്വലബ** എന്നു പറഞ്ഞാൽ കുരിശിലേറ്റുക, ക്രൂശിക്കുക എന്നൊക്കെ യാണ് അർഥം. ഇവിടെ അതിന്റെ അർഥം കുരിശിൽ തറച്ചു കൊന്നുവെന്നാണ്. മലയാള ഭാഷയിലും ക്രൂശിക്കൽ എന്നു പറഞ്ഞാൽ കുരിശിൽ തറച്ചു കൊല്ലൽ എന്നുതന്നെയാണ്. ശ്രീ കണ്ഠേശ്വരം ജി. പദ്മനാഭപിള്ളയുടെ ശബ്ദതാരാവലി എന്ന നിഘണ്ടുവിൽ ക്രൂശിക്കൽ എന്ന പദത്തിന് കുരിശിൽ തറച്ചു കൊല്ലൽ എന്നർഥം കൊടുത്തിരിക്കുന്നു. (പേജ് 691, ജനുവരി 1, 1990). ഹൈന്ദവ വിശ്വാസക്കാരനായ ശ്രീ ജി. പദ്മനാഭ പിള്ളയ്ക്ക് ക്രൂശിക്കൽ (സ്വലബുൻ) എന്നതിന്റെ അർഥം വ്യക്തമായും മനസ്സിലാക്കാനും അത് തന്റെ ഗ്രന്ഥ ത്തിൽ രേഖപ്പെടുത്താനും കഴിഞ്ഞു. പക്ഷേ,ചില മുസ്ലിം പണ്ഡിതന്മാർക്കു ഇതുവരെ അതു മനസ്സിലായിട്ടില്ല. അവർ, ക്രൂശിച്ചിട്ടില്ല (മാ സ്വലബൂഹു) എന്നു കണ്ടുടനെ 'കുരിശിൽ തറച്ചിട്ടേയില്ല' എന്ന രീതിയിൽ അർഥം കൊടുത്തു.

യഹൂദികളുടെ വാദത്തെ ഖണ്ഡി ച്ചുകൊണ്ട്, അവർ അദ്ദേഹത്തെ വധിച്ചി ട്ടില്ല, ക്രൂശിച്ചുകൊന്നിട്ടുമില്ല എന്ന് അല്ലാഹു പറഞ്ഞപ്പോൾ പിന്നെ എന്തു സംഭവിച്ചു എന്ന ചോദ്യം അവശേഷി ക്കുന്നു. അതിനു മറുപടിയായി അല്ലാഹു പറഞ്ഞു, **വലാക്കിൻശുബ്ബിഹലഹും**. അവർക്ക് അദ്ദേഹം സദൃശീകരിക്കപ്പെട്ടു. എന്തിനോടു സദൃശീകരിക്കപ്പെട്ടു? മരിച്ചവനായി സദൃശീകരിക്കപ്പെട്ടു. കുരിശിൽ തറച്ച് കൊല്ലപ്പെട്ടവനായി സദൃശീകരിക്കപ്പെട്ടു. ഈസാ(അ) കുരിശിൽ കിടന്നു മരിച്ചു എന്ന് അവർക്കുതോന്നി. വാസ്തവത്തിൽ അദ്ദേഹം അബോധാവസ്ഥയിലായി രുന്നു. എത്ര വ്യക്തവും സരളവുമായ നിലയിലാണ് അല്ലാഹു കാര്യം വിവരിച്ചു തന്നിട്ടുള്ളത്. ഈസായെ കുരിശിൽ തറച്ചുകൊന്നുകൊണ്ട് അദ്ദേഹം ശപ്തനാണെന്ന് വരുത്തിത്തീർക്കാനാണ് യഹൂദികൾ ശ്രമിച്ചത്. പക്ഷേ,അല്ലാഹു, അദ്ദേഹം ശപ്തനല്ലെന്നും തന്റെ സാമീപ്യംലഭിച്ചയാളാണെന്നും തെളയിച്ചു കാണിക്കുകയാണ് ചെയ്തത്. പക്ഷേ, ഈരീതിയിൽ അവർ ചിന്തി ക്കാത്തതുകൊണ്ടും തൊട്ടടുത്തുതന്നെ **റഫഅ** (ഉയർത്തി) എന്ന പദം വരുന്നതു കൊണ്ടും മറ്റൊരു കഥ കെട്ടിയു ണ്ടാക്കാൻ അവർ നിർബന്ധിതരായി. അവസാന കാലത്ത് ഖുർആനികജ്ഞാനം ഉയർന്നു പോകുമെന്ന് നബി(സ) തിരുമേനി പറഞ്ഞിട്ടുള്ളത് ചേർത്തു വായിക്കുക. അവർ പറയുന്ന കഥ ഇങ്ങനെ::

ഈസാനബിയെ പിടിച്ച് കുരിശിൽ തറച്ചു കൊല്ലാൻ യഹൂദികൾ വന്നു. മുമ്പേതന്നെ നിശ്ചയിച്ച പ്രകാരം യൂദാസ് ഈസാനബിയെ കാണിച്ചുകൊടുത്തു. പക്ഷേ,അല്ലാഹു (നഊദുബില്ലാഹ്) ഈസാനബിയുടെ മുഖം യൂദാസിനു കൊടുത്തു. അങ്ങനെ ഈസായാണെന്ന് തെറ്റുധരിച്ച് അവർ യൂദാസിനെ കൊണ്ടുപോയി കുരിശിൽ തറയ്ക്കുക യാണുണ്ടായത്. ഈസായെ അല്ലാഹു ഉടലോടെ ആകാശത്തേക്ക് എടുത്തു കൊണ്ടു പോകുകയും ചെയ്തു.

ഈ കഥയ്ക്കു യാതൊരു അടിത്തറ യുമില്ല. ഏതോ ഒരാളുടെ കുബുദ്ധിയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന സങ്കല്പ കഥയാണിത്. ഇതു കേൾക്കുമ്പോൾ ധാരാളം ചോദ്യങ്ങൾ ഉണ്ടാകുക എന്നത് സ്വാഭാവികം

1.ഈസായ്ക്കു മുമ്പേയും അതികഠിന മായ എതിർപ്പുകൾ നേരിടേണ്ടി വന്ന ഒരുപാടു പ്രവാചകന്മാർ ഉണ്ടായിട്ടുണ്ട്. ഉദാഹരണം ഹദ്റത്ത് ഇബ്റാഹീം നബി(അ). അദ്ദേഹത്തെ അദ്ദേഹത്തിന്റെ ശത്രുക്കൾ അഗ്നികുണ്ഠത്തിലേക്കു വലിച്ചെറിഞ്ഞു. അപ്പോൾ എന്തുകൊണ്ട് അല്ലാഹു അദ്ദേഹത്തെ ആകാശത്തേക്ക് എടുത്തില്ല?

2. തന്നെ അല്ലാഹു മസീഹായി നിയോഗിച്ചിരിക്കുന്നു, അതുകൊണ്ട് തന്നിൽ വിശ്വസിക്കണം എന്ന് ഈസാനബി വിളംബരം ചെയ്തതാണ് യഹൂദരെ ചൊടിപ്പിച്ചത്. കാരണം ഈസാ വ്യഭിചാര സന്തതിയാണെന്നും അദ്ദേഹ ത്തിന്റെ മാതാവ് ദുർവൃത്തയാണെന്നും (നഊദുബില്ലാഹ്)വ്യഭിചാര സന്തതിയ്ക്കു ദൈവസാമീപ്യം ഉണ്ടാകുകയില്ലെന്നും കുരിശിൽ മരിച്ചാൽ അത് ശപ്തനാണെ ന്നതിന് തെളിവായിരിക്കുമെന്നുമായിരു ന്നു അവരുടെ വിശ്വാസം. അതുകൊണ്ടു തന്നെയാണ് അവർ ആ പുണ്യാത്മാവിനെ കുരിശിൽതറച്ചു കൊല്ലാൻ മുതിർന്നതും. ഈസാനബിയെയല്ല യൂദാസിനെയാണ് കുരിശിൽ തറച്ചതെങ്കിൽ, താൻ ഈസ അല്ലെന്നും തനിക്കു മസീഹാണെന്ന വാദമില്ലെന്നും തന്നെ എന്തിനു കൊല്ലാൻ മുതിരുന്നുവെന്നും പറഞ്ഞ് യൂദാസ് വിലപിക്കുമായിരുന്നില്ലേ? അങ്ങനെ അയാളെ വിടുകയും ഈസായെ അന്വേഷിക്കുകയും ചെയ്യുമായിരു ന്നില്ലേ?

3. ആൾമാറാട്ടം നടത്തുന്നത് നീതി മാനായ അല്ലാഹുവിന് ചേർന്നതാണോ? അപ്പോൾ ഈസായുടെ മുഖം യൂദാസിനു നല്കി എന്നു പറയുന്നത് ദോഷാരോപ ണമല്ലേ?

ഇതെല്ലാം ഉത്തരം കിട്ടാത്ത ചോദ്യങ്ങളാണ്. ഈ ചോദ്യങ്ങൾ ഉടലെടുക്കുന്നത് **'വ ലാക്കിൻ ശുബ്ബിഹലഹും'** എന്നതിലെ **ശുബ്ബിഹ** (സദൃശീകരിക്കപ്പെട്ടു) എന്നത് തൊട്ടു മുമ്പേ പറഞ്ഞ **ഖതല** യിലേക്കും **സ്വലബ** യിലേക്കും മടക്കാത്തതുകൊണ്ടാണ്. (തുടരും)

SERVING MANKIND
Humanity First
Humanity First

# ഇസ്‌ലാം മതത്തിന്റെ സമ്പൂർണത

മഹമൂദ്, കൽക്കുളം

എല്ലാ പൂർവ മതങ്ങളുടെയും സത്യ സാരാംശത്തെ സമഗ്രമായി സ്വാംശീകരിച്ച ഇസ്‌ലാംമതം സമ്പൂർണവും യുക്തിഭദ്രവുമാണ്.

മതം എന്ന് ഭാഷാന്തരം ചെയ്യപ്പെടുന്ന ദീൻ എന്ന അറബി പദത്തിന് മാർഗം, വഴി, അഥവാ ലക്ഷ്യപ്രാപ്തിയിലേക്കുള്ള പ്രയാണം തുടങ്ങിയ അർഥ വിവക്ഷകളുണ്ട്. മനുഷ്യനെ സന്മാർഗ സരണിയിലൂടെ നയിക്കുകയും അതുവഴി ശാശ്വതമായ വിജയ സോപാനത്തിലെത്തിക്കുകയുംചെയ്യുക എന്നതാണ് മതദർ ശനങ്ങളുടെ കാതൽ. സുപ്രധാനമായ മൂന്ന് കാര്യങ്ങൾ മതം മനുഷ്യനോട് ആവശ്യപ്പെടുന്നു. സർവ ലോക സ്രഷ്ടാവും നിയന്താവുമായ ദൈവത്തോട് അനിവാര്യമായും പുലർത്തേണ്ട കടപ്പാടുകൾ നിർവഹിക്കുക. ദൈവത്തിന്റെ സൃഷ്ടികളോടുള്ളബാദ്ധ്യതകൾ യഥാവിധം നിറവേറ്റുക. ആത്മ വിശുദ്ധി കൈവരിക്കുക എന്നതാണത്. വാഗ്ദത്ത മസീഹിന്റെ വാക്കുകളിൽ ദീനിന്റെ സാരാംശമിതാണ്. മതത്തി ന്റെ അസ്ഥിവാരം സ്രഷ്ടാവിനെ തിരിച്ചറിയലും ദിവ്യജ്ഞാന ലബ്ധിയും ദൈവാനുഗ്ര ഹങ്ങളുമാകുന്നു. അതിന്റെ ശാഖകൾ സൽപ്രവർത്തികളും അതിന്റെ പുഷ്പം ഉൽകൃഷ്ട സ്വഭാവമഹിമകളുമാകുന്നു. അതിന്റെ ഫലങ്ങൾ സ്രഷ്ടാവിനും അവന്റെ ദാസനുമിടയിൽ സംജാതമാക്കുന്ന സ്നേഹാനുരക്തിയുമാണ്. പ്രസ്തുത അനുഗ്രഹങ്ങൾ നുകരുന്നതിന്റെ അനിവാര്യ ഫലമാകട്ടെ ആത്മവിശുദ്ധിയും പവിത്രതയുമാകുന്നു. (റൂഹാനി ഖസായീൻ. വാള്യം 2 പുറം 233)

### മതത്തിന്റെ അനിവാര്യത

താഴെപറയുന്ന യുക്തിപരമായ നിരീക്ഷണങ്ങളും മതത്തിന്റെ അനിവാര്യതയെ സ്ഥാപിച്ചുറപ്പിക്കാൻ പര്യാപ്തമാണ്.

**ഒന്ന്**:- സൂര്യൻ, ചന്ദ്രൻ, വായു, വെള്ളം തുടങ്ങിയ പ്രപഞ്ച സംവിധാനങ്ങളെ ആശ്രയിച്ചാണ് മനുഷ്യന്റെ ഐഹികജീവിതം ആശ്രയിച്ചു നിൽക്കുന്നത്. അതേപ്രകാരം അവന്റെ ആത്മാവിന്റെ സജീവതക്കും നിലനിൽപ്പിനും ദിവ്യസന്ദേശങ്ങളുടെ അനുധാവനം അനുപേക്ഷണീയമാകുന്നു.

**രണ്ട്**:- ലൗകികമായ രീതി മുറകളും ജ്ഞാന സംസിദ്ധികളും കൈവരിക്കുന്നതിന് മനുഷ്യൻ മാതാപിതാക്കന്മാരെയും ഗുരുഭൂതന്മാരെയും ആശ്രയിക്കുന്നത് നാം കാണുന്നു. അത്പോലെ മനുഷ്യന്റെ ആത്മജ്ഞാന ലബ്ധിക്കും ആത്മീയ യോദ്ഗതിക്കുമുള്ള വഴിയൊരുക്കുന്നത് ദൈവദൂതന്മാർ മുഖേന വെളിപ്പെടുത്തുന്ന ദൈവിക സലിലമാകുന്ന മാർഗ ദർശനങ്ങളാകുന്നു. വാസ്തവത്തിൽ മനുഷ്യന്റെ ജീവിതത്തിൽ സുവ്യക്തവും കുറ്റമറ്റതുമായ വീക്ഷണഗതിയുണ്ടാക്കുന്നത് ദിവ്യവെളിപാടുകളാണ്.

**മൂന്ന്** : മതം സമ്പൂർണമായ ഒരു ജീവിത ക്രമം വിഭാവനം ചെയ്യുന്നു. അതിൽ സദാചാര തത്ത്വങ്ങൾ ആരാധനാവിധങ്ങൾ സാമൂഹ്യ സാമ്പത്തിക വ്യവഹാര രീതികൾ, ഭരണ നിയമങ്ങൾ തുടങ്ങിയ സകല കാര്യങ്ങളും ഉൾപ്പെടുന്നു. വിഹിതവും അവിഹിതവുമായ കാര്യങ്ങൾ നന്മതിന്മകളുടെ ശരിയായ നിർവചന ങ്ങൾ എന്നിവ മതാദ്ധ്യാപനങ്ങളിലുടെയാണ് സുവിദമാകുന്നത്.

**നാല്**:- ഒരു യന്ത്രത്തിന്റെ സാങ്കേതിക വിദ്യയും മറ്റു പ്രവർത്ത രൂപങ്ങളെ സംബന്ധിച്ച പരിജ്ഞാനം അതിന്റെ നിർമാതാവിനാണ് മറ്റാരെക്കാളും ഉണ്ടാവുക. അതുപോലെ മനുഷ്യന്റെ സ്രഷ്ടാവ് ദൈവമാ ണെന്നിരിക്കെ അവൻ തന്നെയാണ് സൃഷ്ടിയുദ്ദേശം അന്വർഥമാക്കുന്നതിനുതകുന്ന മാർഗ ദർശനങ്ങൾ നൽകേണ്ടത് അഥവാ ദൈവിക മാർഗദർശനങ്ങളിലൂടെയാണ് മനുഷ്യന് തന്റെ ബാഹ്യവും ആഭ്യന്തരവുമായ കഴിവുകള പരിപോഷിപ്പിച്ചുകൊണ്ട് അഭിവൃദ്ധിപ്പെടുവാൻ സാധിക്കുന്നത്. ഇത് സംബന്ധമായി വിശുദ്ധ ഖുആൻ പറയുന്നു.: ***നാം മനുഷ്യനെ ഏറ്റവും അനുയോജ്യമായ സ്ഥിതിയിൽ സൃഷ്ടിച്ചി രിക്കുന്നു. പിന്നെ നാം അവനെ അധമരിൽ അധമനാക്കി മാറ്റുന്നു. സത്യത്തിൽ വിശ്വസിക്കുകയും സുകൃത ങ്ങളനുഷ്ഠിക്കുകയും ചെയ്തവരൊഴിച്ച്. അവർക്ക് അവസാനിക്കാത്ത പ്രതിഫലം ലഭിക്കുന്നതാണ്.(95:5-7)***

ദൈവദത്തമായ ഉൽകൃഷ്ട കഴിവുകളെ ശരിയാം വിധം പ്രയോജനപ്പെടുത്തുന്ന പക്ഷം ധാർമികമായ നിലയിൽ മനുഷ്യന് ഉന്നതി പ്രാപിക്കാൻ സാധിക്കുന്നതാണെന്ന് മേൽ ഖുർആനിക സൂക്തം വെളിപ്പെടുത്തുന്നു. എന്നാൽ സ്വന്തം ഇംഗിതമനുസരിച്ച് അവയെ ദുരുപയോഗപ്പെടുത്തുകയാണെങ്കിൽ ഹീനമായ അവസ്ഥയിലേക്ക് അവർ നിലം പതിച്ചു പോകുന്നതുമാണ് .ചുരുക്കത്തിൽ ദൈവദൂതന്മാർ മുഖേന വെളിപ്പെട്ട ശരീഅത്ത് അഥവാ ധർമ ശാസ്ത്ര സംഹിതകൾ മനുഷ്യന്റെ നൈസർഗിക പ്രാപ്തികളെ പ്രോത്സാഹിപ്പിക്കുന്നതിനും ആത്മീയോത്ക്കർഷത്തിനുമുള്ള ഉപാധികാകുന്നു.

### ഇസ്‌ലാം സമ്പൂർണ മതം

പല ഉൽകൃഷ്ടതകളും അന്യോന്യ സാദൃശ്യങ്ങളും സർവ മതങ്ങളിലും ദർശിക്കുന്നതാണ്. മതങ്ങളുടെ ഉദ്ഭവം ഒരേ ശ്രോതസ്സിൽ നിന്നാണെന്ന് ഇത് വെളിപ്പെടുത്തുന്നു. എന്നാൽ കാലനിർണിതമല്ലാത്തതും ദേശവൃത്തങ്ങൾക്കതീതവുമായ മാർഗദർശനങ്ങൾ നൽകുന്നതും സമ്പൂർണവുമായിരിക്കും. വിശ്വജനതക്ക് ആകമാനമുള്ള ദൈവത്തിന്റെ സമ്പൂർണ സന്ദേശം ഇപ്പറഞ്ഞ സവിശേഷതകളെല്ലാം ഉൾക്കൊണ്ട സജീവമതം ഇക്കാലത്ത് കേവലം ഇസ്‌ലാമാകുന്നു.

'***ഇന്നേദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണമാക്കിത്തരി***

***കയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു.(വിശുദ്ധ ഖുർആൻ5:4) തീർച്ചയായും അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതം ഇസ്‌ലാം ആകുന്നു'( 3:20) 'ഏതൊരാൾ ഇസ്‌ലാം മതം അല്ലാതെ മറ്റു വല്ല മതവും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവോ അത് അയാളിൽനിന്നും ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. പരലോകത്ത് അയാൾ നഷ്ടം അനുഭവിക്കുന്നവരിൽ പെട്ടവരായിരിക്കും.' (3:86)***

പൂർവ മതങ്ങളിലെ സാരാംശങ്ങൾ സമഗ്രമായി ഉൾക്കൊള്ളുന്ന മതമാണ് ഇസ്‌ലാം. അതേസമയം അവയിലെ അപര്യാപ്തതകൾക്ക് ഇസ്‌ലാം നിവാരണം വരുത്തുകയും ചെയ്തിട്ടുണ്ട്. വിശുദ്ധ ഖുർആൻ ബൈബിളിനെപോലെ ദൈവത്തെ ഇസ്‌റായീലിന്റെ ദൈവമെന്ന നിലയിൽ ഒരു സമുദായത്തെ മാത്രം പരിമിതപ്പെടുത്തി പറയുന്നില്ല. മറിച്ച് സർവ ലോക പരിപാലകനായ (റബ്ബുൽ ആലമീനായ) ദൈവത്തെ യാണ് അത് സമർപ്പിക്കുന്നത്. അത്പോലെ- ***'അല്ലയോ ജനങ്ങളെ', 'ഓ ആദം സന്തതികളെ'*** എന്ന് സംബോധന ചെയ്തു കൊണ്ട് മനുഷ്യ രാശി മുഴുവൻ വിശുദ്ധ ഖുർആൻ മാർഗദർശനം നൽകുന്നുണ്ട്.

### അദ്ധ്യാപനങ്ങളിലെ വ്യതിരിക്തത

ഇതര മതങ്ങളെ അപേക്ഷിച്ച് ഇസ്‌ലാമിക പാഠങ്ങളുടെ മഹത്വം വ്യത്യസ്തമായി തെളിഞ്ഞുനിൽക്കുന്നു. ഫറോവ രാജവംശത്തിനു കീഴിൽ, നൂറ്റാണ്ടുകളോളം നൃശംസതകൾക്കും കീഴ്പ്പെടുത്തലുകൾക്കും വി ധേയരായി കഴിഞ്ഞിരുന്ന ഇസ്‌റായേൽ ജനതയുടെ മോചനത്തിനായി നിയുക്തനായ മോശാ പ്രവാചകൻ കണ്ണിന് പകരം കണ്ണ് പല്ലിന് പകരം പല്ല് എന്ന രൂപത്തിൽ കാർക്കശ്യത്തിന്റെ കല്പനകൾ നൽകേണ്ടി വന്നു.(ആവർത്തനം 19:2) എന്നാൽ പ്രസ്തുത കല്പനയനുസരിച്ച് പ്രവർത്തിച്ചപ്പോൾ പ്രതികാരവാഞ്ഛ അവരുടെ സ്വഭാവത്തിന്റെ ഭാഗമായിമാറി. തന്നിമിത്തം പിന്നീട് വന്ന യേശു നൽകിയ അദ്ധ്യാപനമാകട്ടെ ദുഷ്ടനെ എതിർക്കരുത്, നിന്റെ വലത് ചെകിട്ടത്തടിച്ചവന് ഇടത്തേതും തിരിച്ചു കാണിക്കുക (മത്തായി 5:38-39) എന്ന അതിരുകടന്ന സഹിഷ്ണുതയുടേതായിരുന്നു. അക്കാലത്തെ പ്രത്യേകമായ പരിതസ്ഥിതിയും സാഹചര്യങ്ങളും കണക്കിലെടുത്ത് കൊണ്ട് കാലപരിധി നിർണയിക്കപ്പെട്ടിരുന്ന അധ്യാപനങ്ങളാണ് മോശയും യേശുവും നൽകിയിരുന്നതെന്ന് സുവിദമാണ്. എന്നാൽ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ സാർവജനീനവും സാർവകാലികവുമായതിനാൽ ഇത് സംബന്ധിച്ച ഇസ്‌ലാമിക വിധി യുക്തിനിർഭരവും പ്രായോഗികവുമാണ്, വിശുദ്ധ ഖുർആൻ അനുശാസിക്കുന്നത് ഇപ്രകാരമാണ്. ***'തിന്മക്കുള്ള പ്രതിഫലം തുല്യമായ തിന്മയാണ്. എന്നാൽ വല്ലവനും മാപ്പ് ചെയ്യുകയും (അതു മുഖേന നന്മവരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്. തീർച്ചയായും അല്ലാഹു അക്രമിക ളെ ഇഷ്ടപ്പെടുന്നില്ല.'(42: 41)*** ബുദ്ധിയുടെ അടിസ്ഥാനത്തിൽ സന്ദർഭൗചിത്യമനുസരിച്ച് പ്രവർത്തിക്കാനാണ് ഈ വചനത്തിൽ ഖുർആൻ നിർദേശിച്ചത്. മനുഷ്യപ്രകൃതി വ്യത്യസ്തങ്ങളാണ്. കേവലം ശിക്ഷ നടപ്പാക്കുന്നതിലൂടെയാണ് ചിലരിൽ പരിവർത്തമുണ്ടാവുന്നതെങ്കിൽ മറ്റു ചിലരിൽ മാപ്പു കൊടുക്കുന്നത് മൂലം പരിവർത്തനമുണ്ടാകുന്നു. മാപ്പും ശിക്ഷയും സന്ദർഭത്തിന്റെ ഔചിത്യമനുസരിച്ച് പ്രയോഗിക്കപ്പെടുമ്പോൾ അവ നന്മകളായി മാറുന്നുവെന്നതിൽ സംശയമില്ല. നന്മ പുലർത്തുവാൻ സാധിക്കുന്ന വഴിയേതാണോ അതിനനുസൃതമായി പ്രതിക്രിയയോ മാപ്പു കൊടുക്കുകയോ ചെയ്യാവുന്നതാണ്. ഖുർആൻ പഠിപ്പിക്കുന്നു. അഥവാ പൊറുത്തു കൊടുക്കുന്നത് കൊണ്ട് കുറ്റവാളി കുറ്റകൃത്യങ്ങളിൽ മുന്നേറാനാണ് സാധ്യതയെങ്കിൽ അപ്പോൾ യുക്തമായ ശിക്ഷ നടപ്പാക്കണമെന്നും ഇസ്‌ലാം അനുശാസിക്കുന്നു. ചുരുക്കത്തിൽ മനുഷ്യ പ്രകൃതിക്കനുയോജ്യ വും എല്ലാകാലത്തേക്കും പ്രായോ ഗികവുമായ മഹനീയ അദ്ധ്യാപനങ്ങളാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്നത്. ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളിലെല്ലാം ഇപ്രകാരമുള്ള സവിശേഷതകളും മഹത്വവും മികച്ചു നിൽക്കുന്നതായി കാണാവുന്നതാണ്.

### ഇസ്‌ലാം: സജീവ മതം

ദിവ്യപരിരക്ഷയിൽ നിലകൊള്ളുന്ന മതവും ഇസ്‌ലാം മാത്രമാകുന്നു. അത് മനുഷ്യന് ഉന്നതമായ ഒരു ലക്ഷ്യ സ്ഥാനം നിർണയിക്കുന്നു. മഹത്തായ ആ ലക്ഷ്യം കരഗതമാക്കുന്നതിന് മാർഗദർശനങ്ങളുടെ സമുച്ചയമാണത്. എല്ലാ മതങ്ങളും പാരത്രിക മോക്ഷത്തെക്കുറിച്ചാണ് വാഗ്ദാനം ചെയ്യുന്നത് എന്നാൽ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളനുസരിച്ച് ജീവിതം നയിക്കുന്നവർക്ക് ഈ ലോകത്ത് വെച്ച് തന്നെ സ്വർഗീയാനു ഗ്രഹങ്ങൾ സിദ്ധിക്കുന്നതാണെന്ന് അത് പ്രഖ്യാപിക്കുന്നു. ***'ഭക്തിസാന്ദ്രമായ സൂക്ഷ്മ ജീവിതം നയിക്കുന്നവർക്ക് രണ്ട് ഉദ്യാനങ്ങളുണ്ട് (വി. ഖുർആൻ 55: 47) 'ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരരായി നിലകൊള്ളുകയും ചെയ്യുന്നവ രാരോ അവരുടെയടുക്കൽ മലക്കുകൾ ഇറങ്ങും. നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ട, നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗം ലഭിച്ചതിൽ സന്തുഷ്ടരാവുക എന്നവർക്ക് സുവി ശേഷം നൽകുകയും ചെയ്യുന്നു. '(വി. ഖുർആൻ 41: 31)***

ഇപ്രകാരം ദിവ്യാനുഭൂതിയും സ്വർഗീയാനുഗ്രഹങ്ങളും ലഭിച്ച ലക്ഷക്കണക്കിനാളുകൾ ഇസ്‌ലാമിൽ കഴിഞ്ഞു പോയിട്ടുണ്ട്. ഇസ്‌ലാം ജീവനുള്ള മതമാണെന്നതിലേക്ക് ഉള്ള ബലമായ സാക്ഷ്യമാണിത്. സദാ സദ്ഫലം നൽകി കൊണ്ടിരിക്കുന്ന ഒരു ശുഭ വൃക്ഷത്തോടാണ് ഇസ്‌ലാമിനെ വിശുദ്ധ ഖുർആൻ താരതമ്യപ്പെടുത്തുന്നത്. ഇസ്‌ലാമിൽ ദൈവപ്രബുദ്ധരായ മഹാത്മാക്കളുടെ പ്രാദുർഭാവം, അതിനെ സജീവ മതമാക്കി നിലനിർത്തി കൊണ്ടിരുന്നു. ചുരുക്കത്തിൽ ആത്മീയ ചൈതന്യം ചോർന്നു പോകാത്തതും സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ എല്ലാ കാലത്തും സമ്പർക്കം പുലർത്താനുതകുന്നതും മാർഗദർശനങ്ങൾ നൽകുന്നതുമായ ദൈവിക മതമാകുന്നു ഇസ്‌ലാം.

www.alislam.org

# നബിനിന്ദ തുടരുന്നു

മുസാഫിർ

**ഏ**തൊരു മഹാത്മാവിനെയാണോ സർവ്വ പ്രപഞ്ചത്തിനും കാരണഭൂതരായും കാരുണ്യമായും ദൈവം സൃഷ്ടിച്ചത് ആ പുണ്യാത്മാവ് വീണ്ടും ഹീനമായി നിന്ദിക്കപ്പെടുകയും ഭത്സിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ധാർമികതയുടെയും അദ്ധ്യാത്മികതയുടെയും സമ്പൂർണ തികവായ റസൂൽ തിരുമേനി (സ) യെ പൈശാചിക ശക്തികൾ നിരന്തരമായ നിന്ദക്ക് വിധേയമാക്കുകയാണ്. ഇന്നസെന്റ്സ് ഓഫ് മുസ്‌ലിംസ് (Innocents of Muslims)എന്ന പേരിൽ അത്യന്തം ഹീനവും വൈകൃതങ്ങൾ നിറഞ്ഞതുമായ ഒരു ചലച്ചിത്രത്തിന്റെ പതിനാല് മിനിറ്റ് നീണ്ടുനിൽക്കുന്ന ട്രൈലറാണ് മുഹമ്മദ് നബി(സ) യെ ജീവനേക്കാൾ സ്നേഹിക്കുന്ന കോടിക്കണക്കിന് വിശ്വാസികളുടെ ഹൃദയത്തെ നുറുക്കിക്കളഞ്ഞത്. യുദ്ധക്കൊതിയനും സ്ത്രീജിതനുമാണ് മുഹമ്മദ് നബി(സ) (അല്ലാഹുവിൽ ശരണം) എന്നു വരുത്തിത്തീർക്കാനുള്ള ഹീന ശ്രമമാണ് ഈ സിനിമ. 2012 സെപ്തംബർ 17 ന് പുറത്തിറങ്ങിയ അമേരിക്ക യിലെ Los Angeles Times ൽ ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ടുണ്ട്. ഈ സിനിമയുടെ നിർമാതാവ് 'സാം ബാസൈലി' എന്ന കള്ളപേരിൽ ഒളിഞ്ഞിരുന്ന നകൗല ബാസിലി നകൗള എന്ന അമേരിക്കകാരനാണെന്ന് തെളിഞ്ഞിരിക്കയാണ്. കോപ്റ്റിക്ക് ക്രിസ്ത്യാനിയായ ഇയാൾ മയക്ക് മരുന്ന് കടത്തിനും സാമ്പത്തിക തിരിമറി നടത്തിയതിനും 1990ലും 2010 ലും ജയിൽ വാസമനുഷ്ഠിച്ച ഒരു കള്ള ക്രിമിനലാണ്. ഇതിനു പിന്നിൽ ഇസ്‌ലാം വിദ്വേഷികളായ ക്രിസ്ത്യൻ മിഷനറിമാരുടെ പങ്കുണ്ടെന്ന് വ്യക്തമാണ്. യൂറോപ്പിലും ഇവിടെയുമുള്ള നീതിമതികളും സമാധാന കാംക്ഷികളും നല്ലവരുമായ ബഹുഭൂരിപക്ഷം ക്രിസ്ത്യാനികൾക്കും തീർച്ചയായും ഇത്തരം അധമത്വത്തോട് യോജിക്കാൻ സാദ്ധ്യമല്ല. ലോസ് ആഞ്ചലസ് ടൈംസ് തുടരുന്നു. റസൂൽ തിരുമേനി(സ) യെ നിന്ദിക്കുന്നതിൽ കുപ്രസിദ്ധനായ സൗത്ത് കാലിഫോർണിയായിലെ ക്രിസ്ത്യൻ ഭീകര പുരോഹിതൻ സഖറിയാ ബോട്രോസ് ഹീനെയിന്റെ സ്വാധീനം സിനിമയിൽ വ്യക്തമാണ്. ഇസ്‌ലാം വിരുദ്ധ പ്രവർത്തനത്തിന് ഈജിപ്തിൽ നിന്നും 1990 ൽ നാടുകടത്തിയ ആളാണ് ഫാദർ സഖറിയാ ബട്രോസ്. ലോസ് ആഞ്ചലസ് ലേഖകൻ പറയുന്നു. ഈ തീവ്രവാദി പുരോഹിതന്റെ ആരാധകനും കടുത്ത ഇസ്‌ലാം മത വിരോധിയും ക്രിസ്ത്യൻ ഇവാഞ്ചലിസ്റ്റുമായമായ സ്റ്റീവ് ക്ലെയിൻ ആണ് ഈ ചിത്രത്തിന്റെ അതിനികൃഷ്ടമായ സ്ക്രിപ്റ്റ് തയ്യാറാക്കിയത്. സിനിമയുടെ നിർമാതാവായ നകൗള ഫാദർ ബട്രോസിന്റെ അടുത്ത അനുയായിയാണ്. ചിത്രത്തിന് അധികൃതർ അനുമതി നൽകിയിരിക്കുന്നത് ' മീഡിയാ ഫോർ ക്രൈസ്റ്റ്' എന്ന സന്നദ്ധ സംഘടനക്കാണ്. അതിന്റെ സാരഥി ജോസഫ് നസറുല്ലാ അബ്ദുൽ മസീഹ് എന്ന ക്രിസ്തീയ മിഷനറി പ്രവർത്തകനാണ്. സിനിമക്കെതിരെ മുസ്‌ലിം ലോകത്ത് നിന്നും പ്രക്ഷോഭകൊടുങ്കാറ്റ് ആഞ്ഞടിച്ചപ്പോൾ സിനിമയുടെ നിർമാതാവായ നകൗള ഒളിവിൽപ്പോയിരുന്നു. അയാളെ പിന്നീട് ഈ ജോസഫ് നസറുല്ലായുടെ വീട്ടിൽ നിന്നാണ് പോലീസ് പൊക്കിയത്. പൊലീസ് അയാൾക്കെതിരെ കേസെടുത്തിട്ടുണ്ട്. പക്ഷേ നബി നിന്ദാ സിനിമ നിർമിച്ചതിനല്ല. പഴയ ബാങ്ക് തട്ടിപ്പിലെ ജാമ്യ വ്യവസ്ഥകൾ ലംഘിച്ചതിനാണ്. ഈ സിനിമയിൽ അഭിനയിച്ചവർ പറഞ്ഞത് 'മാസ്റ്റർ ജോർജ്' എന്ന കഥാപാത്രത്തെ കേന്ദ്രീകരിച്ച് 'Desert Warrior' എന്ന ചരിത്ര നാടകത്തെ ആസ്പദമാക്കി എടുക്കുന്ന സിനിമയാണിതെന്നാണ് അതിന്റെ നിർമാതാക്കൾ അവരോട് പറഞ്ഞതെന്നാണ്. ചിത്രീകരണം കഴിഞ്ഞപ്പോൾ കഥാനായകന്റെ പേരിന് പകരം 'മുഹമ്മദ്' എന്ന് മാറ്റി പിന്നീട് കൂട്ടി ചേർക്കുകയാണുണ്ടായത്. ഈ വൻ ചതിയെ പറ്റി അഭിനേതാക്കൾക്ക് അറിയില്ലായിരുന്നുവെന്ന് പിന്നീട് വെളിപ്പെടുത്തുകയുണ്ടായി. സിനിമയിൽ അഭിനയിച്ച അഭിനേത്രി ഈ വിശ്വാസ വഞ്ചനക്ക് നിർമാതാവിനെതിരെ കേസ് കൊടുത്തിരിക്കുന്നു.

ഈ ഹീന സിനിമ അറബി ടൈറ്റിലോടുകൂടി സംപ്രേക്ഷണം ചെയ്തപ്പോൾ മുസ്‌ലിം രാജ്യങ്ങളിൽ നിന്നും ഊഹാതീതമായ പ്രതിഷേധം അണപൊട്ടിയൊഴുകുകയായിരുന്നു. ലിബിയയിലെ അമേരിക്കൻ എംബസി തീവെച്ചു. അംബാസഡർ ക്രിസ്റ്റോഫർ സ്റ്റീവൻസ് അടക്കം മൂന്ന് അമേരിക്കൻ പൗരന്മാർ കൊല്ലപ്പെടുകയുണ്ടായി. നിരവധി രാജ്യങ്ങളിൽ വിക്ഷുബ്ധമായ വികാര വേലിയേറ്റത്തിൽ കൊലപാതകങ്ങളും അക്രമവും അരങ്ങേറി. അത്തരം പ്രതികരണങ്ങൾ ഒരിക്കലും ഇസ്‌ലാമികമല്ല. പരിശുദ്ധരിൽ പരിശുദ്ധനായ റസൂൽ തിരുമേനി(സ) യെ സ്വന്തം ജീവനേക്കാൾ സ്നേഹിക്കുന്ന മുസ്‌ലിം ജനകോടികൾക്ക് ഇത് സഹിക്കാവുന്നതിലേറെയാണെങ്കിലും അക്രമത്തെ ഇസ്‌ലാം യാതൊരു കാരണവശാലും അനുകൂലിക്കില്ല.

ഈ സിനിമ അറബ് മുസ്‌ലിം ലോകവും പാശ്ചാത്യ നാടുകളും തമ്മിലുള്ള വിനിമയങ്ങളിൽ വമ്പിച്ച തടസ്സമാണ് വരുത്തിവച്ചത്. കൊടും കള്ളവും പകയും ദുഷ്ടതയും വിദ്വേഷവും പൊതുമണ്ഡലത്തിൽ വിസർജിച്ച് മനുഷ്യർക്കിടയിൽ അകൽച്ചയും വിദ്വേഷവും സംഘർഷവും ഉൽപ്പാദിപ്പിക്കാനുള്ള കലാകാരന്റെ ലൈസൻസാണോ ആവിഷ്ക്കാര സ്വാതന്ത്ര്യം? അതിന് ചില തീവ്രവാദികളായ മത വിശ്വാസികളുടെ പരോക്ഷ പിന്തുണയുണ്ടെന്നും വരുമ്പോൾ ആ മതവിശ്വാസത്തിന് മനുഷ്യനെ പിശാചാക്കാനല്ലാതെ സംസ്ക്കരിക്കാൻ കഴിയുമോ? ഇവിടെ വിമർശനവും നിന്ദയും നാം തിരിച്ചറിയണം. ഖണ്ഡനം, നിരൂപണം, വ്യാഖ്യാനം, അപഗ്രഥനം എന്നിവയടങ്ങിയ സാഹിത്യ ധർമത്തെയാണ് വിമർശനം എന്ന് പറയുന്നത്. തെളിവിന്റെയും ന്യായത്തിന്റെയും അടിസ്ഥാനത്തിൽ കാര്യങ്ങൾ അവതരിപ്പിക്കുന്ന അടിമുടി യുക്തിഭദ്രവും സത്യസന്ധവുമായ മതമായ ഇസ്‌ലാമിന് വിമർശനത്തെ ഭയക്കേണ്ടതില്ല. ഖുർആൻ പറയുന്നു. '***നിങ്ങൾ സത്യവാദികളാണെങ്കിൽ നിങ്ങളുടെ തെളിവ് ഹാജരാക്കുക' (2:***

***112)*** ദൃഢമായ ഈ പ്രസ്താവം വിമർശനങ്ങളെ ഖുർആൻ സ്വാഗതം ചെയ്യുന്നു എന്നതിന്റെ തെളിവാണ്. ആശയപരമായി വിയോജിപ്പുള്ളവരോടും വിമർശകരോടും സംവാദം നടത്താനും ഖുർആൻ ഉദ്ബോധിപ്പിക്കുന്നു.'***ഏറ്റവും ഉൽകൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ച് പോകുന്നവനെക്കുറിച്ച് അല്ലാഹു നന്നായറിയുന്നവനാണ്'*** (***16: 125***) സംവാദം ബുദ്ധിപരമായ വികാസവും ഉൽബുദ്ധതയും സൃഷ്ടിക്കുന്നു. എന്നാൽ നിന്ദ അധമത്വവും വിദ്വേഷവും വികാര വിക്ഷോഭവുമാണ് ഉൽപ്പാദിപ്പിക്കുക. മത ഭൂമികയിൽ നിന്ന് ഇസ്‌ലാമുമായി നേർക്കുന്നേർ ഏറ്റുമുട്ടാൻ വകയില്ലാത്ത അൽപ്പ വിഭവന്മാർ സ്വീകരിക്കുന്ന കുൽസിത മാർഗമാണ് ഇസ്‌ലാമിനെതിരായുള്ള കലാവിഷ്ക്കാരങ്ങൾ. കലയുടെ ഉദാത്ത സർഗ പ്രചോദമോ അദ്ധ്യാത്മികതയുടെ സാർവലൗകിക സ്നേഹമോ ശാന്തിയോ അല്ല അവരെ ഇതിന് പ്രേരിപ്പിക്കുന്നത്. ഇസ്‌ലാമിനെതിരെയുള്ള വിദ്വേഷത്തിന്റെയും ദുർഭാവനയുടെയും മദജലം അസഹ്യമായി വരുമ്പോൾ ഉണ്ടാവുന്ന ഒരു തരം ചിത്തഭ്രമമാണ് അവരുടെ സർഗഗ്രന്ഥിയെ ത്രസിപ്പിക്കുന്നത്. അതുകൊണ്ടാണ് അവരുടെ ആവിഷ്ക്കാര ഭ്രമത്തിന്റെ കാളകൂടം വിഷസഞ്ചികളിൽ ഉറഞ്ഞു തുളുമ്പി പുറത്തേക്ക് ചീറ്റുമ്പോൾ സമൂഹത്തിൽ കലാപങ്ങളും സംഘർഷങ്ങളും ഉടലെടുക്കുന്നത്. ഇതിനവർ തെരഞ്ഞെടുക്കുന്നത് നോവൽ, സിനിമ, കാർട്ടൂൺ എന്നീ കലാമാദ്ധ്യമങ്ങളാണ്. കോടാനു കോടി വിശ്വാസികൾ ജീവനുതുല്യം സ്നേഹിക്കുകയും അവരുടെ ആത്മീയ ജീവിതത്തിന്റെ മാതൃകയുമാണ് റസൂൽ തിരുമേനി (സ). ആ മഹാത്മാവിനെ വ്യംഗ്യമായും അമൂർത്തമായും ദുസ്സൂചനകൾ നൽകി കലയിൽ പുനസൃഷ്ടിച്ചുകൊണ്ട് തങ്ങളുടെ ആവിഷ്ക്കാരദുരക്ക് ശമനം തേടുകയാണ് ഇസ്‌ലാം വിദ്വേഷികളായ കലാകാരന്മാരുടെ പരിപാടി. ഈ സിനിമയിൽ റസൂൽ തിരുമേനി(സ)യെ പറ്റി പച്ചക്കള്ളങ്ങൾ കുത്തിത്തിരുകി ഒരു ചരിത്ര കഥപോലെയാണ് ഈ കലാ കശ്മലൻ അവതരിപ്പിക്കുന്നത്.

ഇത്തരം കലാപത്തിന്റെ കലകൾ രൂപം കൊള്ളുന്നത് യാദൃച്ഛികമല്ല. കൃത്യമായ മതകീയ ലക്ഷ്യവും രാഷ്ട്രീയ ലക്ഷ്യവും അതിന് പിന്നിലുണ്ടെന്ന് ന്യായമായും സംശയിക്കാം. അമേരിക്കയിൽ നിന്നും യൂറോപ്പിൽ നിന്നും ഇത്തരം പ്രകോപനത്തിന്റെ കലാവിഷ്ക്കാരങ്ങൾ നിരന്തരം വന്നു കൊണ്ടിരിക്കുകയാണ്. നൂറ്റാണ്ടുകളോളം കുരിശു യുദ്ധം നടത്തിയിട്ടും ഓറിയന്റലിസം എന്ന ഇസ്‌ലാം വിരുദ്ധ വിജ്ഞാനീയം അക്കാഡമിക് പരിവേശത്തോടെ പ്രചരിപ്പിച്ചിട്ടും കലാ സാഹിത്യ രചനകൾ നടത്തിയിട്ടും, വിമർശന സാഹിത്യങ്ങൾ എഴുതിക്കൂട്ടിയിട്ടും ഉച്ച സൂര്യനെ പോലെ കത്തിജ്വലിക്കുന്ന മുഹമ്മദ് നബി(സ)യുടെ ആത്മീയ തേജസ്സിന് യാതൊരു ഗ്ലാനിയും സംഭവിച്ചിട്ടില്ല. മാത്രമല്ല മറ്റേതൊരു മത പുരുഷനെക്കാളും റസൂൽ തിരുമേനി(സ)യുടെ ഊർജ്ജപ്രസരണമേറ്റ് മാനവരാശി അനുദിനം വമ്പിച്ച തോതിൽ സ്വാധീനിക്കപ്പെടുകയും വർദ്ധിത വീര്യത്തോടെ ചലനം കൊള്ളുകയും ചെയ്യുന്ന ഒരു അദ്ഭുത പ്രതിഭാസമാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഇത്തരം കലാവിഷ്ക്കാരങ്ങളോട് അതേനാണയത്തിൽ തിരിച്ചടിക്കാൻ മുസ്‌ലികൾക്കുള്ള പരിമിതി ക്രിസ്ത്യാനികൾക്കറിയാം. മുസ്‌ലിംകളെ ഇതിൽ നിന്നും വിലക്കുന്നത് ഒന്നാമതായി അല്ലാഹുവിന് പുറമേ ആരാധിക്കപ്പെടുന്ന ദൈവങ്ങളെയോ മൂർത്തികളെയോ നിന്ദിക്കുകയോ അപഹസിക്കുകയോ ചെയ്യരുത് എന്ന വിശുദ്ധ ഖുർആന്റെ ശക്തമായ കല്പനയാണ്. ഖുർആൻ പറയുന്നു. '***അല്ലാഹുവിന് പുറമേ അവർ മറ്റാരെ വിളിച്ചു പ്രാർഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്.' (6: 109)*** മുസ്‌ലിംകൾ എപ്രകാരമാണോ അല്ലാഹുവിനെ പാവനമായി കാണുന്നത് അപ്രകാരം മറ്റു മതസ്ഥർക്കും അവരുടെ ആരാധനാ മൂർത്തികളെ ആദരിക്കാൻ അവകാശമുണ്ട്. അതിനെ നിന്ദിക്കാനോ അപവദിക്കാനോ ആർക്കും അവകാശമില്ലെന്ന് പഠിപ്പിച്ച ലോക ഗുരുവാണ് മുഹമ്മദ് നബി(സ). വിഗ്രഹാരാധനയുടെ അയുക്തികതയും ആത്മീയ ശൂന്യതയും മറ്റാരെക്കാളും ശക്തമായി പ്രബോധിപ്പിച്ച പ്രവാചകനായിരുന്നു മുഹമ്മദ് നബി(സ). വിഗ്രഹാരാധന ഉപേക്ഷിച്ച് റസൂലി(സ)നെ സ്വീകരിച്ച അദ്ദേഹത്തിന്റെ ഒരനുയായി അത്വരെ താൻ ആരാധിച്ച വിഗ്രഹത്തെ വീടിന്റെ ചവിട്ടു പടിയായി ഉപയോഗിക്കുകയുണ്ടായി. ഇത് കണ്ട റസൂൽ തിരുമേനി (സ) തന്റെ അനുയായിയോട് അത് അവിടെ നിന്നും എടുത്ത് മാറ്റാൻ കല്പിക്കുകയും ചെയ്തു. ലോകത്ത് ഒരാൾ പോലും വിഗ്രഹത്തെ ആരാധിക്കുന്നവനായി അവശേഷിക്കുന്നുണ്ടെങ്കിൽ ആരാധിക്കപ്പെടുന്ന വിഗ്രഹങ്ങളെ അപമാനിക്കാൻ പാടില്ലെന്ന് പഠിപ്പിച്ച പുണ്യാത്മാവാണ് റസൂൽ തിരുമേനി(സ). മറ്റൊരു പ്രധാന കാര്യം മുഹമ്മദ് നബി(സ) അടക്കം ലോകത്ത വതരിച്ച ഏതൊരു മതസ്ഥാപകനാകട്ടെ പുണ്യാത്മാവാകട്ടെ, അവർ യേശുവിന്റെ കുരിശു മരണത്തിൽ വിശ്വസിച്ചില്ലെങ്കിൽ ശാശ്വത നരകത്തിൽ പതിക്കേണ്ട പാപികളാണെന്നാണ് മറ്റു മത പുരുഷന്മാരോടുള്ള ക്രിസ്തുമതത്തിന്റെ പൊതുവേയുള്ള ദൈവശാസ്ത്രപരമായ നിലപാട്. ക്രിസ്തുമതത്തിന്റെ ഈ നിലപാടാണ് അന്യരെ യാതൊരടിസ്ഥാനവുമില്ലാതെ നിന്ദിക്കാനുള്ള പ്രവണതയുടെ അടിസ്ഥന കാരണം. തീവ്രവാദികളായ ക്രിസ്ത്യാനികൾ മുസ്‌ലിംകളുടെ പ്രവാചകനെ നിന്ദിക്കുമ്പോൾ അതേ നാണയത്തിൽ ക്രിസ്ത്യാനികളെ തിരിച്ചടിക്കാൻ മുസ്‌ലിംകൾക്കാവില്ല. കാരണം യേശു മുസ്‌ലിംകളുടെ പ്രിയപ്പെട്ട പ്രവാചക നാണ്. അവരിൽ ഭൂരിപക്ഷം പേരും മുഹമ്മദ് നബി(സ)യെക്കാൾ യേശുവിന് ദൈവികമായ പല പദവികളും നൽകിയാദരിക്കുന്നവരുമാണ്. പിൽക്കാലത്ത് ക്രിസ്ത്യാനികൾ കൂട്ടമായി ഇസ്‌ലാം മതം സ്വീകരിച്ചപ്പോൾ ഖുർആനിലെ യേശുവിനെ സംബന്ധിച്ച പല പ്രസ്താവനകൾക്കും തങ്ങളുടെ പൂർവ വിശ്വാസമനുസരിച്ച് വ്യാഖ്യാനം നൽകിയത് കൊണ്ടാണ് അത്തരം വിശ്വാസങ്ങൾ ഇസ്‌ലാമിലേക്ക് കടന്നു വന്നത്. ഖുർആന്റെ വ്യക്തമായ അദ്ധ്യാപനങ്ങൾക്ക് എതിരായിരുന്നിട്ട് പോലും യേശുവിനെപറ്റി അറബികളേക്കാൾ നന്നായി അറിയാവുന്ന ക്രിസ്തീയ പാരമ്പര്യമുള്ള പണ്ഡിതന്മാരുടെ അവധാനതയില്ലാത്ത ഇത്തരം അഭിപ്രായങ്ങൾ പിന്നീട് ഇസ്‌ലാമിൽ സ്ഥിരപ്പെടുകയാണുണ്ടായത്. യേശു ഇപ്പോഴും ജീവിക്കുന്നു എന്ന് ക്രിസ്ത്യാനികളേക്കാൾ വീറോടെ മുസ്‌ലിംകളിൽ ബഹുഭൂരിപക്ഷവും വിശ്വസിക്കാനുള്ള കാരണമതാണ്. അപ്പോൾ അവർക്ക് ക്രിസ്ത്യാനികൾ മുഹമ്മദ് നബി(സ) യെ നിന്ദിക്കുന്നത് പോലെ എങ്ങനെ നിന്ദിക്കാൻ കഴിയും?

മുഹമ്മദ് നബി (സ) യേശു(അ)വിനെ പോലെയോ മറ്റു മതപുരുഷന്മാരെ പോലെയോ ഇതിഹാസങ്ങളുടേയും കെട്ടുകഥകളുടെയും തടവുകാരനല്ല. മത ഗ്രന്ഥങ്ങളിലൊഴികെ ചരിത്ര ഗ്രന്ഥങ്ങളിൽ പ്രതിപാദനമില്ലാത്ത യേശു ചരിത്രപരമായി മുഹമ്മദ് നബി(സ) യോട് യാതൊരു വിധത്തിലും താരതമ്യമില്ല. ആസ്ഥാന ചരിത്രകാരന്മാരെ കൊണ്ട് ചരിത്രമെഴുതിച്ച മഹാ രാജാക്കന്മാരും

അതി പ്രഭാവശാലികളായ നിരവധി ചരിത്ര പുരുഷന്മാരും ഇവിടെ മൺമറഞ്ഞ് പോയിട്ടുണ്ട്. പക്ഷേ മുഹമ്മദ് നബി (സ) യെ പോലെ ഇത്ര സൂക്ഷ്മമായ ചരിത്ര വിവരണത്തിന് വിധേയമായ മറ്റൊരു വ്യക്തി ലോകത്ത് ജീവിച്ചിട്ടില്ല എന്ന് നിസ്സംശയം പറയാം. അവിടുത്തെ താടിരോമങ്ങൾ എത്രയെണ്ണം നരച്ചിട്ടുണ്ടെന്നും ചിരിക്കുമ്പോൾ ദന്തനിരകളെത്ര വെളിപ്പെടാറുണ്ടിരുന്നുവെന്നും ഏത് പാദരക്ഷയാണ് ആദ്യം ധരിക്കുകയെന്നും മുടിയെങ്ങനെ ഒതുക്കി വെക്കുമെന്നും എന്നുവേണ്ട ജീവിതത്തിന്റെ ഓരോ അടക്കവും അനക്കവും വിവരിക്കപ്പെടുകയും അത് സത്യസന്ധരായ നിവേദക പരമ്പരകളിലൂടെ അതിസൂക്ഷ്മമായ പരിശോധനക്ക് ശേഷം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മറിച്ച് യേശു മത ഗ്രന്ഥങ്ങളിൽ ഇതിഹാസ പരിവേഷത്തിൽ മാത്രം അറിയപ്പെടുന്ന വ്യക്തിയാണ്. അക്കാദമികമായി അതിന് ഒരു കെട്ടുകഥയുടെ സ്ഥാനമേയുള്ളൂ. ബൈബിൾ വരച്ചു കാട്ടുന്ന യേശുവിന്റെ ചരിത്രം വസ്തുനിഷ്ഠമോ യുക്തി സഹമോ ദാർശനികമായി നീതിയുക്തമോ അല്ല. സ്വർഗത്തിൽ വെച്ച് ആദമിന്റെ ഭാര്യ വിലക്ക പ്പെട്ട കനി തിന്ന് പാപിയായി തീർന്നത് മുതലാണ് അതാരംഭിക്കുന്നത്. സ്വർഗത്തിൽനിന്നും ബഹിഷ്കൃതനായി ഭൂമിയിൽ പതിച്ച് ആദം ദമ്പതികളുടെ പാപം പകർച്ച വ്യാധിപോലെ സന്തതികളിലേക്ക് സംക്രമിക്കുന്നു. പാപിയെ ശിക്ഷിക്കാൻ ദൈവത്തിന്റെ കാരുണ്യം അനുവദിക്കുന്നില്ല പാപിയെ ശിക്ഷിക്കാതിരിക്കാൻ ദൈവത്തിന്റെ നീതിയും സമ്മതിക്കുന്നില്ല. വിഷമ സന്ധിയിലായ ദൈവം മനുഷ്യ കുലത്തെ രക്ഷിക്കാൻ സ്വയം മിനഞ്ഞെടുത്ത പദ്ധതിയാണ് തന്റെ ഏകജാതനായ പുത്രനെ അയച്ചുള്ള കുരിശുമരണവും അതോട നുബന്ധിച്ചുള്ള പാപവിമോചനവും. ഈ ആവശ്യത്തിനായി മനുഷ്യ സ്ത്രീയിൽ ദൈവത്തിനുണ്ടായ മകനാണ് യേശു. ഭൂമിയിൽ വന്ന് ദൈവത്തിന്റെ പുത്രനാണെന്ന് തെളിയിക്കാൻ വെള്ളം വീഞ്ഞാക്കൽ, വെള്ളത്തിന് മീതെ നടക്കൽ, വല നിറയെ മത്സ്യം പിടിക്കൽ, രക്തസ്രാവക്കാരിയെ സൗഖ്യമാക്കൽ അന്ധന് കാഴ്ച നൽകൽ, അത്തിമരത്തെ ശപിച്ചു നശിപ്പിക്കൽ, മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റ് ആകാശത്തേക്ക് കയറിപ്പോകൽ മുതലായ 36 അദ്ഭുതങ്ങളും അതിശയങ്ങളും യേശു കാണിച്ചു. എന്തതിശയമേ, എത്ര



നിർമാതാവ് നകൗല ബാസിലി നകൗള യെ അറസ്റ്റ് ചെയ്തുകൊണ്ടുപോകുന്നു

മനോഹരമേ.....എന്ന് ക്രിസ്തീയ സഹോദരൻമാർ പാട്ടുപാടി ഇതിനെ വാഴ്ത്തുകയും ചെയ്യുന്നു. ഇത്തരം കഥകൾ കുത്തിനിറച്ച കെട്ടുകഥക്ക് സമാനമായ ബൈബിളിലെ യേശുവിന്റെ ജീവിത കഥക്ക് മേൽ മറ്റൊരു കലാവിഷ്ക്കാരം നടത്താനില്ല. മനുഷ്യ ബുദ്ധിക്ക് ദഹിക്കാത്ത യേശുവിനെ സംബന്ധിച്ച ഈ കഥകളിലെ അയുക്തികതയേയും വൈരുദ്ധ്യങ്ങളേയും ചൂണ്ടിക്കാണിച്ചുള്ള വിമർശ നങ്ങളെ കാതടപ്പിക്കുന്ന ശബ്ദത്തിൽ അല്ലേലൂയ പാടി തോൽപ്പിക്കുന്നവർക്ക് സത്യരേഖകളുടെ ബലവത്തായ ആധികാരികതയുള്ള മുഹമ്മദ് നബി(സ) യുടെ ജീവിതത്തെ ഇകഴ്ത്തിക്കാട്ടാൻ ഇത്തരം വ്യാജ കലാവിഷ്ക്കാരങ്ങൾ നിർമിക്കുകയല്ലാതെ സാധ്യമല്ല. ചുരുക്ക ത്തിൽ അവർ നിന്ദിച്ചത് അവരുടെ ദുർഭാവനയിലുള്ള നബി(സ) യെയാണ്. ചരിത്രത്തിന്റെ ധവള പ്രകാശത്തിൽ ജ്വലിച്ചു നിൽക്കുന്ന യഥാർഥത്തിലുള്ള മുഹമ്മദ് നബി (സ) യെയല്ല.

### മുസ്‌ലിം പ്രതികരണം

വിമർശനങ്ങളോട് ഹാലിളക്കവും സംഹാരാത്മകമായ പ്രതികരണവുമാണ് ആധുനിക കാലത്തെ പൊതു വേയുള്ള മുസ്‌ലിം ശൈലി. ഇത് മതപരമായി അഗാധമായ വേരുകളുള്ള ഒരു സാമൂഹിക രോഗമാണ്. മസീഹ് ആകാശത്ത് നിന്നും വാളുമായി ഇറങ്ങി വന്ന് ജിഹാദ് നടത്തുക വഴി ഇസ്‌ലാം ലോകത്തെ ജയിച്ചടക്കുമെന്ന വ്യാജ സങ്കൽപ്പമാണ് ഈ പ്രവണതയുടെ അടിസ്ഥാനം. അത്യന്തം യുക്തി ഭദ്രവും സത്യസന്ധവുമായതും സർവോപരി സമാധാനത്തിൽ അടിയുറച്ച നിലപാടുകളുമുള്ള ഇസ്‌ലാമിന് മനുഷ്യ ഹൃദയങ്ങളെ ആശയ സ മരത്തിലൂടെ ജയിച്ചടക്കാനുള്ള അപാരമായ ശേഷി തിരിച്ചറിയാത്തവരാണ് ആയുധ ശക്തികൊണ്ട് ഇസ്‌ലാമിനെ ജയിപ്പിക്കാമെന്ന് വ്യാമോഹിക്കുന്നത്. ഈ മൂഢ പ്രവണത മുസ്‌ലിംകൾക്ക് വരുത്തി വെച്ച നാശത്തിന് കയ്യും കണക്കുമില്ല.

മതനിന്ദയുണ്ടായാൽ മുസ്‌ലിംകൾ എങ്ങനെ പ്രതികരിക്കണമെന്ന് ഖുർആന്റെ വ്യക്തമായ നിർദേശമുണ്ട്. ഖുർആൻ പറയുന്നു. ***'നമ്മുടെ ദൃഷ്ടാന്തങ്ങളെ സംബന്ധിച്ച് (വിമർശിച്ചു കൊണ്ട്) വ്യർഥ സംഭാഷണം നടത്തുന്നവരെ നീ കണ്ടാൽ അവർ മറ്റൊരു വർത്തമാനത്തിൽ പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്നും മാറി നിൽക്കുക. പിശാച് വല്ലപ്പോഴും നിനക്ക് മറവി വരുത്തുന്നതായാൽ ഓർമയായതിന് ശേഷം അധർമകാരികളോടൊപ്പം നീ ഇരിക്കരുത്.' (6:69)***

മത നിന്ദകരോടൊപ്പം ഇരിക്കരുത് എന്ന ഉപദേശം മാത്രമാണ് ഇവിടെ ഖുർആൻ നൽകുന്നത്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമ നിർമാണസഭകളിൽ വിയോജിക്കുന്ന പ്രതിപക്ഷം സഭയിൽ നിന്നും ഇറങ്ങിപ്പോവുന്നത്പോലെയുള്ള ഒരു ജനാധിപത്യ പ്രതികരണമാണത്. അവരെ കൊല്ലാനോ നിന്ദകർ ക്കെതിരെ ജിഹാദ് നടത്താനോ തീവെക്കാനോ ബോംബെറിയാനോ ഇസ്‌ലാം കല്പിക്കുന്നില്ല. മാത്രമല്ല നിന്ദയും നിരർഥക വിമർശനവും നടത്തുന്ന അക്കൂട്ടർ മറ്റൊരു വർത്തമാനത്തിൽ പ്രവേശിക്കുന്നതായാൽ അവരോട് കൂടി ചേരാം. അല്ലാതെ സ്ഥിരമായ ഒരു ബന്ധവിച്ഛേദനത്തിനല്ല ഖുർആൻ ഇവിടെ പറയുന്നത് എന്നതും ശ്രദ്ധേയമാണ്. എത്ര സംസ്കാര സമ്പന്നമായ പ്രതികരണം!! എന്തിനധികം മത നിന്ദക്കെതിരെ ശിക്ഷാനിയമം ഉണ്ടാക്കാൻ പോലും ഖുർആൻ പറയുന്നില്ല. കാരണം നിയമമുണ്ടാക്കിയാൽ മതത്തിനെതിരെ ഉന്നയിക്കുന്ന ന്യായമായ വിമർശനങ്ങ ളെയും നിന്ദ ആരോപിച്ച്

ശിക്ഷിക്കാൻ ഭരണകൂടങ്ങൾ ശ്രമിച്ചേക്കുമെന്നത് കൊണ്ടാണത്. വിമർശനവും നിന്ദയും നടത്തുന്ന സമൂഹങ്ങളിൽ വിമർശന ത്തിന് വിധേയമാകുന്ന മതത്തിനോ മതപുരുഷന്റെ അനുയായികൾക്കോ തത്തുല്യമായി സമാധാന പൂർവം പ്രതികരിക്കാനുള്ള സ്വാതന്ത്ര്യം കൂടി ഉറപ്പ് വരുത്തുകയാണ് വേണ്ടത്.

**നിന്ദയെ പ്രതിരോധിക്കാൻ**

ക്രിസ്തു മതത്തിന്റെ ഭാഗത്ത് നിന്നും പാശ്ചാത്യൻ നാഗരികതയുടെ ഭൗതിക സന്നാഹ ത്തോടെ ഇസ്ലാമിനെ തിരെയുള്ള വിമർശനങ്ങളോ കലാവിഷ് ക്കാരങ്ങളോ ഉണ്ടായാൽ മുസ്‌ലിംകൾ തതുല്യമായി നോവലും സിനിമയും നിർമിച്ച് ആവിഷ് ക്കാരങ്ങൾ നടത്താൻ പോവേണ്ടതില്ല. മുസ്ലിംകൾക്ക് അതിനാവുകയുമില്ല. പകരം വിശുദ്ധ ഖുർആന്റെയും റസൂൽ തിരുമേനി (സ) യുടെയും വിവരണമ നുസരിച്ച് മനുഷ്യ പ്രവാചകനായ യേശു മുഹമ്മദ് നബി (സ) മരിച്ചത് പോലെ മരിച്ചു പോയിരിക്കുന്നു എന്ന് വാദമുയർ ത്തിയാൽ മാത്രം മതി. ക്രിസ്തു എന്ന വ്യക്തിയുടെ ചരിത്രത്തിന് മേൽ ആരും പേറ്റന്റെടുത്തിട്ടില്ല. അങ്ങേയറ്റം സ്ഥാപന വത്ക്കരിക്കപെട്ട സഭ പറയുന്ന ചരിത്ര ത്തിനു പുറമേ മറ്റൊരു ചരിത്രം യേശു വിനില്ല എന്ന് പറയുന്നത് അങ്ങേയറ്റം മൗഢ്യമാണ്. സഭയുടെ ഹിതാനുസാരം തിരഞ്ഞെടുക്കപ്പെട്ട കാനോനിക സുവിശേഷങ്ങൾ എന്നറിയപ്പെടുന്ന നാലു സുവിശേങ്ങൾ കൂടാതെ സഭ ബഹിഷ്ക്കരിച്ചതും എന്നാൽ അതേ ആധികാരികതയുള്ളതുമായ എണ്ണിയാലൊടുങ്ങാത്ത സുവിശേഷ ങ്ങളിൽ വിവരിക്കപ്പെട്ട യേശുവിന്റെ ചിത്രം മറ്റൊന്നാണ്. ഇടക്കിടെ അത്തരം സുവിശേഷങ്ങളിലെ വാർത്തകൾ വരു മ്പോൾ സഭ ഞെട്ടി വിറക്കുന്നതും അതു കൊണ്ടാണ്. ആയിരത്തി നാനൂറിലധികം വർഷം പഴക്കമുള്ള ഇസ്ലാമിന്റെ വ്യത്യസ്തവും സത്യസന്ധവുമായ ക്രിസ്റ്റോളജിയുണ്ട് അതായത് മനുഷ്യ പ്രവാചകനായ യേശുവിന്റെ യഥാർഥ ജീവിതവും ജീവിത സന്ദേശവും മുസ്ലിംകൾ ലോകത്തിന് മുമ്പിൽ അവതരിപ്പിക്കുകയാണ് വേണ്ടത്. സാധാരണ മനുഷ്യർ ജീവിക്കുന്നത് പോലെ ജീവിക്കുകയും അങ്ങാടിയിൽ നടക്കുകയും ഭക്ഷണം കഴിക്കുകയും എതിർപ്പുകളെ നേരിടുകയും അവസാനം ദിവംഗതനാവുകയും ചെയ്ത യേശു വിനെ, നിന്ദയും വിമർശനവുമില്ലാത്ത യേശുവിന്റെ സത്യസന്ധമായ ഈ ജീവിതം ലോകത്തിന് മനസ്സിലാക്കി കൊടുക്കേണ്ടതുണ്ട്. ക്രിസ്തുമതത്തിന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന നിന്ദയേയും വിമർശനങ്ങളെയും നിശ്ശബ്ദമാക്കാൻ ഈയൊരായുധം നമുക്ക് നൽകിയത് ഇസ്ലാമിന്റെ സംരക്ഷണത്തിനായി മുഹമ്മദ് നബി (സ)യുടെ പ്രവചന പ്രകാരം ആഗതനായ അവിടുത്തെ വിനീത ശിഷ്യൻ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യാണ്. ഇതിനായി ഇസ്ലാമിന്റെ ആശയ സമരത്തിന്റെ രൂപരേഖ ഹദ്റത്ത് അഹ്മദ് (അ) മുസ്ലിം ലോകത്തിന് മുമ്പിൽ സമർപ്പിച്ചിരി ക്കുന്നു. അതിലേറ്റവും പ്രധാനം ക്രിസ്തു മനുഷ്യസാധാരണമായ വിധത്തിൽ ദിവംഗതനായിരിക്കുന്നു എന്ന് തെളിയി ക്കലാണ്. രണ്ടായിരം വർഷം മുമ്പ് ജീവിച്ച ഒരു മനുഷ്യൻ മരിച്ചു പോയി എന്ന് തെളിയിക്കാൻ ശ്രമിക്കേണ്ടതില്ല. പക്ഷേ അന്ധവിശ്വാസത്തിനെതിരെയുള്ള യുദ്ധം അതിവിചിത്രമാണ്. ക്രിസ്തുമ താനുയായികളുടെ ഭാഗത്ത് നിന്നുള്ള ഇസ്ലാമിനെതിരെയുള്ള ക്രൂരമായ അക്രമണങ്ങളേയും കടന്നു കയറ്റങ്ങ ളെയും നേരിടാൻ ഹദ്റത്ത് അഹ്മദി(അ) ന്റെ ആശയ സമരത്തിന്റെ മാർഗം സ്വീകരിക്കുക. ഖുർആനും ബൈബിളും, ചരിത്രവും ശാസ്ത്രവും സർവോപരി തനിക്ക് ദൈവം നൽകിയ വെളിപാടു കളും അടിസ്ഥാനമാക്കി വാഗ്ദത്ത മസീഹ് ഉയർത്തുന്ന വാദമുഖങ്ങൾ വജ്ര സൂചികൾ പോലെ മനുഷ്യ ബുദ്ധിയി ലേക്കും ഹൃദയത്തിലേക്കും തുളഞ്ഞുക യറാൻ ശേഷിയുള്ള അനിഷേധ്യ സത്യങ്ങളാണ്. ക്രിസ്തുമതത്തെ തോൽ പ്പിക്കുന്ന മാരകമായ പ്രഹരം അവരെ മൗനിയാക്കി മാറ്റും. ദൈവികമായ ഈ പദ്ധതിയെക്കുറിച്ച് ശ്രദ്ധിക്കാതെ ക്രിസ്തു വിനെ പറ്റിയുണ്ടാക്കിയ ഖുർആൻ വിരുദ്ധമായ സങ്കൽപ്പ കഥകളിൽ മുസ്ലിംകൾ അഭിരമിച്ചു കൊണ്ട് ആയിരം കൊല്ലം ക്രിസ്ത്യാനികളുമായി സംവാദം നടത്തിയാലും അവരെ തോൽപ്പിക്കാനും അക്രമണങ്ങളെ തടയാനും മുസ്ലിംകൾക്കാവില്ല. കാരണം യേശു ദൈവപുത്രനാണെന്ന് സ്ഥാപിക്കാനാ വശ്യമായ സർവ അതിശ യങ്ങളേയും ആകാശാരോഹണത്തേയും അവസാനകാലത്തെ അവരോഹണ ത്തേയും മുസ്ലിം ബഹുഭൂരിപക്ഷത്തെ പ്രതിനിധീകരിക്കുന്ന ക്രിസ്ത്യാനി കളുമായി സംവാദം നടത്തുന്ന സംവാദ പണ്ഡിത താരങ്ങൾ പോലും തള്ളിപ്പറ യുന്നില്ല. ക്രിസ്ത്യാനികളേക്കാൾ വീറോടെ അതിലെല്ലാം അവർ വിശ്വസി ക്കുന്നു. മുസ്ലിം സംവാദ വിദഗ്ധ ന്മാരുടെ സ്റ്റേജ് ഷോ കളിൽ ക്രിസ്ത്യൻ സങ്കൽപ്പങ്ങൾക്ക് സമാനമായ ഇത്തരം മുസ്ലിം വിശ്വാസങ്ങളെക്കുറിച്ച് ചോദ്യമുണ്ടായാൽ സംവാദ പണ്ഡിത ന്മാരുടെ ക്ഷോഭ പ്രകടനം കാണാം. ക്രിസ്തുമതത്തിന്റെ ഭാഗത്ത് നിന്നും ഇത്തരം അതിക്രമങ്ങളെ പ്രതിരോധി ക്കാനും പ്രത്യാക്രമണം നടത്താനും ഇക്കാലത്ത് അല്ലാഹു ഒരുക്കിയ സൗമ്യവും പ്രബുദ്ധവും ആത്മീയവുമായ ആശയ സമരമാർഗ ത്തിന്റെ ദൈവിക യുക്തി മുസ്ലിംകൾ മനസ്സിലാക്കേണ്ടിയിരി ക്കുന്നു. അല്ലാത്ത പക്ഷം റസൂൽ തിരുമേനി (സ) യെ പറ്റിയും ഇസ്ലാം മതത്തെ പറ്റിയും ഇത്തരം അസഹനീയവും ഹൃദയ ഭേദകവു മായമായ നിന്ദകൾക്ക് മുമ്പിൽ മുസ്ലിം കൾക്ക് തലകുനിക്കേണ്ടി വരികയും പ്രതികരണങ്ങൾ ജിഹാദ് വിളികളിലും അക്രമാസക്തമായ പ്രക്ഷോഭ പ്രകടന ങ്ങളിലും അന്തസാര ശൂന്യമായ വാചോ ടാപങ്ങളിലും ഒതുക്കേണ്ടി വരികയും ചെയ്യും. മാനവ രാശിയുടെ ഒരേയൊരു സമ്പൂർണ വിമോചകനാണ് റസൂൽ തിരുമേനി(സ) എന്ന മഹാസത്യം ലോകം എളുപ്പത്തിൽ തിരിച്ചറിയുമാറാകട്ടെ (ആമീൻ)

**അനുസ്മരണം**

## എ. പി. എം. സാറു സാഹിബ

തലശ്ശേരി : അച്ചാരത്ത് പറക്കാട്ട് മാളിക പുരയിൽ സാറു സാഹിബ (80) ആഗസ്റ്റ് 8 ( റമദാൻ 19) ന് നിര്യാതരായി. ഇന്നാലില്ലാഹി... 1977 ഡിസംബർ 2 ന് ബൈഅത്ത് ചെയ്ത സാറു സാഹിബ മൂസിയായിരുന്നു. ജമാഅത്തിന്റെ പ്രചരാണ രംഗത്ത് അസാമാന്യമായ താൽപരമായിരുന്നു അവർ പ്രദർശിപ്പിച്ചത് തലശ്ശേരി ലജ്നാ ഇമായില്ലാഹ് പ്രഥമ പ്രസിഡണ്ടായിരുന്നു. തലശ്ശേരി ജമാഅത്തിലെ പരേതനായ ഉസ്മാൻ കുട്ടിക്കേയിയുടെ സഹോദരിയാണ്. മക്കൾ എ.പി.എം ശറഫുദ്ദീൻ അദ്നാൻ (ദുബായ്), മുംതസ് സിത്താര. മരുമക്കൾ എം. സി. അബ്ദുൾ ഗഫൂർ (ദുബായ്) എം. സി റഹ്മത്ത് (വൈസ് പ്രിൻസിപ്പാൾ ബി. ഐ. എസ് ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂൾ, കണ്ണൂർ) ഡോ: ബി. ഫരീദാ അഹ്മദ് (പഴയങ്ങാടി). പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ (ആമീൻ)

# ഇമാം മഹ്ദിയെ സ്വാഗതം ചെയ്യാൻ ഒരുങ്ങിയിരിക്കുക:

അഹ്മദി നിജാദ്



ഇമാം മഹ്ദിയുടെ ആഗമനം സമാഗതമായെന്നും അദ്ദേഹം ഈസാ നബി (അ) യോടൊപ്പമാണ് സമാഗതനാവുകയെന്നും വിദ്വേഷത്തിലും സ്വാർഥതയിലും അനീതിയിലും കെട്ടിപ്പടുത്ത ഈ ലോക ക്രമത്തിന് പകരം നീതിയിലും സ്നേഹത്തിലും സൗഹാർദത്തിലുമധിഷ്ഠിതമായ പുതിയ ലേകകക്രമം സംജാതമാവുമെന്നും ഇറാൻ പ്രസിഡന്റ് അഹ്മദി നിജാദ് പറഞ്ഞു. 2012 സെപ്റ്റബർ 26 ന് ഐ ക്യ രാഷട്രസഭയുടെ 67-ാമത് സെഷനിൽ സം സാരിക്കുകയായിരുന്നു അദ്ദേഹം. മാനവരാശിയോട് അഗാധ സ്നേഹവും കാരുണ്യവും കാട്ടുന്ന ഇമാം മഹ്ദി പുതിയ ലോക ക്രമം ഉണ്ടാക്കും എന്ന് നിജാദ് യു എന്നിൽ പറഞ്ഞു. മനുഷ്യർ തമ്മിൽ ഹൃദയപൂർവം അടുക്കുകയും മനുഷ്യ രാശിയെ ശുദ്ധീകരിക്കുകയും ചെയ്യും മാനവരാശിക്ക് ശാശ്വതമായ സമാധാനം അദ്ദേഹം സമ്മാനിക്കുകയും തണുത്തു റഞ്ഞുകിടക്കുന്ന ലോകത്തിന് പുതിയ ഊഷ്മളത അദ്ദേഹം പകരുകയും ചെയ്യും ആ വസന്തത്തിന്റെ സുഗന്ധവും ഇളം തെന്നലും നമുക്ക് അനുഭവപ്പെടുന്നുണ്ടെന്നും അദ്ദേഹത്തിന്റെ വരവിനെ സ്വാഗതം ചെയ്യാൻ നമുക്ക് കൈകോർക്കാമെന്നും അദ്ദേഹം പറഞ്ഞു കൊണ്ടാണ് സുദീർഘമായ തന്റെ പ്രസംഗം നിജാദ് അവസാനിപ്പിച്ചത്. അദ്ദേഹത്തിന്റെ പ്രസംഗം അമേരിക്കയും ഇസ്റയേലും കാനഡയും ബഹിഷ്ക്കരിക്കുകയുണ്ടായി.

Muslim Television Ahmadiyya International

MTA INTERNATIONAL




കോഴിക്കോട് വഖ്ഫെ നൗ സംസ്ഥാന സമ്മേളനം നാസിർ തഅ്ലീം ശിറാസ് അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.




എറണാകുളം മേഖല സംഘടിപ്പിച്ച 'ഈദ് മിലൻ 2012' സീറോ മലബാർ സഭ വക്താവ് ഫാദർ പോൾ തേലക്കാട്ട് ഉദ്ഘാടനം ചെയ്യുന്നു




കോഴിക്കോട് നബികീർത്തന സമ്മേളനത്തിൽ സ്വാമീ വിശ്വഭദ്രാനന്ദ ശക്തി ബോധി പ്രഭാഷണം നടത്തുന്നു.

2012 October
Vol: 84 Issue.10
Price Rs. 20/-
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
The Sathyadoothan Monthly

# Ahmadiyya Muslim Community

*Apps for mobile devises*

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




## Quran

Read the Holy Quran in easy Yassarnal Quran Font




## Conditions of Bai'at

A pocket reference of Shara't-e-Bai'at in 7 languages



## Sermons

Huzoor's Friday Sermons In 15 languages




## MTA

Watch MTA Live, view Schedule and much more



## Ahmadiyya News

Stay up to date with the Latest jama'at news




View these apps at
alislam.org/apps
or scan the QR code below

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020 Toll Free (9 am to 9 pm)**